പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല

പഴഞ്ചൊല്ലിൽ പതിരില്ല

പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല

ഒരു അസ്സീസ്സി പ്രസിദ്ധീകരണം

പഴഞ്ചൊല്ലിൽ പതിരില്ല

Sreeni Pattathanam
Editor,
YUKTHIRAJYAM
Kollam-4, Kerala.

പഴഞ്ചൊല്ലുകളും
അവയുടെ വിശദീകരണങ്ങളും അടങ്ങിയതു്.

By

ഈ. പി. നാരായണ ഭട്ടതിരി, M. A., M Ed.

Assissi Printing & Publishing House
CHANGANACHERRY—KERALA
Rs. 20-00

Sreeni Pattathanam,
Editor,
YUKTHIRAJYAM
Kollam

പഴഞ്ചൊല്ലിൽ പതിരില്ല

"ഒരു ജനസമൂഹത്തിൽ പണ്ടേക്കു പണ്ടേ പലരും പറഞ്ഞു പറഞ്ഞു പരന്നു പഴക്കം വന്നിട്ടുള്ള ചൊല്ലുകൾ" ആണ് പഴഞ്ചൊല്ലുകൾ. പല തലമുറകളായി അനുഭവത്തിൽ വന്ന വസ്തുതകളെ സാമാന്യവത്കരിച്ചു കാച്ചിക്കുറുക്കി അല്പം ഫലിതം മേമ്പൊടിയും ചേർത്ത് രുചികരവും പോഷകവുമാക്കിത്തീർത്ത വാക്യങ്ങൾ എന്ന് അവയെ നിർവ്വചിക്കാം. അവ ജനതയുടെ സാമൂഹിക സാംസ്കാരിക പരിതഃസ്ഥിതികളെ പ്രതിഫലിപ്പിക്കുന്നു, അവയുടെ വളർച്ചയിൽ പങ്കു വഹിക്കുകയും ചെയ്യുന്നു. രേഖപ്പെടുത്തപ്പെട്ടിട്ടല്ല, കേട്ടും പറഞ്ഞുമാണ് അവ പ്രചാരത്തിൽ വന്നത്. മിക്ക പഴഞ്ചൊല്ലുകളും വ്യംഗ്യാർത്ഥ പ്രധാനങ്ങളാണ്. ചിലതാകട്ടെ, വാച്യാർത്ഥത്തിൽ ഒതുങ്ങി നിൽക്കുകയും ചെയ്യുന്നു. ഹ്രസ്വത, കാവ്യാത്മകത, ഉച്ചാരണ സൗകുമാര്യം എന്നിവ പഴമൊഴികളുടെ സവിശേഷതകളാണ്. അനുപ്രാസാദി ശബ്ദാലങ്കാരങ്ങളും ഉപമ, ഉത്പ്രേക്ഷ, അപ്രസ്തുതപ്രശംസ തുടങ്ങിയ അലങ്കാരങ്ങളും അവയെ കവിതയോടടുപ്പിക്കുന്നു. വാമൊഴിയുടെ നിസർഗ്ഗതയും ലാളിത്യവും ഗ്രാമീണമായ അഴകും അവയെ ആകർഷകമാക്കുന്നു.

കാർഷികവൃത്തി, വ്യാപാരം, തൊഴിൽ, സാമൂഹിക ബന്ധങ്ങൾ, കുടുംബാന്തരീക്ഷം, കലഹങ്ങൾ, മാനുഷികമായ നന്മതിന്മകൾ, ദൗർബല്യങ്ങൾ മുതലായവയുമായി ബന്ധപ്പെട്ടിരിക്കുന്നു പഴമൊഴികൾ. അവയിലെ വസ്തുസ്ഥിതി നിരീക്ഷണവും ഉപദേശവും അകൃത്യ നിഷേധവുമെല്ലാം സാമൂഹിക ഭദ്രതയെ ഉദ്ദേശിച്ചുള്ളവയാകുന്നു. കുലവും പരിതോവസ്ഥകളും ത്വരിതഗതിയിൽ മാറുന്നതനുസരിച്ച് പഴമൊഴികളിൽ ചിലതൊക്കെ കാമ്പററു പോയിട്ടുണ്ട്. എന്നാലും, 'പഴഞ്ചൊല്ലിൽ പതിരില്ല' എന്ന് സാമാന്യേന പറയാവുന്നതാണ്. കാലത്തിന്റെ കാററിൽ പതിരു പറന്നു പോകുന്നു, കാമ്പും കനവുമുള്ളതവശേഷിക്കുന്നു.

പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള ആയിരത്തിയഞ്ഞൂറോളം പഴഞ്ചൊല്ലുകളാണ് ഇവിടെ സമാഹരിച്ചിരിക്കുന്നത്. പഴഞ്ചൊല്ലുകൾ സമാഹരിച്ചിട്ടുള്ള ചിലർക്കൊക്കെ അർത്ഥവിശദീ

കരണത്തിൽ പ്രമാദമോ നോട്ടപ്പിശകോ ഉണ്ടായിട്ടുണ്ട്. 'തപ്പി ക്കണ്ടു വീശാനൊക്കുമോ' എന്നൊരു പഴഞ്ചൊല്ലുണ്ട്. 'ആളു കളെ തപ്പിപ്പിടിച്ചു വീശിക്കൊടുക്കാറുണ്ടോ? സഹായം ആവ ശ്യമുണ്ടോ എന്നന്വേഷിച്ച് ആരും ആരെയും സഹായിക്കാറില്ല' എന്നർത്ഥം പറയുന്നതു ശരിയല്ല മീൻപിടിത്തമാണ് പ്രസ് തുത ചൊല്ലിനടിസ്ഥാനം. മീനുണ്ടോ എന്ന് മുങ്ങിത്തപ്പിയി ട്ടല്ലല്ലോ വല വീശുന്നത് എന്നാണ് ശരിയായ അർത്ഥം. 'കന്നിന് കാഞ്ഞിരവടി വേണം' എന്നതിന് 'പശുക്കുട്ടിയെ നിയന്ത്രിക്കാൻ വടി വേണം. യഥേഷ്ടം മേഞ്ഞു നടക്കാനനുവ ദിക്കരുത്. ഇളം പ്രായക്കാരെ നിയന്ത്രിക്കണം' എന്നർത്ഥം കൊടുത്തുകാണുന്നു ചിലർ. ഇതിൽ 'കന്ന്' എരുമയാണ്. തോലിനു കട്ടിയുള്ള, അനുസരിക്കാത്ത എരുമയെ തല്ലാൻ ഒടിയാത്ത കാഞ്ഞിരവടി തന്നെ വേണം. പശുവിനെ അടി ക്കുന്ന വടി കൊണ്ടടിച്ചാൽ കന്നിന് ഏൽക്കുകയില്ല എന്നാണ് ഇതിന്റെ സൂചന. ഇതുപോലെ പലതും.

കഴിയുന്നത്ര ഹ്രസ്വമായും എന്നാൽ സുഗ്രഹമാകത്തക്ക വണ്ണവുമാണ് ഇതിൽ ആശയ വിശദീകരണത്തിനു ശ്രമിച്ചിട്ടു ള്ളത്. പ്രമാദം പററാതെ ആവതു ശ്രദ്ധിച്ചിട്ടുണ്ട് എന്നേ പറയാവൂ.

ഗ്രന്ഥകർത്താവ്.

പഴഞ്ചൊല്ലിൽ പതിരില്ല

അ

1. അകത്തു കത്തിയും പുറത്തു പത്തിയും.

ഉള്ളിൽ ക്രൂരതയും ദ്രോഹബുദ്ധിയും വച്ചുകൊണ്ട് പുറമേ ഭംഗി കാണിക്കുന്ന സ്വഭാവം. (മനസ്സിൽ വെറുപ്പും പുറമേ സ്നേഹഭാവവും.)

2. അകത്തെ അഴകു മുഖത്തറിയാം.

മുഖം ഹൃദയത്തിൻെറ കണ്ണാടിയാണ്. മനസ്സിലെ വിചാരം മുഖത്തു പ്രതിഫലിക്കുന്നു.

3. അകലത്തെ ബന്ധുവിനെക്കാൾ അരികത്തെ ശത്രു നല്ലത്.

അപകടം വരുമ്പോൾ ശത്രുവാണെങ്കിലും അടുത്തുള്ളവനാണ് ഉപകരിക്കുക. ദൂരെയുള്ള ബന്ധുവിനെ തേടിപ്പോകാൻ അപ്പോൾ കഴിയുകയില്ലല്ലോ.

4. അകിടു ചെത്തിയാൽ പാൽ കിട്ടുമോ?

പ്രയോജനമുള്ള വസ്തു നശിപ്പിച്ചു കളഞ്ഞാൽ പിന്നെ പ്രയോജനം ലഭിക്കയില്ല. (പാൽ കൂടുതൽ കിട്ടുന്നതിനുവേണ്ടി പശുവിൻെറ അകിടു തന്നെ മുറിച്ചു നോക്കുന്നതു ബുദ്ധിശൂന്യതയാണ് എന്നും അർത്ഥമുണ്ട്. പൊന്മുട്ടയിടുന്ന താറാവിനെ കൊല്ലുന്നതുപോലെ.)

5. അക്കരെ ചെല്ലണം തോണിയും മുങ്ങണം.

കാര്യം സാധിച്ചു കഴിഞ്ഞാൽ അതിനു സഹായിച്ചവനും നശിക്കണം എന്ന ദ്രോഹ ചിന്ത.

6. **അക്കരപ്പച്ച.**

ദൂരെ സമൃദ്ധിയും ഭംഗിയുമുണ്ടെന്നു വിചാരിക്കുക. അവിടെ ചെല്ലുമ്പോഗം അതൊന്നുമില്ല എന്നു മനസ്സിലാകുന്നു.

7. **അക്കരെ നിന്നവൻ തോണി മുക്കി.**

കുററം മററൊരുവനിൽ ചാരുന്ന സ്വഭാവം. തോണി മുങ്ങിയതിനു കാരണം വെറുതെ നിന്നവനാണത്രെ.

8. **അഗ്നി തിന്നുന്നവന് അല്പിത്തണ്ടു തിന്നാൻ പാടോ?**

വളരെ പ്രയാസമുള്ള കാര്യം ചെയ്യാൻ കഴിയുന്നയാഗംക്ക് നിസ്സാര കാര്യങ്ങഗം ചെയ്യാൻ എത്ര എളുപ്പം!

9. **അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല.**

അലഞ്ഞു നടന്നു ശീലമുള്ളവന് അടങ്ങി നിൽക്കാൻ കഴിയില്ല.

10. **അങ്ങാടിയിൽ തോററതിന് അമ്മയോട്.**

വേണ്ട സമയത്ത്, വേണ്ടവരോട് പൗരുഷം കാണിക്കാതെ വീട്ടിൽ വന്നു കലശലുണ്ടാക്കുക.

11. **അച്ഛൻ ആന കേറിയാൽ മകനു തഴമ്പുണ്ടാകുമോ?**

യോഗ്യതയില്ലാത്തവൻ കുടുംബ മഹത്വം പറഞ്ഞ് നിഗളിക്കുന്നതിൽ അർത്ഥമില്ല.

12. **അച്ഛൻ പറഞ്ഞു കൊച്ചിക്കു പോകാൻ. ഏററത്തിനങ്ങോട്ടു പോയി, ഇറക്കത്തിനിങ്ങോട്ടും പോന്നു.**

കാര്യവിവരമില്ലാതെയുള്ള പ്രവൃത്തി. അച്ഛൻ മകനോടു കൊച്ചിക്കു പോകണമെന്നു പറഞ്ഞു. എന്തിനെന്നു ചോദിക്കപോലും ചെയ്യാതെ മകൻ പോയി, വന്നു!

13. **അച്ചാണിയില്ലാത്ത തേര് മുച്ചാൺ പോകില്ല.**

തേരിന് അച്ചാണിയില്ലെങ്കിൽ അത് ഓടിക്കാൻ സാദ്ധ്യമല്ല. സുരക്ഷിതത്വവും ഭദ്രതയുമില്ലെങ്കിൽ കാര്യസാദ്ധ്യത ഉണ്ടാകയില്ല.

14. അച്ചിക്കു കൊഞ്ചു പക്ഷം, നായർക്ക് ഇഞ്ചി പക്ഷം.

വളരെ അടുത്തവരാണെങ്കിലും നേരേ വിപരീതമായ സ്വഭാവമുള്ളവർ. (പരസ്പരം പൊരുത്തപ്പെടാത്ത സ്വഭാവം.)

15. അച്ഛനിച്ഛരിച്ചതും പാല്, വൈദ്യൻ കൽപ്പിച്ചതും പാല്.

അധികാരി ആജ്ഞാപിച്ചതും താൻ ആഗ്രഹിച്ചതും ഒന്നുതന്നെയാകുക. കൊതിച്ചതു തന്നെ വിധി.

16. അഞ്ചാണ്ടു സൂക്ഷിച്ചാൽ മഞ്ചാടിക്കും വില.

ഏതു വസ്തുവും ഒരുകാലത്തു പ്രയോജനകരമായിത്തീരും. നിസ്സാരമെന്നു കരുതി ഒരു വസ്തുവും കളയരുത്.

17. അഞ്ചിലറിഞ്ഞില്ലെങ്കിൽ അമ്പതിലറിയും.

ചെറിയ നഷ്ടത്തിൽ ശ്രദ്ധിക്കാത്തവൻ വലിയനഷ്ടം കൊണ്ട് ബുദ്ധിമുട്ടേണ്ടിവരും.

18. അഞ്ചു വിരലും ഒരുപോലല്ല.

ഒരേ മാതാപിതാക്കളുടെ മക്കൾ പോലും ഒരേ സ്വഭാവക്കാരായിരിക്കുന്നില്ല.

19. അഞ്ജനമെന്നതു ഞാനറിയും, മഞ്ഞളു പോലെ വെളുത്തിരിക്കും.

ഒന്നുമറിഞ്ഞുകൂടാത്തവൻ എല്ലാമറിയാമെന്നു ഭാവിക്കുക.

20. അടയ്ക്ക മടിയിൽ വയ്ക്കാം. അടയ്ക്കാ മരം മടിയിൽ വയ്ക്കാമോ ?

ബാല്യകാലത്തു നിയന്ത്രിച്ചു നിർത്താം. പക്ഷേ, വലുതായാൽ അതു സാധിക്കയില്ല.

21. അടി കഴിഞ്ഞു വടി!

ആദ്യമേ വേണ്ടത് ആവശ്യം കഴിഞ്ഞു കിട്ടിയാൽ പ്രയോജനമില്ല.

22. അടി തെററിയാൽ ആനയും വീഴും.

എത്ര വലിയവനായാലും നിലപാടു തെററിയാൽ വീഴ്ച പററുന്നു.

23. അടിയിരിക്കുന്നിടത്തു ചെകിടു കാണിക്കരുത്.

ആപത്തിൽ സ്വയം ചെന്നു ചാടരുത്. അടിക്കാനിരിക്കുന്നവൻെറ മുമ്പിൽ ചെകിടു കാണിച്ചു കൊടുത്താൽ അടി നിശ്ചയമാണല്ലോ.

25. അടിയും കൊണ്ടു, പുളിയും തിന്നു, പണവു മൊടുക്കി.

ചെയ്യേണ്ടത് വേണ്ടപ്പോൾ ചെയ്താൽ ക്ലേശവും നഷ്ടവും അപമാനവും ഒഴിവാക്കാം. അതു ചെയ്യാതെ, എല്ലാ നഷ്ടങ്ങൾക്കും ശേഷം മാത്രം വേണ്ടതു ചെയ്യുക ചിലരുടെ സ്വഭാവമാണ്.

25. അടിസ്ഥാനമുറച്ചേ ആരൂഢമുറയ്ക്കൂ.

കെട്ടിടത്തിൻെറ അടിസ്ഥാനം ഉറച്ചെങ്കിലേ മേൽക്കൂരയ്ക്കും ഉറപ്പുണ്ടാകൂ.

26. അടുക്കളപ്പിണക്കം അടക്കി വയ്ക്കണം.

വീട്ടു വഴക്കുകൾ മററുള്ളവരെ അറിയിക്കേണ്ട ആവശ്യമില്ല. അതു നല്ലതുമല്ല.

27. അടുക്കു പറയുന്നവന് അഞ്ഞാഴി; മുട്ടം വെട്ടുന്നവന് മുന്നാഴി.

കഠിനാദ്ധ്വാനം ചെയ്യുന്നവന് കുറച്ചും മേൽനോട്ടം ഭാവിച്ച് കാര്യമായി ഒന്നും ചെയ്യാതെ നിൽക്കുന്നവന് കൂടുതലും പ്രതിഫലം ലഭിക്കുക.

28. അടുത്തവനെ കെടുത്തരുത്.

സഹായിക്കുന്നവനെ നശിപ്പിക്കരുത്.

29. അടുത്താൽ നക്കിക്കൊല്ലും, അകന്നാൽ ഞെക്കി കൊല്ലും.

ഏതു വിധത്തിലായാലും, ഇണങ്ങിയാലും പിണങ്ങിയാലും, നശിപ്പിക്കുന്ന ദുഷ്ടന്മാരുടെ സ്വഭാവം.

30. അട്ടയെ പിടിച്ചു മെത്തയിൽ കിടത്തിയാൽ ?

ദുർജ്ജനങ്ങളുടെ ജാത്യാ ഉള്ള സ്വഭാവം മാററാൻ കഴിയുകയില്ല. മെത്തയിൽ കിടത്തിയാലും അഴുക്കിലേക്കിഴഞ്ഞു പോകുകയാണ് അട്ടയുടെ സ്വഭാവം.

31. അട്ടയ്ക്കു പൊട്ടക്കുളം.

നികൃഷ്ടന്മാർ അവർക്കു ചേർന്ന കൂട്ടുകെട്ടിൽ ഏർപ്പെടുന്നു.

32. അണ്ടിയോടടുത്താലേ പുളിയറിയൂ.

ചിലരുടെ സ്വഭാവം ആദ്യമൊക്കെ മധുരവും ആസ്വാദ്യവുമായി തോന്നും. എന്നാൽ അടുത്തു പെരുമാറുമ്പോഴാണ് അവരുടെ സ്വഭാവത്തിൻെറ തനിനിറം മനസ്സിലാകുന്നത്.

33. അണ്ടിയോ മൂത്തത്, മാവോ മൂത്തത് ?

രണ്ടും ശരിയാണ്. ഇത്തരം വിവാദങ്ങളിൽ ഏർപ്പെടുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ല.

34. അണ്ണാൻകുഞ്ഞും തന്നാലായത്.

എത്ര നിസ്സാരനും എളിയ സേവനം ചെയ്യാൻ കഴിയും.

35. അണ്ണാൻ മൂത്താലും മരംകേററം മറക്കുമോ ?

ജന്മനാ ഉള്ള സ്വഭാവം (താൻ ശീലിച്ചത്) എത്ര കാലം കഴിഞ്ഞാലും മാറുകയില്ല, മറക്കുകയുമില്ല.

36. അതിൻെറ മുകളിൽ കായ്ച്ചത് അതിൻെറ കീഴെ വീഴും.

ചെയ്തതിനനുസരിച്ച്യു ഫലം കിട്ടുന്നു.

37. അതിമോഹം കുടികെടുത്തും.

അത്യാഗ്രഹം നാശമുണ്ടാക്കുന്നു.

38. അതിലാഭം പെരുംചേതം.

അമിതലാഭത്തിലുള്ള ആഗ്രഹം വലിയ നഷ്ടത്തിൽ കലാശിക്കും.

39. അത്താഴം മുടക്കാൻ നീർക്കോലി മതി.

നിസ്സാരന്മാർക്കും ചെറിയ ഉപദ്രവങ്ങൾ വരുത്താൻ കഴിയും. (നീർക്കോലിക്കു വിഷമില്ല. പക്ഷെ, അതു കടിച്ചാലും അത്താഴം മുടങ്ങുമല്ലോ.)

40. അത്തം കറുത്താൽ ഓണം വെളുക്കും.

അത്തത്തിന് കാറും കോളുമാണെങ്കിൽ ഓണത്തിന് തെളിഞ്ഞ കാലാവസ്ഥയായിരിക്കും.

41. അധികമായാൽ അമൃതും വിഷം.

എത്ര നല്ല വസ്തുവായാലും വളരെക്കൂടിയാൽ ഉപദ്രവകരമാണ്. അമൃതിൻെറ പോലും സ്ഥിതിയിതാണ്. മററു വസ്തുക്കളുടെ കാര്യം പിന്നെ പറയേണ്ടല്ലോ.

42. അധികം കൂവുന്ന കോഴി അല്പമേ മുട്ടയിടൂ.

അമിതമായി സംസാരിക്കുന്നവർക്ക് അന്തസ്സാരം കുറഞ്ഞിരിക്കും.

43. അനച്ചവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലറയ്ക്കും.

ഒരാപത്തിൽ ചാടിയവന് പിന്നെ എല്ലാം ഭയവും സംശയവുമായിരിക്കും.

44. അനുജത്തിയെ കാണിച്ചു ചേട്ടത്തിയെ കെട്ടിക്കുക.

ഗുണമുള്ളത് കാണിച്ചിട്ട് ഗുണമില്ലാത്തത് പിടിപ്പിച്ചേല്പിക്കുക.

45. അങ്കവും കാണാം താളിയുമൊടിക്കാം.

രണ്ടു കാര്യങ്ങൾ ഒരുമിച്ചു സാധിക്കുക.

46. അന്നന്നു വെട്ടുന്ന വാളിനേ നെയ്യിടൂ.

ഉടനുടൻ പ്രയോജനം കിട്ടുന്ന ആളുകളോടു സേവ കൂടിനിൽക്കുന്ന സ്വഭാവം. അവസരസേവ.

47. അന്നവിചാരം മുന്നവിചാരം; പിന്നെ വിചാരം കാര്യവിചാരം.

ആഹാരത്തിൻെറ കാര്യമാണ് ഏററവും പ്രധാനം. മറെറല്ലാം അതു കഴിഞ്ഞിട്ടു മാത്രം.

48. അപവാദം ആയിരം കാതം.

അപവാദം വളരെ ദൂരെവരെ, വേഗത്തിൽ പരക്കുന്നു.

49. അപ്പനു കേറാൻമേല, മകനു ചെത്താൻമേല.

ഏതു വിധമായാലും കാര്യം നടക്കാതെ വരുന്നു. (അപ്പനു തെങ്ങിൽ കേറാൻ വയ്യ, മകനു കേറാം, പക്ഷെ ചെത്താനറിഞ്ഞുകൂടാ. രണ്ടായാലും കാര്യം നടക്കുകയില്ലല്ലോ.)

50. അപ്പം തിന്നാൽ മതി, കുഴിയെണ്ണണ്ടാ.

കാര്യം സാധിച്ചാൽ മതി, എങ്ങനെ സാധിച്ചു എന്നറിയേണ്ടതില്ല.

51. അഭ്യസിച്ചാൽ ആനയെയും എടുക്കാം.

പരിശീലിച്ചാൽ ഏതു പ്രയാസമുള്ള കാര്യവും ചെയ്യാൻ കഴിയും.

52. അമ്പലത്തിലെ പൂച്ച തേവരെ പേടിക്കുമോ ?

നല്ലപോലെ പരിചയപ്പെട്ട് എല്ലാ ഉള്ളുകള്ളികളും അറിഞ്ഞിട്ടുള്ളവന് പിന്നെ പേടിയൊന്നുമില്ല. (പൂച്ചയ്ക്ക് അമ്പലവും തേവരും നല്ല പരി

ചയമാണ്. ദേവ വിഗ്രഹം ചലിക്കയില്ലെന്നും ഉപദ്രവിക്കയില്ലെന്നും അതിനറിയാം. പിന്നെ ദേവനെ പേടിക്കുന്നതെന്തിന്?)

53. അമ്പലം ചെറുതെങ്കിലും പ്രതിഷ്ഠക്കു ബലം.

ചിലർ കൃശശരീരന്മാരാണെങ്കിലും മനോവീര്യവും ബുദ്ധിയും ഏറിയവരായിരിക്കും.

54. അമ്പു കുമ്പളത്ത്; വില്ലു ചേപ്പാട്ട്; എയ്യുന്ന നായരരിപ്പാട്ട്.

ഉപയോഗിക്കേണ്ട സാധനങ്ങൾ ഓരോ സ്ഥലത്ത്. ഉപയോഗിക്കേണ്ട ആളും വേണ്ട സ്ഥലത്തില്ല. ഇങ്ങനെ കാര്യം നടക്കാതെ വരുന്നു.

55. അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ.

സകലരെയും ബാധിക്കുന്ന വാക്കോ പ്രവൃത്തിയോ. (അർജ്ജുനന്റെ ശരമേൽക്കാത്തവരായി കൗരവന്മാരിൽ ഒരാൾ പോലും ഇല്ലായിരുന്നു.)

56. അമ്മയുടെ മടിയിൽ ഇരിക്കയും വേണം, അച്ഛന്റെ കൂടെ നടക്കയും വേണം.

പ്രായോഗികമാകാത്ത ശാഠ്യം. രണ്ടിൽ ഒന്നു മാത്രമേ സാധിക്കുകയുള്ളല്ലോ.

57. അമ്മക്കു പ്രാണവേദന, മകൾക്കു വീണ വായന.

ഒരാൾ കഠിനമായ ക്ലേശവും വേദനയുമനുഭവിക്കുമ്പോൾ, ആശ്വസിപ്പിക്കയും ശുശ്രൂഷിക്കയും ചെയ്യേണ്ടയാൾ അതൊന്നും ശ്രദ്ധിക്കാതെ രസിക്കുന്നതു സൂചിപ്പിക്കുന്നു.

58. അമ്മായി ഉടച്ചതു മൺചട്ടി; മരുമകൾ ഉടച്ചതു പൊൻചട്ടി.

രണ്ടുപേരും ഒരേ കുററമാണ് ചെയ്തത്. എന്നാൽ അമ്മായിയുടെ തെററു നിസ്സാരമായും മരുമകൾ ചെയ്തത് വളരെ ഗൗരവമായും കാണുന്നു. (പഴയ മരുമക്കത്തായ കുടുംബങ്ങളിൽ

അമ്മായിക്കു മരുമകളോടുണ്ടായിരുന്ന സ്നേഹ മില്ലാത്ത മനോഭാവമാണ് ഈ ചൊല്ലിന് അടിസ്ഥാനം.)

59. അമ്മേത്തല്ലിയാലും രണ്ടു പക്ഷം.

അമ്മയെത്തല്ലുന്നതു അപരാധമാണ്. എന്നാൽ, അതു നന്നായി എന്നു പറയാനും ചിലർ കാണും. ഏതു കാര്യത്തിലും രണ്ടഭിപ്രായമുണ്ട്.

60. അരക്കുടം അലയ്ക്കും.

നിറയാത്ത കുടത്തിലെ വെള്ളം ഇളകിത്തുളുമ്പും. അതുപോലെ അല്പന്മാർ ഒച്ചപ്പാടും ബഹളവുമുണ്ടാക്കും, വൻപു കാണിക്കും. (നിറകുടം തുളുമ്പുകില്ല—എന്നത് ഇതിനു വിപരീതാർത്ഥമുള്ള പഴഞ്ചൊല്ല്.)

61. അരക്കും കൊണ്ടു ചെല്ലുമ്പോൾ മെഴുക്കും കൊണ്ടു വരും.

ഒരുവൻ ഒരുപായം പ്രയോഗിക്കുമ്പോൾ മററയാൾ അതിനെ തോല്പിക്കുന്ന മറെറാരുപായം പ്രയോഗിക്കുന്നു.

62. അരച്ചൊല്ല് അരങ്ങത്താകാ.

പകുതി മാത്രം പഠിച്ച വിദ്യ പ്രകടിപ്പിക്കരുത്. (അരവിദ്യ ആശാനെയും കാണിക്കരുത് എന്നും ചൊല്ലുണ്ട്.)

63. അരത്തിലുരുമ്മിയാൽ ഇരുമ്പിനു തേമാനം.

തന്നെക്കാൾ ശക്തന്മാരോടെതിരിട്ടാൽ തനിക്കു കോട്ടമുണ്ടാകുന്നു. (ഇരുമ്പ് ഉറപ്പും ശക്തിയുമുള്ളതാണ്. എന്നാൽ അതിലും ശക്തിയുള്ളതാണ് അരം.)

64. അരമനരഹസ്യം അങ്ങാടിപ്പരസ്യം.

വീട്ടിൽ പരമ രഹസ്യമാക്കി വയ്ക്കുന്ന കാര്യം അങ്ങാടിപ്പാട്ടാകുന്നു. (വളരെ രഹസ്യമാണെന്നു

വിചാരിക്കും. പക്ഷെ, അത് വളരെ വേഗത്തിൽ നാട്ടിൽ പാട്ടാകുക സാധാരണയാണല്ലോ.)

65. അരയ്ക്കു കത്തിയും പുരയ്ക്കു മുത്തിയും.

അരയിലേ കത്തി ശരീര രക്ഷയ്ക്കും വീട്ടിലെ മുത്തി (വൃദ്ധ) വീടിൻെറ നന്മയ്ക്കും ഉപകരിയ്ക്കും.

66. അരി നാഴിയേ ഉള്ളെങ്കിലും അടുപ്പുകല്ല് മൂന്നു വേണം.

ചെറിയ കാര്യത്തിനായാലും ഒരുക്കങ്ങൾ എല്ലാം കൂടിയേ തീരൂ.

67. അരിമണിയൊന്നു കൊറിക്കാനില്ല
തരിവളയിട്ടു കിലുക്കാൻ മോഹം.

ദാരിദ്ര്യം അനുഭവിക്കുമ്പോഴും ആഡംബരഭ്രമം അധികമായിരിക്കുന്ന സ്ഥിതി.

68. അരിയും തിന്ന് ആശാരിച്ചിയെയും കടിച്ചിട്ടും നായ്ക്ക് മുറുമുറുപ്പ്.

പല ദ്രോഹങ്ങളും ചെയ്തതിനു ശേഷവും വിരോധം കാണിക്കുന്ന കൂട്ടരുടെ സ്വഭാവം.

69. അരിയെത്ര? പയറഞ്ഞാഴി.

അസംബന്ധമായി ഉത്തരം പറയുന്ന രീതി. ചോദിച്ചതിനല്ല ഉത്തരം.

70. അരിയെറിഞ്ഞാൽ ആയിരം കാക്ക.

കൊടുക്കാൻ കൈയിൽ ധാരാളമുണ്ടെങ്കിൽ അടുക്കൽ ധാരാളം ആളുകൾ കൂടുന്നു.

71. അരിശം വന്നാൽ അമ്പതെണ്ണണം.

കുറച്ചു സമയം കൊണ്ട് കോപം ശമിച്ച് ശാന്തത വരുന്നു.

72. അലയൊഴിഞ്ഞിട്ടു കടലിൽ കുളിക്കാനൊക്കുമോ?

കടലിലെ അല ഒരിക്കലും ഒഴിയുകയില്ല. എല്ലാ ക്ലേശങ്ങളും തീർന്നിട്ട് എന്തെങ്കിലും കാര്യം ചെയ്യാമെന്നു വിചാരിക്കുന്നത് ബുദ്ധിശൂന്യതയാണ്.

73. അൽപ്പന് അർത്ഥമുണ്ടായാൽ അർദ്ധരാത്രിക്കു കുട പിടിക്കും.

അല്പന്മാർക്ക് അല്പം ധനമുണ്ടായാൽ മതി, അവർ ആഡംബരവും അഹങ്കാരവും കാണിക്കും. (അർദ്ധരാത്രിക്കു പട്ടുകുട പിടിച്ചു നടന്നാൽ ആരും കാണാനില്ല. എങ്കിലും അവർ അതു ചെയ്യുന്നു.)

74. അല്ലലുള്ള പുലയിയേ ചുള്ളിലുള്ള കാടറിയൂ.

ബുദ്ധിമുട്ടനുഭവിക്കുന്നവർ തങ്ങൾക്കാവശ്യമായത് തേടി കണ്ടുപിടിക്കുന്നു.

75. അവനവനു വേണ്ടി നെല്ലിടിക്കാത്തവൻ ആർക്കാനും വേണ്ടി കല്ലിടിക്കും.

തനിക്കുവേണ്ടി ചെറിയ പ്രയത്നം പോലും ചെയ്യാത്തവൻ മററുള്ളവർക്കു വേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നു.

76. അള കുത്തിയാൽ ചേരയും കടിക്കും.

എത്ര സാധുവും നിരുപദ്രവിയുമായാലും ഉപദ്രവിച്ചു പൊറുതി മുട്ടിച്ചാൽ തിരിഞ്ഞു നിന്നെതിർക്കും.

77. അഴകുള്ള ചക്കയിൽ ചുളയില്ല.

കണ്ടാൽ നല്ല ഭംഗിയുണ്ടെങ്കിലും കാര്യത്തിനു കൊള്ളാത്തത്. ബാഹ്യഭംഗിയേയുള്ളു. അന്തഃസാരമില്ല.

78. അഴുക്കു തീരെ കുളിച്ചവരില്ല.

എത്ര കുളിച്ചാലും അല്പം അഴുക്ക് ശരീരത്തിലെവിടെയെങ്കിലും കാണും. അല്പം ചില ദൂഷ്യങ്ങൾ ഏതു ഗുണവാനിലും ഇല്ലാതിരിക്കില്ല.

79. അറയിലാടീട്ടേ അരങ്ങത്താടാവൂ.

നല്ലപോലെ പരിശീലിച്ചതിനു ശേഷമേ പൊതുജനസമക്ഷം പ്രകടിപ്പിക്കാവൂ.

80. അറുക്കും മുമ്പു പിടയ്ക്കുക.

എന്തെങ്കിലും ചെയ്യുന്നതിനു മുമ്പുതന്നെ വെപ്രാളം കാണിക്കുന്ന സ്വഭാവം.

ആ

81. ആകാശം വീഴുമെന്നു കരുതി തൂണു കൊടുക്കാറുണ്ടോ?

സംഭവിക്കാത്ത കാര്യത്തിന് പ്രതിവിധിയാലോചിക്കുന്ന വിഡ്ഢിത്തം.

82. ആകും കാലം ചെയ്തത് ചാകും കാലം കാണാം.

കഴിവുള്ള കാലത്ത് ചെയ്ത പ്രവൃത്തികളുടെ ഫലം അവസാന കാലത്താണ് അനുഭവിക്കുന്നത്.

83. ആകെ മുങ്ങിയാൽ കുളിരില്ല.

പ്രയാസമുണ്ടാകും എന്നു വിചാരിച്ച് വേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കരുത്. അതിലേർപ്പെടുമ്പോൾ പ്രയാസമെല്ലാം മാറുന്നതായനുഭവപ്പെടും.

84. ആടറിയുമോ അങ്ങാടി?

നിസ്സാരന്മാർക്ക് വലിയ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുകയില്ല.

85. ആടാച്ചാക്യാർക്കണിയൽ.

അഭിനയിക്കാൻ അറിയാത്തവന് വേഷഭൂഷാദികൾ പ്രധാനം.

86. ആടു കിടന്നിടത്തു പൂട കാണും.

ആടു കിടന്നിരുന്നു എന്നതിൻെറ ലക്ഷണമാണ് പൂട. അതുപോലെ എന്തെങ്കിലും സംഭവമുണ്ടായിടത്ത് അതിൻെറ അടയാളവും കാണാതിരിക്കില്ല. (ധനവും പ്രതാപവും ഉണ്ടായിരുന്നിടത്ത് അല്പമെങ്കിലും അവശേഷിച്ചു കാണും എന്നും അർത്ഥം.)

87. ആട്ടിക്കൊണ്ടു പോകുമ്പോഠം പിണ്ണാക്കു കൊടുക്കാത്തവൻ വീട്ടിൽ ചെന്നാൽ എണ്ണ കൊടുക്കുമോ ?

പ്രയാസമില്ലാത്ത നിസ്സാര സഹായം ചെയ്യാൻ മടിക്കുന്നവനിൽ നിന്നും കാര്യമായ സഹായം പ്രതീക്ഷിക്കേണ്ടതില്ല.

88. ആദ്യപ്പെരുപ്പം തോല്മയ്ക്കെളുപ്പം.

ആദ്യം പ്രതാപവും വൻപും കാണിക്കുന്നത് പിന്നീട് തോൽവിക്കു കാരണമാകുന്നു.

89. ആന കൊടുക്കും, തോട്ടി കൊടുക്കില്ല.

വലിയ കാര്യങ്ങഠം ചെയ്യാൻ മടിക്കാത്തവർ ചിലപ്പോഠം നിസ്സാര കാര്യങ്ങളിൽ നിർബ്ബന്ധബുദ്ധി കാണിക്കുന്നു.

90. ആന പോയ വഴിയേ വാലും.

യജമാനൻെറ പുറകേ സേവകന്മാരും വിടാതെ കൂടുന്നു.

91. ആനപ്പുറത്തിരിക്കുന്നവനെ പട്ടി കടിക്കുമോ?

വലിയ സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്ക് നിസ്സാരന്മാർ ഉപദ്രവിക്കുമോ എന്ന പേടിയില്ലല്ലോ.

92. ആനപ്പുറത്തിരുന്ന് ആരാൻെറ വേലി പൊളിക്കാം.

വലിയവൻെറ (ശക്തൻെറ) സഹായത്തോടു കൂടി പരദ്രോഹം ചെയ്യുന്ന സ്വഭാവം.

93. ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ?

സമ്പത്തും ആരോഗ്യവും നശിച്ചാൽ പോലും മഹാന്മാർ നിലവിട്ടു പെരുമാറുകയില്ല. എത്ര മെലിഞ്ഞാലും ആന ആടാകയില്ലല്ലോ.

94. ആനയെ കാണാനും വെള്ളഴുത്തോ?

നന്നായി അറിയാവുന്ന സംഗതി അറിയുന്നില്ലെന്നു ഭാവിക്കുക. വെള്ളെഴുത്തുള്ള ആളിനും ആനയെ കാണാൻ പ്രയാസമില്ല.

95. ആനയെപ്പേടിക്കാം. ആനപ്പിണ്ടത്തെ പേടിക്കണോ?

അധികാരമുള്ളവരെ പേടിക്കയും ബഹുമാനിക്കയും ചെയ്യുന്നു. എന്നാൽ അവരുടെ ആശ്രിത(സേവക)രെ വകവയ്ക്കാൻ ആരും തയാറാകയില്ല.

96. ആനയ്ക്കു തടി ഭാരം; ഉറുമ്പിന് അരി ഭാരം.

ഓരോരുത്തരുടെയും കഴിവിനും അവസ്ഥയ്ക്കും അനുസരിച്ചാണ് പ്രയാസങ്ങൾ അനുഭവപ്പെടുന്നത്.

97. ആന വാ പൊളിക്കും പോലെ അണ്ണാൻ വാ പൊളിച്ചാലോ?

വൻപൻ ചെയ്യുന്നതുപോലെയൊക്കെ ചെയ്യാൻ നിസ്സാരൻ ശ്രമിച്ചാൽ നാശമായിരിക്കും ഫലം.

98. ആനവായിലമ്പഴങ്ങാ.

വളരെ വലിയൊരു കാര്യത്തിൽ തീരെ കൊച്ചു കാര്യം ഒട്ടും മതിയാകയില്ല. (ആനയുടെ വലിയ വായിൽ ഒരു അമ്പഴങ്ങാ തീരെ നിസ്സാരം.)

99. ആയിരം കണ്ണു പൊട്ടിച്ചേ അര വൈദ്യനാകൂ.

ആദ്യകാലത്ത് പല പിഴകളും പററും. പിന്നീടു മാത്രമാണ് പ്രവൃത്തിയിൽ വിദഗ്ധരായിത്തീരുന്നത്.

100. ആയിരം കാക്കയ്ക്ക് അരക്കല്ല്.

ഭീരുക്കൾ അനവധിയുണ്ടെങ്കിലും അവരെ തോല്പിക്കുവാൻ ഒരു ചെറിയ പ്രയോഗം മതി.

101. ആയിരം കെട്ട് അരച്ചെത്തുകൊണ്ടറുക്കാം.

വളരെ പ്രയാസപ്പെട്ടുണ്ടാക്കുന്നതു നശിപ്പിക്കുവാൻ എത്രയെളുപ്പം കഴിയുന്നു!

102. ആരാൻെറ അപരാധം വാര്യൻെറ പുറപ്പുറത്ത്.

കുററം ചെയ്യുന്നത് ഒരുവൻ, കുററക്കാരനായി ത്തീരുന്നത് മറെറാരുവൻ.

103. ആരാൻറമ്മയ്ക്കു ഭ്രാന്തു പിടിച്ചാൽ കാണാൻ നല്ല രസം.

മററുള്ളവർക്ക് ആപത്തും ദുഃഖവും വരുന്നതിൽ സന്തോഷിക്കുന്ന സ്വഭാവം.

104. ആരാൻെറ അമ്മി, ചീരാൻെറ മുളക്, അരയോളം അര.

ഒന്നും തൻേറതല്ല. അതിനാൽ യാതൊരു ആത്മാർത്ഥതയുമില്ലാത്ത പ്രവൃത്തി. (കാട്ടിലെ തടി, തേവരുടെ ആന, പിടിയെടാ പിടി)

105. ആരുമില്ലാഞ്ഞാൽ പട്ടർ; ഏതുമില്ലാഞ്ഞാൽ താറം.

ഗതികേടു വരുമ്പോഠം എന്തും ചെയ്യാൻ സമ്മതമാണ്. (കെട്ടാൻ മററാരെയും കിട്ടിയില്ലെങ്കിൽ പട്ടരെ സ്വീകരിക്കുന്നു; കറിക്ക് ഒന്നുമില്ലാതെ വരുമ്പോഠം താറം ഉപയോഗിക്കുന്നു.)

106. ആലുംകാ പഴുത്തപ്പോഠം കാക്കയ്ക്ക് വായ്പ്പുണ്ണ്.

ആഗ്രഹിച്ചത് കിട്ടിയപ്പോഠം ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ.

107. ആവൽക്ക് ആവൽ വിരുന്നു വന്നാൽ അങ്ങേക്കൊമ്പത്തു തൂങ്ങിക്കോളും.

സമന്മാരായ അതിഥികഠം പരാതിയൊന്നും കൂടാതെ കൂട്ടത്തിൽ കൂടിക്കോളും. (മരക്കൊമ്പിൽ തൂങ്ങുന്ന വാവലിന് മറെറാരു വാവൽ വിരുന്നു വന്നാൽ ഏതെങ്കിലും കൊമ്പിൽ അതും തൂങ്ങിക്കോളും. പ്രത്യേകിച്ച് ഏർപ്പാടുകളൊന്നും ചെയ്യേണ്ട.)

108. ആവുംകാലം ചെയ്തില്ലെങ്കിൽ ചാവും കാലം ഖേദിക്കും.

കഴവുള്ളപ്പോൾ പ്രവർത്തിക്കാഞ്ഞാൽ ഒടുവിൽ ദുഃഖിക്കേണ്ടിവരും.

109. ആശാനു കൊടുക്കാത്തതു വൈദ്യനു കൊടുക്കും.

ഒരു കാര്യത്തിൽ ലാഭം പിടിച്ചാൽ വേറൊരു കാര്യത്തിനു വേണ്ടി ചെലവിടേണ്ടിവരും. (കളരിയാശാനു പണം കൊടുക്കണമല്ലോ എന്നു വിചാരിച്ചു കച്ചകെട്ടാതിരുന്നാൽ ആരോഗ്യം നഷ്ടപ്പെട്ട് അതിൽ കൂടുതൽ ചെലവാക്കി ചികിത്സിക്കേണ്ടി വരുന്നു.)

110. ആശാനും അടവു പിഴയ്ക്കും.

അതി സമർത്ഥന്മാർക്കു പോലും ചിലപ്പോൾ അബദ്ധം പററും.

111. ആശാന് അക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്.

ഗുരുവിന് ഒരു തെററു പററിയാൽ ശിഷ്യന് വളരെ തെററുകൾ പററിയേക്കാം.

112. ആശാൻ വീണാൽ അതുമൊരടവ്.

ആശാൻ ഒരടവു കാണിക്കയാണെന്നേ പറയൂ. വീണതാണെന്ന് ആരും പറയുകയില്ല. (ചില ബുദ്ധിമാന്മാർക്കും അബദ്ധം പററും. എന്നാൽ അയാളുടെ അനുയായികൾ പറയും 'അദ്ദേഹം ഒരു കൗശലം പ്രയോഗിച്ചു നോക്കിയതാണ്'.

113. ആശാരിയുടെ കുററവും തടിയുടെ വളവും.

ആശാരിയുടെ പണി മോശം; തടിയോ വളഞ്ഞതും. രണ്ടും കൂടെയായപ്പോൾ ആകെ വഷളായി. ഒരു സംഭവത്തിന് ഒന്നിലധികം കാരണങ്ങൾ.

114. ആളേറെ പോകുന്നതിലും താനേറെ പോകുന്നത് നല്ലത്.

കാര്യസാധ്യത്തിന് താൻ തന്നെ പരിശ്രമിക്കയാണുത്തമം. മററുള്ളവരെ ആശ്രയിക്കുന്നതു പല നഷ്ടങ്ങൾക്കും ഇടയാക്കുന്നു.

115. ആഴമറിയാതെ ആററിലിറങ്ങരുത്.

ഇടയ്ക്കു നേരിടേണ്ടി വരാവുന്ന കാര്യങ്ങളെപ്പററി ചിന്തിക്കാതെ ഒരു കാര്യത്തിനും ഇറങ്ങിത്തിരിക്കരുത്.

116. ആഴമുള്ളിടത്ത് ഓളമില്ല.

അഗാധമായ ബുദ്ധിയും അറിവും ഒക്കെയുള്ളവർ പുറമേ ശാന്തരായിരിക്കും. അവർക്ക് ബാഹ്യമോടികളും കാണുകയില്ല.

117. ആറിയ കഞ്ഞി പഴങ്കഞ്ഞി.

കാലപ്പഴക്കം കൊണ്ട് കാര്യത്തിന് ഊർജ്ജിതവും ഉത്സാഹവും നഷ്ടപ്പെടുന്നു.

118. ആർക്കാനും വേണ്ടി ഓക്കാനിക്കുക.

യാതൊരാത്മാർത്ഥതയുമില്ലാതെ എന്തെങ്കിലും പ്രവർത്തിക്കുക. മററുള്ളവരെ അറിയിക്കാൻ വേണ്ടി എന്തെങ്കിലും ചെയ്യുക.

119. ആററിൽ കളഞ്ഞാലും അളന്നു കളയണം.

എന്തിനു വേണ്ടി ചെലവാക്കിയാലും എല്ലാററിനും ശരിയായ കണക്കുണ്ടായിരിക്കണം.

ഇ

120. ഇഞ്ചിവാട്ടം മഞ്ഞളിൽ.

ഇഞ്ചിക്കൃഷി കൊണ്ടുണ്ടായ നഷ്ടം മഞ്ഞൾക്കൃഷിയിൽ പരിഹരിച്ചു എന്നർത്ഥം. ഒരു തരത്തിൽ വന്ന നഷ്ടം മറെറാരു തരത്തിൽ തീർക്കുന്നു.

121. ഇടിച്ചവളും പൊടിച്ചവളും ഇരിക്കെ, വന്നവൾ കൊണ്ടുപോയി.

അധ്വാനിച്ചുണ്ടാക്കിയവരുടെ പിടിപ്പുകേടു കൊണ്ടോ അവർ തമ്മിലുള്ള തർക്കം കൊണ്ടോ വെറുതെ വന്നവൻ അധ്വാനഫലം തട്ടിക്കൊണ്ടു പോകുന്നു.

122. ഇടിക്കു മുമ്പേ ഇടിവാൾ.

എന്തെങ്കിലും സംഭവിക്കുന്നതിനു മുമ്പ് അതിൻെറ ലക്ഷണം കാണാം. കാര്യത്തിനു മുമ്പ് കാരണം.

123. ഇടി വെട്ടിയവനെ പാമ്പു കടിച്ചു.

ഒരാപത്തു സംഭവിച്ചതിൻെറ പുറത്ത് മറെറാരാപത്തു കൂടി സംഭവിക്കുക.

124. ഇടം കൊടുത്താൽ മടം പിടുങ്ങും.

കേറിയൊന്നിരിക്കാൻ സൗകര്യം കൊടുത്താൽ, വീടു മുഴുവൻ കൈക്കലാക്കുന്ന അതിസാമർത്ഥ്യം. (സൂചി കടത്താൻ പഴുതുണ്ടായാൽ തൂമ്പാ കടത്തും.)

125. ഇട്ട കൈയ്യ്ക്കു കടിക്കുന്ന നായ്.

ആഹാരവും ആശ്രയവും കൊടുക്കുന്നവനെ ദ്രോഹിക്കുന്ന ആളുകളുടെ സ്വഭാവം.

126. ഇട്ടിയമ്മ ചാടിയാൽ കൊട്ടിയമ്പലം വരെ.

പഴയ കാലത്തെ സ്ത്രീകളുടെ, പ്രത്യേകിച്ചും അന്തർജ്ജനങ്ങളുടെയും മററും, 'സാമർത്ഥ്യ'ത്തെപ്പററിയാണ് ഈ ചൊല്ലു സൂചിപ്പിക്കുന്നത്. അവരുടെ ചാട്ടവും തൻേറടവുമൊക്കെ പടിപ്പുര വരെയെ ഉള്ളു. അതിനപ്പുറം പോകയില്ല. തൻേറടമില്ലാത്തവരുടെ എടുത്തുചാട്ടത്തിന് ഒരു പരിധിയുണ്ട് എന്ന് അർത്ഥം.

127. ഇണങ്ങിയാൽ നക്കിക്കൊല്ലും; പിണങ്ങിയാൽ ഞെക്കിക്കൊല്ലും.

ഏതു വിധത്തിൽ പ്രവർത്തിച്ചാലും ആപത്തുണ്ടാക്കുന്നവരുടെ രീതി.

128. ഇണങ്ങിയാൽ പൊട്ട്; പിണങ്ങിയാൽ വെട്ട്.

സ്നേഹമാണെങ്കിൽ സമ്മാനം; വിരോധമായാൽ ദ്രോഹിക്കയും ചെയ്യും.

129. ഇത്തിൾ പിടിച്ച മരം കെടും.

ചൂഷണം ചെയ്യുന്ന ദുഷ്ടന്മാരുടെ സംസർഗ്ഗം കൊണ്ട് ഏതു ഗുണവാനും ശക്തനും ക്രമേണ നശിക്കുന്നു.

130. ഇന്ദ്രൻ മാററിയാലും ഇന്ദ്രാണിക്കു മാററമില്ല.

ഇന്ദ്ര പദവി ആർക്കു ലഭിച്ചാലും ഇന്ദ്രാണി (ഇന്ദ്രപത്നി) മാറുന്നില്ല. അധികാരസ്ഥാനത്ത് ആരെത്തിയാലും സേവകപ്പരിഷയ്ക്കു മാററമില്ല.

131. ഇന്നു ചത്താൽ നാളെ രണ്ട്.

ആരു ചത്താലും ദിവസങ്ങൾ കടന്നുപോകുന്നു. ചത്ത ആളിനോടുള്ള ആത്മാർത്ഥതയും സ്നേഹവുമൊക്കെ അന്നേരത്തേക്കു മാത്രമേയുള്ളു.

132. ഇന്നു ഞാൻ, നാളെ നീ—

ജീവിതത്തിൻെറ ക്ഷണികത കാണിക്കുന്നു.

133. ഇമക്കുററം കണ്ണററിയുകയില്ല.

സ്വന്തം ദോഷം അവനവൻ അറിയുന്നില്ല. മററുള്ളവർ വേണം അതു പറഞ്ഞുതരാൻ. കൺപോളയുടെ കേട് ആ കണ്ണുകൊണ്ടു കാണാൻ കഴിയുകയില്ലല്ലോ.

134. ഇരക്കുന്ന വീട്ടിൽ തുരക്കുന്നവൻ.

പിച്ചക്കാരൻെറ വീട്ടിൽ നിന്നും കക്കാൻ ഒരുങ്ങുന്നവൻ പിച്ചക്കാരനെക്കാൾ കഷ്ടമായിരിക്കുമല്ലോ. (ഇരപ്പാളിയുടെ പിച്ചപ്പാള പിടിച്ചു പറിക്കുന്നവൻ.)

135. ഇരയിട്ടാലേ മീൻ കിട്ടൂ.

അല്പം ചെലവാക്കിയെങ്കിലേ കാര്യമായി എന്തെങ്കിലും കിട്ടുകയുള്ളു. (ഇരയിട്ടു മീൻ പിടിക്കുക എന്നു ശൈലി).

136. ഇരിപ്പിടം കെട്ടിയേ പടിപ്പുര കെട്ടാവൂ.

അത്യാവശ്യമായത് ആദ്യം ചെയ്യണം. കൂടുതൽ സൗകര്യങ്ങളുണ്ടാക്കുന്നതും ആഡംബരവും പിന്നീടേ ആകാവൂ.

137. ഇരിക്കാനിടം കിട്ടിയാൽ കിടക്കരുത്.

ദയ തോന്നി ആരെങ്കിലും അത്യാവശ്യ സഹായം ചെയ്താൽ, സഹായിക്കുന്നയാളെ ചൂഷണം ചെയ്യുകയും ദ്രോഹിക്കയുമരുത്.

138. ഇരിക്കുന്ന കൊമ്പു മുറിക്കരുത്.

തൻെറ ആശ്രയസ്ഥാനം താൻ തന്നെ നശിപ്പിക്കരുത്. ആശ്രയസ്ഥാനത്തോടൊപ്പം അവനവനും നാശമുണ്ടാക്കുന്ന കാര്യമാണത്.

139. ഇരിക്കുമ്പോൾ പിറന്നാൾ; മരിച്ചാൽ ശ്രാദ്ധം.

യജമാനൻ ജീവിച്ചിരുന്നാലും ശരി മരിച്ചാലും ശരി സേവകനു കോളുതന്നെ. ജീവിച്ചിരുന്നാൽ പുറന്നാൾ സദ്യയുണ്ട്. ചത്തുപോയാലും സദ്യ കിട്ടും, ശ്രാദ്ധമുണ്ടല്ലോ.

140. ഇരിക്കും മുമ്പേ കാൽ നീട്ടരുത്.

അത്യാവശ്യമായത് ചെയ്യുന്നതിനു മുമ്പ് കൂടുതൽ സുഖസൗകര്യങ്ങളുണ്ടാക്കാൻ തുടങ്ങരുത്. ആദ്യം സ്വസ്ഥമായി ഇരിക്കുക; പിന്നീടാകട്ടെ സുഖകരമായ കിടപ്പ്.

141. ഇരിക്കേണ്ടിടത്തിരുന്നാൽ എഴുനേൽക്കേണ്ടിവരില്ല.

അവനവൻെറ നിലയ്ക്കനുസരിച്ചു പെരുമാറിയാൽ ആരും അനാദരിക്കുകയില്ല. നിലവിട്ടുള്ള പെരുമാററം മററുള്ളവരുടെ ആക്ഷേപത്തിനും നിന്ദയ്ക്കും ഇടയാക്കും.

142. ഇരുന്നാൽ പൂച്ച; പാഞ്ഞാൽ പുലി.

സ്വസ്ഥനായിരിക്കുമ്പോൾ സൗമ്യനും ശാന്തനുമായിരിക്കും. എന്നാൽ എന്തെങ്കിലും കാര്യം വരുമ്പോഴാണ് ശൗര്യവീര്യാദികൾ പ്രകടമാകുന്നത്.

143. ഇരുന്നുണ്ടാൽ കുന്നും കുഴിയും.

അധ്വാനിക്കാതെ, പൂർവ്വികന്മാർ സമ്പാദിച്ച സ്വത്തനുഭവിച്ചുകൊണ്ടിരുന്നാൽ, എത്ര വമ്പിച്ച സ്വത്തായാലും ക്രമേണ അതില്ലാതെയാകുന്നു.

144. ഇരുന്നുണ്ണരുത്; കിടന്നുറങ്ങരുത്.

അധ്വാനിക്കാതെ ആഹാരം കഴിക്കരുത്. വിശപ്പു ശമിച്ചാൽ പിന്നെയും ഇരുന്ന് തിന്നരുത് എന്നും അർത്ഥം പറയാം. ഉറക്കം വരുന്നതിനു മുമ്പ് കിടക്കയിൽ ചെന്നു കിടക്കരുത്. അധ്വാനിക്കുന്ന ആൾ വിശക്കുമ്പോൾ ഭക്ഷിക്കുന്നു; ഉറക്കം വരുമ്പോൾ കിടന്നുറങ്ങുന്നു. അതാണ് ആരോഗ്യത്തിനു നല്ലത്.

145. ഇരുന്നു നോക്കിയാൽ നിരന്നു കാണാം.

ദൂരെയിരുന്നു നോക്കിയാൽ ഓരോന്നും തമ്മിലുള്ള വ്യത്യാസമോ, ഗുണദോഷങ്ങളോ മനസ്സിലാകയില്ല. ഗുണദോഷങ്ങൾ വ്യക്തമായറിയണമെങ്കിൽ അടുത്തു ചെന്നു സൂക്ഷിച്ചു നോക്കുക തന്നെ വേണം.

146. ഇരുപത്തിയെട്ടു പട്ടിണിയും രണ്ട്
ഏകാദശിയും.

എന്നും പട്ടിണി തന്നെ എന്നാണീ ചൊല്ലിന്നർത്ഥം. മാസത്തിൽ ആകെ മുപ്പതു ദിവസം. അതിൽ ഇരുപത്തിയെട്ടു ദിവസവും പട്ടിണിയാണ്. ബാക്കി രണ്ട് ഏകാദശി. ഏകാദശിക്ക് നിരാഹാര വ്രതമാണല്ലോ. (ഇരുപത്തിയെട്ട് ഏകാദശിയും രണ്ടു പട്ടിണിയും—എന്നും പറയാറുണ്ട്.)

147. ഇരുമ്പിനു തുരുമ്പു കേട്.

ഏതു വസ്തുവിനും കാണും അല്പമായ ചില കുററങ്ങാം. ഈടും ഉറപ്പും ഉണ്ട് ഇരുമ്പിന്. എങ്കിലും തുരുമ്പ് എന്നൊരു കേടുണ്ടല്ലോ അതിന്.

148. ഇരുമ്പു കുടിച്ച വെള്ളം.

ചുട്ടു പഴുത്ത ഇരുമ്പിൽ വെള്ളം തളിച്ചാൽ അത് പെട്ടെന്നു വററിപ്പോകുന്നു. ആ വെള്ളം തിരിച്ചു കിട്ടുകയില്ല. കൊടുത്താൽ പിന്നെ ഒരിക്കലും തിരിച്ചു കിട്ടാതെ വരുന്ന അവസ്ഥയെ സൂചിപ്പിക്കാനാണ് ഈ പഴമൊഴി ഉപയോഗിക്കുന്നത്. (ഇരുമ്പു കുടിച്ച നീരു ഞെക്കിയാൽ കക്കുമോ ?)

149. ഇരുമ്പു തൂണ് എറുമ്പരിക്കുമോ ?

ശക്തന്മാരെ ക്ഷുദ്രബുദ്ധികാംക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല.

150. ഇരുമ്പു പഴുക്കുമ്പോാം കൊല്ലനും കൊല്ലത്തീം ശേഷിക്കും.

ഇരുമ്പു പഴുത്തു കഴിഞ്ഞാൽ കൊല്ലനും കൊല്ലത്തിയുമേ കാണൂ. മററുള്ളവർ മാറി നിൽക്കുകയേ ഉള്ളു. സുപ്രധാനമായ ചില അവസരങ്ങളിൽ വളരെ അടുപ്പമുള്ളവർ മാത്രമേ പങ്കെടുക്കാൻ കാണൂ എന്നർത്ഥം.

151. ഇരുമ്പു പഴുത്തിരിക്കുമ്പോാം അടിക്കണം.

അല്ലാത്തപ്പോാം അടിച്ചാൽ അതു രൂപപ്പെടുത്താൻ പററുകയില്ല. ഓരോ കാര്യവും തക്ക സമയത്തു ചെയ്താലേ ഫലിക്കയുള്ളു.

152. ഇരുമ്പും തൊഴിലും ഇരിക്കെ കെടും.

ഏതു തൊഴിലും കുറെക്കാലം ചെയ്യാതെയിരുന്നാൽ അതിലുള്ള വൈദഗ്ധ്യം നശിച്ചുപോകുന്നു, ഉപയോഗിക്കാതെയിരിക്കുന്ന ഇരുമ്പുസാധ

നങ്ങരം തുരുമ്പിച്ചു പോകുന്നതുപോലെ. ഏതു വിദ്യയും പ്രയോഗിച്ചുകൊണ്ടിരിക്കണം. (ഇരുമ്പും വിദ്യയും ഇരിക്കെ കെടും—എന്നും പറയും.)

153. ഇരുമ്പുലക്ക വിഴുങ്ങിയിട്ടു ചുക്കുവെള്ളം കുടിച്ചാൽ മതിയോ ?

വലിയ അവിവേകമോ അപരാധമോ ചെയ്തിട്ട് നിസ്സാരമായി അതിനു പരിഹാരം കാണാൻ ശ്രമിച്ചാൽ ഫലിക്കുകയില്ല. കാരണം വളരെ ഗൗരവമുള്ളത്; പരിഹാരമാർഗ്ഗം വളരെ നിസ്സാരവും. കാര്യത്തിനു പററാത്ത പ്രതിവിധി.

154. ഇല മുള്ളേൽ വീണാലും മുള്ള് ഇലയിൽ വീണാലും ഇലയ്ക്കുതന്നെ കേട്.

ശക്തനോട് അശക്തൻ എതിർത്താലും അശക്തനോട് ശക്തൻ എതിർത്താലും നാശം വരുന്നത് അശക്തനു തന്നെയായിരിക്കും.

155. ഇലയ്ക്കു മുമ്പും പടയ്ക്കു പിൻപും.

സദ്യയ്ക്ക് ഒന്നാം പന്തിയിൽ തന്നെയിരുന്നാൽ എല്ലാ വിഭവങ്ങളും ധാരാളം കിട്ടും. പടയ്ക്കാണെങ്കിൽ പിൻപിൽ നിൽക്കുകയാണ് സുരക്ഷിതം.

156. ഇല്ലത്തുണ്ടെങ്കിൽ ചെല്ലുന്നേടത്തുമുണ്ട്.

സ്വന്തമായി എന്തെങ്കിലും 'ആസ്തി'യുണ്ടെങ്കിൽ മററുള്ളവരിൽ നിന്നും സഹായവും ലഭിക്കും. (ഇല്ലത്തില്ലെങ്കിൽ അയലത്തും ഇല്ല — എന്ന ചൊല്ലിനും ഈ അർത്ഥം തന്നെ.)

157. ഇല്ലത്തു നിന്നും പോകുകയും ചെയ്തു, അമ്മാത്തൊട്ട് എത്തിയുമില്ല.

ഒരിടത്തു നിന്നും പുറപ്പെട്ടു. എന്നാൽ എത്തേണ്ട സ്ഥലത്ത് എത്തിയില്ല. അങ്ങുമില്ല ഇങ്ങുമില്ല എന്ന സ്ഥിതി. ഒരു വ്യവസ്ഥിതിയുപേ

ക്ഷിച്ച് മററൊരു വ്യവസ്ഥിതിയിലെത്തുന്നതു വരെയുള്ള അന്തരാളഘട്ടം ഈ പഴഞ്ചൊല്ലു കൊണ്ടു സൂചിപ്പിക്കാം.

158. ഇല്ലായ്ക വന്നാലും വല്ലായ്കയരുത്.

ദാരിദ്ര്യവും ക്ലേശവും എത്രതന്നെയുണ്ടെങ്കിലും അകൃത്യങ്ങൾ ചെയ്യരുത്.

159. ഇഷ്ടമില്ലാത്ത അച്ചി തൊട്ടതൊക്കെ കുററം.

ഒരാളിനോട് മാനസികമായ അടുപ്പമില്ലെങ്കിൽ അയാൾ ചെയ്യുന്ന പ്രവൃത്തികളൊന്നും ഇഷ്ടപ്പെടുകയില്ല. അതിലെല്ലാം കുററം കാണുന്നു.

160. ഇഷ്ടം മുറിഞ്ഞാൽ ഒട്ടാൻ പ്രയാസം.

ഇഷ്ടന്മാർ വിരോധികളായാൽ വീണ്ടും സ്നേഹമാകാൻ പ്രയാസം.

161. ഇഷ്ടം മുറിയാൻ അർത്ഥം മഴു.

പരസ്പര സ്നേഹത്തിനു കോടാലി വയ്ക്കുന്നത് പണം (ധനം) ആണ്. പണത്തോടുള്ള താത്പര്യം സ്നേഹബന്ധങ്ങളെ തകർത്തുകളയാറുണ്ടല്ലോ.

162. ഇളനായ് കടിയറിയുകയില്ല.

ബാല്യ കൗമാര കാലങ്ങളിൽ ജീവിത ക്ലേശങ്ങളൊന്നും അറിയുന്നില്ല. ഒന്നും സാരമില്ല എന്നു വിചാരിക്കും.

163. ഇളം തലയ്ക്കു കാതലുണ്ടോ ?

ബാല്യ കൗമാരങ്ങളിൽ കരളുറപ്പോ കാര്യജ്ഞാനമോ ഉണ്ടായിരിക്കയില്ല.

164. ഇറക്കമുണ്ടെങ്കിൽ ഏററവുമുണ്ട്.

കഷ്ടകാലമുണ്ടെങ്കിൽ നല്ലകാലവുമുണ്ട്. (കുഴിയുണ്ടെങ്കിൽ കുന്നുമുണ്ട്.) ജലാശയങ്ങളിൽ വേലിയിറക്കവും വേലിയേററവും ഉണ്ടല്ലോ.)

165. ഇറയ്ക്കുന്ന കിണററിലേ ഊററു കൂടൂ.

വെള്ളം കോരിയെടുക്കുമ്പോഴാണ് ഉറവ നല്ല പോലെ വരുന്നത്. 'കൊടുക്കും തോറുമേറിടും' എന്ന ചൊല്ല് ഓർക്കുക. ഉപയോഗിക്കാതെയിരുന്നാൽ വർദ്ധിക്കയുമില്ല. (ഇറയ്ക്കും കിണറൂറും — എന്നും പറയാറുണ്ട്.

- ഈ

166, ഈച്ച ഇച്ഛിക്കുന്നതു വ്രണം,

നീചന്മാർക്ക് എപ്പോഴും നികൃഷ്ട വസ്തുക്കളിലാണ് താത്പര്യം,

167, ഈച്ച പറന്നാൽ ഇരുകാതമാകുമോ ?

നിസ്സാരന്മാർ ശ്രമിച്ചാലും വലിയ കാര്യങ്ങരം സാധിക്കാൻ പ്രയാസമാണ്,

168, ഈരെടുപ്പാൻ പേൻ കൂലി.

ചെറിയ ജോലിക്കു വലിയ കൂലി,

169, ഈഴം കണ്ടവനില്ലം കാണണ്ടാ.

പരിഷ്കാരവും സുഖസൗകര്യങ്ങളുമനുഭവിച്ചവന് സ്വന്തം ഗ്രാമത്തിലേക്കു വരാൻ താത്പര്യമില്ല, (ഈഴം=സിലോൺ). കൊല്ലം കണ്ടവനില്ലം വേണ്ട എന്ന ചൊല്ലും ഈ അർത്ഥം കുറിക്കുന്നു,

170. ഈററെടുക്കാൻ പോയവരം ഇരട്ടപെററു,

പ്രസവ ശുശ്രൂഷയ്ക്കു പോയ പതിച്ചി ഇരട്ട പെററാൽ പിന്നെ പ്രസവ ശുശ്രൂഷ നടക്കയില്ലല്ലോ, മാത്രമല്ല, പതിച്ചിക്ക് മററാരെങ്കിലും ശുശ്രൂഷ ചെയ്യേണ്ട സ്ഥിതിയും വരും. ഇങ്ങനെ സഹായിക്കുവാൻ പോയ ആളിനു സഹായം ആവശ്യമായി വരുന്നതിനെയാണ് ഈ ചൊല്ല് സൂചിപ്പിക്കുന്നത്.

ഉ

171. ഉച്ചയായാൽ പിന്നെ അസ്തമിക്കാൻ എത്രനേരം.

മുക്കാലും തീർന്നു കഴിഞ്ഞാൽ ബാക്കി വളരെ നേരം വേണ്ട. ആയുസ്സു പകുതി കഴിഞ്ഞാൽ പിന്നെ അന്ത്യം വളരെ വേഗമാകുന്നു.

172. ഉച്ചതിരിഞ്ഞാൽ പിന്നെ എന്തുയർച്ച!

സൂര്യൻ ഉയരുന്നത് ഉച്ചവരെയാണ്. അതു കഴിഞ്ഞാൽ താഴ്ച. അതുപോലെ ആയുസ്സിന്റെ മദ്ധ്യം വരെ പല വിധത്തിൽ ഉയർച്ചയുണ്ടാകുന്നു. പിന്നെ ക്രമേണ ക്ഷീണനാകുകയും അന്ത്യം (അസ്തമയം) സംഭവിക്കുകയും ചെയ്യുന്നു.

173. ഉടഞ്ഞ വടിയെ നമ്പരുത്.

സ്വയം നിൽക്കാനോ നടക്കാനേ കഴിയാത്തപ്പോഴാണ് വടിയെ ആശ്രയിക്കുന്നത്. വടി ഒടിഞ്ഞതാണെങ്കിൽ അതുകൊണ്ടു ഫലമില്ല. വീഴ്ചയ്ക്കു കാരണവുമാകാം. അടിക്കുവാനും ഉടഞ്ഞ വടി കൊള്ളുകയില്ല. ബലമുള്ളതിനെ മാത്രമേ ആശ്രയിക്കാവൂ എന്നു താല്പര്യം.

174. ഉടഞ്ഞാലും പാത്തിയിൽ കിടക്കട്ടെ.

ഒരു വസ്തു ഉടഞ്ഞു പോയാലും ഉപേക്ഷിക്കക്കരുത്. അതു കൈവശമിരിക്കുന്നതുകൊണ്ട് എപ്പോഴെങ്കിലും പ്രയോജനമുണ്ടായേക്കാം.

175. ഉടമയുടെ നോട്ടം ഒന്നാംതരം വളം.

ഉടമസ്ഥൻ എപ്പോഴും ശ്രദ്ധിച്ചു നോക്കിക്കൊണ്ടിരിക്കുന്നത് വളം ചെയ്യുന്നതിനേക്കാൾ നല്ലതാണ്. കൃഷി അഭിവൃദ്ധിപ്പെടാൻ ഉടമസ്ഥന്റെ നോട്ടം വേണം.

176. ഉടയനുടച്ചാൽ ഓട്ടിനു കേടില്ല.

ഉടമസ്ഥൻെറ കൈപ്പിഴ മൂലം ഒരു വസ്തുവിനു കേടു വന്നാൽ അയാറം സഹിച്ചുകൊള്ളും. അല്ലാതെന്തു ചെയ്യാനാണ്! മററൊരാളാണു കേടുവരുത്തുന്നതെങ്കിൽ വിധം മാറുകയും ചെയ്യും.

177. ഉടാപ്പുടവ പുഴുവിനിര.

ഉടുക്കാതെ വച്ചേക്കുന്ന വസ്ത്രം പുഴു തിന്നു പോകുന്നു. പിശുക്കന്മാർ ഉപയോഗിക്കാതെ കാത്തു സൂക്ഷിക്കുന്ന വസ്തു അവർക്കോ മററുള്ളവർക്കോ പ്രയോജനപ്പെടാതെ പോകുന്നു.

178. ഉടുക്കാനില്ലാത്തോൻ അയയിലിടുമോ?

ഉടുക്കാൻ തന്നെ മുണ്ടില്ല, പിന്നെ വേണ്ടേ അയയിൽ ഇടാൻ! അത്യാവശ്യത്തിനു പോലും ഇല്ലാത്തവന് മോടി കാണിക്കുവാൻ സാധിക്കയില്ലല്ലോ.

179. ഉടുത്തു നടന്നാൽ വമ്പ്; ഉടുക്കാതെ നടന്നാൽ ഭ്രാന്ത്.

മുണ്ടുടുത്തുകൊണ്ടു നടന്നാൽ അഹങ്കാരിയെന്നു പറയും എന്നാൽ ഉടുക്കാതെ നടന്നാലോ? ഭ്രാന്തനെന്നും പറയും. എന്തായാലും കുററം കണ്ടുപിടിക്കുന്ന ആളുകളുടെ സ്വഭാവമാണിത്.

180. ഉടുമ്പു പഴം തിന്നു; ചൊക്കന് അടിയും കിട്ടി.

കുററം ചെയ്യാത്തവനു ശിക്ഷ. കട്ടവനെ കാണാഞ്ഞ് കണ്ടവനെ പിടിച്ചു.

181. ഉണങ്ങിയതുകൊണ്ട് എണ്ണം കുറയില്ല.

ഉണങ്ങുമ്പോറം വണ്ണം കുറയും എണ്ണം കുറയുകയില്ല. ക്ലേശവും ഇല്ലായ്മയുംകൊണ്ട് ക്ഷീണിച്ചുപോയാലും സ്വന്തം നിലയ്ക്കു മാററം വരുന്നില്ല.

182. ഉണ്ട ചോററിൽ കല്ലിടരുത്.

തിന്നിട്ടു നന്ദികേടു കാണിക്കരുത്. ഉപകാരം ചെയ്തവരെ ദ്രോഹിക്കരുത്.

183. ഉണ്ടവനു് അട കിട്ടണം. ഉണ്ണാത്തവനു് ഇല കിട്ടണം.

അത്യാവശ്യം സാധിച്ചു കഴിഞ്ഞവനു് കൂടുതൽ സുഖസൗകര്യങ്ങൾ വേണമെന്നാണു് വിചാരം. അത്യാവശ്യം പോലും സാധിച്ചു കിട്ടാത്തവൻ അതിനുവേണ്ടി കാത്തു നിൽക്കുന്നു. ഉണ്ടു കഴിഞ്ഞാൽ ഒരു അട കൂടി കിട്ടിയാൽ നന്നായിരുന്നു എന്നു വിചാരിക്കുന്നു. ഉണ്ണാത്തവനാകട്ടെ, ഊണു കിട്ടിയെങ്കിൽ മതിയായിരുന്നു എന്നു വിചാരം. (ഉണ്ടവനു് പായു് കിട്ടണം; ഉണ്ണാത്തവനു് ഇല കിട്ടണം—എന്നും പറയും.)

184. ഉണ്ടവനറിയില്ല ഉണ്ണാത്തവൻെറ വിശപ്പു്.

സമ്പത്തും സൗഖ്യവുമനുഭവിക്കുന്നവൻ അതില്ലാത്തവൻെറ കഷ്ടപ്പാടു് അറിയുന്നില്ല.

185. ഉണ്ടവനെ ഉണ്ണാൻ വിളിക്കുക.

ഊണു കഴിഞ്ഞു എന്നറിഞ്ഞുകൊണ്ടു് ഉണ്ണാൻ വിളിക്കുക. വിളിച്ചു എന്നു വരികയും ചെയ്യും. ചോറു നഷ്ടപ്പെടുകയുമില്ല. പേരിനു വേണ്ടിയുള്ള പ്രവൃത്തി. സഹായിക്കാൻ മനസ്സുണ്ടെന്നു് അന്യർക്കു തോന്നണം, നഷ്ടം വരികയുമരുതു്.

186. ഉണ്ടവനോടേ ഉരുള വാങ്ങാവൂ.

സ്വന്തം ആവശ്യം കഴിഞ്ഞു് കൈയിലുള്ളവനോടേ സഹായം ആവശ്യപ്പെടാവൂ.

187. ഉണ്ടിടത്തു് ഉണ്ട പാത്രമുടയ്ക്കരുതു്.

ഉപകാരം ചെയ്തവരോടു് നിന്ദയും ദ്രോഹവും കാണിക്കരുതു്.

188. ഉണ്ടിരിക്കുന്ന നായർക്കൊരു വിളി തോന്നി.

സ്വസ്ഥമായി ഇരിക്കുന്നവനു് ചിലപ്പോൾ ആവശ്യമില്ലാത്ത ചില പ്ലാനുകൾ തോന്നും. അതിനു പുറപ്പെട്ടു അബദ്ധത്തിൽ ചാടിയെന്നും വരാം.

189. ഉണ്ടു കൊഴുത്താൽ ഞണ്ടു് അളയിലിരിക്കുമോ?

തിന്നു കൊഴുത്തു് ആരോഗ്യമായിരിക്കുമ്പോൾ അടങ്ങിയിരിക്കയില്ല. ആരെയെങ്കിലും ഉപദ്രവിക്കാൻ പുറപ്പെടും. ദുർജ്ജന സ്വഭാവമാണിതു്.

190. ഉണ്ടു മുഷിഞ്ഞവനോടു് ഉരുളയും കണ്ടു മുഷിഞ്ഞവനോടു കടവും.

ധനധാന്യങ്ങൾ ആവശ്യപ്പെടുന്നതു് അവ ധാരാളം അനുഭവിക്കയും ഉപയോഗിക്കയും ചെയ്തവരോടു വേണം. ദരിദ്രനോടും അല്പനോടും ചോദിക്കരുതു്.

191. ഉണ്ടെങ്കിലോണം; അല്ലെങ്കിൽ പട്ടിണി,

എന്തെങ്കിലും കൈയിലുണ്ടെങ്കിൽ ധാരാളിത്തം കാണിക്കുക; ഇല്ലെങ്കിൽ പട്ടിണി, ഇതു രണ്ടും നല്ലതല്ല, ധൂർത്തടിക്കാതെയിരുന്നാൽ പട്ടിണി കിടക്കാതെയിരിക്കാം.

192. ഉണ്ടേടത്തും കൊണ്ടേടത്തും ഇരിക്കരുതു്.

ഊണു കിട്ടിയേടത്തു് വീണ്ടുമിരുന്നാൽ അവർ പരിഹസിക്കും. കടം വാങ്ങിയേടത്തിരുന്നാൽ ഉത്തമർണ്ണന്റെ പരിഭവത്തിനുമിടയാകും. ആകയാൽ രണ്ടിടത്തും അധികം ഇരിക്കരുതു്.

193. ഉണ്ണാനില്ലാഞ്ഞാൽ വിത്തു കുത്തിയുണ്ണാം.

തീരെ നിവൃത്തിയില്ലാതെ വരുമ്പോൾ കരുതിവച്ചിരിക്കുന്നതെടുത്തുപയോഗിക്കാം. (ഉണ്ണാനില്ലാഞ്ഞാൽ വിത്തു കുത്തിയുണ്ണരുതു് — എന്നും ചൊല്ലുണ്ടു്.

194. ഉണ്ണാൻ പടയുണ്ടു്; വെട്ടാൻ പടയില്ല.

ഉണ്ണാൻ (ആദായമെടുക്കാൻ) ആളുണ്ടു്. ബുദ്ധിമുട്ടാനും പ്രയത്നിക്കാനും ആരുമില്ല.

195. ഉണ്ണാൻ വിളിക്കുമ്പോൾ ആശാരിക്കു പണി.

ആഹാരം കഴിക്കാറായി എന്നറിയിക്കുമ്പോൾ ആശാരിക്ക് അതുവരെയില്ലാത്ത തിരക്കിട്ട പണിയാണ്, അന്യരെ ബോധിപ്പിക്കുന്നതിന് ആത്മാർത്ഥതയില്ലാതെ പ്രവർത്തിക്കുന്നു.

196. ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം.

ഒരാളെക്കണ്ടാൽ അയാളുടെ ചുററുപാടുകൾ ഏറെക്കുറെ മനസ്സിലാക്കാം.

197. ഉണ്ണുന്നവനറിഞ്ഞില്ലെങ്കിൽ വിളമ്പുന്നവനറിയണം:

ഉണ്ണുന്നവന് മററെല്ലാവർക്കും തികയുമോ വിഭവങ്ങൾ എന്നൊന്നും ചിന്തിക്കേണ്ടതില്ല. അങ്ങനെ വരുമ്പോൾ വിളമ്പുന്നവനു കരുതൽ വേണം. വാങ്ങുന്നവന് ഔചിത്യമില്ലാതെ വരുമ്പോൾ കൊടുക്കുന്നവന് അതുണ്ടെങ്കിലേ പററൂ. ഉള്ളതിനനുസരിച്ചേ കൊടുക്കാവൂ.

198. ഉണ്മാൻ കൊടുത്താൽ അമ്മാവൻ; ഇല്ലെങ്കിൽ കുമ്മാവൻ!

എന്തെങ്കിലും കൊടുത്തു സഹായിച്ചുകൊണ്ടിരുന്നാൽ ബഹുമാനിക്കും; കൊടുത്തില്ലെങ്കിൽ നിന്ദിക്കും.

199. ഉത്തമനും അധമനും ഉടമ്പടി വേണ്ടാ.

ഒരുടമ്പടിയുമില്ലെങ്കിലും ഉത്തൻ കടമ നിർവ്വഹിക്കും; വാക്കു പാലിക്കും. ഉടമ്പടിയുണ്ടെങ്കിലും അധമൻ അതു പാലിക്കയില്ല. രണ്ടിടത്തും ഉടമ്പടി വേണ്ടല്ലോ.

200. ഉത്തരം ചുമക്കുന്ന പല്ലി.

ഉത്തരത്തിൻെറ കീഴേ പററിപ്പിടിച്ചിരിക്കുന്ന പല്ലി താനാണ് ഉത്തരം ചുമക്കുന്നതെന്ന് വിചാരിക്കുന്നു. തങ്ങളാണ് എല്ലാക്കാര്യങ്ങളും നടത്തിക്കൊണ്ടു പോകുന്നത്, തങ്ങളില്ലെങ്കിൽ എല്ലാം

കുഴപ്പമാകും എന്നു വിചാരിച്ചു ഞെളിയുന്ന അല്പന്മാരുടെ സ്വഭാവം.

201. ഉത്തരത്തിലിരിക്കുന്നത് എടുക്കയും വേണം, കക്ഷത്തിലിരിക്കുന്നതു പോകയുമരുത്.

ഒരു കഷ്ടനഷ്ടവും വരാതെ കൂടുതൽ നേടുവാൻ കഴിയുകയില്ല. ഉത്തരത്തിലിരിക്കുന്നത് എടുക്കണമെങ്കിൽ കൈയുയർത്തണം. അപ്പോൾ കക്ഷത്തിലിരിക്കുന്നതു പോവുകയും ചെയ്യും. 'ഉത്തരത്തിലിരിക്കുന്നതു കിട്ടിയുമില്ല, കക്ഷത്തിലിരുന്നതു പോകയും ചെയ്തു' എന്നും ചൊല്ലുണ്ട്. അധികം ആഗ്രഹിച്ച് ഉള്ളതും കൂടി നഷ്ടമായി എന്നർത്ഥം.

202 ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തും.

വാദപ്രതിവാദത്തിൽ തോൽക്കുമ്പോൾ തർക്കുത്തരം പറയുകയും ദേഷ്യപ്പെടുകയും ചെയ്യുന്നു.

203. ഉത്സാഹമുണ്ടെങ്കിൽ അത്താഴമുണ്ണാം.
പരിശ്രമിച്ചാൽ കാര്യം സാധിക്കാം.

204. ഉത്രാടം ഉച്ചയാകുമ്പോൾ അച്ചിമാർക്കു വെപ്രാളം.

പിറേറ ദിവസം (തിരുവോണം) പ്രഭാതമാകുമ്പോഴേക്ക് എല്ലാം ശരിയാകണമല്ലോ എന്നു വിചാരിച്ച് ഉത്രാടം ഉച്ചയാകുമ്പോഴേക്കും സ്ത്രീകൾ വെപ്രാളപ്പെടുന്നു. ഒരു പ്രധാന കാര്യം അടുത്തു കഴിയുമ്പോൾ ചുമതലപ്പെട്ടവർക്കുണ്ടാകുന്ന പരിഭ്രമം ഊഹിക്കാമല്ലോ.

205. ഉന്തിൻെറ കൂടെ ഒരു തള്ളും കൂടി.

ഉന്തിൻെറ കൂടെ തള്ളുംകൂടിയായാൽ ആയവും വേഗവും കൂടുന്നു. പരിശ്രമത്തിന് പ്രോത്സാഹനം കൂടിയായാൽ കൂടുതൽ വേഗത്തിൽ ഫലപ്രാപ്തിയുണ്ടാകുന്നു.

206. ഉപ്പിനോടൊക്കുമോ ഉപ്പിലിട്ടത്?

ഉപ്പിൻെറ ഗുണവും ഉപ്പിലിട്ടതിനു കിട്ടുന്നു. പക്ഷേ, പ്രധാനം ഉപ്പുതന്നെ. പ്രധാനപ്പെട്ടതിന് അതിൻെറതായ സ്ഥാനമുണ്ട്. അതിൻെറ ഗുണം പകർന്ന വസ്തുവിന് ആസ്ഥാനമില്ല.

207. ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കും.

അബദ്ധം കാണിച്ചവൻ തന്നെ അതിൻെറ ഫലവും അനുഭവിക്കും.

208. ഉപ്പും കൊള്ളാം വാവും കുളിക്കാം.

വാവിന് സമുദ്ര സ്നാനം ചെയ്യുന്നത് പുണ്യം. അങ്ങനെ കടലിൽ കുളിക്കാൻപോകുമ്പോൾ ഉപ്പു വാരുകയും ചെയ്യാം. ഒരു ശ്രമം കൊണ്ട് രണ്ടു കാര്യങ്ങൾ നേടാം. ഒരു വെടിക്ക് രണ്ടു പക്ഷി. 'ഉപ്പും വിൽക്കാം ഊരും കാണാം' എന്ന ചൊല്ലിനും ഈ അർത്ഥം തന്നെ.

209. ഉപ്പും വിററു നടക്കുന്നവനു കർപ്പൂരത്തിൻെറ വിലയറിയാമോ?

നിസ്സാര വസ്തുക്കളുമായി മാത്രം ഇടപെടുന്നവന് അമൂല്യ വസ്തുക്കളുടെ വിലയറിയാൻ പററുകയില്ല,

210. ഉയരത്തിൽ നിൽക്കുന്നത് ഊക്കിൽ വീഴും.

ഉന്നതന്മാരുടെ അധഃപതനത്തിനു ശക്തി കൂടും. അതു സാധാരണക്കാരൻെറ വീഴ്ച പോലെയായിയിരിക്കയില്ല,

211. ഉയരെ പറന്നാലും ഊർക്കുരുവി പരുന്താകുമോ?

എത്ര ഉയർന്നു പറന്നാലും കുരുവിക്കു പരുന്താകാൻ സാധ്യമല്ല. അല്പന്മാർ എത്ര ശ്രമിച്ചാലും മഹാന്മാർക്കൊപ്പമാകയില്ല.

212. ഉയർന്ന മരത്തിലേ കാററടിക്കൂ.

വലിയവർ വലിയവരോടു മാത്രമേ ശക്ʼതി കാണിക്കൂ. കൊടുങ്കാററ് ഭൂമിയിലെ തൃണങ്ങളെ ബാധിക്കയില്ലല്ലോ.

213. ഉരച്ചു മാറററിയണം.

ചാണയിൽ ഉരച്ചാണ് പൊന്നിൻെറ മാറററിയുന്നത്. ഒരുവൻെറ യഥാർത്ഥ ഗുണം (സ്വഭാവം) അറിയുന്നതിന് അടുത്തിടപെടണം.

214. ഉരത്ത പാമ്പിനു പരുത്ത വടി.

ദുർജ്ʼജനങ്ങൾക്ക് അവരർഹിക്കുന്ന കടുത്ത ശിക്ഷ തന്നെ കൊടുക്കണം.

215. ഉരലിൽ ഇരുന്നാൽ ഉലക്ക കൊള്ളും.

അപകടമുള്ള സ്ഥാനത്തു ചെന്നിരുന്നാൽ ഉപദ്രവമുണ്ടാകുമെന്നുള്ളതു തീർച്ചയാണ്.

216. ഉരലു ചെന്നു മദ്ദളത്തോട്.

ഇടി കൊള്ളുന്ന ഉരൽ തൻെറ ദുഃഖത്തെപ്പററി ആവലാതി പറയുന്നത് രണ്ടു വശത്തും അടി കൊണ്ടു ദുഃഖിക്കുന്ന മദ്ദളത്തിനോട്. തൻെറ ദുഃഖം തന്നെക്കാരം അധികം ദുഃഖിക്കുന്ന ആളിനോടു പറയുന്നതാണ് ഇതു സൂചിപ്പിക്കുന്നത്.

217. ഉരിയ കൊടുത്ത് ഊപ്പ വാങ്ങുന്നതിലും നാഴി കൊടുത്ത് നല്ലതു വാങ്ങണം.

തുച്ʼഛ വിലക്ക് ചീത്ത വസ്തുക്കൾ വാങ്ങുന്നതിനെക്കാരം നല്ലത് അല്ʼപം കൂടുതൽ വില കൊടുത്താലും ഗുണമുള്ളതു വാങ്ങുകയാണ്.

218. ഉരിയാടിയാൽ വായാടി; അല്ലെങ്കിൽ ഊമ.

സംസാരിക്കാൻ തുടങ്ങിയാൽ വായാടിയെപ്പോലെ എന്തു വിവരക്കേടും എത്ര നേരമെങ്കിലും പറഞ്ഞുകൊണ്ടിരിക്കും. അല്ലെങ്കിൽ ഒന്നും മിണ്ടാതെയിരിക്കും. ഇതു രണ്ടും നല്ലതല്ല. മിതമായും സാരമായും സംസാരിക്കണം.

219. ഉരുളയ്ക്കുപ്പേരി.

ഓരോ ഉരുളയ്ക്കും ഉപ്പേരി എന്നപോലെ, സംഭാഷണത്തിൽ യഥാസമയം തക്ക ഉത്തരം പറയുന്ന സ്വഭാവം.

220. ഉരുളുന്ന കല്ലിനു പായൽ പിടിക്കില്ല.

കല്ലു സദാ ഉരുണ്ടുകൊണ്ടിരിക്കുന്നതു കാരണം പായൽ പിടിക്കുന്നില്ല. ഒരിക്കലും ഒരിടത്തും ഉറച്ചു നിൽക്കാത്ത സ്വഭാവക്കാരെയാണ് ഉദ്ദേശിക്കുന്നത്. അവർക്ക് ഒന്നും ബാധകമല്ല.

221. ഉള്ള കഞ്ഞിയിൽ പാററ വീഴുക.

അല്പം കഞ്ഞിയേയുള്ളു. അതിൽ പാററ വീണാൽ ഉപയോഗശൂന്യമായിത്തീരുമല്ലോ. അല്പമാത്രമുള്ള വസ്തുവും ഉപയോഗിക്കാൻ കൊള്ളരുതാത്തതായി തീരുക എന്നർത്ഥം.

222. ഉള്ളതു കൊണ്ട് ഓണം.

കുറച്ചേ ഉള്ളു എങ്കിലും ഉള്ളതു കൊണ്ട് സൗഖ്യമായും സംതൃപ്തിയോടെയും ജീവിക്കുക.

223. ഉള്ളതു പറഞ്ഞു പിണങ്ങുന്നതിനെക്കാം ഇല്ലാത്തതു പറഞ്ഞ് ഇണങ്ങുന്നതാണ് ഭേദം.

സത്യം പറഞ്ഞാൽ വിരോധമാകും. അതുകൊണ്ട് അസത്യം പറഞ്ഞ് ഇഷ്ടം കൂടുക. ഇതു തന്ത്രശാലികളുടെ സ്വഭാവമാണ്. ആളുകളെ വശത്താക്കാൻ അവർ സത്യം മറച്ചുവച്ച് അസത്യം പറയുന്നു.

224. ഉള്ളതു വിററും കൊണ്ടതു കൊടുക്കണം.

എന്തു നഷ്ടം സഹിച്ചും കടം വാങ്ങിയതു തിരിച്ചു കൊടുക്കണം.

225. ഉള്ളം കൈയിൽ നിന്നും രോമം പറിക്കാമോ ?

കൈവെള്ളയിൽ രോമമില്ല, അതിനാൽ രോമം പറിക്കാൻ കഴിയുകയില്ല. സാധിക്കാത്ത കാര്യത്തെ സൂചിപ്പിക്കുന്നു.

226. ഉള്ളവൻ ഉണ്ണുമ്പോറം ഉരുകിയിട്ടെന്തു് ?

ഭാഗ്യവാന്മാർ സൗഖ്യമായി ജീവിക്കുന്നതു കണ്ടു് അസൂയപ്പെട്ടിട്ടു് കാര്യമില്ല.

227. ഉള്ളിലൊന്നു്, നാക്കിലൊന്നു്, കൈയിലൊന്നു്.

ഒന്നു വിചാരിക്കയും മറെറാന്നു പറയുകയും മൂന്നാമതൊന്നു പ്രവർത്തിക്കയും ചെയ്യുന്ന സ്വഭാവം. ഇത്തരക്കാരെ വിശ്വസിക്കാൻ കൊള്ളുകയില്ല.

228. ഉള്ളിൽ കടവും ഉള്ളങ്കൈയിൽ ചിരങ്ങും.

വളരെ അടുത്ത ബന്ധുക്കളോടു കടം വാങ്ങിയിട്ടുള്ളവനും ഉള്ളം കൈയിൽ ചിരങ്ങുള്ളവനും എപ്പോഴും ശല്യമാണു്.

229. ഉഴിഞ്ഞെറിയാൻ നെല്ലുമരിയുമുണ്ടെങ്കിൽ, ഒഴിച്ചു കളയാൻ ബാധയുമുണ്ടു്.

ബാധയൊഴിക്കാൻ വേണ്ടി ഉഴിഞ്ഞെറിയുകയല്ല, ഉഴിഞ്ഞെറിയാൻ വേണ്ടി ബാധയെ കണ്ടുപിടിക്കുകയാണു്. കൈവശം വല്ലതും (ധനം) ഉണ്ടെങ്കിൽ ചെലവാക്കാൻ മാർഗ്ഗം കണ്ടുപിടിക്കുന്ന സ്വഭാവക്കാരുണ്ടല്ലോ. (പണക്കാരനു് ഇല്ലാത്ത രോഗങ്ങളും ബാധകളും ഒക്കെയുണ്ടെന്നു തോന്നും. അതിനുവേണ്ടി പണം ചെലവാക്കുകയും ചെയ്യും — എന്നും അർത്ഥം പറയാം.)

230. ഉറക്കത്തിൽ പണിക്കത്തമില്ല.

ഉറങ്ങിക്കിടക്കുമ്പോറം സാമർത്ഥ്യമൊന്നും പ്രകടമാകുകയില്ല. എല്ലാവരും അപ്പോറം ഒരുപോലെ. (ഉറക്കത്തിൽ പണിക്കത്തം തനിക്കുമില്ലെനിക്കുമില്ലുറക്കറയകം പുക്കാൽ നമ്മളെല്ലാമൊരുപോലെ—കുഞ്ചൻനമ്പ്യാർ.)

231. ഉറക്കം വരാത്തതു കിടക്കയുടെ കുററം ?

തൻെറ അസ്വസ്ഥതയ്ക്കു് മററന്തെങ്കിലും പഴി ചാരുന്ന സ്വഭാവം.

232. ഉറങ്ങിയിട്ടു് കൂർക്കം വലിച്ചാൽ മതി.

ആദ്യം ചെയ്യേണ്ടതു് ആദ്യം ചെയ്യണം. അതിന്നു ശേഷം മതി തുടർന്നു വരുന്ന കാര്യം.

233. ഉറങ്ങുന്നവനെ ഉണർത്താം; ഉറക്കം നടിക്കുന്നവനെ ഉണർത്താൻ പററുമോ ?

അറിഞ്ഞുകൂടാത്തവനെ പറഞ്ഞു മനസ്സിലാക്കാം. അറിഞ്ഞാലും അറിഞ്ഞില്ലെന്നു ഭാവിക്കുന്നവനെ പറഞ്ഞു മനസ്സിലാക്കാൻ കഴിയുകയില്ല. സ്വമനസ്സാലേ തോന്നാത്തവനെ നിർബ്ബന്ധിച്ചിട്ടും ഫലമില്ല.

234. ഉറിയിൽ കെട്ടിത്തൂക്കിയാലും ചീത്ത മത്തൻ ചീത്ത.

എത്ര ഉയർത്തി നിർത്തിയാലും ചീത്ത വസ്തു ചീത്ത തന്നെയായിരിക്കും.

235. ഉറിയിൽ വെണ്ണയിരിക്കെ ഊരിലൊക്കെ നെയ്യു തെണ്ടുന്നു.

തൻെറ കൈവശമുള്ളതു തന്നെ ഉപയോഗിക്കാമെന്നിരിക്കെ, മററവിടെയെങ്കിലും അന്വേഷിച്ചു നടക്കുന്ന സ്വഭാവം.

236. ഉറുമ്പരിച്ചാൽ അമ്മി തേയുമോ ?

നിസ്സാരന്മാർക്കു് ശക്തന്മാരെ ഒന്നും ചെയ്യാൻ കഴിയുകയില്ല.

237. ഉറുമ്പും ഓണത്തിന്നു കരുതും.

ഒന്നുമില്ലാത്ത നിസ്സാരന്മാർ പോലും പ്രധാനപ്പെട്ട ആവശ്യങ്ങൾക്കു വേണ്ടി എന്തെങ്കിലും സൂക്ഷിച്ചു വയ്ക്കാറുണ്ടു്.

238. ഉർവ്വശീ ശാപം ഉപകാരമായി.

ചില ദോഷങ്ങളും അനർത്ഥങ്ങളും ചില കാലങ്ങളിൽ ഗുണകരമായിത്തീരാറുണ്ട്. (ഉർവ്വശിയുടെ ശാപം നിമിത്തം അർജ്ജുനൻ നപുംസകമായിത്തീർന്നു. അജ്ഞാതവാസ കാലത്ത് അത് അദ്ദേഹത്തിന് ഉപകാരമായിത്തീർന്നു.)

ഊ

239. ഊക്കു കൊണ്ട് മെഴുക്ക് ഇളകില്ല.

ശക്തി കൊണ്ട് മെഴുക്ക് ഇളക്കിക്കളയാൻ പററുകയില്ല. അതിന് മററു മാർഗ്ഗങ്ങരം വേണം. ചില കാര്യങ്ങരം ബലം കൊണ്ടു സാധിക്കയില്ല. ഉപായ പ്രയോഗമാണ് വേണ്ടത്.

240. ഊക്കുള്ളവന് ഉന്നമില്ല; ഉന്നമുള്ളവന് ഊക്കില്ല.

ശക്തിയുള്ളവന് (കഴിവുള്ളവന്) വശമില്ല; വശമുള്ളവന് കഴിവില്ല. ഏതായാലും കാര്യം സാധിക്കാതെ വരുന്നു. ശക്തിയും ഉന്നവും ഉള്ളവനേ ഉദ്ദേശിക്കുന്നിടത്ത് എറിഞ്ഞു കൊള്ളിക്കാൻ കഴിയൂ.

241. ഊടറിഞ്ഞവനേ ഓല വായിക്കൂ.

കാര്യവിവരം ഉള്ളവനേ ഓലയിലെഴുതിയ പ്രമാണത്തിൻെറ സാരം മനസ്സിലാക്കാൻ കഴിയൂ. ഓലയിലെ എഴുത്തും ഓലക്കരണത്തിൻെറ സ്വഭാവവും അറിയാതെ അതു വായിച്ചു മനസ്സിലാക്കാൻ സാധിക്കയില്ല.

242. ഊട്ടിനു മുമ്പും ചൂട്ടിനു പുറകും.

സദ്യയ്ക്ക് ഒന്നാം പന്തിയിൽ തന്നെയായാൽ നല്ലത്. എല്ലാ വിഭവങ്ങളും വേണ്ടപോലെ കിട്ടും. കത്തിച്ച ചൂട്ടിനു പുറകേ പോയാലാണ് ശരിക്കു

വെളിച്ചം കിട്ടുക. സന്ദർഭമനുസരിച്ചു പെരുമാറണം എന്നു സാരം.

243. ഊട്ടിലുണ്ട് തോട്ടിൽ കൈകഴുകും.

ചോറു കിട്ടുന്നേടത്ത് ഉണ്ണും, വെള്ളം കിട്ടുന്നേടത്തു കൈയും കഴുകും. ഒന്നിനു വേണ്ടിയും ഒരധ്വാനം ചെയ്യുകയില്ല. ഉത്തരവാദിത്വമൊന്നും കൂടാതെ ജീവിക്കുന്നതിനെയാണ് ഈ ചൊല്ലു കൊണ്ടുദ്ദേശിക്കുന്നത്.

244. ഊട്ടുകേട്ട പട്ടർ ആററിൽ ചാടും.

എവിടെയെങ്കിലും സദ്യയുണ്ടെന്നു കേട്ടാൽ ഭക്ഷണപ്രിയനായ പട്ടർ, മുമ്പിൽ നദിയുണ്ടെന്നു പോലും വിചാരിക്കാതെ അങ്ങോട്ടു പായും. ആററിൽ ചാടിയാലും വേണ്ടില്ല സദ്യയ്ക്ക് എത്തണം. ഏററവും പ്രിയപ്പെട്ട വസ്തുവിനുവേണ്ടി മുൻപിൻ നോക്കാതെ എടുത്തു ചാടുന്നവരെ ഉദ്ദേശിച്ചുള്ള ചൊല്ലാണിത്.

245. ഊന്നാൻ കൊടുത്ത വടി ഉച്ചി പിളർന്നു.

തനിയെ നടക്കാൻ വയ്യാത്തവന് ഊന്നുവടി കൊടുത്തു. പക്ഷേ, അതുകൊണ്ടയാറം തലയ്ക്കടിച്ചുകളഞ്ഞു. ഉപകാരത്തിനു കൊടുത്തതുകൊണ്ട് ഉപദ്രവം ചെയ്യുന്ന സ്വഭാവം.

246. ഊന്നു കുലയ്ക്കില്ല, വാഴയേ കുലയ്ക്കൂ.

പ്രധാനിയും സഹായിയും തമ്മിലുള്ള വ്യത്യാസം. വാഴ കുലയ്ക്കും; പക്ഷേ, വാഴയ്ക്ക് ഊന്നു കൊടുത്ത കമ്പ് കുലയ്ക്കുകയില്ല. പ്രധാനിയുടെ ഗുണങ്ങരം സഹായിയിൽ നിന്നും പ്രതീക്ഷിക്കേണ്ട.

247. ഊമരിൽ കൊഞ്ഞൻ സർവ്വജ്ഞൻ.

ഊമകളുടെ കൂട്ടത്തിൽ കൊഞ്ഞ പറയുന്നവൻ വലിയ കേമനായി ഭാവിക്കുന്നു; ദരിദ്രന്മാരുടെ

കൂട്ടത്തിൽ വളരെ തുച്ഛമായി എന്തെങ്കിലുമുള്ളവൻ വലിയ കേമത്തം നടിക്കുന്നു. (മൂക്കില്ലാരാജ്യത്ത് മുറിമൂക്കൻ രാജാവ്.)

ഋ

248. ഋണശേഷവും വഹ്നിശേഷവും വർദ്ധിക്കും.

അല്പം ശേഷിച്ച (മുഴുവൻ കൊടുത്തു തീർക്കാത്ത) കടം പിന്നെയും കൂടിക്കൂടി വരുന്നു. മുഴുവൻ കെടുത്താത്ത തീയ് വീണ്ടും ആളിപ്പടർന്നേക്കാം. അതിനാൽ കടം മുഴുവനും തീർക്കണം. തീയ് മുഴുവൻ കെടുത്തണം

249. ഋണം ഗുണം കെടുത്തും

കടം എല്ലാ ഗുണങ്ങളും ഇല്ലാതാക്കും കടം കൊടുത്താൽ തക്ക സമയത്തു തിരിച്ചു കിട്ടുകയില്ല എന്നു മാത്രമല്ല, ഉത്തമർണ്ണനും അധമർണ്ണനും തമ്മിൽ വിരോധത്തിനു കൂടി കാരണമാകുന്നു.

എ

250. എടു കുടുക്കേ ചോറും കറിയും.

ആവശ്യപ്പെടുന്ന വസ്തു നിമിഷത്തിനകം കിട്ടുക. അധ്വാനമൊന്നും വേണ്ടാ, ആവശ്യമുള്ളപ്പോഴം എല്ലാം ലഭിക്കുന്നു. (അക്ഷയപാത്രത്തിന്റെ ഗുണം)

251. എട്ടാം നാഠം മരണം, പത്താം നാഠം ഭാഗ്യം.

മരിച്ചുകഴിഞ്ഞു ഭാഗ്യം വന്നാൽ ഫലമില്ലല്ലോ. ഭാഗ്യം വന്നിട്ട് അതനുഭവിക്കാൻ കഴിയാതെ വരുന്ന അവസ്ഥ.

252. എണ്ണ തേക്കാത്തവനു താളി വേണ്ടാ.

എണ്ണമയം ഇളക്കിക്കളയുവാനാണ് താളി തേക്കുന്നത്. എണ്ണ തേച്ചിട്ടില്ലെങ്കിൽ പിന്നെ താളി വേണ്ടല്ലോ. ദുഷ്കർമ്മം ചെയ്യാത്തവന് അതിനു പരിഹാരം ചെയ്യേണ്ട ആവശ്യമില്ല.

253. എണ്ണത്തിൽ കൂട്ടിയാൽ വണ്ണത്തിൽ കുറയും.

ഏതെങ്കിലും വസ്തു കൊണ്ട് വളരെയെണ്ണം ഉണ്ടാക്കുമ്പോൾ അവയുടെ വലിപ്പം കുറഞ്ഞേ ഇരിക്കൂ. എണ്ണം കൂട്ടാം, പക്ഷേ ഗുണം കുറയും.

254. എത്താത്ത മുന്തിരിങ്ങ പുളിക്കും.

ആഗ്രഹിച്ച വസ്തു കിട്ടാതെ വരുമ്പോൾ അതു ചീത്തയാണെന്നു പറയുക ചിലരുടെ സ്വഭാവം. (കുറുക്കനും മുന്തിരിങ്ങയും.)

255. എന്തും ചെയ്യാം മഹതാം.

മഹത്തുക്കൾ എന്തു ചെയ്താലും ആരും ഒരു ദോഷവും പറയുകയില്ല. അവർ തെററു ചെയ്താലും ശരിയെന്നേ മററുള്ളവർ പറയൂ.

256. എന്നാൽ നമ്പിടി നാടു നീങ്ങുമോ?

കഞ്ഞിവെള്ളം പോലും കുടിക്കാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെട്ടാണ് നമ്പിടി മരിച്ചത്. നാട്ടുകാർ കൂടി ശവസംസ്കാരത്തിന് ഒരുക്കമായി. അന്ത്യകർമ്മത്തിന് അല്പം അരി വേണമെന്ന് അവർ വീട്ടുകാരോടു പറഞ്ഞു. അപ്പോൾ നമ്പിയുടെ ഭാര്യ കരഞ്ഞുകൊണ്ട് പറഞ്ഞതാണിത്. അല്പം അരിയുണ്ടായിരുന്നെങ്കിൽ നമ്പിടി പട്ടിണി കിടന്നു മരിക്കയില്ലായിരുന്നു! എന്തെങ്കിലും വകയുണ്ടായിരുന്നെങ്കിൽ ഇപ്പോഴത്തെ ദുർഗ്ഗതി വരുമായിരുന്നില്ല എന്നർത്ഥം.

257. എന്നും കുന്നും പതിനാറ്.

ഒരു മാററവുമില്ലാതെ എന്നും ഒരുപോലെയിരിക്കുന്ന അവസ്ഥ.

258. എന്നെക്കണ്ടാൽ കിണ്ണം കട്ടെന്നു തോന്നുമോ?

തെററു ചെയ്തവനു പരിഭ്രമമുണ്ടാകും. താൻ ചെയ്തത് മററാരെങ്കിലും അറിഞ്ഞിരിക്കുമോ എന്ന സംശയം അവനെ അലട്ടിക്കൊണ്ടിരിക്കും. അവൻ കാണുന്നവരോടൊക്കെ ചോദിക്കും 'ഞാനാണു കട്ടതെന്നു തോന്നുമോ?'

259. എൻെറ കല്യാണപ്പന്തലിൽ തൻെറ താലികെട്ടു വേണ്ടാ.

ചെലവും ബദ്ധപ്പാടും ഒരാൾക്ക്. എന്നാൽ ഇതൊന്നുമില്ലാതെ മറെറാരുവൻ സൂത്രത്തിൽ കാര്യം സാധിക്കുന്നു. അതു പററുകയില്ല എന്നു സൂചിപ്പിക്കുന്നു.

260. എൻെറ പുളിച്ചിയും പൂക്കും,

അയൽക്കാരൻ അവൻെറ മാവിൽ നിന്നും കിട്ടിയ മാമ്പഴം തിന്നുന്നു. കൂട്ടുകാരനു കൊടുക്കുന്നുമില്ല. അപ്പോൾ പരിഭവമായി അയാൾ പറയുന്നത്. 'പുളിച്ചിമാവാണെങ്കുലും എനിക്കുമുണ്ട് മാവ്; അതും പൂക്കും; അന്നു ഞാനും മാമ്പഴം തിന്നും'. മോശപ്പെട്ടതാണെങ്കിലും തനിക്കു അല്പസ്വല്പമൊക്കെയുണ്ട്. കുറച്ചു കാലതാമസം വന്നാലു താനും അത് അനുഭവിക്കുകയും ചെയ്യും. (എനിക്കും നല്ല കാലം വരും.)

261. എൻെറ മോൻെറച്ഛനും മലയ്ക്കു പോകാഞ്ഞിട്ടല്ല, കാട്ടിൽ കടുവാ ഇല്ലാഞ്ഞിട്ടുമല്ല,

അടുത്ത വീട്ടിൽ നിന്നൊരാൾ ശബരിമലയ്ക്കു പോയി. അയാളെ കടുവാ പിടിച്ചു. ആ വിവരമറിഞ്ഞ അയൽപക്കത്തെ സ്ത്രീ പറഞ്ഞതാണിത്. അങ്ങേ വീട്ടിലെ ആളിനെ കടുവാ പിടിച്ചു, എ

ന്നാൽ ദ്രോഹിയായ സ്വന്തം ഭർത്താവിന് ഒരാപത്തും പററാതെ തിരിച്ചു വന്നു. (ഇതിൽനിന്നും അവരാക്കു ഭർത്താവിനോടുള്ള സ്നേഹം ഊഹിക്കാമല്ലോ)

262. എമ്പ്രാൻെറ വിളക്കത്ത് വാര്യൻെറ അത്താഴം.

വാര്യർക്ക് സ്വന്തം വിളക്കു കത്തിക്കാതെ അത്താഴമുണ്ണാം. ഒരുവൻെറ ചെലവിൽ മറെറാരാരം കഴിയുന്നു എന്നർത്ഥം. (എമ്പ്രാനു പ്രത്യേക നഷ്ടമൊന്നുമില്ല. വാര്യനു സഹായവുമായി. അങ്ങനെ കൈനഷ്ടമൊന്നുംകൂടാതെ സഹായിക്കുക എന്നും അർത്ഥം പറയാം.)

263. എരന്നു തിന്നാലും നായരുടെ മീശ മേൽപ്പോട്ട്.

കഷ്ടപ്പാടും ദാരിദ്ര്യവുമൊന്നും പുറമേ കാണിക്കാത്ത സ്വഭാവം, മുഖത്തെ ഗൗരവത്തിനും മോടിക്കും കുറവൊന്നുമില്ല,

264. എരപ്പാളിക്കു വാതിൽ തുറക്കാഞ്ഞാൽ വൈദ്യന് കൈതുറക്കും,

ദീനർക്കും ദരിദ്രർക്കും ഒന്നും കൊടുക്കാത്തവന് മററു വഴികളിൽ ധാരാളം നഷ്ടം വരും,

265. എരിയുന്ന പുരയിൽ നിന്നു ഊരുന്ന വാരി ലാഭം.

എല്ലാം നഷ്ടപ്പെടുമ്പോരം കിട്ടിയതു ലാഭം.

266. എലിയുടെ കുഞ്ഞും നെല്ലു തൊലിക്കും.

അതിനെ നെല്ലു തൊലിക്കാൻ ആരും പഠിപ്പിക്കണ്ടാ, വർഗ്ഗസ്വഭാവം കുട്ടികളിൽപോലും സ്പഷ്ടമാണ്.

267, എലിയെ തോൽപ്പിച്ച് ഇല്ലം ചുടുക,

എലികളെ നശിപ്പിക്കാൻ വേണ്ടി വീടു തന്നെ ചുട്ടുകളയുന്നത് വിഡ്ഢിത്തമാണ്. എലി ഏതു വഴിയെങ്കിലും ചാടി പോകും. വീട് എരിഞ്ഞും

പോകും. വിവേകമില്ലാത്ത പ്രവൃത്തി കൊണ്ട് ഫലം നാശം,

268. എലിയെ പിടിക്കുന്ന പൂച്ച കലവുമുടയ്ക്കും.

ഉപകാരം ചെയ്യുന്നവനിൽനിന്ന് ഉപദ്രവങ്ങളും ഉണ്ടാകാറുണ്ട്,

269. എലിക്കു പ്രാണവേദന; പൂച്ചയ്ക്കു വിളയാട്ടം, (എലിക്കു തിണ്ടാട്ടം; പൂച്ചയ്ക്കു കൊണ്ടാട്ടം)

പൂച്ചയ്ക്ക് ഇര കിട്ടിയതിൽ സന്തോഷം; എന്നാൽ ഇരയായ എലിയാകട്ടെ പ്രാണവേദനകൊണ്ടു പിടയുകയും. കാര്യലാഭമുണ്ടായ ശക്തൻ ആഹ്ളാദിക്കുന്നു; എന്നാൽ അയാൾക്ക് ഇരയായവൻ അനുഭവിക്കുന്ന വേദനയും ദുഃഖവും അവനുണ്ടോ അറിയുന്നു.

270. എലിപ്പൊന്നമായാലും തനിപ്പൊന്നം വേണം.

വളരെ തുഛമായിരുന്നാലും ഉള്ളതു സ്വന്തമായിരിക്കണം. കിടപ്പാടം ചെറുതായാലും സ്വന്തമായിരിക്കണം.

271. എല്ലാരും പല്ലക്കേറിയാൽ ചുമക്കാനാളില്ല.

എല്ലാവരും നേതാക്കന്മാരായാൽ അനുയായികളില്ലല്ലോ. എല്ലാവരും ആജ്ഞാപിക്കാൻ തുടങ്ങിയാൽ അനുസരിക്കാൻ ആളെവിടെ?

272. എല്ലാവരും മനുഷ്യരല്ല; എല്ലാ കല്ലും മാണിക്യമല്ല.

എല്ലാവരും മനുഷ്യരാണ്. പക്ഷേ, മനുഷ്യന് വേണ്ട ഗുണങ്ങൾ എല്ലാവർക്കുമുണ്ടായിരിക്കയില്ല. പിന്നെ അവരെ 'മനുഷ്യർ' എന്ന് എങ്ങനെയാണു പറയുക. വെറും കല്ലിന് മാണിക്യക്കല്ലിൻെറ ശോഭയില്ലല്ലോ. മനുഷ്യനന്മകളുള്ള മനുഷ്യനും, കാന്തിയും മൂല്യവുമുള്ള 'കല്ലും' മാത്രമേ മാനിക്കപ്പെടുകയുള്ളൂ.

273\. എല്ലു മുറിയെ പണിതാൽ പല്ലു മുറിയെ തിന്നാം.

നല്ലപോലെ അധ്വാനിച്ചാൽ സുഖമായി അനുഭവിക്കാം.

274\. എളിയവന് ഏകാദശിയും നോററുകൂടാ!

ദരിദ്രൻ ഏകാദശിവ്രതം നോററാൽ ആളുകരം പറയും അവന് അഷ്ടിക്കൊന്നുമില്ലാത്തതുകൊണ്ട് പട്ടിണി കിടക്കുകയാണെന്ന്. പാവപ്പെട്ടവൻ ഉദ്ദേശ ശുദ്ധിയോടെ എന്തെങ്കിലും ചെയ്താലും ജനങ്ങരം അവനെ കുററപ്പെടുത്തുകയേ ചെയ്യൂ.

275\. എളിയവൻ പഠിച്ചത് എലക്കറി; വലിയവൻ പഠിച്ചത് മലക്കറി.

ആളിൻെറ വലിപ്പമനുസരിസരച്ചാണ് അവൻെറ പ്രവൃത്തിയെ വിലമതിക്കുന്നത്. രാജാവിൻെറ നെററിയിൽ ചെളി പററിയിരുന്നാൽ അതു കസ്തൂരിക്കുറിയാണെന്നു പറയും. പാവപ്പെട്ടവൻ കുറിയണിഞ്ഞാലും അതു ചെളിയാണെന്നേ ജനം പറയൂ.

276\. എളിയോനേ കണ്ടാൽ എള്ളും തുള്ളും.

തന്നെക്കാരം എളിയോനോട് നിസ്സാരന്മാർ പോലും അഹങ്കാരം കാണിക്കുന്നു. എള്ള് എത്രയോ ചെറിയത്. പക്ഷേ, അതിനെക്കാരം ചെറുതിനോട് അഹങ്കാരം കാണിക്കാൻ അതിനു മടിയില്ല.

277\. എള്ളിട തെററിയാൽ വില്ലിട തെററും.

നമ്മുടെ പ്രവൃത്തികളിൽ വളരെ ചെറിയ ഒരു വീഴ്ച വന്നെന്നിരിക്കട്ടെ. പിന്നീടു വരുന്ന കാര്യങ്ങരം ആകെത്തെററുവാൻ അതു കാരണമാകും. ആദ്യത്തെ തെററ് എള്ളോളം ചെറുതായിരിക്കും. അത് (വില്ലിനോളം അകലം) തെററിലേക്കു നയിക്കും.

278. എള്ളിനു തക്ക എണ്ണ.

ഒരു വസ്തുവിൻെറ ഗുണദോഷങ്ങൾ അതിൽ നിന്നുണ്ടാകുന്ന വസ്തുവിനും കാണും.

279. എള്ളു ചോരുന്നതു കാണുന്നു; ആന ചോരുന്നതു കാണുന്നില്ല.

വളരെ ചെറിയ നഷ്ടം പോലും മനസ്സിലാക്കുന്ന ആൾ ഭീമമായ നഷ്ടം വരുന്നത് അറിയുന്നില്ല. ചെറിയ കാര്യങ്ങളിൽ നോട്ടം കാണും. അതേ സമയം വൻനഷ്ടങ്ങൾ അറിയുകയുമില്ല.

280. എള്ളു തിന്നാൽ എള്ളോളം പശി മാറും

എത്ര ചെറിയ വസ്തു കൊണ്ടും അതിൻെറ പ്രയോജനമുണ്ട്. ഒരു എള്ളു തിന്നാൽ എന്തു വിശേഷം എന്നു വിചാരിക്കും. അത്രയും പ്രയോജനം എന്നു പറയാം. (എള്ളോളം തിന്നാൽ എള്ളോളം നിറയും—എന്നും പറയും.

281. എഴുതാപ്പുറം വായിക്കരുത്.

എഴുതിയിട്ടുള്ളതേ വായിക്കാവൂ. ഇല്ലാത്തതുണ്ടെന്നു വെറുതെ വിചാരിക്കേണ്ടാ. ഒരുവൻ ഉദ്ദേശിക്കാത്തതും പറയാത്തതും 'ധരിച്ചിട്ട്' വിരോധിക്കയോ വിചാരപ്പെടുകയോ വേണ്ടാ.

282. എറിഞ്ഞ കല്ലു മടിയിൽ തന്നെ.

മററൊരുവനെ ഉപദ്രവിക്കാനുള്ള ശ്രമം തനിക്കു തന്നെ ഉപദ്രവമായിത്തീരുന്നു. പരദ്രോഹം ചെയ്യുന്നവന് അതിൻെറ തിരിച്ചടി കിട്ടുന്നു.

283. എറിഞ്ഞ കല്ലും പറഞ്ഞ വാക്കും തിരിച്ചെടുക്കാൻ പററുകയില്ല.

കൈയിൽ നിന്നും പൊയ്ക്കഴിഞ്ഞാൽ കല്ലു തിരിച്ചെടുക്കാൻ സാധിക്കില്ല. പറഞ്ഞു കഴിഞ്ഞ വാക്കും അങ്ങനെതന്നെ. എറിയുന്നതും പറയുന്നതും വളരെ കരുതലോടെ വേണം എന്നു സാരം.

284. എറിഞ്ഞവനെക്കിട്ടാഞ്ഞാൽ ഏററിനെ കടിക്കുക.

ഉപദ്രവം ചെയ്തവനെ കിട്ടിയില്ല. അതുകൊണ്ട് ഉപകരണത്തെ നശിപ്പിക്കുന്ന സ്വഭാവമാണ്. എറിഞ്ഞ ആളാണ് കുററക്കാരൻ, ഏററല്ല. കൈ മുറിഞ്ഞതിന് കത്തിയൊടിച്ചു കളയുന്നതു പോലെയാണിത്.

ഏ

285. ഏകാദശി നോൽക്കാനും മേൽമീശ വയ്ക്കുവാനും ആർക്കുമാകാം.

ഏകാദശി വ്രതം നോൽക്കാൻ ആർക്കും പ്രയാസമില്ല. അതുപോലെ മീശ വയ്ക്കാനും പ്രത്യേകിച്ചു ചെലവൊന്നുമില്ല. അധ്വാനിച്ചുണ്ടാക്കി കാലക്ഷേപം ചെയ്യാനാണു പ്രയാസം.

286. ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും.

യോജിക്കാൻ കഴിയാത്തവരെ നിർബ്ബന്ധിച്ചു യോജിപ്പിച്ചാലും അവർ തമ്മിലുള്ള പൊരുത്തക്കേട് പ്രത്യക്ഷമായിരിക്കും.

287. ഏട്ടിലപ്പടി; പയററിലിപ്പടി.

പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ പ്രവർത്തിക്കാൻ കഴിയുകയില്ല. താത്വികമായ ചില കാര്യങ്ങൾ പ്രായോഗികമാക്കാൻ സാധിച്ചെന്നു വരികയില്ല. ചെയ്യേണ്ട രീതി ഒന്ന്, ചെയ്യുന്നതു വേറൊരു വിധം.

288. ഏട്ടിലെ ചുരയ്ക്കാ കറിക്കാകാ.

പുസ്ത കത്തിൽ പറഞ്ഞിരിക്കുന്നതു കൊണ്ടു പ്രയോജനമുണ്ടാകുന്നില്ല. കടലാസിൽ എഴുതി വച്ചാൽ, അതു തിന്നാൻ കൊള്ളുകയില്ലല്ലോ.

289. ഏട്ടിലേ പശു പുല്ലു തിന്നുകയില്ല.

പുസ്തകത്തിലേ പശു പുല്ലു തിന്നുകയില്ല. അതിനെക്കൊണ്ടു പ്രയോജനവുമില്ല. കാര്യത്തിനു കൊള്ളണമെങ്കിൽ ജീവനുള്ള യഥാർത്ഥ പശു തന്നെ വേണം. തത്വവും പ്രയോഗവും തമ്മിലുള്ള വ്യത്യാസം സൂചിപ്പിക്കുന്നു.

290. ഏതാനുമുണ്ടെങ്കിൽ ആരാനുമുണ്ട്.

കൈയിൽ വല്ലതും (ധനം) ഉണ്ടെങ്കിൽ കൂട്ടുകാരുമുണ്ട്.

291. ഏൻ ചത്തേ കോഴി കൂവൂ.

ശിവരാത്രി വ്രതം നോററ് നിരാഹാരമായി കഴിയുന്നവന് എങ്ങനെയെങ്കിലും നേരം വെളുത്താൽ മതി എന്നു വിചാരം. പ്രഭാതമായാൽ ആഹാരം കഴിക്കാമല്ലോ. പക്ഷെ, കോഴി കൂവുന്നുമില്ല. പട്ടിണികൊണ്ട് ചത്തേ കോഴി കൂവൂ (നേരം വെളുക്കൂ) എന്ന് അയാഠം വിചാരിക്കുന്നു. ജീവിത കാലത്ത് കഷ്ടകാലം നീങ്ങി നല്ലകാലം വരില്ലായിരിക്കാം എന്നർത്ഥം.

292. ഏഴോണവും തിരുവോണനും ഒന്നിച്ച്!

ഓണം വരുമ്പോഠം വലിയ തിരക്കും ബദ്ധപ്പാടുമാണ്. അതിൻെറ കൂടെ ഏഴോണം കൂടി വന്നാലോ! പല തിരക്കേറിയ പ്രശ്നങ്ങഠം ഒരുമിച്ചു വരുമ്പോഠം ഉണ്ടാകുന്ന ബദ്ധപ്പാടിൻെറ കൂടുതലാണ് സൂചിപ്പിക്കുന്നത്.

293. ഏറുന്ന കുരങ്ങിന് ഏണി വേണ്ടാ.

മരം കേറുന്നത് കുരങ്ങിൻെറ ജന്മസ്വഭാവമാണ്. അതിന് ഏണിയും മററും വേണ്ടാ. ജന്മനാ ഉള്ള ചില കഴിവുകഠംക്ക് മററാരുടെയും പ്രേരണയോ സഹായമോ ഒന്നും വേണ്ടാ.

294. ഏറെക്കറന്നാൽ ചോര.

പാൽ കിട്ടിയതു പോരാ, പോരാ എന്നു കരുതി വീണ്ടും വീണ്ടും കറന്നാൽ പാലല്ല, ചോരയായിരിക്കും പശുവിൻെറ അകിട്ടിൽനിന്നും വരുന്നത്. ഉള്ളതിനപ്പുറം കൈയ്യിലാക്കാൻ ശ്രമിച്ചാൽ ഇതാണു ഫലം. (പൊന്മുട്ടയിടുന്ന താറാവിനെ കൊന്ന് മുട്ടയെല്ലാം എടുക്കാൻ ശ്രമിച്ച അത്യാഗ്രഹിയേപ്പോലെ)

295. ഏറെക്കിഴക്കോട്ടു പോയാൽ കല്ലു ചവിട്ടും.

അതിരു കടന്നു പ്രവർത്തിച്ചാൽ ക്ലേശമായിരിക്കും ഫലം. (കേരളത്തിൻെറ ഭൂപ്രകൃതിയനുസരിച്ച്, കിഴക്കോട്ടു പോകുന്തോറും കല്ലും പാറയും ഏറെയാണല്ലോ. ഈ ഭൂസ്ഥിതിയെ അടിസ്ഥാനമാക്കിയാണ് ഈ ചൊല്ല്.)

296. ഏറെച്ചിത്രം ഓട്ടപ്പാത്രം.

അധികം ഭംഗിയാക്കുമ്പോഠം പാത്രത്തിന് ഓട്ട വീണെന്നിരിക്കും. ആവശ്യത്തിലധികം മോടി പിടിപ്പിക്കുന്നത് നല്ലതല്ല.

297. ഏറെ വളച്ചാൽ വില്ലൊടിയും.

ഞാൺ വലിച്ചു കെട്ടുന്നതിന് വില്ലു വളയ്ക്കണം, പക്ഷേ, ക്രമത്തിലധികം വളച്ചാൽ വില്ലൊടിഞ്ഞു പോകും. ഏതു പ്രവൃത്തിയും ക്രമത്തിൽ കൂടുതലായാൽ അപകടം തന്നെ.

298. ഏററമുണ്ടെങ്കിൽ ഇറക്കമുണ്ട്.

നന്മയും തിന്മയും ഇടകലർന്നതാണ് ജീവിതം. കയററമുണ്ടെങ്കിൽ ഇറക്കവുമുണ്ട്. കടലിൽ വേലിയേററവും വേലിയിറക്കവുമുണ്ട്. 'അങ്ങേക്കുഴിക്കിങ്ങൊരു കുന്നു കാണും.'

299. ഏററി വിട്ടിട്ട് ഏണി വലിക്കുക.

മരത്തിൽ കേററി വിട്ടിട്ട് ഏണിയെടുത്തു മാററിക്കളയുക. ചതിക്കുക. കേറിയവന് ഇറങ്ങാൻ പററില്ലല്ലോ. (പാലം വലിക്കുക)

ഐ

300. ഐകമത്യം മഹാബലം.

ഒരുമിച്ചുനിന്നു പ്രവർത്തിച്ചാൽ പലകാര്യങ്ങളിലും വിജയിക്കാം. ഒററയ്ക്കൊററയ്ക്കു ചെയ്താൽ സാധിക്കാത്തതും ഐകമത്യമുണ്ടെങ്കിൽ സാധിക്കാം.

301. ഐശ്വര്യത്തിനു ഭൂഷണം സുജനത.

ഐശ്വര്യവാന് സൗജന്യം (നന്മ) അലങ്കാരമാണ്. നന്മയുണ്ടെങ്കിലേ ഐശ്വര്യം ശോഭിക്കയുള്ളൂ.

ഒ

302. ഒടിയാത്ത കമ്പിൽ പറിയാത്ത വള്ളി.

ഒടിയാത്ത മരക്കൊമ്പ്. അതിൽ പടർന്നു കയറിയ വള്ളിയാകട്ടെ പറിഞ്ഞു പോകാത്തതും. ആശ്രയം നൽകുന്നവനും ആശ്രയിക്കുന്നവനും ഒരുപോലെ.

303. ഒടുക്കമിരുന്നവൻ കട്ടിലൊടിച്ചു.

കട്ടിലിനു താങ്ങാവുന്നതിലധികം ഭാരമായി. പക്ഷേ, ഒടുവിൽ കട്ടിലിലിരുന്നവൻെറ ഭാരംകൊണ്ടാണ് കട്ടിൽ ഒടിഞ്ഞതെന്നു പരാതി. ഒടുവിൽ ഇരുന്നവനു പഴി.

304. ഒത്തുപിടിച്ചാൽ മലയും പോരും.

എല്ലാവരും ഒരുമിച്ചു പ്രയത്നിച്ചാൽ ഏതു വൻകാര്യവും സാധിക്കാം.

305. ഒന്നിൽ പിഴച്ചാൽ മൂന്ന്.

ഒന്നാമത്തെ ശ്രമം ഫലിച്ചില്ലെങ്കിൽ മൂന്നാമത്തേതു ഫലിക്കാതിരിക്കയില്ല. ഇത് ഒരു വിശ്വാസ

മാണ്. ആദ്യ പരിശ്രമം വിജയിച്ചില്ലെന്നു വച്ച് നിർത്തിക്കളയരുത്. തുടർച്ചയായി ശ്രമിച്ചാൽ വിജയമുണ്ടാകും എന്നു സാരം.

306. ഒന്നുകിൽ ആശാന്റെ നെഞ്ചത്ത്; അല്ലെങ്കിൽ കളരിക്കു പുറത്ത്.

ശിഷ്യൻ എന്തായാലും ക്രമം വിട്ടേ പെരുമാറൂ. കളരിയിൽ വന്നാൽ ആശാനെ ശല്യപ്പെടുത്തും. അല്ലെങ്കിൽ കളരിക്കു പുറത്ത്. ആവശ്യാനുസരണം പെരുമാറാതെ തീരെ കുറവായോ അല്ലെങ്കിൽ അധികപ്പററായോ പെരുമാറുക—എന്നു സാരം.

307. ഒന്നു ചീയുന്നതു മറെറാന്നിനു വളം.

ഒന്നിനു പററുന്ന ദോഷവും നാശവും മറെറാന്നിനു ഗുണമായിത്തീരുന്നു.

308. ഒന്നുപോരുമനർത്ഥത്തിന്; ഒന്നിച്ചാൽ പറയണോ?

അനർത്ഥത്തിന് ഒരു കാരണം മതി. പല കാരണങ്ങൾ ഒരുമിച്ചുണ്ടായാൽ പിന്നെ പറയേണ്ടതില്ലല്ലോ.

309. ഒന്നു വരാത്തവനും ഒമ്പതു വന്നവനുമില്ല.

ഒരു തെററു വരാത്തവർ ആരുമില്ല. എന്നാൽ ആവർത്തിച്ചാവർത്തിച്ചു തെററു വരുത്തുന്നവർ അധികമില്ല.

310. ഒന്നേ ഉള്ളെങ്കിൽ ഉലക്കകൊണ്ടടിക്കണം.

ഒററ മകനേ ഉള്ളൂ എങ്കിൽ ശരിയായി ശാസിച്ചും ശിക്ഷിച്ചും വളർത്തണം. ഒരേയൊരു മകനുള്ളത് വഴിതെററിപ്പോയാൽ കുടുംബത്തിന് ആശ്രയമില്ലാതെ വരും.

311. ഒരരിശം കൊണ്ട് കിണററിൽ ചാടിയാൽ ഏഴരിശത്തിനു കേറാൻ മേലാ.

മുൻകോപം കൊണ്ട് ആലോചനയില്ലാതെ പ്രവർത്തിക്കുന്നവർ അത്യാപത്തിൽ ചാടുന്നു. പി

ന്നെ വളരെ പ്രയത്നിച്ചാലും അതിൽനിന്നും രക്ഷപെടാൻ സാധിച്ചെന്നു വരുകയില്ല.

(ഒരു കോപംകൊണ്ടങ്ങോട്ടു ചാടിയാ-
ലിരുകോപംകൊണ്ടിങ്ങോട്ടു ചാടാമോ?)

312. ഒരാണ്ടു വാരമെങ്കിൽ പിന്നൊരാണ്ടു പാത്തി.

ഒരിക്കൽ ലാഭം കിട്ടുന്നു, പിന്നൊരിക്കൽ നഷ്ടം പററുന്നു. ഇങ്ങനെ ലാഭനഷ്ടങ്ങളും സുഖദുഃഖങ്ങളും ഇടകലർന്നതാണു ജീവിതം.

313. ഒരില പോയാൽ ഒരില പോയി.

നിസ്സാരമായാലും നഷ്ടം നഷ്ടം തന്നെ.

314. ഒരു കടയിൽ രണ്ടു കച്ചോടം.

ഒരു സ്ഥലത്ത് ഒരാറം തന്നെ രണ്ടു തരത്തിൽ പെരുമാറുക. കച്ചവടക്കാരൻ ഒരാളോട് ഒരു വിലയും മറെറാരാളോടു മറെറാരു വിലയും വാങ്ങുന്നതു ന്യായമല്ലല്ലോ.

315. ഒരു കലം ചോറിന് ഒരു വററ്.

ഒരു കലത്തിലെ ചോറിൻെറ വേവറിയാൻ ഒരു വറെറടുത്തു നോക്കിയാൽ മതി. ഒരേ തരത്തിലുള്ള അനവധി എണ്ണത്തിൻെറ ഗുണം അവയിൽ ഒന്നു പരിശോധിച്ചാൽ മനസ്സിലാക്കാം. (സ്ഥാലീപുലാകന്യായം)

316. ഒരു കളരിക്കു പത്താശാൻ.

കളരിയിലെ അഭ്യാസം ശരിയായി നടക്കയില്ല. പല നേതാക്കന്മാരായാൽ ഒരു കാര്യവും ശരിയാകയില്ല.

317. ഒരു കുന്നിന് ഒരു കുഴി.

താഴ്ചയും ഉയർച്ചയും പ്രകൃതിയുടെ നിയമമാണ്. അതുപോലെ സുഖദുഃഖങ്ങളും.

318. ഒരു കൈകൊണ്ടു കൊടുത്തത് മറുകൈകൊണ്ടു വാങ്ങരുത്.

ദാനം ചെയ്യുന്നതു തിരിച്ചു വാങ്ങരുത്.

319. ഒരു കമ്പിൽ പിടിച്ചാലും പുളിങ്കമ്പിൽ പിടിക്കണം.

ഒരാളെ ആശ്രയിച്ചേ പററൂ എന്ന നില വന്നാൽ ശക്തിയുള്ളവനെത്തന്നെ ആശ്രയിക്കണം. (പുളിങ്കമ്പ് പെട്ടെന്നൊടിയുകയില്ല.)

320. ഒരു ചക്കയിട്ടപ്പോഠം മുയൽ ചത്തു എന്നു വച്ച് ചക്കയിടുമ്പോഴെല്ലാം മുയൽ ചാകുമോ?

യാദൃച്ഛികമായി ചിലപ്പോഠം ചിലതു സംഭവിക്കുന്നു. എന്നു വച്ച് അത് എപ്പോഴും സംഭവിക്കണമെന്നില്ല.

321. ഒരു ചെവികൊണ്ടു കേട്ടത് മറേറ ചെവിയിൽ കൂടി ഇറങ്ങിപ്പോയി.

കേഠക്കും, പക്ഷേ ഉടൻതന്നെ മറക്കുകയും ചെയ്യും. എത്ര പറഞ്ഞാലും, ഉപദേശിച്ചാലും മനസ്സിൽ തട്ടാത്തവരുടെ പ്രകൃതം,

322. ഒരു തലയേക്കാഠം രണ്ടു തല നന്ന്,

ഒരുവൻ സ്വയം തീരുമാനമെടുക്കുമ്പോഠം ചില നോട്ടപ്പിശകുകഠം വരാം. മറെറാരുവനോടുകൂടി ആലോചിച്ചായാൽ നന്നായിരിക്കും.

323. ഒരുത്തനെ പിടിക്കുകിൽ കരുത്തനെ പിടിക്കണം.

(ഒരു കൊമ്പിൽ പിടിച്ചാലും പുളിങ്കൊമ്പിൽ പിടിക്കണം)

324. ഒരുത്തിക്കു താളുകറിക്കുപ്പില്ലാഞ്ഞിട്ട്; ഒരുത്തിക്ക് താലിക്കു മുത്തില്ലാഞ്ഞിട്ട്.

ദരിദ്രർക്ക് നിത്യവൃത്തിക്ക് വകയില്ലാത്ത ദുഃഖം. സമ്പന്നർക്ക് ആഡംബരത്തിനു തികയാഞ്ഞിട്ടു ദുഃഖം. എല്ലാവർക്കും ഓരോ തരത്തിൽ ദുഃഖമുണ്ട്. അതിനു വ്യത്യാസമുണ്ടെന്നേ ഉള്ളൂ.

325. ഒരു നാക്കിനു രണ്ടു കണ്ണ്.

രണ്ടു കണ്ണുകൊണ്ടു നോക്കി (ശ്രദ്ധിച്ച്) മനസ്സിലാക്കിയിട്ടേ ഏതു കാര്യത്തെപ്പററിയും സംസാരിക്കാവൂ. വായിൽ തോന്നുന്നതുപോലെ പറയരുത്.

326. ഒരു നാഴിയിൽ മറെറാരു നാഴി പോകയില്ല.

തുല്യ ബലവാന്മാരാണെങ്കിൽ ഒരുവനു മറെറാരുവൻ കീഴ്പ്പെടുകയില്ല.

327. ഒരു പടിയടഞ്ഞാൽ ഒമ്പതു പടി തുറക്കും.

ഒരു മാർഗ്ഗത്തിൽ വിഘ്നമുണ്ടായാൽ വേറേ മാർഗ്ഗങ്ങൾ പലതുണ്ടാകും.

328. ഒരുമതന്നെ പെരുമ.

ഐകമത്യമാണ് ബലം.

329. ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.

യോജിപ്പുണ്ടെങ്കിൽ ഏതു ക്ലേശകരമായ കാര്യവും നിർവ്വഹിക്കാൻ കഴിയും. മാനസികമായ അടുപ്പവും യോജിപ്പും വേണം. അങ്ങനെയായാൽ ദുഷ്കരമായിത്തോന്നുന്ന സംഗതി സുകരമായിത്തീരുന്നു.

330. ഒരു മാരാന് ഒമ്പതു കോവിലിൽ കൊട്ടണം.

അനേകം കാര്യങ്ങൾ ചെയ്യാൻ ഒരാൾ മാത്രമുള്ള സ്ഥിതി.

331. ഒരു വാക്കിനു രണ്ടു നോക്ക്.

സൂക്ഷ്മതയോടെ കണ്ടു മനസ്സിലാക്കുക, കുറച്ചു മാത്രം സംസാരിക്കുക.

332. ഒരു വിദ്യ പഠിക്കിലോ വിഷവിദ്യ പഠിക്കണം; വിഷവിദ്യ പഠിക്കിലോ വിഷമിച്ചു പഠിക്കണം.

ശ്രേഷ്ഠമായ (ജീവൻ രക്ഷിക്കാൻ കഴിയുന്ന) വിദ്യയാണ് പഠിക്കേണ്ടത്. അത് ക്ലേശം സഹിച്ചു തന്നെ പഠിക്കയും വേണം.

333. ഒരു വെടിക്കു രണ്ടു പക്ഷി.

ഒററ പ്രവൃത്തികൊണ്ട് രണ്ടു കാര്യം സാധിക്കുക.

334. ഒരു വേലയ്ക്ക് ഇരുവേല.

തെററായോ അഭംഗിയായോ ചെയ്യുന്ന പ്രവൃത്തി വീണ്ടും ചെയ്യേണ്ടിവരുന്നു. ഇരട്ടിപ്പണി.

335. ഒരു വൈദ്യന് ഒരു വൈദ്യനെ കണ്ടുകൂടാ.

ഒരേ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കിടമത്സരമാണ് സൂചിപ്പിക്കുന്നത്. ഞാനോ കേമൻ, നീയോ കേമൻ എന്ന ഭാവമാണ് രണ്ടു പേർക്കും.

336. ഒരുറക്കംകൊണ്ടു നേരം വെളുക്കുകില്ല.

രാത്രി കഴിഞ്ഞില്ല, വീണ്ടും ഉറങ്ങേണ്ടതുണ്ട്. ഒരാവശ്യം കഴിഞ്ഞാൽ പിന്നെ ആവശ്യങ്ങൾ വരുകയില്ലെന്നു വിചാരിക്കുന്ന, ഉപകാരസ്മരണയില്ലാത്തവരുടെ സ്വഭാവം.

337. ഒരോലയെടുത്താൽ അകവും പുറവും വായിക്കണം.

താളിയോല ഗ്രന്ഥങ്ങളാണ് പരാമർശിക്കുന്നത്. ഒരു ഓലയുടെ ഒരുപുറം മാത്രം വായിച്ചാൽ പോരാ. സംഗതി മുഴുവനറിയണമെങ്കിൽ മറുപുറം കൂടി വായിക്കണം. ഒരു കാര്യത്തിൻെറ എല്ലാ വശങ്ങളും മനസ്സിലാക്കണം. കുറച്ച് അറിയുകയും കുറെ അറിയാതെ വിട്ടുകളയുകയും ചെയ്യുന്ന സ്വഭാവം ആശാസ്യമല്ല.

338. ഒലിപ്പിലെ കല്ലിനു പൂപ്പില്ല.

ഒഴുക്കുള്ള വെള്ളത്തിൽ കിടക്കുന്ന കല്ലിനു പൂപ്പൽ പിടിക്കയില്ല.

339. ഒഴുകുന്ന തോണിക്ക് ഒരുന്ത്.

തോണി ഒഴുകുകയാണ്. ഒരു ഉന്തും കൂടിയായാൽ വേഗം കൂടുന്നു. പ്രവൃത്തിക്ക് പ്രോത്സാഹനം കൂടിയുണ്ടെങ്കിൽ വളരെ നല്ലത്.

340. ഒഴുക്കുനീററിൽ അഴുക്കില്ല.

ഒഴുക്കു അഴുക്കിനെ അകററിക്കളയുന്നു. നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുടെ മനസ്സിൽ മാലിന്യങ്ങരം (ദുർവ്വികാരങ്ങരം) അടിഞ്ഞു കൂടുകയില്ല. കെട്ടിക്കിടക്കുന്ന വെള്ളത്തിലും അലസമായ മനസ്സിലും മാലിന്യങ്ങരം കാണും.

341. ഒററാലിൽ കിടന്നതും പോയി; കിഴക്കു നിന്നു വന്നതും പോയി.

മറെറാരു മത്സ്യത്തെക്കണ്ടപ്പോരം അതിനെപ്പിടിക്കാൻ ഒററാൽ പൊക്കി. ഒററാലിലുണ്ടായിരുന്ന മത്സ്യം പൊയ്പോയി. അപ്പോഴേക്കും വന്നതും അതിൻെറ പാട്ടിനു പോയി. ഒരെണ്ണം കൈവശമുള്ളപ്പോരം മറെറാന്നിനുകൂടി ആഗ്രഹിച്ചു. രണ്ടും നഷ്ടപ്പെടുകയും ചെയ്തു. ഇതാണ് അത്യാഗ്രഹിയുടെ അനുഭവം. (ഒററാലിൽ കിടന്നതുമില്ല, കിഴക്കു നിന്നതുമില്ല—എന്നും പറയും)

ഓ

342. ഓടക്കുഴലുകൊണ്ട് തീയൂതരുത്.

മനോഹര നാദം പുറപ്പെടുവിക്കുന്നതിനാണ് ഓടക്കുഴൽ. അതു തീയൂതാൻ ഉപയോഗിക്കുന്നത് മൂഢത്വമാണ്. ശ്രേഷ്ഠകർമ്മങ്ങരംക്കായുള്ള ഉപകരണം നിസ്സാര കാര്യങ്ങരംക്കുപയോഗിക്കരുത്.

343. ഓടി അമ്പതു കിട്ടുന്നതിനേക്കാരം, ഇരുന്ന് ഒമ്പതു കിട്ടുന്നതു നന്ന്.

അത്യധ്വാനം ചെയ്ത് അധികം സമ്പാദിക്കുന്നതിനേക്കാരം നല്ലത് അത്ര വളരെ ക്ലേശിക്കാതെ കുറച്ചു സമ്പാദിക്കുന്നതാണ്.

344. ഓടിപ്പോകുന്ന പട്ടിക്ക് ഒരു മുഴം കൂട്ടിയെറിയണം.

ഓരോന്നിന്റെയും ഗതി നോക്കിവേണം പ്രവൃത്തിക്കാൻ—അല്ലെങ്കിൽ ലക്ഷ്യത്തിലെത്തുകയില്ല.

345. ഓടിയവനും ഓടിച്ചവനും കിരുക്കും.

ചെയ്തവനും ചെയ്യിച്ചവനും ഫലം അനുഭവിക്കുന്നു.

346. ഓടുകയുമില്ല, പിടിതരികയുമില്ല.

സ്നേഹഭാവം പ്രകടിപ്പിച്ചു നില്ക്കും. പക്ഷേ, ഒരു കാര്യത്തിനും സമ്മതിക്കയില്ല.

347. ഓടം പോകുമ്പോൾ ഓലക്കെട്ടു വേറേ പോകണോ?

ഏതായാലും ഓടം (വള്ളം) ഒരു സ്ഥലത്തേക്കു പോകുന്നുണ്ട്. അപ്പോൾ പിന്നെ ആ സ്ഥലത്തേക്കു തന്നെ കൊണ്ടുപോകാനുള്ള ഓലക്കെട്ടും അതിലാകാമല്ലോ. പ്രത്യേകിച്ചു നഷ്ടമൊന്നുമില്ലാത്തകാര്യം ചെയ്യാം എന്നർത്ഥം.

348. ഓണത്തിനിടയ്ക്കോ പൂട്ടുകച്ചവടം!

ഓണത്തിനു വിഭവസമൃദ്ധമായ ഭക്ഷണമുണ്ട്. പിന്നെ പൂട്ട് (പുട്ട്) ആർക്കാണു വേണ്ടത്? വലിയ കാര്യങ്ങൾക്കിടയ്ക്ക് നിസ്സാര കാര്യത്തിനെന്തു സ്ഥാനം.

349. ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി.

യജമാനന്റെ വീട്ടിൽ ഓണസദ്യയോ പുറന്നാൾ സദ്യയോ എന്തുണ്ടായാലും പാവം കോരന് ഒരു വിശേഷവുമില്ല. അന്നും അവന് കുമ്പിളിൽ കഞ്ഞിയേ കിട്ടൂ.

(തമ്പുരാൻ പൈമ്പാലടപ്രഥമൻ കുടിക്കട്ടെ,
കുമ്പിളിൽ കുറെക്കഞ്ഞി കോരനും കുടിക്കട്ടെ)

350. ഓണം വരാനൊരു മൂലം വേണം.

ഏതു കാര്യത്തിനും പേരിനെങ്കിലും ഒരു കാരണം വേണം. മൂലം കഴിഞ്ഞിട്ടാണല്ലോ ഓണം വരുന്നത്.

351. ഓത്തമ്പലത്തിൽ കൂത്തില്ല.

അമ്പലത്തിൽ ഓത്ത് (വേദം ചൊല്ലൽ) നടക്കുന്നിടത്തല്ല കൂത്ത് (ചാക്യാർകൂത്ത്, നൃത്തം മുതലായവ) നടക്കുന്നത്. ഓരോന്നിനും പ്രത്യേകം സ്ഥലമുണ്ട്. അതാതിനു വിധിച്ചിട്ടുള്ള സ്ഥലത്തേ ഓരോന്നും പാടുള്ളൂ.

352. ഓലകളഞ്ഞവൻ എഴുത്തൻ.

എഴുതിയെഴുതി ധാരാളം ഓല കളഞ്ഞിട്ടാണ് നല്ല എഴുത്തുകാരനാകുന്നത്.

353. ഓലപ്പാമ്പു കാണിച്ചു പേടിപ്പിക്കുക.

ഓലപ്പാമ്പു കടിക്കുകയില്ല. അതു കാണിച്ചു പേടിപ്പിച്ചാൽ വിവരമറിയാവുന്നവർ പേടിക്കയില്ല. അറിവില്ലാത്തവൻ ചിലപ്പോൾ പേടിച്ചെന്നിരിക്കും.

354. ഓളമുള്ളിടത്താഴമില്ല.

ആഡംബരവും പ്രതാപവും പ്രകടിപ്പിക്കുന്നവർക്ക് അന്തസ്സാരമില്ല.

355. ഓളം നിന്നിട്ടു കടലിലിറങ്ങാമോ?

എല്ലാ ബദ്ധപ്പാടുകളും പ്രതിബന്ധങ്ങളും തീർന്നിട്ട് എന്തെങ്കിലും ചെയ്യാം എന്നു വിചാരിക്കുന്നത് വിഡ്ഢിത്തമാണ്. എല്ലാ ക്ലേശങ്ങളും തീർന്ന അവസ്ഥ ആർക്കും ഉണ്ടാകാറില്ല.

ക

356. കക്കാൻ പഠിച്ചാൽ നില്ക്കാൻ പഠിക്കണം.

തെററു ചെയ്യുന്നവൻ എങ്ങനെയെങ്കിലും രക്ഷപെടാനും ഉപായം കാണണം.

357. കഞ്ഞിക്കും കാററിനും അരികുവഴി.

കഞ്ഞി പാത്രത്തിൻെറ അരികിൽ (വക്കിനോടു ചേർന്ന ഭാഗം) നിന്നും കുടിച്ചു തുടങ്ങണം. ആദ്യം ചൂടാറുന്നത് ആ ഭാഗത്താണ്. നദിയിൽ കാററുള്ളപ്പോൾ വള്ളം അരികുചേർന്നു പോകണം. അല്ലെങ്കിൽ ഓളത്തിൽപ്പെട്ടു മുങ്ങിപ്പോകും. ഓരോ പ്രവൃത്തിയും സുരക്ഷിതമായ രീതിയിൽ ചെയ്യണം.

358. കഞ്ഞിക്കും വററിനും കരയില്ലെങ്കിൽ ചെല്ലം പോലെ വളർത്തിക്കോളാം.

തൻെറതല്ലാത്ത ഒരു കുട്ടിയെ വളർത്തുന്ന കാര്യം വീട്ടുകാരി പറയുകയാണ്. ചെലവൊന്നും വരികയില്ലെങ്കിൽ ചെയ്യാൻ ഒരുക്കമാണെന്നർത്ഥം.

359. കടന്നൽക്കൂട്ടിൽ കല്ലെറിയരുത്.

സ്വയം ഉപദ്രവം ഉണ്ടാക്കിവയ്ക്കരുത്.

360. കടപ്പുറം കിടക്കുമ്പോൾ കാൽച്ചുവട്ടിൽ കിടക്കണോ ?

ധാരാളം സ്ഥലമുള്ളപ്പോൾ ഞെരുങ്ങിക്കഴിഞ്ഞു കൂടുന്നതെന്തിന് ? സമൃദ്ധിയുള്ള സമയത്തും ദാരിദ്ര്യം കാണിക്കുക ചിലരുടെ സ്വഭാവമാണ്.

361. കടമാണെങ്കിൽ കമ്മാളന് ആന രണ്ട്.

കമ്മാളൻെറ കൈയിൽ കാശില്ലാത്തതുകൊണ്ട് ആനയെ വാങ്ങുന്നില്ല. അപ്പോഴാണ് ആനയുടെ ഉടമസ്ഥൻ കടമായി കൊടുക്കാം എന്നു പറഞ്ഞത്, എന്നാൽ രണ്ടാനയിരിക്കട്ടെ എന്നായി കമ്മാളൻ. കടം കിട്ടുമെങ്കിൽ എത്രയെങ്കിലും വാങ്ങാൻ മടിയില്ലാത്തവരുടെ സ്വഭാവം. തിരിച്ചുകൊടുക്കണമെന്ന വിചാരമേയില്ല.

362. കടയ്ക്കൽ നനച്ചാലെ തലയ്ക്കൽ പൊടിക്കൂ.

ചുവട്ടിൽ വെള്ളമൊഴിക്കണം. എങ്കിലേ മണ്ട തഴച്ചു വളരൂ. വേണ്ട സ്ഥാനത്ത് പ്രവർത്തിച്ചാൽ തക്കതായ ഫലമുണ്ടാകും.

363. കടലിൽ ചെന്നാലും നായ് നക്കിയേ കുടിക്കൂ.

കടലിൽ വെള്ളം ധാരാളമുണ്ടെങ്കിലും നായ് അത് ശീലിച്ചതുപോലെ, നക്കിയേ കുടിക്കൂ. ശീലിച്ചതുപോലെയേ പ്രവർത്തിക്കൂ. ധാരാളം കിട്ടിയാലും ചിലർ 'നക്കിത്തരം' കാണിക്കും.

364. കടലുവററി കക്ക പെറുക്കാനിരുന്നാൽ കുടൽ വററി ചാകും.

കടൽ വററുകയുമില്ല, കക്കാ പെറുക്കാൻ ഒക്കുകയുമില്ല. ക്ലേശങ്ങൾ തീരട്ടെ, പിന്നെ പ്രവർത്തിക്കാം എന്നു വിചാരിക്കുന്നവർക്ക് ഇതാണനുഭവം.

365. കടിച്ചതു കരിമ്പ്; പിടിച്ചത് ഇരുമ്പ്.

കാട്ടിയത് മധുരമുള്ളത്; സഹായിയായി വന്നതു ബലമുള്ളവനും. ഭാഗ്യവാന് വരുന്നതൊക്കെ നല്ലതായിട്ടു വരുന്നു.

366. കുടിച്ചതു കാഞ്ഞിരക്കായ്; പിടിച്ചതു മുരിക്കിൻ കമ്പ്,

കാഞ്ഞിരക്കായുടെ കയ്പും മുരിക്കിൻെറ മുള്ളും അനുഭവം. ഭാഗ്യം കെട്ടവൻെറ ഗതി.

367. കടിയ്ക്കുന്ന പട്ടി കുരയ്ക്കയില്ല.

കാര്യം ചെയ്യാൻ കഴിവുള്ളവൻ സംസാരിച്ചു ബഹളം കൂട്ടുകയില്ല.

368. കടുകു ചോരുന്നതുകാണും, തേങ്ങാ ചോരുന്നതറിയുകയുമില്ല.

വളരെ ചെറിയ നഷ്ടം മനസ്സിലാക്കുന്നവൻ വലിയ നഷ്ടം അറിയുന്നില്ല.

369. കടുകുചെറുതായാലും കാരം ഇല്ലാതെ വരുമോ?

കാഴ്ചയ്ക്കു വളരെ നിസ്സാരമായിരിക്കും. പക്ഷെ, അതിൻെറ രൂക്ഷമായ സ്വഭാവം ഇല്ലാതാകുന്നില്ല.

370. കടുവക്കൂട്ടിൽ തലയിടരുത്.

സ്വയം ആപത്തു വരുത്തിവയ്ക്കരുത്. (ആപത്തിൽ സ്വയം ചെന്നകപ്പെടരുത്.)

371. കട്ടത് ആരാൻ, കോമട്ടിയെ കഴുവേററി.

കുററം ചെയ്തത് ഒരാാം, ശിക്ഷ കിട്ടിയതു മററൊരാാംക്ക്.

372. കട്ടവനെക്കണ്ടില്ലെങ്കിൽ കണ്ടവനെ പിടിക്കുക.

മോഷ്ടിച്ചവനെ (കുററം ചെയ്തവനെ) കണ്ടു പിടിക്കാൻ കഴിയാതെവരുമ്പോാം കണ്ണിൽ കണ്ട ആരെയെങ്കിലും പിടികൂടുക. ഇത് ശരിയല്ല. (കട്ടവനെ കണ്ടില്ലെങ്കിൽ കട്ടതുകണ്ടവനെ പിടിക്കുക എന്നും പറയാം. കണ്ടവനിൽ നിന്നും യഥാർത്ഥ മോഷ്ടാവാരെന്നറിയാം.)

373. കട്ടിൽ കാണുമ്പോാം കാലുകഴയ്ക്കും.

യഥാർത്ഥത്തിൽ ആവശ്യമൊന്നുമില്ല. എങ്കിലും ഉപയോഗമുള്ള വസ്തു കണ്ടാൽ ഉപയോഗപ്പെടുത്തണമെന്ന വിചാരം വരും. ആവശ്യമില്ലെങ്കിൽ ഉപയോഗിക്കയും ചെയ്യും.

374. കട്ടിൽ ചെറുതായാലും കാലു നാലുവേണം.

എന്തെങ്കിലും ഒരു കാര്യം വളരെ എളിയ രീതിയിൽ നിർവ്വഹിക്കുമ്പോഴും അത്യാവശ്യമുള്ളതൊന്നും വേണ്ടെന്നു വയ്ക്കാൻ പററുകയില്ല.

375. കണിയാൻ പല്ലക്കേറിയാൽ കാണുന്നവരെയെല്ലാം തൊഴാൻ താഴെയിറങ്ങും.

കണിയാൻ ആരെക്കണ്ടാലും താണുതൊഴുക പതിവാണ്. പല്ലക്കിൽ കേററിയാലും ശരി വഴിയിൽ കാണുന്നവരെയെല്ലാം തൊഴാൻ അയാാം താഴെയിറങ്ങും. അർഹതയില്ലാത്തവന് ഉയർന്ന സ്ഥാനം കിട്ടിയാലും വിശേഷമില്ല.

376. കണിയാർക്കുംവരും കാലക്കേട്.

കാലക്കേടിനു പരിഹാരം നിർദ്ദേശിക്കുന്നവരാണ് ഗണകന്മാർ (ജ്യോത്സ്യന്മാർ). പക്ഷെ, അവർക്കും വരും കഷ്ടകാലം. വൈദ്യനു സുഖക്കേടു വരുന്നതുപോലെ.

377. കണ്ടത്തിൽ കൂടെയും മേലാവരമ്പിൽ കൂടിയും മേലാ.

കണ്ടത്തിൽ ചള്ളയും വെള്ളവും, വരമ്പ് തെന്നുകയും ചെയ്യും. രണ്ടിൽ കുടിയും പോകാൻ കഴിയാത്ത സ്ഥിതി. ഒരുതരത്തിലും മുന്നോട്ടു പോകാൻ പററുകയില്ല എന്നു സാരം.

378. കണ്ട നീ നില്ക്ക്; കേട്ട ഞാൻ പറയാം.

സംഭവം നേരിട്ടു കണ്ടവൻ നില്ക്കെ, കേട്ടു മനസ്സിലാക്കുക മാത്രം ചെയ്ത ആരം തനിക്കാണ് വസ്തുതയറിയാവുന്നതെന്നു ഭാവിക്കുന്നു.

379. കണ്ടപ്പോരം കരിമ്പ്; കടിച്ചപ്പോരം ഇരുമ്പ്.

ഒരു വസ്തു കണ്ടപ്പോരം നിഷ്പ്രയാസം കടിച്ചു തിന്നാം, നല്ല മധുരമായിരിക്കും എന്നു വിചാരിച്ചു. പക്ഷെ, കടിച്ചുനോക്കിയപ്പോരം ഒരു വിധത്തിലും കടികൊള്ളുകില്ല. എന്നു മനസ്സിലായി. കാര്യം നിഷ്പ്രയാസം എന്നു വിചാരിക്കുന്നു, അതിലേക്കു പ്രവേശിക്കുമ്പോരം അതികഠിനം, കടുത്ത പ്രയാസം എന്നു ബോധ്യം വരുന്നു.

380. കണ്ടവരുടെ വാക്കും പഴഞ്ചാക്കും ഒരുപോലെ.

കണ്ടവർ പറയുന്നതുകേട്ടു നടന്നാൽ ആപത്താണ്. പഴഞ്ചാക്കിൽ വല്ലതും നിറച്ചാൽ അതു കീറിപ്പോകും. രണ്ടും വിശ്വസിക്കത്തക്കതല്ല.

381, കണ്ടനു മുറിഞ്ഞാൽ കോരനു ധാര!

ഒരാരംക്കാപത്തുണ്ടായാൽ മററൊരുത്തനെയാണോ സഹായിക്കേണ്ടത്? ഒരാരംക്കു മുറിവു പററി, ചികിത്സിക്കുന്നതു മറെറാരുവനെ.

382. കണ്ടറിയാഞ്ഞാൽ കൊണ്ടറിയും.

കണ്ടതു മനസ്സിലാക്കിയില്ലെങ്കിൽ അനുഭവിക്കുമ്പോൾ മനസ്സിലാക്കിക്കൊള്ളും.

383. കണ്ടും കൊണ്ടും കുണ്ടിൽ ചാടരുത്.

ആപത്തുണ്ടെന്നറിഞ്ഞുകൊണ്ട് അതിൽ ചെന്നകപ്പെടരുത്.

384. കണ്ടാൽ പിള്ളച്ചക്ക; കണ്ടില്ലെങ്കിൽ തള്ളച്ചക്ക.

ഉടമസ്ഥൻ കണ്ടാൽ ചെറുത് എടുക്കും. കണ്ടില്ലെങ്കിൽ ഉള്ളതിൽ വലുതുതന്നെ കൈവശമാക്കും.

385. കണ്ടം വിററാലും വരമ്പു വില്ക്കയില്ല;

വലിയ നഷ്ടം സഹിക്കാൻ മടിയില്ല. വളരെ ചെറിയ കാര്യത്തിനു വേണ്ടി ശാഠ്യം പിടിക്കുന്ന മൂഢസ്വഭാവം.

386. കണ്ണടച്ച് ഇരുട്ടാക്കുക.

താൻ കണ്ണടച്ചാൽ ലോകം മുഴുവൻ ഇരുട്ടാകും എന്ന മൂഢവിചാരം. താൻ കാണുന്നില്ല, അതുകൊണ്ട് മററാരുത്തരും കാണുകയില്ല എന്നു വിചാരിക്കുന്ന 'ബുദ്ധിമാന്മാ'രുടെ ഭാവം.

387. കണ്ണൻവാഴച്ചുവട്ടിൽ കാളിവാഴയുണ്ടാകുമോ?

ഏതും അതിൻെറ വർഗ്ഗസ്വഭാവമേ കാണിക്കൂ. പൈതൃക ഗുണങ്ങൾ സന്താനങ്ങളിൽ പ്രകടമാകുന്നു. (ചുട്ടി നട്ടാൽ കണ്ണൻ വിയുമോ? കണ്ണനും ചുട്ടിയും ഓരോതരം ചേമ്പ്)

388. കണ്ണില്ലാത്തതെല്ലാം പൊന്നാക്കാം.

കാര്യം കാണുന്നതിനുവേണ്ടി. ഒരിക്കലും സാധിക്കാത്തതു വാഗ്ദാനം ചെയ്യുന്ന സ്വഭാവം.

389. കണ്ണാടിക്കൂട്ടിലിരുന്ന് കല്ലെറിയരുത്.

വളരെ ഉപദ്രവം പററാവുന്ന പററാവുന്ന സ്ഥിതിയിലുള്ളവൻ മററുള്ളവരെ ഉപദ്രവിക്കരുത്. കണ്ണാടിക്കൂട്ടിലിരുന്നുകൊണ്ടു കല്ലെറിഞ്ഞാൽ

തൻെറ ഏറോ, ചുററുപാടുമുള്ളവരുടെ (ഏറു കൊള്ളുന്നവരുടെ) ഏറോ, രണ്ടുമോ കൊണ്ട് കണ്ണാടിയും തകരും തനിക്ക് അപകടവും പററും.

390. കണ്ണിനു കണ്ണ്; പല്ലിനു പല്ല്.

ഇങ്ങോട്ടു ചെയ്യുന്നതിനൊപ്പം അങ്ങോട്ടു ചെയ്യുന്ന രീതി. ചിലരുടെ പ്രതികാര ബുദ്ധിയാണ് ഇത്.

391. കണ്ണിരിക്കെ കൃഷ്ണമണി കൊണ്ടുപോവുക.

ഉടമസ്ഥൻ നോക്കിയിരിക്കെ നടത്തുന്ന മോഷണം. കള്ളൻ അത്ര സമർത്ഥൻ!

392. കണ്ണിൽ കുത്തിയിട്ട് കണ്ണുനീരിൻെറ കാരണം ചോദിക്കുന്നു.

മനഃപൂർവ്വം ദ്രോഹിച്ചു ദുഃഖിക്കുന്നവൻതന്നെ ദുഃഖകാരണം അന്വേഷിക്കുക.

393. കണ്ണിൽ കുരുവിനു കൈവിരൽ ഔഷധം.

നിസ്സാരമായ രോഗത്തിന് അതുപോലെ എന്തെങ്കിലും പ്രതിവിധി (ഔഷധം മതിയാകും.

394. കണ്ണിൽകൊണ്ട കൈ മുറിച്ചു കളയുമോ?

സ്വന്തം കൈ തന്നെ കണ്ണിൽക്കൊണ്ടു. വേദനിച്ചു. അതുകൊണ്ട് കൈ മുറിച്ചു കളയാറില്ലല്ലോ. വളരെ അടുത്തവരിൽ നിന്നും ചിലപ്പോൾ ചില്ലറ ശല്യങ്ങളുണ്ടായെന്നു വരാം. പക്ഷേ, അവരെ ദ്രോഹിക്കയോ ഉപേക്ഷിക്കയോ ചെയ്യുകയില്ല.

395. കണ്ണിൽക്കൊള്ളാനുള്ളതു പുരികത്തായി.

വരാനിരുന്ന വലിയ ആപത്ത്, ഒരു ചെറിയ നിസ്സാരമായ ഉപദ്രവംകൊണ്ടു തീർന്നു. ദൈവാധീനം.

396. കണ്ണെത്തുന്നിടത്ത് കാലെത്തുന്നില്ല.

കാണാം, ചെയ്യേണ്ടതെന്തന്നറിയാം. പക്ഷേ, അങ്ങോട്ടു ചെല്ലാനോ പ്രവർത്തിക്കാനോ ശരീര

ത്തിതു കഴിവില്ലാതായി. ആഗ്രഹമുണ്ടെങ്കിലും ചെയ്യാൻ വയ്യാ. ശരീരം ദുർബ്ബലമാകുന്ന വാർദ്ധക്യത്തിലെ സ്ഥിതിയാണിത്.

397. കഥയിൽ ചോദ്യമില്ല.

കഥയായാൽ അതിൽ കുറച്ച് അതിശയോക്തികളും അസംഭാവ്യതകളും മററും കാണും. അവയുടെ യുക്തിയെപ്പററി കേരംവിക്കാർ ചോദ്യം ചെയ്യാറില്ല. രസകരമായിരിക്കണം, അത്രമാത്രം.

398. കനം വയ്ക്കുന്നതുവരെ കടലാസ് പറക്കും.

കടലാസിനു ഭാരമില്ല. അതിനാൽ കാററത്തു പറന്നു നടക്കും. കടലാസിനു നനവോ മററോ ഭാരമുണ്ടായാൽ പിന്നെ അതു പറക്കയില്ല. ചുമതലയില്ലാത്തവർ അലഞ്ഞു തിരിഞ്ഞു നടക്കും. ചുമതലാഭാരം വരുമ്പോരം ആ ചപലതയൊക്കെ മാറി ഉറച്ചു നിന്നോളും.

399. കന്നിനു കാഞ്ഞിരവടി.

പശുവിനെ മേയ്ക്കാൻ എന്തെങ്കിലും ഒരു കമ്പ് (വടി) മതി. എന്നാൽ കന്നിന് (എരുമയ്ക്ക്) കാഞ്ഞിരവടി തന്നെ വേണം. സാധാരണ വടികൊണ്ടടിച്ചാൽ അതിന്നു നോവുകയില്ല; തോലിൻെറ കട്ടികൊണ്ട്. ഓരോന്നിനും അതതിൻെറ സ്വഭാവമനുസരിച്ചുള്ള ഉപകരണം വേണം.

400. കന്നിനും കാളയ്ക്കും കലപ്പ ഒന്നല്ല.

കന്നു കൂടുതൽ ശക്തിയുള്ള മൃഗമാണ്. കൂടുതൽ ഭാരം വഹിക്കാനതുരു കഴിയും. കാളയ്ക്കുപയോഗിക്കുന്ന കലപ്പ പോരാ കന്നിന്. ഉപയോഗിക്കുന്ന വസ്തുക്കരം ആളിൻെറ ഇണത്തിനും തരത്തിനുമനുസരിച്ചുള്ളതായിരിക്കണം.

401. കന്നിനെ കയം കാണിക്കരുത്.

വെള്ളത്തിലിറങ്ങിക്കിടന്നാൽ കന്ന് പിന്നെ കേറുകയില്ല. ആസക്തിയുള്ള വിഷയങ്ങളിൽ ഏർ

പ്പെട്ടാൽ അതിൽനിന്നും പിന്മാറുവാൻ പലർക്കും മനസ്സ് വരില്ല. അവരെ അത്തരം കാര്യങ്ങളോട് അടുപ്പിക്കാതിരിക്കയാണ് നല്ലത്.

402. കന്നില്ലാക്കൃഷിയും കണ്ണില്ലാപ്പെണ്ണും ഒരുപോലെ.

കന്നില്ലാതെ കൃഷി പ്രയാസമാണ്. കണ്ണില്ലാത്ത പെണ്ണിനെ കെട്ടുന്നവനും പ്രയാസം തന്നെ. ('കണ്ണില്ലാത്ത' എന്നാൽ അറിവില്ലാത്ത, വിവരമില്ലാത്ത—എന്നർത്ഥം.)

403. കണ്ടു കൂത്താടിയാൽ കാണാൻ രസം; കാള കൂത്താടിയാലോ?

കന്ന് (കിടാവ്) തുള്ളിച്ചാടി നടക്കുന്നതു കാണാൻ രസമാണ്. വലിയ കാള കൂത്താടുന്നതു കാണാൻ രസമില്ലല്ലോ. അവനവന്റെ പ്രായവും നിലയും നോക്കിയുള്ള പ്രവൃത്തികളെയേ മററുള്ളവർ ഇഷ്ടപ്പെടൂ. ശിശുവിനെപ്പോലെ യുവാവോ, യുവാവിനെപ്പോലെ വൃദ്ധനോ പെരുമാറിയാൽ ആരാണതിഷ്ടപ്പെടുന്നത്.

404. കന്നു ചെന്നാൽ കന്നിൻകൂട്ടത്തിൽ.

ഒരേ വർഗ്ഗത്തിൽപ്പെട്ടവർ ഒരുമിച്ചു കൂടുന്നു. ദുഷ്ടൻ ദുഷ്ടന്മാരോടും ശിഷ്ടൻ ശിഷ്ടന്മാരോടും ഒത്തുകൂടുവാൻ ആഗ്രഹിക്കുന്നു.

405. കമന്നു (കമഴ്ന്ന്) വീണാൽ കാൽപ്പണം.

ദുരാഗ്രഹികൾ ഏതവസരത്തിലും പണം കൈക്കലാക്കുന്നു. നിസ്സാര കാര്യത്തിനു പോലും അവനവനു പണം കിട്ടണം. കമഴ്ന്നു വീണാൽ എഴുന്നേല്ക്കുന്നതു പണവും കൊണ്ടായിരിക്കും. (ഭാഗ്യവാന്മാർക്കു ഏതവസരത്തിലും ഭാഗ്യംതന്നെ എന്നും അർത്ഥം പറയാം. കമഴ്ന്നടിച്ചു വീണാൽ അപ്പോഴും അവനു പണം, കൈയിൽ വരും.)

406. കയ്ച്ചിട്ട് ഇറക്കാനും മേലാ, മധുരിച്ചിട്ടു തുപ്പാനും മേലാ.

വെറുപ്പുള്ളതുകൊണ്ട് സ്വീകരിക്കാനും വയ്യാ, പ്രിയമുള്ളതുകൊണ്ടു തള്ളിക്കളയാനും വയ്യാ. കൊള്ളാനും തള്ളാനും വയ്യാത്ത സ്ഥിതി.

407. കരയാൻ മിടുക്കുള്ളവൻ കടുവായേയുമിണക്കും.

ദീനത കാണിച്ചും കരഞ്ഞും ഏതു ക്രൂരഹൃദയനെയും വശത്താക്കുന്ന സ്വഭാവം. കണ്ണുനീരുകൊണ്ടു കാര്യം സാധിക്കുന്നവർ.

408. കരയുന്ന കുഞ്ഞിനേ പാലുള്ളു.

തന്റെ ആവശ്യം മററുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലേ അവർ അതു നിറവേററിത്തരൂ. വിശപ്പുള്ള കുഞ്ഞ് കരയാതെ കിടന്നാൽ അമ്മപോലും ശ്രദ്ധിക്കയില്ല.

409. കരിക്കട്ട കഴുകുന്തോറും കറുക്കും.

ചെളിപോയി, നല്ല നിറം വരട്ടെ എന്നു വിചാരിച്ചാണ് കഴുകുന്നത്. എന്നാൽ കരിക്കട്ട സ്വതെ കറുത്തതായതിനാൽ കഴുകുന്തോറും കറുപ്പുകൂടി വരികയേ ഉള്ളു. എന്തൊക്കെച്ചെയ്താലും ദുർജ്ജനങ്ങളുടെ സ്വഭാവം മാററാൻ സാധിക്കയില്ല.

410. കരിമ്പു തിന്നാൻ കൈക്കൂലി വേണ്ടാ.

അന്യന്റെ പ്രേരണയും പ്രലോഭനവും ഒന്നും കൂടാതെ തന്നെ നല്ല കാര്യങ്ങൾ—ഇഷ്ടമുള്ള കാര്യങ്ങൾ—ചെയ്യുക സാധാരണമാണ്.

411. കരി വിററ പണം കറുത്തിരിക്കുമോ ?

തൊഴിൽ ഏതു ചെയ്താലും അതിൽ നിന്നും കിട്ടുന്ന പണം പണം തന്നെയാണ്.

412. കലക്കിയാലും കടൽ ചേറാകയില്ല.

അല്പന്മാരെ ദുഷിപ്പിക്കാൻ കഴിയും. മഹാശയന്മാരെ ദുഷിപ്പിക്കാൻ എളുപ്പമല്ല.

(ചെറിയ ജലാശയങ്ങരം കലക്കിയാൽ ചെളി കലങ്ങും. സമുദ്രത്തെ അങ്ങനെ കലക്കാൻ സാധ്യമല്ല.)

413. കലത്തിലുണ്ടെങ്കിലേ കൈയിൽ വരൂ.

കരുതി വച്ചിരുന്നാലേ ആവശ്യത്തിനെടുത്തു പ്രയോഗിക്കാൻ കഴിയൂ.

414. കല്ക്കണ്ടത്തിനു തലമുറിയും കടമുറിയുമുണ്ടോ ?

കല്ക്കണ്ടത്തിൻെറ എല്ലാ ഭാഗത്തിനും മധുരം തന്നെ. മുകരം ഭാഗമെന്നോ അടി ഭാഗമെന്നോ വ്യത്യാസമില്ല. എല്ലാ ഭാഗവും ഒരുപോലെ ആസ്വാദ്യമായ വസ്തുക്കളെക്കുറിക്കുന്നു ഈ ചൊല്ല്.

415. കൽക്കിണററിന് ഇരുമ്പുകുടം.

ശക്തനു ശക്തനുമായിട്ടുതന്നെ വേണം കൂട്ട്.

416. കല്യാണാഘോഷത്തിനിടയ്ക്ക് താലികെട്ടാൻ മറന്നുപോയി.

ആഡംബരവും ആഘോഷവും കുറവില്ല. പക്ഷെ, അതിനിടയ്ക്ക് വളരെ പ്രധാനപ്പെട്ട കാര്യം മറന്നുപോയി.

417. കല്ലിനെ കാററെടുക്കുമ്പോരം കരിയിലയെ വച്ചേക്കുമോ ?

ശക്തിയും ഉറപ്പും ഉള്ള വസ്തുവിനെ ഇളക്കുന്ന കാററ് കരിയിലയെ വച്ചേക്കുമോ ? വൻപന് ഇളക്കം തട്ടുമ്പോരം നിസ്സാരൻെറ കഥ പറയണമോ ?

418. കല്ലിൽ കടിച്ചാൽ പല്ലു പോകും.

ശക്തന്മാരോടെതിർക്കുന്ന അല്പ പ്രാണികളുടെ ഗതി, സ്വന്തം നാശം.

(കല്ലിലടിച്ചിട്ടു കൈകളയരുത്—എന്ന ചൊല്ലിനും ഇതുതന്നെ അർത്ഥം)

419. കല്ലിൽ നിന്നു തൊലിയുരിക്കാൻ കഴിയുമോ ?

സാധിക്കാത്ത കാര്യമാണിത്.

420. കവിടി സഞ്ചിയിലും കണിയാൻ തെരുവിലും.

ഉപകരണം ഒരിടത്ത്, ചെയ്യേണ്ട ആരം മറെറാരിടത്ത്. അങ്ങനെ കാര്യം നടക്കാതെ വരുന്നു.

421. കളയില്ലാത്ത വിളയില്ല.

വിളയിൽ എങ്ങനെയായാലും അല്പമൊക്കെ കള കാണും. ഒരു കുററവും പറയാനില്ലാത്തത് ഒന്നുമേയില്ല എന്നാശയം.

422. കളരികണ്ടില്ലെങ്കിലും ഗുരുക്കരം എന്നു ഭാവം.

കളരിയിൽ പോകയോ അഭ്യാസങ്ങരം വശമാക്കുകയോ ഒന്നും ചെയ്തിട്ടില്ല. എന്നാലും വലിയ ആശാനാണ് എന്നു ഭാവിക്കുന്നു. ഒന്നുമറിഞ്ഞുകൂടാത്തവൻ സർവ്വജ്ഞനാണ് താൻ എന്നു ഞെളിയുന്നു.

423. കളിയും ചിരിയും ഒന്നിച്ച്; വായും വയറും ഭിന്നിച്ച്.

കളിയ്ക്കാനും ചിരിക്കാനും വലിയ കൂട്ടാണ്. പക്ഷെ ഭക്ഷണം കഴിക്കുന്നത് വേറെ വേറെ. തനിക്കു നഷ്ടം വരുന്ന കാര്യത്തിൽ സ്നേഹവും സഖ്യവും ഒന്നുമില്ലാത്തവരുടെ സ്വഭാവം. (കളി വേറെ, കഞ്ഞികുടി വേറെ.)

424. കള്ളനെ വിരട്ടുവാൻ പിള്ള മതി.

ആരെങ്കിലും കാണുമോ എന്നു പേടിയോടുകൂടിയാണ് കള്ളൻ കക്കുന്നത്. അപ്പോരം ഒരു കൊച്ചു കുട്ടിയെക്കണ്ടാലും അവൻ പരിഭ്രമിക്കും. തെററു ചെയ്യുകയാണെന്നു ബോധ്യമുള്ളപ്പോരം നിസ്സാരന്മാരെപ്പോലും പേടിയാണ്.

425. കള്ളൻ കപ്പലിൽ തന്നെ.

കട്ടവൻ കൂട്ടത്തിൽ തന്നെയുണ്ടായിരിക്കും. മറെറങ്ങും അന്വേഷിക്കേണ്ടതില്ല. സ്നേഹം ഭാവിച്ചു നില്ക്കുന്ന സ്വന്തക്കാരൻ തന്നെയായിരിക്കും ചതി ചെയ്തത്.

426. കള്ളമനസ്സു കുറുകുറുക്കും.

കട്ടവന്റെ മനസ്സ് കുററബോധം നിമിത്ത. അസ്വസ്ഥമായിരിക്കും.

427. കള്ളവും കാട്ടുതീയും പടരും.

കാട്ടുതീ പെട്ടെന്നു പടർന്നു കത്തും. കള്ളം (മോഷണം) വേഗം പരസ്യമാകും.

428. കള്ളു കൊടുത്തു കോടി നേടുന്നതിനെക്കാൾ കർപ്പൂരം കൊടുത്തു കാൽപ്പണം നേടുന്നതു മെച്ചം.

നീചത്തൊഴിൽ കൊണ്ട് വലിയ ധനവാനാകുന്നതിനെക്കാൾ ശ്രേഷ്ഠമായ തൊഴിൽ കൊണ്ട് അല്പം സമ്പാദിച്ച് ഉപജീവനം കഴിക്കുന്നതാണ് നല്ലത്. ധനവാനാകുക എന്ന ലക്ഷ്യമല്ല, അതിനു കൈക്കൊള്ളുന്ന മാർഗ്ഗമാണ് പ്രധാനം.

429, കഴുക്കോലിനു നിലയില്ലെന്നും കട്ടതടഞ്ഞു നടന്നു കൂടെന്നും.

ഒരാൾ പറയുന്നു വളരെ അഗാധമാണ്, കഴുക്കോലിനുപോലും നിലയില്ലെന്ന്. മറെറാരാൾ പറയുന്നു വെള്ളം തീരെക്കുറവാണ്, കട്ടതടഞ്ഞിട്ട് നടക്കാൻ വയ്യാ എന്ന്. ഒരു കാര്യത്തെപ്പററി പലർ പരസ്പര വിരുദ്ധമായ അഭിപ്രായം പറയുന്നതിനുദാഹരണം.

430. കഴുതയറിയുമോ കുങ്കുമം!

കുങ്കുമം ചുമക്കുന്ന കഴുത കുങ്കുമത്തിന്റെ സുഗന്ധമറിയുന്നില്ല. ശ്രേഷ്ഠവസ്തുക്കളോടിടപെടുന്നുണ്ടെങ്കിലും അതിന്റെ ശ്രേഷ്ഠതയറിയാത്ത മൂഢന്മാരുടെ സ്വഭാവം. (കുങ്കുമത്തിന്റെ ഗന്ധമറിയാതെ, കുങ്കുമം ചുമക്കുംപോലെ ഗർദ്ദഭം.)

431. കഴുത കണ്ടാലുമങ്ങനെ, കരഞ്ഞാലുമങ്ങനെ.

കണ്ടാൽ ഭംഗിയില്ലെന്നുമാത്രമല്ല, എന്തെങ്കിലും പ്രവൃത്തി ചെയ്താൽ അതും മോശം. വിരൂപ

മായ ശരീരവും അതുപോലെതന്നെയുള്ള പ്രവൃത്തിയും.

432. കഴുത്തറുത്തു കാണിച്ചാലും കൺകെട്ട്.

കഴുത്തുമുറിച്ചു കാണിച്ചാൽ ഓ, അതു ഇന്ദ്രജാലമാണ് എന്നു പറയും ചിലർ. വളരെ ക്ലേശിച്ചും വേദന സഹിച്ചും എന്തെങ്കിലും ചെയ്താലും തീരെ നിസ്സാരമെന്നു പറയുന്ന സ്വഭാവം.

433. കഴുത്തിൽ രുദ്രാക്ഷം, കൈയിൽ കന്നക്കോൽ.

ഭക്തൻെറ വേഷവും ഭാവവും—പക്ഷെ, കള്ളൻെറ പ്രവൃത്തിയും.

434. കറന്നപാൽ അകിട്ടിൽ ചെല്ലുമോ ?

പ്രയോഗിച്ചു കഴിഞ്ഞാൽ പിന്നെ തിരിച്ചെടുക്കാൻ കഴികയില്ല.

435. കറവപ്പശുവിൻെറ ചവിട്ട് അഹിതമാകുമോ ?

ഉപജീവനത്തിന്നുള്ളതു തരുന്ന ആറം അല്പം ദ്രോഹിച്ചാലും അതു സഹിക്കാം. പശു പാൽ തരുന്നതിനാൽ അതൊന്നു ചവിട്ടിയാലും സാരമില്ലെന്നു കരുതും.

436. കറി സ്വാദറിയുമോ തവി.

നല്ല വസ്തുക്കളോട് എപ്പോഴും ബന്ധപ്പെട്ടു കഴിയുന്നു എങ്കിലും ആ വസ്തുക്കളുടെ മഹിമയും ഗുണവുമറിയാത്ത മൂഢന്മാരെ സൂചിപ്പിക്കുന്നു. കറിയിൽക്കിടക്കുന്ന തവി അതിൻെറ രുചിയറിയുന്നില്ലല്ലോ.

437. കറുത്തചോറായാലും വെളുത്ത മുഖമായിരിക്കണം.

കൊടുക്കുന്ന വസ്തു വിലയേറിയതോ നിസ്സാരമോ ആകട്ടെ, ഗുണമേറിയതോ കുറഞ്ഞതോ ആകട്ടെ സന്തോഷത്തോടുകൂടി കൊടുക്കണം. കൊടുക്കുന്ന വസ്തുവിൻെറ മേന്മയെക്കാറം കൊടുക്കുന്നയാളിൻെറ മനോഭാവമാണ് പ്രധാനം. (വല്ലവൻ വച്ചാലും നല്ലവൻ വിളമ്പണം.)

438. കറുത്ത മുഖവും വെളുത്ത ചോറും.

സന്തോഷമില്ലാതെ, ദുർമ്മുഖത്തോടുകൂടി കൊടുക്കുന്ന വസ്തു എത്ര തന്നെ ശ്രേഷ്ഠമായാലും വാങ്ങുന്നവർക്കു സന്തുഷ്ടിയുണ്ടാകുന്നില്ല.

439. കർക്കടകം കഴിഞ്ഞാൽ ദുർഘടം തീർന്നു.

കേരളത്തിൽ കർക്കടകം പഞ്ഞമാസമാണ്. അതു കഴിച്ചുകൂട്ടാൻ സാധാരണക്കാർക്കു ക്ലേശമനുഭവിക്കേണ്ടിവരുന്നു. കർക്കടകം കഴിഞ്ഞാൽ സമൃദ്ധിയുടെ ദിവസങ്ങളായി.

കാ

440. കാകനിരിക്കാൻ കൊമ്പുകൊടുത്താൽ മേലിൽ നമുക്കൊരു ദൂഷണമുണ്ടാം.

ഇരിക്കാൻ കമ്പുകിട്ടിയാൽ കാക്ക അതു സ്വന്തമാക്കും. അനർഹന്മാർക്കു ചെയ്യുന്ന സഹായം പിന്നീട് ചെയ്യുന്നവനുതന്നെ ഉപദ്രവമായിത്തീരും.

441. കാക്ക കുളിച്ചാൽ കൊക്കാകുമോ ?

എന്തൊക്കെച്ചെയ്താലും ജന്മനാഉള്ള രൂപവും സ്വഭാവവും മാറുകയില്ല.

442. കാക്കക്കൂട്ടിൽ കല്ലെറിയരുത്.

കാക്കകളെല്ലാംകൂടി ഇളകിവന്ന് ഉപദ്രവിക്കും. സംഘബലവും ഐകമത്യവും ഉള്ളവരിൽ ഒരാളെ ഉപദ്രവിച്ചാൽ സംഘം മുഴുവൻ പ്രത്യാക്രമണം നടത്തും.

443. കാക്കക്കൂട്ടിൽ കുയിൽ മുട്ടയിടും.

കാക്ക പ്രയാസപ്പെട്ടു കൂടുകെട്ടുന്നു. കുയിൽ അതിൽ മുട്ടയിടുന്നു. ഒട്ടും പ്രയാസപ്പെടാതെ സൂത്രത്തിൽ, അന്യൻെറ പ്രയത്നത്തിൽ നിന്നും സ്വന്തം കാര്യം നേടുന്ന വിരുതന്മാരുടെ സ്വഭാവം.

444. കാക്ക തിന്നുന്നതു കോഴിക്കു കണ്ടുകൂടാ.

ഒരാളുടെ നന്മ മററൊരാൾക്കു സഹിക്കുന്നില്ല.

445. കാക്ക തേടി; കുമ്പളത്തി ഉണ്ടു.

ഒരാൾ പ്രയത്നിച്ചുണ്ടാക്കിയത് മററൊരുവൻ അനുഭവിക്കുന്ന ഏർപ്പാട്. ഭോഷൻ കഷ്ടപ്പെട്ടു സമ്പാദിക്കുകയും സ്വാർത്ഥൻ തട്ടിയെടുത്തനുഭവിക്കയും.

446. കാക്കയ്ക്കും തൻ കുഞ്ഞു പൊൻ കുഞ്ഞ്.

ഏതു ജീവിക്കും സ്വന്തം കുഞ്ഞിനോടു വാത്സല്യമേറും. നിസ്സാരന്മാർക്കും സ്വന്തമായിട്ടുള്ളത് ശ്രേഷ്ഠമാണെന്നാണല്ലോ വിശ്വാസം.

447. കാക്കവായിലും പൊന്നിരിക്കും.

നിസ്സാരന്മാരുടെ വാക്കിലും ചിലപ്പോൾ മഹത്തായ തത്വങ്ങൾ അടങ്ങിയിരിക്കുന്നു.

448. കാച്ചിത്തല്ലുമ്പോൾ കൊല്ലനും കൊല്ലത്തിയും ഒന്ന്.

ജീവസ്പർശിയായ കാര്യം വരുമ്പോൾ പരസ്പര കലഹം ഉപേക്ഷിച്ച് ഒററക്കെട്ടായി പ്രവർത്തിക്കുന്നു.

449. കാടടച്ചു വലയിടുക.

വേട്ടയാടുമ്പോൾ മൃഗം എവിടെയാണെന്നു നിശ്ചയമില്ലെങ്കിൽ കാടടച്ചു വലയിടുന്നു. കള്ളൻ ഒരു സ്ഥലത്തുണ്ട്, പക്ഷെ എവിടെയെന്നു സൂക്ഷ്മമായറിഞ്ഞു കൂടാ. ആ അവസരത്തിൽ ആ സ്ഥലം മുഴുവൻ കാവൽ ഏർപ്പെടുത്തി പരിശോധിക്കുന്നു.

450. കാടാറുമാസം, നാടാറുമാസം.

വർഷത്തിൽ പകുതി വീട്ടിലും നാട്ടിലും ഉണ്ടായിരിക്കുക, പിന്നെയുള്ള കാലം എവിടെയെങ്കിലും ചുററിത്തിരിയുക—ഈ ജീവിതത്തെയാണ്

ഉദ്ദേശിക്കുന്നത്. സ്ഥിരമായി ഒരിക്കലും ഒരിടത്തും ഉണ്ടായിരിക്കുകയില്ല എന്നു ചുരുക്കം. (വിക്രമാദിത്യമഹാരാജാവ് ആറുമാസം നാട്ടിലും ആറുമാസം വിദേശങ്ങളിലുമായി കഴിച്ചു എന്നു കഥ.)

451. കാടിയായാലും മൂടിക്കുടിക്കണം.

സ്വന്തം ഇല്ലായ്മ മററുള്ളവരെ കാണിക്കരുത്. അന്യരിൽ നിന്നും മറച്ചാൽ താൻ കുടിക്കുന്നത് കാടിയാണെന്ന് അവർ അറിയുകയില്ലല്ലോ.

452. കാട്ടിക്കൊടു, കൂട്ടിക്കൊടു, മണ്ടിക്കള.

എഷണി പറഞ്ഞ് എന്തെങ്കിലുമൊക്കെ അപകടമൊപ്പിച്ചിട്ട് സ്ഥലം വിടുക. (ഒരുവനെ നന്നാക്കാൻ പല വിധത്തിൽ ശ്രമിച്ചിട്ട് സാധിക്കാതെ വന്നാൽ ആ ശ്രമം ഉപേക്ഷിച്ചുകളയുക എന്നും ചിലർ ഇതിനർത്ഥം പറയുന്നു.

453. കാട്ടിലെ തടി, തേവരുടെ ആന, വലിയടാ വലി.

ആർക്കും ചുമതലയുമില്ല എന്ന മട്ടിൽ പ്രവർത്തിക്കുക. തടിയോ ആനയോ സ്വന്തമല്ല. പിന്നെ ങ്ങോട്ടു വലിച്ചാലെന്ത്? എത്ര വലിച്ചാലെന്ത്?

454. കാട്ടിലെ രണ്ടു കിളികളേക്കാൾ കൈയിലുള്ള ഒന്ന് നല്ലത്.

കിട്ടാൻ സാദ്ധ്യതയുള്ളത് വളരെയായിരിക്കാം. എന്നാൽ കൈയില്ലുള്ളതു മാത്രമേ ആവശ്യത്തിന്നു പകരിക്കൂ,

455. കാട്ടുകോഴിക്കെന്തു സംക്രാന്തി?

സംക്രമം പുണ്യകാലമാണ്. മതാചാരങ്ങളറിയാവുന്നവർ ആ സമയത്താണ് വ്രതാനുഷ്ഠാനങ്ങൾനടത്തുന്നു. ധർമ്മചിന്തയോ സംസ്കാരമോ ഇല്ലാത്ത മൂഢന്മാരുണ്ടോ സംക്രമം ആചരിക്കുന്നു.

456. കാട്ടുരാജാവിനു കരടക മന്ത്രി.

ദുഷ്ടനായ യജമാനന് അതുപോലെ തന്നെയുള്ള സേവകൻ. ദുഷ്ടതയിൽ രണ്ടുപേരും തുല്യ സ്വഭാവക്കാർ.

457. കാണാൻകൊടുത്ത മുതലിന് വെള്ളിയാഴ്ചക്കുററം.

കാണാൻ എന്നു പറഞ്ഞ് വാങ്ങിയത് 'വെള്ളിയാഴ്ചയായതുകൊണ്ട് ഇന്നു തരില്ല' എന്ന് ന്യായവാദം പറഞ്ഞ് കൊടുക്കാതിരിക്കുന്ന സ്വഭാവം. എന്തെങ്കിലും മുടന്തൻ ന്യായം പറഞ്ഞ് തിരിച്ചു കൊടുക്കാതിരിക്കുക.

458. കാണാൻ പോകുന്ന പൂരം പറഞ്ഞു കേൾപ്പിക്കണോ?

അനുഭവത്തിൽ വരാൻ പോകുന്ന കാര്യം പറഞ്ഞറിയിക്കേണ്ടല്ലോ? അനുഭവിച്ചു തന്നെ അറിഞ്ഞുകൊള്ളും എന്നർത്ഥം.

459. കാണിക്കാൻ ഒരു പല്ല്, ചവക്കാൻ മററൊന്ന്.

പുറമേ കാണിക്കുന്നതും പ്രവർത്തിക്കുന്നതും വ്യത്യസ്തം. അകത്തൊന്ന് പുറത്തൊന്ന് എന്ന സ്വഭാവം.

460. കാണം വിററും ഓണം ഉണ്ണണം.

തനിക്കവകാശമുള്ള ഏതു വസ്തു വിൽക്കേണ്ടിവന്നാലും ഓണാഘോഷം, പ്രത്യേകിച്ചും, ഓണസദ്യ, മുടക്കാൻ പാടില്ല. കേരളീയർ എന്തു കഷ്ടനഷ്ടങ്ങൾ സഹിച്ചും ഓണം ഉണ്ടിരുന്ന കാലം ഉണ്ടായിരുന്നല്ലോ.

461. കാന്താരിയെന്തിനധികം

കാന്താരി ഒരു തരം മുളകാണ്. എരിവു വളരെ കൂടുതലുള്ളതുകൊണ്ട് ആഹാര പദാർത്ഥങ്ങളിൽ അല്പം മാത്രം ചേർത്താൽ മതി. പൊണ്ണന്മാരായ വളരെപ്പേർ വേണ്ടിവരുന്ന കാര്യത്തിന് വീര്യവും

ശൗര്യവുമുള്ള കൃശന്മാർ ഒന്നോ രണ്ടോ മതി എന്നർത്ഥം.

462. കാമത്തിനു കണ്ണില്ല.

വിഷയാസക്തി വർദ്ധിക്കുമ്പോഠം വിവേകം ഇല്ലാതാകുന്നു. അങ്ങനെയുള്ളവർക്ക് തെറേറത്, ശരിയേത് എന്നു തിരിച്ചറിയാൻ കഴിയാതെ വരുന്നു.

463. കായ്ച്ച മരമേ കല്ലേറു കൊള്ളൂ.

കായില്ലാത്ത മരത്തിൽ ആരും എറിയാറില്ല. സമ്പത്തുള്ളവന് അതു നിമിത്തം ചില ശല്യങ്ങളും സഹിക്കേണ്ടിവരുന്നു. ഇല്ലാത്തവനെ ശല്യം ചെയ്തിട്ടു ഫലമില്ലല്ലോ.

464. കാര്യം കാണാൻ കഴുതക്കാലും പിടിക്കണം.

കാര്യസാദ്ധ്യത്തിനു വേണ്ടി ചിലപ്പോഠം നിന്ദ്യമായ പ്രവൃത്തികഠം പോലും ചേയ്യേണ്ടതായി വരും. (നികൃഷ്ട ജന്തുവായ കഴുതയുടെ കാലു പോലും പിടിക്കേണ്ടിവരും. അതുപോലെ നിന്ദ്യന്മാരെപ്പോലും ആശ്രയിക്കേണ്ടിവരും.)

465. കാര്യം പറഞ്ഞാൽ മൂളിക്കേഠക്കണം.

ഗൗരവമുള്ള കാര്യങ്ങഠം പറയുമ്പോഠം അവ ശ്രദ്ധയോടുകൂടി കേഠക്കണം.

466. കാലത്തിനൊത്ത കോലം.

സന്ദർഭത്തിനനുസരിച്ചുള്ള നടപടി. അവസരത്തിനിണങ്ങും വിധമുള്ള പ്രവൃത്തി.

467. കാലനുമുണ്ടാകും കാലക്കേട്.

കാലക്കേടുകാരെക്കൊണ്ടുപോകുന്നവനാണല്ലോ കാലൻ, ആ കാലനുപോലും കഷ്ടകാലം വരുന്നു. എല്ലാവരെയും എല്ലാത്തിനെയും അധീനപ്പെടുത്തി ആധിപത്യം വഹിക്കുന്ന മഹാ ശക്തന്മാർ

പോലും ചില സംഗതികളിൽ ചിലപ്പോൾ അധീനരാകേണ്ടിവരും

468, കാലം നോക്കി വേല തുടങ്ങണം.

സമയം, പരിതഃസ്ഥിതി (പററിയ സമയം, കാലാവസ്ഥ, ധനസ്ഥിതി, കഴിവ് മുതലായവ) എന്നിവ നോക്കി വേണം ഏതുകാര്യവും തുടങ്ങുക. (കാലമേത്, മിത്രങ്ങൾ ആരെല്ലാമുണ്ട്. പ്രവർത്തിക്കേണ്ട സ്ഥലമേത്, ചെലവെന്ത്, വരവെന്ത്, തൻെറ സ്ഥിതിയെങ്ങനെയുണ്ട്, തൻെറ കഴിവെന്ത് ഈ കാര്യങ്ങൾ എല്ലാ സന്ദർഭത്തിലും ഓർക്കണം,

469. കാൽപ്പണത്തിൻെറ പൂച്ച മുക്കാൽ പണത്തിൻെറ പാൽ കുടിച്ചു.

വാങ്ങിയ വസ്തുവിൻെറ വില തുഛം. എന്നാൽ അതു മൂലം വന്ന ചെലവ് വളരെയധികം. (ചുണ്ടയ്ക്കാ കാൽപ്പണം, ചുമട്ടുകൂലി മുക്കാൽപ്പണം.)

470. കാൽ വിദ്യയും മുക്കാൽ തട്ടിപ്പും.

അറിവും കഴിവുമൊക്കെ വളരെ കുറവാണെങ്കിലും തട്ടിപ്പു കാണിച്ച് കാര്യം നടത്തുന്ന ആളുകളുടെ സ്വഭാവം.

471. കാശിക്കു പോയാലും കർമ്മം തുലയുകയില്ല.

മനഃശുദ്ധിയില്ലാത്തവൻ എത്ര പുണ്യസ്ഥലങ്ങൾ സന്ദശിച്ചാലും പ്രയോജനമില്ല.

472. കാശിക്കു പോയിട്ടും ഗംഗാസ്നാനം ചെയ്തില്ല.

വളരെ ക്ലേശം സഹിച്ച് കാശിയിൽ പോയി. എന്നാൽ കാശിയാത്രയുടെ പരമോദ്ദേശമായ ഗംഗാസ്നാനം ചെയ്തില്ല. ഇങ്ങനെയുള്ള ആളുകളെയാണ് 'തിർത്ഥക്കരപ്പാപികൾ' എന്നു പറയുന്നത്,

473. കാശില്ലാത്തവനു കീശയെന്തിന്?

പണമില്ലാത്തവനു പണപ്പെട്ടിയുടെ ആവശ്യമില്ല, സൂക്ഷിച്ചു വയ്ക്കാനുള്ള വസ്തു ഇല്ല, പി

ന്നെ അതിനുള്ള സ്ഥലസൗകര്യമുണ്ടാക്കാൻ ബദ്ധപ്പെടേണ്ടല്ലോ.

474. കാളപെററന്നുകേട്ടു കയറെടുക്കുക.

കേട്ട സംഗതി സംഭവിക്കുന്നതാണോ എന്നുപോലും ചിന്തിക്കാതെ, വീണ്ടുവിചാരമില്ലാതെ ഒരുക്കം കൂട്ടേണ്ടതില്ല. വിവേകശൂന്യരുടെ സ്വഭാവമാണിത്.

475. കാള വാലുപൊക്കുമ്പോഴറിയാം കാര്യം.

ഭാവം കാണുമ്പോഴംതന്നെ. എന്താണു പ്രവർത്തിക്കാൻ പോകുന്നത് എന്നു മനസ്സിലാക്കാൻ കഴിയു. കാള വാലുയർത്തുമ്പോൾ അറിയാമല്ലോ അത് ചാണകമിടാൻ തുടങ്ങുകയാണെന്ന്.

476. കാളി വിട്ടാലും പൂജാരി വിടില്ല.

മേലധികാരി ദയകാണിച്ചു. എന്നാൽ അദ്ദേഹത്തിൻെറ അനുയായികൾ (സേവകന്മാർ)ദയയില്ലാതെ ശല്യം ചെയ്തുകൊണ്ടിരിക്കുന്നു.
(ഭഗവതിയുടെ ഉപദ്രവം തീർന്നു. എന്നാൽ ദേവിയുടെ പൂജാരി ശല്യം തുടരുന്നു.)

477. കാർക്കോടകനു വിഷഭയം!

ഭയങ്കര വിഷമുള്ള സർപ്പമാണു കാർക്കോടകൻ. മറേറതെങ്കിലും ജന്തു തന്നെക്കടിച്ചു വിഷമേല്പിക്കുമെന്ന് കാർക്കോടകനു പേടിയില്ല. ദുഷ്കർമ്മത്തെ ഭയമില്ല.

478. കാറററിയാതെ തുപ്പിയാൽ ചെകിടറിയാതെ അടി കിട്ടും.

കാററിൻെറ ഗതിയറിയാതെ തുപ്പിയാൽ മററുള്ളവരുടെ മേൽ വീഴും. ഓർക്കാപ്പുറത്ത് അവരിൽനിന്ന് അടിയും കിട്ടും. പരിതഃസ്ഥിതിക്കു പ്രതികൂലമായി, ആശ്രദ്ധമായി പെരുമാറുന്നവർ അതിൻെറ ദുഷ്ഫലം ഉടനെ അനുഭവിക്കേണ്ടിവരും.

479. കാററിനെ പിടിച്ചുകെട്ടാൻ ഒക്കുമോ ?

ആരെയും വകവയ്ക്കാതെ തനിക്കു തോന്നിയ പോലെ നടക്കുന്നവനെ നിയന്ത്രിക്കുവാൻ ആരെക്കൊണ്ടും സാധ്യമല്ല.

480. കാററില്ലാതെ ഇല അനങ്ങുകയില്ല.

കാരണമില്ലാതെ കാര്യമില്ല.

481. കാററു വിതയ്ക്കുന്നവൻ കൊടുങ്കാററു കൊയ്യും.

അനാശാസ്യമായ പ്രവൃത്തിചെയ്യുന്നവന് അനാശാസ്യമായ ഫലം തന്നെയാണു കിട്ടുക. പലപ്പോഴും ദുഷ്പ്രവൃത്തികൾക്ക് അതിലെത്രയോ ഇരട്ടി ഭയങ്കരമായ പ്രത്യാഘാതങ്ങളായിരിക്കും ഉണ്ടാകുന്നത്.

482. കാററുള്ളപ്പോൾ തൂററണം.

നെല്ലു പതിരുപിടിക്കുന്നത് കാററുള്ളപ്പോൾ വേണം. കാററില്ലെങ്കിൽ നെല്ലും പതിരും വേർതിരിയുകയില്ല. നല്ല അവസരത്തിൽ പ്രവർത്തിച്ചാലേ ഉദ്ദിഷ്ടഫലം ലഭിക്കൂ എന്നു സാരം.

കി

483. കിടക്കാൻ കൊടുക്കാം; ഉറക്കാൻ കഴിയുമോ ?

വേണ്ട സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ കഴിയും. എന്നാൽ സ്വയം ചെയ്യേണ്ട കാര്യം നിർബ്ബന്ധിച്ചു ചെയ്യിക്കാൻ കഴിയുകയില്ല.

484. കടിച്ചതു കല്യാണം.

കിട്ടിയതു ലാഭം. നിസ്സാരമാണെങ്കിലു. കിട്ടിയതുകൊണ്ടു സംതൃപ്തി.

485. കിണററിലേ തവള കുളിച്ചു കിടക്കുന്നോ കുടിച്ചു കിടക്കുന്നോ ?

നിസ്സാരന്മാർ എങ്ങനെ ജീവിക്കുന്നു എന്ന് ആരും അന്വേഷിക്കുന്നില്ല. വെള്ളത്തിൽ ജീവിക്കുന്ന തവള വെള്ളത്തിനു ബുദ്ധിമുട്ടില്ല എന്നും അർത്ഥം പറയാം.

486. കിണററിൽ ആഴം നോക്കാൻ ആരാൻെറ കുഞ്ഞിനെ ഇറക്കുക.

അപകടമുള്ള പ്രവൃത്തികൾക്ക് സ്വന്തപ്പെട്ടവരെയല്ല, അന്യരെയാണ് ഏർപ്പെടുത്തുന്നത്. സ്വന്തക്കാരക്ക് ആപത്തു വരുന്നത് ആരും ഇഷ്ടപ്പെടുന്നില്ല.

487. കിണററിൽ മുങ്ങിയാൽ കുളത്തിൽ പൊങ്ങുക.

കബളിപ്പിച്ചിട്ടു കടന്നുകളഞ്ഞാൽ പിന്നെ മററവിടെയെങ്കിലും വച്ചായിരിക്കും കണ്ടു മുട്ടുന്നത്. കൗശലവും വഞ്ചനയുമാണു ഈ കൂട്ടരുടെ സ്വഭാവം.

488. കിണററിൽ വീണവൻെറ മീതെ കല്ലിടുക.

ആപത്തിൽപ്പെട്ടവനെ പിന്നെയും ഉപദ്രവിക്കുക.

489. കിണ്ടിയും കിണ്ണവും എണ്ണത്തിൽ കൂട്ടേണ്ട.

വില പിടിച്ച വസ്തുക്കളുടെ കണക്കു പറയുമ്പോൾ നിസ്സാര വസ്തുക്കളെ ഒഴിവാക്കുക സാധാരണം. ചെമ്പ്, വാർപ്പ് മുതലായ ജംഗമ വസ്തുക്കൾ വീതിച്ചെടുക്കുമ്പോൾ കിണ്ടിയും കിണ്ണവുമൊക്കെ കണക്കാക്കാറില്ല.

490. കിഴവനു ചോറും മുറത്തിനു ചാണകവും.

കിഴവൻെറ ആരോഗ്യത്തിന് ആഹാരം വളരെ പ്രധാനമാണ്. മുറം ഈടു നില്ക്കണമെങ്കിൽ ചാണകംകൊണ്ടു കൂടക്കൂടെ മെഴുകണം. കിഴവനും പഴയമുറവും ഒരുപോലെയാണ്. രണ്ടിനും സംരക്ഷണം കൂടിയേതീരൂ.

കീ

491. കീരത്തണ്ടുപിഴാൻ ഏലേലം പാടണോ ?
വലിയ മരം പിഴാനും ഭാരമുള്ള വസ്തുക്കാം വലിക്കാനും മററും അനേകം പേർ ഏലേലം വച്ച് ഒത്തു പിടിക്കേണ്ടിവരും. എന്നാൽ ഒരു ചീര പിഴാൻ അനവധി പേരുടെ ഒരുമിച്ചുള്ള പ്രയത്നം ആവശ്യമില്ല. ഒരു ചെറിയ കാര്യം ചെയ്യുന്നതിന് വലിയ കാര്യത്തിനാവശ്യമുള്ളതുപോലെ ഒരുക്കവും പ്രയത്നവും വേണ്ട എന്നർത്ഥം

492. കീഴുമേൽ മറിഞ്ഞാലും കിട്ടാനുള്ളതേ കിട്ടൂ.
എത്രയധികം ബഹളം കൂട്ടിയാലും പ്രയാസപ്പെട്ടാലും അർഹിക്കുന്നതുമാത്രമേ ലഭിക്കൂ.

493. കീർത്തി മൂർത്തിയേക്കാരം ശ്രേഷ്ഠം.
സൗന്ദര്യമുള്ള ശരീരത്തെക്കാരം അഭികാമ്യം സൽക്കീർത്തിയാണ്.

കു

494. കുഞ്ഞൻ വന്നാൽ പഞ്ഞം പോയി.
കടലിലേ മീൻ പിടിത്തക്കാർക്ക് ആദ്യം കിട്ടുന്നത് കുഞ്ഞൻ മത്തിയാണ്. അതു കിട്ടിത്തുടങ്ങിയാൽ തുടർന്ന് ധാരാളം മീൻ കിട്ടും. അതാടെ പഞ്ഞം മാറും. ഏതിനും ചില സൂചനകളും ലക്ഷണങ്ങളുമൊക്കെയുണ്ടല്ലോ.

495. കുഞ്ഞാങ്ങള ചത്താലും നാത്തൂന്റെ ദുഃഖം കാണണം.
നാത്തൂന്മാർ തമ്മിലുള്ള പോര് സൂചിപ്പിക്കുന്നു. സ്വന്തം സഹോദരൻ ചത്താലും വേണ്ടില്ല, അയാളുടെ ഭാര്യ ദുഃഖിക്കുന്നതു കാണുന്നതു സഹോദരിക്കു സന്തോഷം. തനിക്കു വലിയ കഷ്ടനഷ്ടങ്ങരം വന്നാലും മററുള്ളവർ ദുഃഖിക്കുന്നതിൽ സന്തോഷിക്കുന്നവരുടെ സ്വഭാവം.

496. കുടത്തിൻെറ വാ കെട്ടാം; മനുഷ്യൻെറ വാ കെട്ടാൻ മേലാ.

വിടുവായന്മാർ വകതിരിവില്ലാതെ എന്തെങ്കിലും പറഞ്ഞുകൊണ്ടിരിക്കും. അതു നിയന്ത്രിക്കുവാൻ പ്രയാസമാണ്.

497. കുടലെടുത്തു കാണിച്ചാലും വാഴനാര്!

എത്ര ആത്മാർത്ഥതയോടുകൂടി ബുദ്ധിമുട്ടി പ്രവർത്തിച്ചാലും അതിനെ നിസ്സാരമായി അവഗണിക്കുന്ന സ്വഭാവം.

498. കുടവയറൻെറ വിശപ്പും കോന്ത്രപ്പല്ലൻെറ ചിരിയും.

കുടവയറന് എത്ര വിശന്നാലും അവൻെറ വയർ ചൊട്ടുകയില്ല. കോന്ത്രപ്പല്ലൻ ചിരിച്ചാലും ഇല്ലെങ്കിലും പല്ലു വെളിയിൽ കാണും. രണ്ടും മററുള്ളവർക്കു മനസ്സിലാക്കാൻ കഴിയുകയില്ല.

499. കുടിച്ചു ചാകാൻ പോകുന്നവൻ വയ്ക്കോൽത്തുരുമ്പിലും പിടിക്കും.

അത്യാപത്തു വരുമ്പോഠം ഏതു നിസ്സാരൻെറയും സഹായം സ്വീകരിക്കും.

500. കുടിയറിഞ്ഞു പെണ്ണും മടിയറിഞ്ഞു ചെലവും.

കുടുംബസ്ഥിതിയറിഞ്ഞിട്ടേ പെണ്ണിനെ വിവാഹം ചെയ്തു കൊടുക്കാവൂ. അവനവൻെറ സാമ്പത്തികസ്ഥിതിയനുസരിച്ചേ ചെലവാക്കാവൂ.

501. കുടിയിരുന്ന വീട്ടിൽ കൊള്ളിവയ്ക്കരുത്.

ഉപകാരം ചെയ്തവരെയും ഉപകരിച്ച വസ്തുവിനെയും നശിപ്പിക്കരുത്.

502. കുടിക്കാനറിയാത്ത പൂച്ചയ്ക്കും കമിഴ്ത്താനറിയാം

പാലു കുടിക്കാത്ത പൂച്ച പാൽപ്പാത്രം കമിഴ്ത്തിക്കളഞ്ഞെന്നു വരാം. സ്വയം ഉപയോഗിച്ചില്ലെങ്കിലും നശിപ്പിച്ചു കളയുന്നവരുടെ സ്വഭാവം.

503. കുടുമയുണ്ടെങ്കിൽ നാലുവശത്തേക്കും കെട്ടാം.

തലമുടി ധാരാളമുണ്ടെങ്കിൽ എങ്ങനെ വേണമെങ്കിലും കെട്ടിവയ്ക്കാം. കൈയിൽ കോപ്പുണ്ടെങ്കിൽ (ധനമുണ്ടെങ്കിൽ) എന്തുവേണമെങ്കിലും ചെയ്യാം.

504, കുടം കടലിൽ മുക്കിയാലും അതിൽ കൊള്ളുന്നതേ കിട്ടൂ.

കടലിൽ ധാരാളം വെള്ളമുണ്ടെങ്കിലും കുടംകൊണ്ട് അതിൽ കൊള്ളുന്നത്രയേ മുക്കിയെടുക്കാൻ പററു. വിദ്യയും വിജ്ഞാനവും കടൽ പോലെ പരപ്പും ആഴവുമേറിയവ. പക്ഷേ, അല്പബുദ്ധിക്ക് അവൻെറ ചെറിയ മനസ്സിൽ ഉൾക്കൊള്ളാവുന്നത്രയേ ലഭിക്കൂ,

505. കുടം കമിഴ്ത്തിവച്ച് പുറത്തു വെള്ളമൊഴിക്കരുത്.

പ്രയോജനശൂന്യമായ പ്രവൃത്തി. (കുംഭത്തിൻെറ പുറത്തു പകർന്നിടു മംഭസ്സുപോലെ— എന്നു പൂന്താനം)

506. കുണ്ടിലെ തവളയ്ക്കു കുന്നിൻമേൽ മോഹം.

ഒരു കഴിവുമില്ലാത്ത അല്പന് അതിരു കടന്ന മോഹം. (കുണ്ടുകിണററിൽ തവളക്കുഞ്ഞിന് കുന്നിനുമീതേ പറക്കാൻ മോഹം)

507. കുതിര പാഞ്ഞാൽ വാൽ കൂടെക്കാണും.

നേതാവിനെ സദാ പിൻതുടരുന്ന അനുയായികൾ. ഒരിക്കലും വേർപിരിയുകയില്ല.

508. കുതിരയില്ലാത്ത നാട്ടിൽ കഴുത തമ്പുരാൻ.

ശക്തന്മാരും കേമന്മാരും ഇല്ലാത്തിടത്ത് നിസ്സാരന്മാർ കേമത്വം ഭാവിക്കുന്നു. (പൂച്ചയില്ലാത്തിടത്ത് എലി വെളിച്ചപ്പാട്. മൂക്കില്ലാത്തിടത്ത് മുറിമൂക്കൻ രാജാവ്.)

509. കുതിരയ്ക്കു കൊമ്പു കൊടുക്കില്ല.

ഉപദ്രവിക്കാൻ ഒരുങ്ങി നില്ക്കുന്നവർക്ക് അതിനുള്ള ഉപകരണം കൂടി കിട്ടിയാൽ സ്ഥിതി അതിഭയങ്കരമായിരിക്കുമല്ലോ. (അട്ടയ്ക്കു കണ്ണും കുതിരയ്ക്കു കൊമ്പും കൊടുക്കില്ല—എന്നു പഴമൊഴി.)

510. കുതിരയ്ക്കു വെള്ളം കാട്ടാം; കുടിക്കാൻ അതു തന്നെ വിചാരിക്കണം.

പരിതഃസ്ഥിതി ഒപ്പിച്ചു കൊടുത്തു സഹായിക്കാമെന്നല്ലാതെ സ്വയം ചെയ്യേണ്ട പ്രവർത്തി നിർബ്ബന്ധിച്ചു ചെയ്യിക്കാൻ സാധിക്കയില്ല.

511. കുത്തും തല്ലും ചെണ്ടയ്ക്ക്; ചോറു മാരാന്.

കഷ്ടപ്പാടനുഭവിക്കുന്നത് ഒരുവൻ; അതിന്റെ പ്രതിഫലം വാങ്ങിയനുഭവിക്കുന്നത് മറ്റൊരുവൻ.

512. കുനിഞ്ഞു കയറണം, ഞെളിഞ്ഞിറങ്ങണം.

ഏതു സ്ഥാനത്തും വിനയത്തോടുകൂടി പ്രവേശിക്കണം. തന്റെ പ്രവൃത്തി സമർത്ഥമായി നിർവ്വഹിച്ച് അഭിമാനത്തോടുകൂടി തലയുയർത്തിപ്പിടിച്ചുകൊണ്ടായിരിക്കണം അവിടെനിന്നും വിരമിക്കുന്നത്.

513. കുന്തക്കാരന്റെ വരവും കുരുത്തംകെട്ടവന്റെ ചെലവും.

കുന്തക്കാരൻ വരുമ്പോഴാണ് കുരുത്തം (ഗുരുത്വം) കെട്ടവൻ ചെല്ലുന്നത്. അവനു കുത്തും കിട്ടി. യാദൃശ്ചികമായിട്ട് രണ്ടും ഒത്തിരുന്നു.

കുന്തക്കാരൻ പണിയെടുത്തു സമ്പാദിക്കുന്നു; കുരുത്തംകെട്ടവൻ (കുന്തക്കാരന്റെ മകൻ) അതെല്ലാം ധൂർത്തടിക്കുന്നു—എന്നും അർത്ഥം.

514. കുന്തം കൊടുക്കയുമില്ല; താനൊട്ടു കുത്തുകയുമില്ല.

ചെയ്യുകയുമില്ല; ചെയ്യിക്കയുമില്ല. (പുൽക്കൂട്ടിലെ പട്ടിയേപ്പോലെ. തിന്നുകയുമില്ല, തീററുകയുമില്ല.)

515. കുന്തം പോയാൽ കുടത്തിലും തപ്പണം.

കുന്തം കുടത്തിൽ കാണുകയില്ലെന്നുറപ്പാണ്. എന്നാലും അവിടെയും തിരയണം. ഒരു വസ്തു കാണാതായാൽ എല്ലായിടത്തും തിരയണം, ഒരിടവും വിട്ടുകളയരുത്. ഉദ്ദേശിക്കാത്ത സ്ഥലത്തുനിന്നായിരിക്കും അതു കണ്ടുകിട്ടുന്നത്.

516. കുന്തം വിഴുങ്ങണം; വിലങ്ങത്തിൽതന്നെ വേണം താനും.

സാധിക്കാത്ത കാര്യം ഒരു വിധത്തിലും സാധിക്കാത്ത രീതിയിൽ ചെയ്യണമെന്ന നിർബ്ബന്ധ ബുദ്ധിയാണ് ഈ ചൊല്ലുകൊണ്ടുദ്ദേശിക്കുന്നത്. കുന്തം വിഴുങ്ങാൻ സാധിക്കയില്ല, അതു വിലങ്ങത്തിൽ വിഴുങ്ങാൻ ഒട്ടുമേ സാധ്യക്കയില്ല. അതിനു ശാഠ്യം പിടിച്ചിട്ടു കാര്യമില്ല.

517. കുന്നോളം പൊന്നു കൊടുത്താലും കുന്നിയോളം സ്ഥാനം കിട്ടാ,

ശ്രേഷ്ഠമായ പദവിയും മഹത്വവും മററും പണം കൊടുത്താൽ കിട്ടുന്നതല്ല.

518. കുപ്പ ചിനക്കിയാൽ ഓട്ടക്കലം.

നികൃഷ്ട സ്ഥലങ്ങളിൽ നിന്ന് നികൃഷ്ട വസ്തുക്കളെ കിട്ടുകയുള്ളൂ. കുപ്പ ചിനക്കുന്നതു കൊണ്ട് നല്ല വസ്തുക്കളൊന്നും ലഭിക്കില്ല. ആ പണിക്ക് പോകാതിരിക്കയാണു നല്ലത്.

519. കുപ്പയിലായാലും മാണിക്യം മാണിക്യംതന്നെ.

നികൃഷ്ട സ്ഥാനങ്ങളിലായാലും ശ്രേഷ്ഠ വസ്തുക്കളുടെ ശ്രേഷ്ഠത നശിക്കുന്നില്ല. (കുപ്പയിൽ കിടന്നാലും കനകം കനകംതന്നെ.)

520. കുമ്പിടാൻ പോയ ദൈവം തുറുകെ വന്നു.

ദൈവത്തെ കുമ്പിടാൻ പോയപ്പോൾ ആ ദൈവം ഇങ്ങോട്ടുതന്നെ വരുന്നു. യാദൃച്ഛികമായുണ്ടാകുന്ന ഭാഗ്യം, (തേടിയ വള്ളി കാലിൽ ചുററി— എന്നു പറയുന്നതുപോലെ)

521. കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും നെല്ലുണ്ടാകും.

കുംഭമാസത്തിലെ മഴ കൃഷികൾക്കെല്ലാം വളരെ ഗുണകരമത്രെ.

522. കുരങ്ങിന് ഏണിചാരണ്ട.

കുരങ്ങിനു ജന്മനാ ഉള്ള സ്വഭാവമാണ് മരം കേററം. അതിന് ഏണിവച്ചു കൊടുക്കേണ്ട കാര്യമില്ല. ആരും പഠിപ്പിച്ചു കൊടുക്കാതെ തന്നെ പ്രകൃത്യാ ഉള്ള സ്വഭാവങ്ങൾ ഏതു ജീവിയും കാണിക്കും. (സ്വതെ ചപലത കാട്ടുന്നവനു പ്രോത്സാഹനം കൂടിയുണ്ടായാൽ ചാപല്യം വർദ്ധിക്കും എന്നും അർത്ഥമുണ്ട്. സ്വതെ മരം കേറിയാണ്. ഏണികൂടി വച്ചുകൊടുത്താൽ കേററത്തിനു കുറെക്കൂടി സഹായമാകുമല്ലോ.)

523. കുരങ്ങിൻെറ വയററിൽ കുഞ്ഞ്ജരം പിറക്കുമോ ?

ചപല സ്വഭാവികളിൽ നിന്ന് ശ്രേഷ്ഠതയുള്ളവയുണ്ടാകയില്ല. അല്പന്മാരിൽ നിന്നും അല്പത്വമേ ഉണ്ടാകയുള്ളു.

524. കുരയ്ക്കും പട്ടി കടിക്കയില്ല.

അധികം സംസാരിക്കുന്നവരും ബഹളം കൂട്ടുന്നവരും പ്രവൃത്തിയിൽ പിന്നോക്കമായിരിക്കും. കുര സംസാരവും കടി പ്രവൃത്തിയും.

525. കുരുടനെ കണ്ണിൻെറ വിലയറിയൂ.

കണ്ണുള്ള ആൾ കണ്ണിൻെറ വിലയറിയുകയില്ല. കൈയിലുള്ള വിശിഷ്ട വസ്തുവിൻെറ വിലയ

റിയുന്നില്ല. അതു നഷ്ടപ്പെടുമ്പോഴാണ് എത്ര അമൂല്യമായിരുന്നു അതെന്നു മനസ്സിലാകുന്നത്.

526. കുരുടിക്കു മിഴിയും മലടിക്കു മകനും.

കുരുടിക്കു മിഴി ലഭിക്കുക, മലടിക്കു (മച്ചിയ്ക്ക്. പ്രസവിക്കാത്ത സ്ത്രീക്ക്) സന്താനമുണ്ടാകുക— ഇതിനെക്കാൾ വലിയ മഹാഭാഗ്യം വേറെയേതുണ്ട്? അതുപോലെയുള്ള ഭാഗ്യം ഉണ്ടാകുന്ന അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്.

527. കുരുന്നിലേനുള്ളാഞ്ഞാൽ കോടാലിക്കു. അറുമ്പ.

ദുസ്വഭാവങ്ങൾ ചെറുപ്പത്തിലേ ശിക്ഷണം കൊണ്ട് മാററാം. പക്ഷെ, പ്രായമായിക്കഴിഞ്ഞാൽ ഒരു വിധത്തിലും മാററാൻ കഴിയുകയില്ല.

528. കുല തൊടാറായപ്പോൾ തളപ്പ് അററുപോയി.

ഉദ്ദേശിച്ച ഫലം കിട്ടാറായി. തുടർന്നു പ്രവർത്തിക്കാൻ കഴിയാതെവന്ന് പരിശ്രമം വിഫലമായി. (തെങ്ങുകയററക്കാരൻ തെങ്ങിൽ കയറി കുലയിൽ തൊടാറായപ്പോൾ തളപ്പു മുറിഞ്ഞു. പിന്നെ കയറാനോ തേങ്ങായിടാനോ കഴിഞ്ഞില്ല.)

529. കുശവനു പല നാളത്തെ വേല; പടിക്കാരന് അരനാഴികനേരത്തേ വേല.

കുശവൻ വളരെ നാൾ പണിയെടുത്തിട്ടാണ് മൺപാത്രം ഉണ്ടാക്കിയെടുക്കുന്നത്. എന്നാൽ പടിക്കാരന് ഒററയടിക്ക് അതു തകർത്തുകളയാൻ കഴിയും. വളരെ നാളത്തെ അധ്വാനത്തിൻെറ ഫലം തകർത്തുകളയാൻ ഒരു അവിവേകിക്കു കഴിയും.

530. കുളത്തിലുണ്ടെങ്കിലേ മടയിൽ പായൂ.

കുളത്തിൽ വെള്ളം നിറച്ചുണ്ടെങ്കിലേ മടയിൽ കൂടി ഒഴുക്കാൻ സാധിക്കയുള്ളു. സമ്പത്തു മുത

ലായവ ഉള്ളവനിൽ നിന്നു മാത്രമേ ആവശ്യക്കാർക്കു ലഭിക്കയുള്ളു.

531. കുളത്തിൽ വരുന്ന താമരയ്ക്കും മീനിനും മണം രണ്ട്.

ഒരിടത്തു വളരുന്നു; സാഹചര്യങ്ങളും ഒരുപോലെ. പക്ഷെ, രണ്ടു വർഗ്ഗത്തിൽപ്പെടുന്നവയാകയാൽ ഗുണത്തിൽ വ്യത്യസ്തങ്ങളായിരിക്കുന്നു. (ഉല്പം, താമര, ആമ്പൽ, മത്സ്യം ഇവയെല്ലാം ഒരിടത്താണുണ്ടാകുന്നത്. എന്നാൽ അവയ്ക്ക് ഓരോ വ്യത്യസ്ത ഗന്ധമാണുള്ളത്.)

532. കുളിപ്പിച്ചാലും പന്നി ചേററിൽ.

നന്നാക്കാൻ എത്ര ശ്രമിച്ചാലും ദുർജ്ജനങ്ങൾ (നികൃഷ്ടന്മാർ) അവരുടേതായ നികൃഷ്ട ജീവിതം നയിക്കുന്നതിനാണ് താത്പര്യം കാണിക്കുന്നത്.

533. കുളിപ്പിച്ചു കുളിപ്പിച്ചു കുഞ്ഞില്ലാതായി.

ഒരു വസ്തുവിൻെറ വൃത്തിയിലും ഭംഗിയിലും അത്യധികം ശ്രദ്ധയും നിഷ്കർഷയും കാണിക്ക നിമിത്തം ആ വസ്തു തന്നെ നാമാവശേഷമായിപ്പോകുന്നു.

534. കുഴിയാന മദിച്ചാൽ കൊലയാനയാകുമോ?

അല്പന്മാർ വമ്പു കാണിച്ചഹങ്കരിച്ചതുകൊണ്ട് കേമന്മാരാകയില്ല,

535. കുറക്കുടം കുത്താടും.

നിറയാത്ത കുടത്തിലെ വെള്ളം അങ്ങോട്ടുമിങ്ങോട്ടുമിളകും. അതനുസരിച്ച് കുടത്തിനും ചാഞ്ചാട്ടമുണ്ടാകും. പൂർണ്ണമായ അറിവില്ലാത്തവർക്കാണ് ഇളക്കവും ചാഞ്ചാട്ടവും ഉണ്ടാവുന്നത്. (നിറകുടം തുളുമ്പുകയില്ല—എന്നത് ഇതിനു വിപരീതമായ പഴഞ്ചൊല്ലാണ്.)

536. കുറച്ചുണ്ടാലും നിറച്ചുറങ്ങണം.

ആഹാരം അല്പം കുറഞ്ഞാലും ഉറക്കം (വിശ്രമം) ഒട്ടും കുറയാൻ പാടില്ല.

537. കുറിക്കു വച്ചാൽ മതിൽക്കലെങ്കിലും കൊള്ളും.

ഭിത്തിയിൽ അടയാളപ്പെടുത്തിയ ലക്ഷ്യത്തിലേക്ക് അമ്പോ വെടിയുണ്ടയോ പ്രയോഗിക്കുന്നു. അത് ലക്ഷ്യത്തിൽ കൊണ്ടില്ലെങ്കിലും ഭിത്തിയിലെങ്കിലും കൊള്ളണം. ഒരു കാര്യം ഉദ്ദേശിച്ചു പ്രവർത്തിക്കുമ്പോൾ മുഴുവൻ ശരിയായില്ലെങ്കിലും കുറെയൊക്കെ ഒപ്പിക്കണം.

538. കുറുക്കന്റെ കണ്ണ് കോഴിക്കൂട്ടിൽ.

എപ്പോഴും തൻകാര്യം മാത്രം നോക്കുന്ന സൂത്രശാലികളെയാണ് 'കുറുക്കൻ' എന്നതുകൊണ്ടുദ്ദേശിക്കുന്നത്. കുറുക്കൻ എവിടെ നിന്നാലും എന്തു ചെയ്താലും അവന്റെ കണ്ണ് കോഴിക്കൂട്ടിലായിരിക്കും. അതുപോലെ സൂത്രശാലികൾ അവർക്കു പ്രിയപ്പെട്ട വസ്തു തട്ടിയെടുക്കാനാ എപ്പോഴും ലാക്കു നോക്കുന്നത്.

539. കുറക്കന്റെ കല്യാണം; കഴുതയുടെ പാട്ടുകച്ചേരി.

രണ്ടും കാട്ടുജന്തുക്കൾ. ഒന്നു കള്ളസൂത്രക്കാരൻ; മററത് മന്ദബുദ്ധി. കഴുതയുടെ കർണ്ണകഠോരമായ ശബ്ദം പ്രസിദ്ധമാണ്. കല്യാണവും പാട്ടും ഒരുപോലെ കേമം! ചേരേണ്ടതുപോലുള്ള ചേർച്ച.

540. കുറപ്പിന്നും കുത്തു പിഴയ്ക്കും.

നല്ല അഭ്യാസമുള്ള ആശാനുപോലും ആയുധപ്രയോഗത്തിൽ ചിലപ്പോൾ പിഴവു പററാവുന്നതാണ്. അതി സമർത്ഥന്മാർക്കും അബദ്ധം പററും.

541. കുററം പറഞ്ഞാൽ ഇഷ്ടം കുറയും.

ഒരാൾക്കുള്ള ദോഷം അയാളുടെ മുഖത്തു നോക്കിപ്പറയുന്നവനോട് അയാൾക്ക് ഇഷ്ടം ഉണ്ടാകയില്ലല്ലോ. മുഖം നോക്കാതെ സത്യം പറയുന്നവരെ

യും സദുപദേശം നല്കുന്നവരെയും പലരും ഇഷ്ടപ്പെടുന്നില്ല. മുഖസ്തുതിക്കാരെ ഇഷ്ടപ്പെടുകയും ചെയ്യുന്നു.

542. കുററം മറയ്ക്കാൻ മറെറാരു കുററം

ഒരു കുററം മറച്ചു വയ്ക്കാൻ വേണ്ടി പിന്നെയും പിന്നെയും കുററംചെയ്യാറുണ്ട്. (ഉദ്യോഗസ്ഥന്മാർ അഴിമതി എന്ന കുററം ചെയ്യുന്നു; അതു തെളിയാതിരിക്കാൻവേണ്ടി ബന്ധപ്പെട്ട രേഖകൾ നശിപ്പിക്കുക എന്ന മറെറാരു കുററം ചെയ്യേണ്ടിവരുന്നു.)

കൂ

543. കൂഞ്ഞോളം ചെത്തിയാൽ ചുള ഒന്ന്.

ചക്ക അതിൻെറ ഉള്ളിലേ കൂഞ്ഞുവരെ ചെത്തിയാൽ കിട്ടുന്നത് ഒരു ചുളയാണ്. വളരെ പ്രയത്നിച്ചിട്ടും കിട്ടിയത് അത്യല്പം മാത്രം. പ്രയത്നത്തിനനുസരിച്ചു ഫലം കിട്ടുന്നില്ല.

544. കൂടെക്കിടക്കുന്നവനു രാപ്പനിയറിഞ്ഞുകൂടെ?

എപ്പോഴും അടുത്തിടപെടുന്നവർക്ക് സ്ഥിതിഗതികൾ അറിയാൻ കഴിയും. (കൂടെക്കിടക്കുന്നവർക്കേ രാപ്പനിയറിയാവൂ)—എന്നും പറയും.

545 കൂടെ നടക്കുകയും കാലിൽ ചവിട്ടുകയും.

എപ്പോഴും കൂട്ടുകൂടി, സ്നേഹം ഭാവിച്ചു നടക്കുകയും തരം കിട്ടുമ്പോൾ ചതിക്കയും ചെയ്യുന്ന സ്വഭാവം.

546. കൂടം ചുട്ടെറിഞ്ഞാൽ കുളത്തിനു തീ പിടിക്കുമോ?

ഇരുമ്പുകൂടം ചുട്ടു പഴുപ്പിച്ച കുളത്തിലിട്ടാൽ അതു തണുത്തുപോകുമെന്നല്ലാതെ കുളത്തിനു തീ പിടിക്കയില്ലല്ലോ. അല്പന്മാർ അവരുടെ അ

ല്പശക്തി പ്രയോഗിച്ചാലൊന്നും മഹത്തുക്കളോടു ഫലിക്കയില്ല. അവർക്കുതന്നെ ഹാനി സംഭവിക്കയേയുള്ളൂ.

547. കൂട്ടത്തിൽ പാടാനും വെള്ളത്തിൽ പൂട്ടാനും ആർക്കും കഴിയും.

പാട്ടറിഞ്ഞുകൂടാത്തവനും ശബ്ദം നന്നല്ലാത്തവനും അനേകം പേർ പാടുമ്പോൾ അവരോടൊത്തു പാടാം. തനിച്ചു പാടുമ്പോഴാണ് അതിൻെറ അഭംഗി മററുള്ളവർ മനസ്സിലാക്കുന്നത്, വെള്ളത്തിൽ ഉഴാനും പ്രയാസമില്ല. നിലം ഇളകിയോ എന്ന് ആരും അറിയുകയില്ലല്ലോ. പണിയറിഞ്ഞുകൂടാത്തവനും കൂട്ടത്തിൽ ചേർന്നു പണിയെടുക്കാം. ശരിയായി അറിയാവുന്നവനേ ഒററയ്ക്കു പണിയെടുത്ത് മററുള്ളവരുടെ പ്രശംസയ്ക്കു പാത്രമാകാൻ കഴിയൂ.

548. കൂത്തുകണ്ട കണ്ണിൽ കുറവർകളി കാണുക.

വിശിഷ്ടമായ കാഴ്ചകൾ കണ്ടിട്ടുള്ളവർ നികൃഷ്ടമായ കാഴ്ചകൾ കാണുമ്പോഴത്തെ അവസ്ഥ.

549. കൂത്തുമാടത്തിൽ കുറവർ കളി.

ശ്രേഷ്ഠകർമ്മങ്ങൾ നടത്തേണ്ട സ്ഥാനത്ത് പ്രാകൃത കർമ്മങ്ങൾ നടത്തുക. (കൂത്ത് വിദ്യാഭ്യാസമുള്ളവർക്കു രസിക്കും. കുറവർകളി പ്രാകൃതമായ ഒരു കലയാണ്. താഴെക്കിടയിലുള്ള 'ജന'മാണ് അതിഷ്ടപ്പെടുന്നത്.)

550. കൂനൻെറ നിഴലും കൂനിയിരിക്കും.

ഒരുവൻെറ വൈരൂപ്യവും വൈകല്യവും നിഴലിലും പ്രതിഫലിക്കുമല്ലോ. ആൾ എങ്ങനെയോ അതുപോലിരിക്കും നിഴലും. വൈരൂപ്യം മനസ്സിനും ബാധകമാണ്. ദുഷ്ടൻെറ ദുഷ്ട അവൻെറ എല്ലാ പ്രവർത്തിയിലും തെളിഞ്ഞുകാണും.

551. കൂലി കിട്ടുന്നതുവരെ വേലി നില്ക്കണം.

കൂലി കിട്ടിക്കഴിഞ്ഞാൽ പിന്നെ വേലി വീണു പോയാലും കൂലിക്കാരനൊന്നും വരാനില്ല. ആത്മാർത്ഥതയില്ലാത്ത കൂലിക്കാരുടെ സ്വഭാവമാണിത്. ചെയ്യുന്ന പണി നന്നായിരിക്കണമെന്നൊന്നുമില്ലാതെ സ്വന്തം കാര്യലാഭം മാത്രമുദ്ദേശിച്ചു ജോലി ചെയ്യുന്നവർ ധാരാളമുണ്ട്.

552. കൂററൻ മരവും കാററത്തിളകും.

ചില ആപൽഘട്ടങ്ങളിൽ ശക്തന്മാർ പോലും അശക്തന്മാരെപ്പോലെ ഉലഞ്ഞുപോകുന്നു.

കെ

553. കെടാറാകുമ്പോൾ പടുതിരി കത്തും

വിളക്കിലെ എണ്ണ തീരുമ്പോൾ തിരി പടർന്നു കത്തുന്നു. നാശമടുക്കുമ്പോൾ കൂടുതൽ പ്രതാപം കാണിക്കുന്നു.

554. കെട്ട കാലത്തു കെട്ട ബുദ്ധി.

കഷ്ടകാലത്തു ദുർബുദ്ധികളൊക്കെ തോന്നും. (വിനാശകാലേ വിപരീതബുദ്ധി)

555. കെട്ടവന് ഇട്ടാൽ ഇട്ടവനും കെടും.

ദുഷ്പ്രവൃത്തികൾകൊണ്ടു നശിക്കുന്നവനെ സഹായിക്കാനൊരുമ്പെട്ടാൽ, സഹായിക്കുന്നവനും നാശം തന്നെ ഫലം.

556, കെട്ടവനു കൂററുകാരില്ല.

ഗതികെട്ടവനെ കൂട്ടുകാരും ഉപേക്ഷിക്കുന്നു.

557. കെട്ടാലും ചെട്ടി ചെട്ടി തന്നെ; പട്ടാലും പട്ടു പട്ടു തന്നെ.

ക്ഷീണം സംഭവിച്ചു എന്നു വച്ച് ചെട്ടിയുടെ നിലയും വിലയും ഇല്ലാതാവുകയില്ല. പട്ട് കീറി

യാലും (ജീർണ്ണിച്ചാലും) അതിൻെറ ശ്രേഷ്ഠതയ്ക്കു കുറവില്ല. ശ്രേഷ്ഠന്മാർക്കു ക്ഷീണം സംഭവിച്ചാലും അവരുടെ സ്ഥാനവും ശ്രേഷ്ഠ സ്വഭാവവും ഇല്ലാതാകുന്നില്ല.

558. കെട്ടിയ വീടിന് എട്ടു കുററം.

ഒരാറം വച്ച വീടിന് മററുള്ളവർ ധാരാളം കുററങ്ങാറം കണ്ടുപിടിക്കും. തനിക്കു കഴിയാത്ത ഒരു നല്ല കാര്യം ചെയ്യുമ്പോറം അതിനു കുററം പറയുന്നു. അസൂയാലുക്കളുടെ സ്വഭാവമാണിത്. അവനവൻ ചെയ്യുമ്പോഴേ പ്രയാസമറിയൂ.

559. കെൽപ്പുള്ളവനും കൈപ്പിഴ പററും.

ശക്തിയും സാമർത്ഥ്യവുമുള്ളവർക്കും ചിലപ്പോറം അബദ്ധം പററിയെന്നിരിക്കും. തെററു പററാത്തവർ ആരുമില്ല..

കേ

560.. കേളിക്കു പൊന്നോല; കാഴ്ചയ്ക്കു തെങ്ങോല.

പൊന്നോലയാണെന്ന് വല്ലവരും പറഞ്ഞു കേട്ടറിയുന്നു. നേരിട്ടു കാണുമ്പോറം അതു വെറും തെങ്ങോലയാണെന്ന് മനസ്സിലാകുന്നു. കേട്ടറിഞ്ഞ മഹിമ വിശ്വാസ്യമല്ല. നേരിട്ടറിയുമ്പോറം വസ്തുവിൻെറ അല്ലെങ്കിൽ കാര്യത്തിൻെറ നിസ്സാരത ബോധ്യപ്പെടുന്നു.

561, കേറക്കാത്തവൻ ചത്താൽ ദുഃഖമില്ല.

ഒരു പരിചയവുമില്ലാത്ത ആരോ ഒരാറം മരിച്ചു എന്നു കേട്ട് ആരും ദുഃഖിക്കുന്നില്ല.

562, കേറക്കാൻ വേഗവും വാക്കിനു താമസവും.

കേറക്കുന്നതു വേഗത്തിൽ മനസ്സിലാക്കണം. ശ്രദ്ധിച്ച്, തിടുക്കം കൂടാതെ സംസാരിക്കുകയും

വേണം. കേറംക്കുന്ന കാര്യത്തെപ്പററി ചിന്തിക്കാതെ എന്തെങ്കിലും ഒരുപാടു സംസാരിക്കുന്നതു നല്ലതല്ല.

കൈ

563. കൈ കൊക്കര; വാ ശർക്കര.

മധുരമായി സംസാരിക്കയും ക്രൂരമായി പ്രവർത്തിക്കയും ചെയ്യുന്ന സ്വഭാവം.

564. കൈയ്യ്ക്ക് എത്തി; വായ്ക്ക് എത്തിയില്ല.

കൈയിൽ കിട്ടി; പക്ഷേ, അതനുഭവിക്കാൻ കഴിഞ്ഞില്ല. അധ്വാനിച്ചു പ്രവർത്തിച്ച് സമ്പത്തുണ്ടാക്കിയിട്ട് അതനുഭവിക്കാൻ കഴിയാത്ത അവസ്ഥ.

565. കൈതയുടെ കായ്ക്കും മുള്ളുണ്ട്.

കൈതയ്ക്കു മുള്ളുണ്ട്. അതിൻെറ കായ്ക്കു ആ സ്വഭാവം തന്നെ. മുള്ള് ദ്രോഹപ്രവൃത്തിയെക്കുറിക്കുന്നു. ദ്രോഹബുദ്ധിയുള്ള ദുഷ്ടന്മാരും ആ സ്വഭാവം തുടരും.

566. കൈ നനയാതെ മീൻ പിടിക്കുക.

കഷ്ടപ്പെടാതെ നേട്ടമുണ്ടാക്കുക.

567. കൈയറുത്താൽ കയിൽ കെട്ടി മോഷ്ടിക്കും.

മോഷ്ടിച്ചതിന് കൈ മുറിച്ചു കളഞ്ഞു. കൈ നഷ്ടപ്പെട്ടതിനാൽ, പിന്നെ മോഷ്ടിക്കയില്ലെന്നു വിചാരിച്ചു. പക്ഷേ, കള്ളൻ അവൻെറ കൈയിൽ ഒരു തവി വച്ചു കെട്ടി വീണ്ടും മോഷണം തുടർന്നു. ദുഷ്ടൻ എത്ര കടുത്ത ശിക്ഷ കിട്ടിയാലും ദുഷ്ടത നിർത്തുകയില്ല, തുടരുകതന്നെ ചെയ്യും.

568. കൈയാടിയാലേ വായാടൂ.

അധ്വാനിച്ചാലേ ആഹാരത്തിനു വകയുണ്ടാകയുള്ളൂ.

569. കൈയിലിരുന്നാൽ കാലത്തുതകും.

ആവശ്യമുള്ളപ്പോൾ ഉപകരിക്കണമെങ്കിൽ കരുതിവച്ചിരിക്കണം, ആവശ്യം വരുമ്പോൾ അന്വേഷിച്ചാൽ പോരാ.

570. കൈയിലിരുന്നാൽ പോരാ കാണിക്കണം.

അറിവോ വിദ്യയോ ഉണ്ടായാൽ പോരാ, അതു വേണ്ട സന്ദർഭത്തിൽ പ്രകടിപ്പിക്കയും വേണം.

571. കൈയിലെക്കാശ്; വായിലെ ദോശ.

കൈയിൽ പണമുണ്ടെങ്കിൽ ആവശ്യമുള്ള വസ്തു പ്രയാസം കൂടാതെ ലഭിക്കുന്നു. കടം പറഞ്ഞാൽ കിട്ടിയില്ലെന്നു വരും. റെഡിയായ ഇടപാട് എന്നും അർത്ഥമുണ്ട്.

572. കൈയിൽ കനകം വച്ചു കാക്കപ്പൊന്നിനു പോകരുത്.

ഏററവും നല്ല, വിലയേറിയ വസ്തു കൈയിലുള്ളപ്പോൾ നിസ്സാരമായ, തല്ക്കാലത്തേക്ക് അല്പമൊരു മിനുക്കം മാത്രമുള്ള വസ്തുവിൽ ഭ്രമിക്കുന്നത് ബുദ്ധിശൂന്യതയാണ്.

573. കൈയിൽ കിടന്ന കാശു കൊടുത്ത് കടിക്കുന്ന പട്ടിയെ വാങ്ങി.

ധനം നഷ്ടപ്പെടുകയും ചെയ്തു ആപത്തു വരുത്തിവയ്ക്കുയും ചെയ്തു.

574. കൈയിൽ തഴമ്പുള്ളവൻ കട്ടുതിന്നുകയില്ല.

അധ്വാനിച്ചു ജീവിക്കുന്നവൻ മററുള്ളവരുടെ വസ്തു അപഹരിക്കുകയില്ല. മോഷണം കഷ്ടപ്പെടാതെ സുഖിക്കാനുള്ള ഉപായമാണ്.

575. കൈയിൽ നിന്നു വീണാലെടുക്കാം; വായിൽ നിന്നു വീണാൽ എടുക്കാൻമേലാ.

പ്രവൃത്തിയിൽ ഒരു വീഴ്ച, പററിയാൽ അത് പരിഹരിക്കാം. പക്ഷേ, പറയാൻ പാടില്ലാത്ത വാക്കു പറഞ്ഞാൽ അതിനു പരിഹാരമില്ല.

(കേട്ടുകൂടാത്ത വാക്കാമായുധം പ്രയോഗിച്ചാൽ
കർണ്ണങ്ങൾക്കകം പുക്കു പുണ്ണായാലതുപിന്നെ
പൂർണ്ണമായ് ശമിക്കയില്ലൊട്ടുനാരം ചെന്നാൽ
പോലും.)

576. കൈപ്പുണ്ണിനു കണ്ണാടി വേണ്ടാ.

കൈവെള്ളയിലെ പുണ്ണു കാണാൻ കണ്ണാടി വേണ്ടല്ലോ. നിഷ്പ്രയാസം കാണാവുന്നതാണത്. (ഹസ്താമലകന്യായം, കരതലാമലകം എന്നൊക്കെ പറയും. ഉള്ളംകൈയിലൊരു നെല്ലിക്കയിരുന്നാൽ വളരെ വിശദമായി അതു കാണാം, പരിശോധിക്കാം, അതിന്റെ സ്ഥിതി മനസ്സിലാക്കാം.)

577. കൈകാട്ടിപ്പറയരുതെന്നു രണ്ടു കൈയും കാട്ടിപ്പറയുക.

ഉപദേശിക്കുന്ന ആരം ഉപദേശത്തിനു കടക വിരുദ്ധമായി പ്രവർത്തിക്കുക താൻ പറയുന്നത് തനിക്കു ബാധകമല്ല എന്ന മനസ്ഥിതിക്കാരെയാണ് ഉദ്ദേശിക്കുന്നത്.

578. കൈയും കളയാൻ മേല, വളയും കളയാൻമേല.

വള കിടന്നാൽ കൈ വേദനിക്കുന്നു. ഊരിക്കളയാമെന്നു വച്ചാൽ വള പൊട്ടിപ്പോകയും ചെയ്യും. ഉപദ്രവം മാറുകയും വേണം, നഷ്ടം വരുകയുമരുത്. ഇതു രണ്ടുംകൂടി സാധിക്കാത്ത ധർമ്മസങ്കടം.

579. കൈയൂക്കുള്ളവൻ കാര്യക്കാരൻ.

കരുത്തൻ കാര്യം നേടുന്നു. പണം കൊണ്ടോ, ശാരീരികമായോ ഉള്ള കരുത്താകാം. പല സാമൂഹികപ്രശ്നങ്ങളിലും കരുത്തൻ കാര്യം നേടുന്നതായിക്കാണാം.

580. കൈ വിട്ട കല്ലും വാ വിട്ട വാക്കും.

രണ്ടും തിരിച്ചെടുക്കാൻ കഴികയില്ല. പ്രവർത്തിക്കുന്നതും പറയുന്നതും വളരെ ശ്രദ്ധിച്ചു വേ

ണം. എറിഞ്ഞ കല്ല് തിരിച്ചു പിടിക്കാൻ കഴിയാത്തതുപോലെ പറഞ്ഞ വാക്കും തിരിച്ചെടുക്കാൻ പററുകയില്ല.

581. കൈവിട്ടാൽ ചങ്കരൻ തെങ്ങേൽ.

നിയന്ത്രണം വിട്ടു നടക്കുന്ന ചപലന്മാരെ ഉപദേശംകൊണ്ടും ഭയപ്പെടുത്തിയും മററും കുറച്ചു നേരത്തേക്ക് അനുസരിപ്പിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ അതു കഴിയുന്ന നിമിഷം തന്നെ അവർ വീണ്ടും തുടങ്ങും ചാപല്യങ്ങൾ.

കൊ

582. കൊക്കിനു വച്ചത് ചക്കിനു പററി.

ഒരാളെ (ഒരു കാര്യത്തെ) ഉദ്ദേശിച്ച് പ്രവർത്തിച്ചു. പക്ഷേ, മറെറാർക്ക് (മറെറാന്നിന്) ആണ് അത് ഏററത്. കൊക്കിനെ ലക്ഷ്യമാക്കി. (കൊക്കിനെ പിടിക്കാൻ കെണിവച്ചു.) അകപ്പെട്ടതാകട്ടെ മറെറാന്ന്.

583. കൊക്കിലടങ്ങുന്നതേ തിന്നാവൂ.

അവനവൻെറ കഴിവിൻെറ പരിധിയിൽപ്പെട്ട കാര്യങ്ങൾക്കുവേണ്ടിയേ ശ്രമിക്കാവൂ. സാധിക്കാനൊക്കാത്തതിനുവേണ്ടി ശ്രമിച്ചിട്ട് വിശേഷമില്ല.

584. കൊക്കു നിറഞ്ഞാലും കൊക്കു നിറുത്തില്ല.

വേണ്ടത്ര കിട്ടിയാലും വീണ്ടും കിട്ടണമെന്നാഗ്രഹിക്കുന്നസ്വഭാവം.

585. കൊച്ചമ്മേടെ കറി വളരെ നല്ലതാ. പക്ഷേ, എൻെറ ഇലയിൽ വിളമ്പണ്ടാ.

ഇഷ്ടപ്പെട്ടില്ലെങ്കിലും ആളെ വെറുപ്പിക്കാതെ, ഭംഗിവാക്കു പറയുന്ന ആളുകളുണ്ട്. അവരുടെ രീതിയാണ് ഈ ചൊല്ലിൽ വ്യക്തമാകുന്നത്.

586. കൊച്ചി കണ്ടവന് അച്ചി വേണ്ടാ; കൊല്ലം കണ്ടവനില്ലം വേണ്ടാ.

കൊച്ചിയിലെയും കൊല്ലത്തെയും കാഴ്ചകൾ അത്രവിശേഷമാണ്. അതൊക്കെ കാണുന്നവർ സ്വന്തം പ്രിയപ്പെട്ടവരെയും വീടിനേയും കൂടി മറക്കുന്നു.

587. കെടാത്തവനോടു വിടാതിരക്കുക.

ആർക്കും ഒന്നും കൊടുക്കയില്ല. ആരോടെങ്കിലും വാങ്ങിയാൽ തിരിച്ചു കൊടുക്കയുമില്ല. അങ്ങനെയുള്ളവരെ മുൻ പിൻ വിടാതെ എപ്പോഴും അലട്ടിയാൽ ഒരുപക്ഷേ, കിട്ടാനുള്ളതു കിട്ടിയേക്കും.

588. കൊടുക്കുന്നവൻ കൊള്ളാനും കരുതിക്കൊള്ളണം.

കൊടുക്കുന്നവനു കിട്ടുകയും ചെയ്യും. അതു വാങ്ങുകയും വേണം. അവനവൻ ചെയ്യുന്ന പ്രവൃത്തിയുടെ പ്രത്യാഘാതം അനുഭവിക്കാൻ തയാറാകണം.

589. കൊടുക്കുന്നവൻെറ കൈയ് മീതേ നില്ക്കും.

ദാനം ചെയ്യുന്നവൻ എവിടെയും ഉയർന്ന നിലയിലായിരിക്കും. (ആർക്കെങ്കിലും എന്തെങ്കിലും കൊടുക്കുമ്പോൾ കൊടുക്കുന്ന ആളിൻെറ കൈയ് മുകളിലും വാങ്ങുന്നവൻെറ കൈയ് താഴെയുമായിരിക്കുമെന്നോർക്കുക.) ഉത്തമർണ്ണൻെറ ഉയർന്ന സ്ഥാനവും അധമർണ്ണൻെറ താഴ്ന്ന സ്ഥാനവും സൂചിപ്പിക്കുന്നു.

590. കൊടുത്തതൊക്കെ കൊണ്ടേ തീരൂ.

അവനവൻെറ പ്രവൃത്തിയുടെ ഫലം അവനവൻ തന്നെ അനുഭവിക്കേണ്ടിവരും.

591. കൊടുത്താൽ കൊല്ലത്തും കിട്ടും.

ചെയ്യുന്നതിൻെറ ഫലം കിട്ടുന്നു. സൽപ്രവൃത്തിയായാലും ദുഷ്പ്രവൃത്തിയായാലും. സ്ഥലകാലങ്ങൾ മാറിയാലും അതിന്നു മാററമില്ല.

592. കൊടുത്തു കളയരുത്.

കൊടുത്തതുകൊണ്ടു മാത്രമായില്ല. മനസ്സോടെ കൊടുക്കണം. സന്തോഷത്തോടു കൂടിയല്ലെങ്കിൽ ദാനം വ്യർത്ഥമാണ്.

593. കൊടുത്തു പഠിക്കണം വിദ്യ.

വിദ്യ അഭ്യസിക്കുന്നതു സഫലമാകണമെങ്കിൽ അതു മററുള്ളവർക്കു പഠിപ്പിച്ചു കൊടുക്കുകയും വേണം. (വിദ്യ കൊടുക്കുന്തോറും ഏറിടും.)

594. കൊട്ടിലിൽ കട്ടിലിട്ടാൽ കൈയനും കട്ടിലേറും.

പുരസ്കൃകത്തിടേണ്ട കട്ടിൽ വെളിയിൽ (കൊട്ടിലിൽ) ഇട്ടിരുന്നാൽ അതിൽ അർഹതയില്ലാത്തവനും കേറിയിരുന്നെന്നു വരും. ഓരോ വസ്തുവും അതാതിനുള്ള സ്ഥാനത്താണ് വയ്ക്കേണ്ടത്. എവിടെയെങ്കിലും വച്ചിട്ട് അതു ദുരുപയോഗപ്പെടുത്തുന്നവരെ കുററം പറഞ്ഞിട്ടു പ്രയോജനമില്ല.

595. കൊട്ടുക്കൽ പഠിച്ചതേ കോയ്ക്കൽ പാടൂ.

സ്വന്തം വീട്ടിൽ പെരുമാറി പഠിച്ചതുപോലെയാണ് മററു സ്ഥലങ്ങളിലും പെരുമാറുന്നത്. മാന്യ സ്ഥാനങ്ങളിൽ ചെന്നാലും അതു മാററാൻ കഴിയാതെ വരും. (ശീലിച്ചതേ പാലിക്കൂ.)

596. കൊട്ടുന്ന താളത്തിനു തുള്ളുക.

മറെറാരുവൻെറ ഇഷ്ടത്തിനും പ്രേരണയ്ക്കുമനുസരിച്ച് പ്രവർത്തിക്കുക.

597. കൊട്ടൊരിടത്ത്, പാട്ടൊരിടത്ത്.

രണ്ടു പ്രവൃത്തികൾ തമ്മിൽ യോജിപ്പില്ലാതെ വരുന്ന അവസ്ഥ. രണ്ടും ഒരുമിച്ച് യോജിച്ചു വന്നാലേ ഭംഗിയാകൂ.

598. കൊണ്ട വീട്ടിൽ കുണ്ട കോരരുത്.

ഭാര്യവീട്ടിൽ വിടുപണി ചെയ്തു കിടക്കരുത്.

599. കൊണ്ടാടും ദൈവം കുടിയെ കെടുത്തും.

അർഹിക്കുന്നതിലധികം ബഹുമാനിക്കയും ആദരിക്കയും ചെയ്താൽ ഏതൊരാളും ഇങ്ങോട്ട് ദ്രോഹം ചെയ്യും.

600. കൊണ്ടും കൊണ്ട് കുലം പേശരുത്.

വിവാഹത്തിനു ശേഷം ഭാര്യയുടെ കുലത്തെയും യോഗ്യതയെയും മററും പററി ആരോപണങ്ങളും തർക്കങ്ങളും ശരിയല്ല. അതിനു മുമ്പാണ് അവയൊക്കെ വേണ്ടത്.

601. കൊതിച്ചതാന; കിടച്ചതു പൂന.

വലിയ വസ്തുവിന് (വിലയേറിയ വസ്തുവിന്) ആഗ്രഹിച്ചു. എന്നാൽ കിട്ടിയതാകട്ടെ നിസ്സാര വസ്തു.

602. കൊത്തിക്കൊണ്ടു പറക്കാനും വയ്യാ; കളഞ്ഞിട്ടു പോകാനും വയ്യാ.

വലിയതും നല്ലതുമായ ഇര കിട്ടിയ പക്ഷിയുടെ അനുഭവമാണിത്. ഒരു വസ്തു സ്വീകരിച്ചനുഭവിക്കാനുള്ള കഴിവില്ല; നല്ല വസ്തുവായതിനാൽ ഉപേക്ഷിക്കാനും മനസ്സില്ല. രണ്ടിനും കഴിയാതെ കുഴങ്ങുന്ന അവസ്ഥ.

603. കൊത്തുന്ന കത്തി പണയമാക്കരുത്.

പണിക്കാരൻ അവൻെറ പണിയായുധം പണയം വച്ചു തല്ക്കാലാവശ്യം നിർവ്വഹിക്കുന്നു. അതോടെ, അവന് പണി ചെയ്തു ഉപജീവനമാർഗ്ഗം തേടുവാൻ സാധിക്കാതെ വരുന്നു.

604. കൊന്ന പൂക്കുമ്പോഠം ഉറങ്ങിയാൽ മരുതു പൂക്കുമ്പോഠം പട്ടിണി.

കൊന്ന പൂക്കുന്നതു മീനംമേടം മാസങ്ങളിൽ. അന്ന് പണിയെടുക്കാതെ അലസനായിരുന്നാൽ മരുതു പൂക്കുന്ന തുലാമാസത്തിൽ പട്ടിണി കിട

ക്കേണ്ടിവരും. കാലാകാലങ്ങളിൽ വേണ്ടതുപോലെ പ്രവർത്തിച്ചാലേ സുഖമായി ജീവിക്കാനൊക്കൂ.

605. കൊന്നാൽ പാപം തിന്നാൽ തീരും.

ജന്തുക്കളെ കൊന്നു തിന്നുന്നവർ തങ്ങളുടെ പ്രവൃത്തിയെ സാധൂകരിക്കാൻ വേണ്ടി പറയുന്നതാണിത്. 'തിന്നാൽ' എന്നതിന് 'അനുഭവിച്ചാൽ' എന്ന അർത്ഥമെടുക്കുകയാണു വേണ്ടത്. ജന്തുഹിംസയുടെ പാപം അനുഭവിച്ചുതന്നെ തീരണം എന്നു സാരം.

606. കൊന്നിട്ടാൽ കോർത്തുകൊടുത്തു കൂടെ ?

പ്രയാസപ്പെട്ട് മത്സ്യത്തെ കൊന്നിട്ടു. പിന്നെ അതിനെ കോർത്തു കൊടുക്കാൻ എന്തിനു മടിക്കുന്നു! പ്രയാസമുള്ള കാര്യം ചെയ്തു കഴിഞ്ഞു; നിസ്സാരമായ കാര്യം ചെയ്യാൻ മടി. (വലിയ പാപം ചെയ്തിട്ട് ഒരു ചെറിയ പാപം ചെയ്യാൻ മടിക്കണോ എന്നും അർത്ഥം പറയാം.)

607. കൊമ്പൻ പോയ വഴിയേ മോഴയും.

വമ്പന്മാർ ചെയ്ത പ്രവൃത്തികളെ നിസ്സാരന്മാരും അനുകരിക്കും. (കാട്ടിൽ സംഘനേതാവായ കൊമ്പനാനയെ മോഴയും അനുഗമിക്കുകയാണു പതിവ്.) മഹാന്മാരുടെ വഴി സാധാരണക്കാരും സ്വീകരിക്കുന്നു. (ഗതാനുഗതികത്വം)

608. കൊമ്പിൽ പിടിച്ചു കുലുക്കിയാൽ പഴുത്തതും പച്ചയും വീഴും.

പഴുത്ത കായ്കാം വീഴിക്കാനാണ് കൊമ്പു പിടിച്ച് ഉലുത്തുന്നത്. അപ്പോാം പച്ചക്കായ്കളും വീണുപോകുന്നു. ഇഷ്ടപ്പെട്ടതിനു വേണ്ടി പ്രവർത്തിക്കുന്നു. എന്നാൽ ആ പ്രവൃത്തി വേണ്ടത്ര കരുതലോടുകൂടിയല്ലെങ്കിൽ അനിഷ്ട ഫലങ്ങളും ഉണ്ടാകും.

609. കൊമ്പു വെട്ടിയും തടിയെ രക്ഷിക്കണം.

തടിയാണു പ്രധാനം. പ്രധാനപ്പെട്ടതിനെ സംരക്ഷിക്കുന്നതിനു വേണ്ടി അപ്രധാനമായ ചിലതൊക്കെ ഉപേക്ഷിച്ചു കളയേണ്ടിവന്നാൽ, അങ്ങനെ ചെയ്യാൻ മടിക്കരുത്.

610. കൊയ്ത്തോളം കാത്തിട്ടു കൊയ്യാറാകുമ്പോൾ ഉറങ്ങരുത്.

വേണ്ടപോലെ, ഉത്സാഹപൂർവ്വം പ്രവർത്തിച്ചിട്ട് ഫലം ലഭിക്കാറാകുമ്പോൾ അലസത കാണിക്കരുത്.

611. കൊല്ലാക്കൊല ചെയ്യരുത്.

ശരീരത്തെ പീഡിപ്പിക്കുക, മനസ്സിനു വേദനയുണ്ടാക്കുക, സൽക്കീർത്തിക്കു ഭംഗം വരുത്തുക, ഉപേക്ഷിക്കുക, ഗുരുനിന്ദനം ചെയ്യുക ഇങ്ങനെ അഞ്ചു തരമാണ് കൊല്ലാക്കൊല ചെയ്യുന്നത്. ഇതു ചെയ്യുന്നവൻ നിന്ദ്യനാണ്, ജീവിച്ചിരിക്കിലും ചത്തതിനൊക്കും.

612. കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രി.

രണ്ടുപേരും ദുഷ്ടന്മാർ. ഭരണാധികാരിയും ഉപദേഷ്ടാവും യോജിക്കുന്നവർ. യജമാനനും സേവകനും പരമ ദുഷ്ടതതന്നെ ചെയ്യുമ്പോഴാണ് ഈ ചൊല്ലുപയോഗിക്കുന്നത്.

613. കൊള്ളുവോളം കൊണ്ടാട്ടം; കൊണ്ടാൽപിന്നെ തിണ്ടാട്ടം.

കാര്യസാദ്ധ്യം വരെ പുകഴ്ത്തികൊണ്ടു പുറകേ കൂടുന്നവൻ അതു കഴിഞ്ഞാൽ നിന്ദിക്കും. ദുർജ്ജന സ്വഭാവം.

614. കൊഴുപ്പേറുമ്പോൾ കണ്ണു കാണില്ല.

ധനസ്ഥിതിയും സൗകര്യങ്ങളും വർദ്ധിക്കുമ്പോൾ പൂർവ്വകാല സുഹൃത്തുക്കളെയും സഹാ

യിച്ചവരെയും കണ്ട ഭാവംപോലും നടിക്കാത്ത, വിസ്മരിക്കുന്ന സ്വഭാവം, നന്ദികേടിന്റെ ഉദാഹരണം.

615. കൊററിക്കു വച്ചത് കുളക്കോഴിക്ക്.

കൊക്കിനു വച്ചത് ചക്കിനു പററി എന്ന ചൊല്ല് നോക്കുക.

കോ

616. കോടാലികൊണ്ട് കുറുന്തോട്ടി കീറുകയോ?

ലഘുവായ കാര്യത്തിന് വലിയ ഒരുക്കങ്ങളും ഉപകരണങ്ങളും ആവശ്യമില്ല. (കോഴിമുട്ട ഉടയ്ക്കാൻ കുറുന്തോട്ടി വേണോ എന്ന ചൊല്ലിനും ഇതേ അർത്ഥം.)

617. കോട്ടാലിക്കമ്പ് കുലത്തിനു കേട്.

കോടാലിയുടെ കൈയ് മരക്കമ്പുകൊണ്ടുണ്ടാക്കുന്നു. അത് മരത്തിനു നാശമാകുകയാണല്ലോ. സ്വന്തം കുലത്തെ ദ്രോഹിക്കുന്ന അല്പന്മാരെയാണുദ്ദേശിക്കുന്നത്. കുലദ്രോഹിയെന്ന അർത്ഥത്തിൽ കോടാലിക്കൈ എന്നു പറയാറുണ്ട്.

618. കോടിക്കുന്നി കുന്നാകാ.

അനവധി കുന്നിക്കുരു കൂട്ടിവച്ചാലും കുന്നാകയില്ല. അല്പന്മാരായ അനവധി പേർ ഒത്തുചേർന്നാലും അല്പത്വം തന്നെ ഫലം. മഹത്വമാകയില്ല.

619. കോപത്തിൽ തുടങ്ങിയാൽ താപത്തിൽ തീരും.

മുൻകോപംകൊണ്ട് അവിവേകം പ്രവർത്തിച്ചാൽ ദുഃഖിക്കേണ്ടിവരും.

620. കോപമുള്ളവനു കൂറുണ്ട്.

അഹിതവും തെററും കാണുമ്പോൾ കോപിക്കുന്നവന് മനസ്സിൽ സ്നേഹം കാണും. അവൻ കോപം ഉള്ളിൽ വച്ച് സ്നേഹം ഭാവിക്കയില്ല.

621. കോപിക്കു കോയ്മയാകാ.

എപ്പോഴും അകാരണമായി കോപിക്കുന്നവന് നേതൃസ്ഥാനത്തോ അധികാര സ്ഥാനത്തോ എത്താൻ കഴിയുകയില്ല. അതു സാധിച്ചാൽതന്നെ ശോഭിക്കാൻ പ്രയാസവുമാണ്.

622. കോയിക്കലേ എണ്ണയ്ക്കു മടി പിടിക്കണം.

കോയിക്കലെ യജമാനൻ എണ്ണ തരാമെന്നു പറഞ്ഞാൽ ഉടനെ വാങ്ങിക്കൊള്ളണം. പാത്രം കൊണ്ടുവരാൻപോലും താമസിക്കരുത്. മടിയിൽ ഒഴിച്ചാൽ ചോർന്നു പോകുമല്ലോ എന്നു വിചാരിച്ച് പാത്രമെടുക്കാൻ പോയാൽ തിരികെ വരുമ്പോഴേക്കും യജമാനൻെറ അഭിപ്രായം മാറിയെന്നുവരും. വലിയവൻെറ അഭിപ്രായം എപ്പോഴാണ് മാറുന്നതെന്നോ അതിനെന്താണു കാരണമെന്നോ അറിയാൻ കഴിയില്ല.

623. കോരിക്കണ്ട വാരിയാകാ; ദൂരെക്കണ്ട നാരിയാകാ.

കോരി വച്ചിരുന്ന വെള്ളത്തിൽ മാലിന്യങ്ങൾ കണ്ടേക്കാം. അടുത്തറിയാത്ത സ്ത്രീയുടെ സ്വഭാവദൂഷ്യം മനസ്സിലാകയില്ല. അതിനാൽ രണ്ടും സ്വീകരിക്കരുത്.

624. കോരിക്കുടിക്കാൻ വെള്ളമില്ല; പേരോ ഗംഗ!

വരണ്ടുണങ്ങിയ കൈത്തോടിന് ഗംഗ എന്ന പേരിടുന്നത് തീരെ ഉചിതമല്ലല്ലോ. അല്പംപോലും തലമുടിയില്ലാത്തവൾക്ക് സുകേശിനി എന്ന പേരിട്ടാലോ? സ്വഭാവത്തിന് ഒട്ടും ചേരാത്തതായിരിക്കും പേര്. പെരുംകള്ളന് സത്യവാൻ എന്നും വികൃത രൂപമുള്ളവന് സുന്ദരൻ എന്നും പേരിടുന്നതുപോലെ.

625. കോരിയ കിണററിലേ ഉറവുള്ളൂ.

കിണററിലെ വെള്ളം കോരിയെടുത്തെങ്കിലേ വീണ്ടും ഉറവ വന്നു വെള്ളം നിറയൂ. വിദ്യാധനം മുതലായവ മററുള്ളവർക്കു പ്രയോജനകരമായി വിനിയോഗിക്കണം. അപ്പോഠം അവ വീണ്ടും വീണ്ടും ഏറി വരും. (കോരുന്ന കിണററിലേ നീരു നന്നാവൂ—എന്നും ചൊല്ലുണ്ട്.)

626. കോലത്തിനൊത്ത ശീലം.

ആകൃതിക്കനുസരിച്ച പ്രകൃതി. നല്ല ശരീരത്തിൽ നല്ല മനസ്സ്. ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സ്—എന്നുണ്ടല്ലോ.

627. കോലാടുമ്പോഠം കുരങ്ങാടും.

കുരങ്ങിനെ കളിപ്പിക്കുന്ന ആഠം കൈയിലെ വടി ചലിപ്പിക്കുന്നതനുസരിച്ച് പാവം കുരങ്ങ് ചാടിക്കളിക്കുന്നു. സ്വമനസ്സാലെയല്ല, പ്രേരണകൊണ്ടാണ് പ്രവർത്തിക്കുന്നത് എന്നർത്ഥം. (ചാപല്യം കാട്ടുന്നവരെ നിയന്ത്രിച്ച് നേരേ എന്തെങ്കിലും ചെയ്യിക്കാൻ ഭീഷണിയും വേണ്ടിവരും—എന്നും അർത്ഥം.)

628. കോലെടുത്തവനൊക്കെ മാരാനാകുമോ?

ചെണ്ടക്കോൽ കൈയിലെടുത്തു എന്നു വിചാരിച്ച് നല്ല ചെണ്ടക്കാരനാകയില്ല. അതിനു വളരെക്കാലം അഭ്യസിക്കേണ്ടതാണ്. വേണ്ടപോലെ അഭ്യസിക്കാതെ ഒരു വിദ്യയിലും വിദഗ്ധനാകാൻ സാധിക്കയില്ല.

629. കോലം കെട്ടിയാൽ തുള്ളണം.

എന്തെങ്കിലും കാര്യത്തിന് ഇറങ്ങിത്തിരിച്ചാൽ അതിനു വേണ്ടതൊക്കെ ചെയ്തേ പററൂ. ചെയ്യാൻ വൈമനസ്യമുള്ളവർ അതിന് ഒരുങ്ങാതിരിക്കയാണു ഭേദം.

630. കോവിലിടിക്കുന്നവൻ കുളം വെട്ടുകയില്ല.

ദേവാലയം (ക്ഷേത്രം) ഇടിച്ചു കളയാൻ മടിയില്ലാത്ത ദുഷ്ടൻ കുളം വെട്ടുക എന്ന സൽകൃത്യം ചെയ്യുകയില്ല. ദുഷ്ടൻ ദുഷ്ടതയേ ചെയ്യൂ; നന്മ ചെയ്യുകയില്ല)

631. കോവിൽപ്പൂച്ച തേവരെ പേടിക്കുകയില്ല.

അതിപരിചയം കൊണ്ട് ഭയവും ബഹുമാനവും ഇല്ലാതാകുന്നു. (അതിപരിചയം അവജ്ഞയ്ക്കു കാരണം.

632. കോഴി കട്ടവന്റെ തലയിൽ പപ്പ് ഇരിക്കും.

അകൃത്യം ചെയ്തവനിൽ അതിന്റെ ഒരു ചെറിയ അടയാളമെങ്കിലും കാണുന്നു.

633. കോഴി കൂവാത്തതു കൊണ്ടു നേരം വെളുക്കാതിരിക്കുമോ ?

കോഴിയുടെ വിചാരം താൻ കൂവുന്നതുകൊണ്ടാണ് നേരം വെളുക്കുന്നത് എന്നാണ്. താൻ ഒരുത്തനില്ലെങ്കിൽ ഈ ലോകത്തിൽ ഒന്നും നടക്കുകയില്ലെന്നു വിചാരിക്കുന്ന അല്പന്മാരുടെ ഭാവമാണിത്.

634. കോഴിക്കു മുല വരുന്നതുപോലെ.

സംഭവിക്കാത്ത കാര്യം. അതിനു കാത്തിരിക്കുന്നത് വിഡ്ഢിത്തം.

635. കോഴിക്കു നെല്ലും വിത്തും ഒരുപോലെ.

മൂഢന് വിലയേറിയതും വില കുറഞ്ഞതും തിരിച്ചറിഞ്ഞുകൂടാ. തിരിച്ചറിഞ്ഞിട്ടാവശ്യവുമില്ല. അമൂല്യ വസ്തുക്കളും നിസ്സാര പദാർത്ഥങ്ങളും അവർക്ക് ഒരുപോലെ.

636. കോഴി നനഞ്ഞതുകൊണ്ടു കുറുക്കൻ കരഞ്ഞു!

കുറുക്കന് കോഴിയോട് സ്നേഹമൊട്ടുമില്ല. അതിനെ എങ്ങനെയെങ്കിലും അകത്താക്കണമെന്നേ

അവനു വിചാരമുള്ളു. ഒട്ടും ആത്മാർത്ഥതയില്ലാതെ ദുഃഖം പ്രകടിപ്പിക്കുന്ന ചതിയന്മാരുടെ സ്വഭാവമാണിവിടെ സൂചിപ്പിക്കുന്നത്.

637. കോഴിയുടെ അന്യായത്തിൽ (പരാതിയിൽ) കുറുക്കൻ ന്യായാധിപൻ!

വർഗ്ഗശത്രുവായ കുറുക്കനിൽ നിന്നും കോഴിക്ക് ഒരിക്കലും നീതി ലഭിക്കയില്ലല്ലോ.

638. കോഴിയെക്കാറം ബുദ്ധി മുട്ടയ്ക്ക്.

മുട്ടയ്ക്ക് ബുദ്ധിശക്തിയോ പ്രവർത്തനശേഷിയോ ഇല്ല. അതിനെക്കാറം ബുദ്ധി കുറവാണ് കോഴിക്ക് എന്നു പറഞ്ഞാൽ അതിന് ഒട്ടും ബുദ്ധിയില്ലെന്നർത്ഥം. (തള്ളയെക്കാറം ബുദ്ധിയുണ്ട് പിള്ളയ്ക്ക് എന്നും ചിലർ അർത്ഥം പറയുന്നു.)

ക്ഷ

639. ക്ഷണിക്കാതെ ചെന്നാൽ ഉണ്ണാതെ പോരാം.

ക്ഷണിക്കാതെ ചെന്നാൽ സ്വാഗതം ലഭിക്കില്ല എന്നു മാത്രമല്ല, മാനക്കേടുണ്ടാകുകയും ചെയ്യും. (വിളിക്കാതെ ചെന്നാൽ ഉണ്ണാതെ പോരാം — എന്നും പറയും.)

640. ക്ഷമയുള്ള മാടിന് തെളിഞ്ഞ വെള്ളം കുടിക്കാം.

ഏതു പ്രവൃത്തിയിലും ക്ഷമ കാണിക്കുന്നവരുടെ അനുഭവവും നന്നായിരിക്കും. (വെള്ളം കുടിക്കാൻ കുറച്ചു ക്ഷമ കാണിക്കുന്നതുകൊണ്ട് ആ സമയം കൊണ്ട് വെള്ളം തെളിയുന്നു.)

641. ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോരതന്നെ കൊതുകിന്നു കൗതുകം.

എത്ര നന്മയുണ്ടെങ്കിലും തിന്മ മാത്രം കണ്ടുപിടിച്ചു സ്വീകരിക്കുന്ന സ്വഭാവം.

(നിത്യവും സ്വച്ഛജലം തന്നിലേ കുളിച്ചാലും
മത്തേഭൻ പാംസുസ്നാനം കൊണ്ടല്ലോ
സന്തോഷിപ്പൂ.)

642. ക്ഷേത്രം ചെറുതെങ്കിലും പ്രതിഷ്ഠ വലുത്.

ചെറിയ ക്ഷേത്രത്തിൽ വളരെ വലിപ്പമുള്ള വിഗ്രഹം. ശരീരം ചെറുതായിരിക്കും. അങ്ങനെയുള്ള ചിലർക്ക് സാമർത്ഥ്യവും വീര്യ ശൗര്യാദികളും വളരെക്കൂടിയിരിക്കും.

ഗ

643. ഗണപതിക്കു വച്ചതു കാക്ക കൊണ്ടുപോയി.

ഏതെങ്കിലും കാര്യം ആരംഭിക്കുന്നതിനാണ് 'ഗണപതിക്കു വയ്ക്കുക' എന്നു പറയുന്നത്. ആരംഭം തന്നെ അമംഗളമാകുക എന്നാണ് ഈ ചൊല്ലിൻെറ അർത്ഥം. (ഒരു കാര്യം തുടങ്ങുമ്പോൾ നിർവിഘ്നമായി അതു പൂർത്തീകരിക്കുന്നതിനു വേണ്ടി ഗണപതിക്കു നൈവേദ്യം (അപ്പം, അട, മുതലായവ) വയ്ക്കുന്നു. അത് കാക്ക തട്ടി കൊണ്ടുപോകുന്നത് അനർത്ഥം സൂചിപ്പിക്കുന്നു.)

644. ഗതികെട്ടാലും മതി കെടരുത്.

എത്ര കഷ്ടപ്പാടും ദാരിദ്ര്യവും ഒക്കെ വന്നാലും ബുദ്ധിയും മനസ്സും ദുഷിച്ചു പോകരുത്. (കഷ്ടപ്പാടു വരുമ്പോൾ ധർമ്മാധർമ്മചിന്ത കൈവെടിയാറുണ്ട്. അതു പാടില്ല.)

645. ഗതികെട്ടാൽ പുലി പുല്ലും തിന്നും.

ജീവിക്കാൻ നിവൃത്തിയൊന്നുമില്ലാതെ വരുമ്പോൾ അഹിത കർമ്മങ്ങൾ ചെയ്യാൻ ആരും മടിക്കാറില്ല. ആഹാരത്തിനു ഒന്നുമേ കിട്ടാതെ വരുന്നതു കൊണ്ടാണ് മാംസഭുക്കായ പുലി പുല്ലു തിന്നുന്നത്.

646. ഗർദ്ദഭ സദസ്സിൽ ഗന്ധർവ്വ സംഗീതം!

വിശിഷ്ടമായ സംഗീതം കഴുതക്കൂട്ടത്തിന് ആസ്വദിക്കാൻ കഴികയില്ല. നികൃഷ്ടരായ മൂഢ

ന്മാർക്കു ശ്രേഷ്ഠ കലാവിദ്യകളുടെ ആസ്വാദ്യത അ റിയാമോ? (സൂകരങ്ങരം [പന്നികരം] ക്കു മുമ്പിൽ മുത്തുകരം എറിയുന്നതുപോലെയാണ്.)

647. ഗുരുക്കരം വീണാൽ വിദ്യ!

അഭ്യാസികളായ ആശാന്മാർക്കും ചിലപ്പോരം അടിതെററി വീഴ്ച പററും. പക്ഷേ, കണ്ടുനിൽ ക്കുന്നവർ അത് ആശാൻെറ അഭ്യാസമാണെന്നേ പ റയൂ. ആശാന്മാരുടെ (കേമന്മാരുടെ) തെററും ശരി യായിട്ടു കണക്കാക്കപ്പെടുന്നു.

648. ഗുരുവായൂരപ്പനെ ഭജിക്കയും വേണം കുറു ന്തോട്ടി പറിക്കയും വേണം.)

വാതരോഗം ശമിക്കുന്നതിന് ഗുരുവായൂർ ഭജ നം വേണം. കുറുന്തോട്ടി വാതരോഗ ശമനത്തി നുള്ള ഔഷധമാണ്. രോഗ ശമനത്തിന് (ദുരിതം മുറുന്നതിന്) ഈശ്വരാനുഗ്രഹവും ഔഷധ പ്ര യോഗവും വേണം. (രണ്ടിൽ ഒന്നു പോരെ, ഔ ഷധം കൊണ്ടു രോഗം മാറിയിട്ട് ഈശ്വരാനുഗ്രഹം കൊണ്ടാണ് എന്നോ ഈശ്വരാനുഗ്രഹം കൊണ്ട് രോഗം മാറിയിട്ട് മരുന്നിൻെറ ഗുണമാണെന്നോ പറയണോ—എന്നും ചിലർ അർത്ഥം പറയുന്നു.)

649. ഗുരുവില്ലാവിദ്യ ആകാ.

ഏതു വിദ്യ അഭ്യസിക്കുന്നതിനും ഗുരു കൂടി യേ തീരൂ. സ്വയം അഭ്യസിക്കുകയാണെങ്കിൽ പല പാകപ്പിഴകളും അനർത്ഥങ്ങളും വരാം.

650. ഗോത്രമറിഞ്ഞു പെണ്ണും പാത്രമറിഞ്ഞു ദാനവും.

പെണ്ണിൻെറ കുലം അറിഞ്ഞിട്ടേ വിവാഹം ചെ യ്യാവൂ. അർഹിക്കുന്നവർക്കാണ് ദാനം ചെയ്യേ ണ്ടത്. ആർക്കെങ്കിലും ദാനം ചെയ്തതുകൊണ്ടു ഫലമില്ല.

651. ഗോഹത്യക്കാരനു ബ്രഹ്മഹത്യക്കാരൻ സാക്ഷി.

ഗോഹത്യ പാപമാണ്. ബ്രഹ്മഹത്യ അതിലും വലിയ പാപം. പാപിക്കു മഹാപാപി സാക്ഷി. (കള്ളനു കൊള്ളക്കാരൻ സാക്ഷി.)

652. ഗ്രന്ഥത്തിലെ പശു പുല്ലു തിന്നുകയില്ല.

പശുവിനെ ഉപദ്രവിക്കരുതെന്നു ഗ്രന്ഥത്തിൽ പറയുന്നു. അതു വായിച്ചു പഠിച്ച ഒരാൾ അയാളുടെ പറമ്പിൽ പശു കയറി പുല്ലു തിന്നപ്പോൾ അതിനെ അടിച്ചോടിച്ചു. ഗ്രന്ഥത്തിൽ പറഞ്ഞതുപോലെയാണോ അയാൾ പ്രവർത്തിച്ചതെന്നു മററാരാൾ ചോദിച്ചു. അതിനു മറുപടിയാണ്, 'ഗ്രന്ഥത്തിലെ പശു പുല്ലു തിന്നുകയില്ല'. (ഏട്ടിലെ പശു പുല്ലു തിന്നുകയില്ല.) ആദർശം ഒന്ന്, പ്രവൃത്തി മററൊന്ന്. ആദർശം പ്രായോഗികമാക്കാൻ പററുകയില്ല.

653. ഗ്രഹണ സമയത്ത് ഞാഞ്ഞൂലും തലപൊക്കും.

സൂര്യചന്ദ്രന്മാരെ രാഹു വിഴുങ്ങുന്നതാണ് ഗ്രഹണം എന്നൊരു വിശ്വാസമുണ്ട്. രാഹു എന്ന സർപ്പം സൂര്യചന്ദ്രന്മാരെപ്പോലും വിഴുങ്ങാൻ കഴിയുന്ന കേമനാണ്. സർപ്പവംശത്തിലെ ഇങ്ങേ അററത്തെ അല്പപ്രാണിയായ ഞാഞ്ഞൂൽ ഇതിൽ ഗർവ്വം കാണിക്കുന്നു, തല പൊക്കുന്നു. വേണമെങ്കിൽ ഞാനും വിഴുങ്ങാം എന്നൊരു ഭാവം. ഒരു വംശത്തിലേയോ കുടുംബത്തിലേയോ കേമന്മാർ ചെയ്യുന്ന മഹൽകർമ്മം കണ്ട് അത്യല്പനും ദുർബ്ബലനുമായവൻപോലും ഗർവ്വം പ്രകടിപ്പിക്കുന്നു.

654. ഗ്രഹപ്പിഴ വരുമ്പോൾ നാലുവശത്തുംകൂടി.

കഷ്ടകാലം വരുമ്പോൾ പല അനർത്ഥങ്ങളും കൂട്ടത്തോടെയാണു വരുന്നത്. (അതുപോലെ, ഭാഗ്യവും കൂട്ടത്തോടെ വരുന്നു എന്നു പറയാറുണ്ട്.)

ച

655. ചക്ക കട്ട ഏഴിനു പട്ടി കുരയ്ക്കുന്നു.

നഷ്ടം സംഭവിച്ചു വളരെ കഴിഞ്ഞിട്ട് അതേപ്പററി അറിഞ്ഞിട്ടു ഫലമില്ല. കാവൽക്കാരൻ വിവരം ഉടനെ അറിയിക്കയാണു വേണ്ടത്.

656. ചക്ക തുന്നിച്ചു നോക്കാം; ഉള്ളു തുരന്നു നോക്കാൻ കഴിയുമോ ?

മനുഷ്യൻെറ മനോഭാവം അറിയാൻ മാർഗ്ഗമൊന്നുമില്ല. ചക്കയും മററും തുരന്നു നോക്കി അതിൻെറ വിളവും മററും അറിയാൻ കഴിയും. അതുപോലെയല്ല മനുഷ്യൻെറ മനസ്സ്.

657. ചക്കപ്പഴം മുറിക്കുന്നിടത്ത് ഈച്ചകൂടും.

എന്തെങ്കിലും ആകർഷക വസ്തുവുണ്ടെങ്കിൽ അവിടെ ആളുകൾ തടിച്ചുകൂടുക സാധാരണമാണ്.

658. ചക്കയിട്ടും നായ് കുരച്ചും കിടക്കുക.

ചക്കയിടും, നായ് കുരയ്ക്കും. അത്ര തന്നെ. പിന്നെ നടപടിയും അന്വേഷണവും ഒന്നുമില്ല. വേണ്ടത്ര ഊർജ്ജസ്വലതയില്ലാത്ത ജീവിതരീതിയെ ഉദ്ദേശിച്ചുള്ളതാണിത്.

659. ചക്കരയുള്ളപ്പോൾ തവിടില്ല; തവിടുള്ളപ്പോൾ ചക്കരയില്ല.

കാര്യം നടക്കുന്നതിന് രണ്ട് അവശ്യഘടകങ്ങൾ വേണം. ഒന്നുമാത്രമുള്ളതുകൊണ്ട് അതു നടക്കാതെ വരുന്നു എന്നു സാരം.

660. ചക്കരക്കുഞ്ഞു കൊക്കരയായി.

വളരെ വാത്സല്യത്തോടെ, ചക്കരപോലെ വളർത്തിയ കുഞ്ഞ് മെലിഞ്ഞ് അവശനായി. ഭംഗിയായും ഉത്സാഹമായും തുടങ്ങിയത് ഉദ്ദേശംപോലെ ഫലവത്താകാതെ നിരാശപ്പെടുത്തി.

661. ചക്കരക്കുടത്തിൽ കൈയിട്ടാൽ നക്കാതിരിക്കുമോ?

വളരെ ഇഷ്ടപ്പെട്ട, ആസ്വാദ്യമായ വസ്തു കരഗതമായാൽ അതനുഭവിക്കുവാൻ ആരും മടിക്കുന്നില്ല. അനുകൂലമായ അവസരം വന്നാൽ അതു പ്രയോജനപ്പെടുത്തുന്നു.

662. ചക്കരയ്ക്ക് അകവും പുറവുമില്ല.

ചക്കരയുടെ എല്ലാ ഭാഗവും മധുരം തന്നെ. എല്ലാ ഭാഗവും ഒരുപോലെ രുചികരമായ വസ്തുക്കളെപ്പററി പറയുമ്പോൾ ഉപയോഗിക്കുന്നു ഈ ചൊല്ല്. ('നഹി ഗുള ഗുളികായാ: ക്വാപിമാധുര്യഭേദ:' എന്നു സംസ്കൃതത്തിൽ.)

663. ചക്കിക്കൊത്ത ചങ്കരൻ.

സ്വഭാവം, സൗന്ദര്യം, ധനസ്ഥിതി മുതലായവയിൽ മോശപ്പെട്ട ഒരുത്തിക്ക് അതുപോലെതന്നെയുള്ള ഒരുത്തൻ. (മെച്ചപ്പെട്ടവരെപ്പററി ഈ പഴഞ്ചൊല്ലു പ്രയോഗിക്കാറില്ല. അതിന് 'സീതയ്ക്കൊത്ത രാമൻ' എന്നും മററും പറയാറുണ്ട്.)

664. ചക്കിനു വച്ചതു കൊക്കിനു കൊണ്ടു.

(593 നോക്കുക.)

665. ചക്കിന്മേലിരിക്കുന്നവൻ പഞ്ചസാര തിന്നാലും പിണ്ണാക്കു തിന്നെന്നേ പറയൂ.

സന്ദർഭവും പരിസരവും അനുസരിച്ചാണ് ആളുകൾ അഭിപ്രായം പറയുന്നത്. അതു യഥാർത്ഥമായിരിക്കണമെന്നില്ല.

666. ചക്കും ചക്കാലയും ആടുക.

ചക്കും ചക്കുപുരയും കറങ്ങുക. പണിസ്ഥലവും പണിക്കുള്ള ഉപകരണവും പണിക്കാരനും ഒരുപോലെ കഷ്ടസ്ഥിതിയിലാകുക. ആകെ 'കറക്കത്തി'ലായ അവസ്ഥ.

667. ചക്കെന്നു പറഞ്ഞാൽ കൊക്കെന്നു കേരാക്കും.

ഒന്നു പറഞ്ഞാൽ മററൊന്നു ധരിക്കുന്നു. ഈ സ്വഭാവം വിവരക്കേടുകൊണ്ടോ മനഃപൂർവ്വം ഭാവിക്കുന്നതുകൊണ്ടോ ആകാം. ചിലർക്കു് കാര്യം മനസ്സിലാകയില്ല. ചിലർ മനസ്സിലായില്ലെന്നു നടിക്കുന്നു.

668. ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട.

ആത്മാർത്ഥതയും സ്നേഹവുമുള്ള ചങ്ങാതി നമ്മുടെ ഗുണങ്ങളും ദോഷങ്ങളും നമുക്കു പറഞ്ഞുതരുന്നു. കണ്ണാടിയിൽ നോക്കി നമ്മുടെ മുഖത്തിൻെറ സൗന്ദര്യ വൈരൂപ്യങ്ങരാം നാം അറിയുന്നതുപോലെ ചങ്ങാതിയിൽ നിന്നു് നമ്മുടെ ഗുണങ്ങളും പോരായ്മകളും നമുക്കറിയാൻ കഴിയുന്നു. യഥാർത്ഥ സ്നേഹിതൻ ഉള്ളതേ പറയൂ, ഉള്ളതു പറയും.

669. ചട്ടമിപ്പടി; വട്ടമപ്പടി.

നിയമങ്ങളും വ്യവസ്ഥകളും മററും ഒരു തരത്തിൽ, പക്ഷേ, ചെയ്യുന്നതു മറെറാരു തരത്തിൽ. (288 നോക്കുക.)

670. ചട്ടയിൽ ചൊറിഞ്ഞാൽ ചൊറിച്ചിൽ മാറുകയില്ല.

ദേഹത്തു ചൊറിച്ചിൽ. അതിന് ഉടുപ്പിന്മേൽ (വസ്ത്രത്തിനു മീതെ) ചൊറിഞ്ഞാൽ ഫലമില്ല. ദേഹത്തു തന്നെ ചൊറിയണം. ഏല്ക്കേണ്ടിടത്തു ഏൽക്കാത്ത പ്രവൃത്തി.

671. ചട്ടിയിലുണ്ടെങ്കിലേ ആപ്പയിൽ വരൂ.

പാത്രത്തിൽ ഉണ്ടെങ്കിലേ തവികൊണ്ടു കോരിയെടുക്കാൻ കഴിയൂ. (531 നോക്കുക.)

672. ചട്ടിയും പാനയുമായാൽ തട്ടിയും മുട്ടിയു കിടക്കും.

ചട്ടി, പാന മുതലായ ഗൃഹോപകരണങ്ങരാം കൈകാര്യം ചെയ്യുമ്പോരാം തട്ടുകയും മുട്ടുകയും ഒക്കെ

സാധാരണയാണ്. വീട്ടിലെ (ഒരുമിച്ചു കഴിയുന്ന) അംഗങ്ങൾ തമ്മിൽ ഇണക്കവും പിണക്കവുമൊക്കെക്കൊണ്ടും ഇടസ്സിടസ്സ്. അത് ഒഴിവാക്കാൻ പ്രയാസം.

673. ചട്ടുകക്കള്ളിക്കുമുണ്ട് പൂവ്.

കള്ളിച്ചെടി മുള്ളുകൾ നിറഞ്ഞതാണെങ്കിലും അതിനുമുണ്ട് പൂവ്. എത്ര ദുഷ്ടനും ദ്രോഹിയുമായാലും അവനിലും ചില നന്മകൾ കാണാതിരിക്കയില്ല.

674. ചതയില്ലാത്തിടത്ത് കത്തിവയ്ക്കരുത്.

മാംസമില്ലാത്തിടത്ത് കത്തി വച്ചാൽ മാംസം കിട്ടുകയില്ലല്ലോ. പ്രയോജനമില്ലാത്ത പ്രവൃത്തി.

675. ചത്ത കടുവായെ ചവിട്ടുന്നത് ചുണയല്ല,

ദുർബ്ബലനായ ശത്രുവിനെ കടന്നാക്രമിക്കുന്നതു പൗരുഷത്തിൻെറ ലക്ഷണമല്ല. ശക്തനായ എതിരാളിയെ നേരേ എതിരിടുകയാണ് ശൗര്യലക്ഷണം.

676. ചത്ത കുഞ്ഞിൻെറ ജാതകമെഴുതുക.

കഴിഞ്ഞ കാര്യത്തിൻെറ വിശദാംശങ്ങളെപ്പററി ചർച്ച ചെയ്യുക. നിഷ്പ്രയോജനകരമായ പ്രവൃത്തി.

677. ചത്തതു കീചകനെങ്കിൽ കൊന്നതു ഭീമൻ.

കാരണം നിശ്ചയമുള്ള സംഭവം. ഭീമൻ മാത്രമാണ് കീചകനെ കൊല്ലാൻ തക്ക ശക്തിയുള്ളവൻ എന്ന വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ചൊല്ല്.

678. ചത്തപയ്യിനു മുക്കുടം പാൽ.

നഷ്ടപ്പെട്ടതിന് അമിതവിലയും പ്രാധാന്യവും കല്പിക്കുന്ന സംഭവം.

679. ചത്തവൻെറ കണ്ണ് ചെന്താമരക്കണ്ണ്.

നഷ്ടപ്പെട്ടതു വലിയ കേമമെന്നു പുകഴ്ത്തുന്ന സ്വഭാവം. ചത്തുകഴിഞ്ഞാൽ ദുഷ്ടനെപ്പോലും ശിഷ്ടനായി വർണ്ണിക്കുക പതിവാണല്ലോ.

680. ചത്തു കിടന്നാലും ചമഞ്ഞു കിടക്കണം.

എത്ര കഷ്ടസ്ഥിതിയിലായാലും അന്തസ്സും മോടിയും ഉപേക്ഷിക്കരുത്.

681. ചങ്കെടുത്തു കാണിച്ചാൽ ചെമ്പരത്തിപ്പൂവ്.

കുടലെടുത്തു കാണിച്ചാലും വാഴനാര്—എന്ന പഴഞ്ചൊല്ലിൻെറ അർത്ഥം തന്നെ.

682. ചന്തമുള്ളതിനെന്തിനാ ചായം തേപ്പ്?

സ്വതെ സൗന്ദര്യമുള്ളതിന് കൃത്രിമാലങ്കാരങ്ങൾ ആവശ്യമില്ല. 'പൊന്നുംകുടത്തിനു പൊട്ടു വേണ്ട'.

683. ചന്ദനം തേഞ്ഞാലും ഗന്ധം കുറയുമോ?

യഥാർത്ഥമായ ശ്രേഷ്ഠത്വമുള്ളത് കുറച്ചു ക്ഷീണിച്ചാലും അതിൻെറ ശ്രേഷ്ഠതയ്ക്കു കുറവു വരുകയില്ല.

684. ചന്ദനത്തിനടുത്തു നിൽക്കുന്ന അകിലും ചന്ദനം.

മഹാന്മാരുമായുള്ള സാമീപ്യം കൊണ്ട് സാധാരണന്മാർക്കും മഹിമ കൈവരുന്നു. ''മുല്ലപ്പൂമ്പൊടിയേററു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം.''

685. ചന്ദ്രനെക്കണ്ടു നായ കുരയ്ക്കുക.

ഔന്നത്യവും പ്രതാപവും പ്രശസ്തിയുമുള്ളവരുടെ നേരേ ക്ഷുദ്രബുദ്ധികൾ അസൂയപ്പെടുന്നു. അതുകൊണ്ട് ഉന്നതന്മാർക്ക് യാതൊരു കോട്ടവും തട്ടുകയില്ല. അവർ കേട്ട ഭാവം പോലും നടിക്കാതെ മന്ദഹസിക്കയേയുള്ളു.

686. ചപ്പച്ചിക്കു ചവറു നായര്.

ചപ്പും ചവറും അവയുടെ ദോഷവും നിസ്സാരതയുംകൊണ്ട് തമ്മിൽ ചേരും. അതുപോലെയുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.

687. ചവിട്ടിയാൽ കടിയ്ക്കാത്ത പാമ്പുണ്ടോ?

അങ്ങോട്ടുപദ്രവിച്ചാൽ തിരിച്ച് ഒന്നും ചെയ്യാതിരിക്കുന്നവർ ആരുമില്ല.

688. ചാട്ടം പിഴച്ചാൽ കൂട്ടം പിഴയ്ക്കും.

താൻ ജീവിക്കുന്ന സമൂഹത്തിന്റെ ആചാര നിയമങ്ങൾ പാലിക്കാത്തവന് സമൂഹത്തിൽ സ്ഥാനമില്ല. (ചാട്ടത്തിൽ പിഴവു വരുത്തിയ കുരങ്ങനെ മററു കുരങ്ങന്മാർ കൂട്ടത്തിൽ കൂട്ടുകയില്ല.)

689. ചാത്തനൊഴിഞ്ഞപ്പോൾ ചെകുത്താൻ കൂടി.

ഒരാപത്തൊഴിഞ്ഞപ്പോൾ അതിനെക്കാൾ വലിയ മറെറാരാപത്തായി. (ചാത്തന്റെ ഉപദ്രവത്തെക്കാൾ കഷ്ടമാണല്ലോ ചെകുത്താന്റെ ഉപദ്രവം.)

690. ചിങ്ങൻ പഴുത്താലും പല്ലൻ ചിരിച്ചാലും അറിയില്ല.

സ്വതെയുള്ള സ്വഭാവം കൊണ്ട് ചിലതിന്റെ (ചിലരുടെ) ഭാവമാററം അറിയാൻ കഴിയുകയില്ല. (ചിങ്ങൻ കായ പഴുത്താലും പച്ചനിറം തന്നെ. പല്ലുന്തിയവൻ ചിരിച്ചാലും ഇല്ലെങ്കിലും ഒരുപോലെ തോന്നും.)

691. ചിരട്ടയിലെ വെള്ളം എറുമ്പിനു സമുദ്രം.

ചെറിയ കാര്യവും നിസ്സാരരെ സംബന്ധിച്ചിടത്തോളം വൻകാര്യം തന്നെ.

692. ചിലമ്പിട്ട പാണൻ നിലത്തു നിൽക്കയില്ല.

താൻ ചിലമ്പിട്ട വിവരം മററുള്ളവരെ അറിയിക്കുന്നതിനുവേണ്ടി കാലുകളിളക്കി ചിലമ്പു കി

ലുക്കികൊണ്ടിരിക്കും. അല്പന്മാർക്ക് അർത്ഥ മുണ്ടായാലുള്ള പൊങ്ങച്ചം.

693. ചീഞ്ഞ മീനിന് പുഴുത്ത പുളി. ചീങ്കണ്ണനു കോങ്കണ്ണി.

ചപ്പച്ചിക്ക് ചവറു നായര്—എന്ന ചൊല്ലിൻെറ ആശയം തന്നെ ഈ ചൊല്ലുകാംക്കും.

694. ചുക്കില്ലാത്ത കഷായമില്ല.

മിക്ക കഷായങ്ങാംക്കും ചുക്കു ചേരും. അതു പോലെ ഏതു കാര്യത്തിലും ഉാംപ്പെടുന്ന ആളുക ളെ ഉദ്ദേശിച്ചുള്ള ചൊല്ലാണിത്.

695. ചുടലയിലേ വേദാന്തം.

തൽക്കാലത്തേക്കു മാത്രമുള്ള തത്വജ്ഞാനം. (ഒരാം മരിച്ചു സംസ്കരിച്ചു കഴിയുംവരെ മനു ഷ്യൻെറ നിസ്സാരതയെപ്പററിയും നശ്വരതയെപ്പ ററിയുമൊക്കെ ചിന്താകുലനായിരിക്കും, പക്ഷേ, അതു കഴിഞ്ഞാൽ വീണ്ടും പഴയപടി ജീവിതം തുടരുകയാവും.)

696. ചുണ്ടയ്ക്കാ കാൽ പണം; ചുമട്ടു കൂലി മുക്കാൽ പണം.

ഒരു സാധനത്തേക്കാം കൂടുതൽ അതിനു ചെ ലവു വേണ്ടിവരുന്നതിനെ സൂചിപ്പിക്കുന്നു.

697. ചുണ്ടങ്ങാ കൊടുത്ത് വഴുതനങ്ങാ വാങ്ങുക.

അങ്ങോട്ടു ചെയ്യുന്നതു വളരെ നിസ്സാരമായ ത്. പകരം വലിയ ഉപദ്രവം ഇങ്ങോട്ടുണ്ടാകുന്നു.

698. ചുമരുണ്ടെങ്കിലേ ചിത്രമെഴുതാവൂ.

ആധാരവും അടിസ്ഥാനവുമായ ചില കാര്യ ങ്ങാം കൂടിയേ തീരൂ. അതിൽ നിന്നു മാത്രമേ മററൊക്കെ ചെയ്യാൻ കഴിയൂ.

699. ചുരത്തുന്നിടത്തോളം കറക്കുക.

കിട്ടുന്നിടത്തോളം കൈക്കലാക്കുക എന്ന സ്വ ഭാവം.

700. ചുരത്തുമ്പോഴം കറന്നാലേ പാൽ കിട്ടൂ.

പററിയ സന്ദർഭത്തിൽ പ്രവർത്തിക്കണം. എങ്കിലേ കാര്യലാഭമുണ്ടാകൂ.

701. ചെടിയിൽ വളയാത്തതു തടിയിൽ വളയുമോ?

ചെറുപ്പത്തിൽ രൂപപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ വലുതായാൽ സാദ്ധ്യമാകയേയില്ല. (ബാല്യത്തിൽപ്പോലും സ്വാധീനിക്കാൻ കഴിയാത്തവനെ വലുതായാൽ തീരെ സ്വാധീനിക്കാൻ കഴിയുകയില്ല.)

702. ചെട്ടി അടിച്ചും ചേര കടിച്ചും ചത്തവരില്ല.

ചെട്ടിക്ക് അടിക്കാൻ കരുത്തില്ല. ചേരയ്ക്ക് വിഷവുമില്ല. രണ്ടിൽ നിന്നും ഉപദ്രവം പ്രതീക്ഷിക്കേണ്ട. കഴിവില്ലാത്തവനെ പേടിക്കേണ്ട എന്നു സാരം.

703. ചെട്ടി കെട്ടാൽ പട്ടുടുക്കും.

സ്വന്തം ദരിദ്രാവസ്ഥയെ, മോടി കാട്ടി മറയ്ക്കാനുള്ള ശ്രമം. ദരിദ്രാവസ്ഥയിലും ആഡംബരം കാണിക്കുക എന്നും അർത്ഥം.

704. ചെട്ടിമിടുക്കുണ്ടെങ്കിൽ ചരക്കുമിടുക്കു വേണ്ട.

കച്ചവടത്തിൽ കൗശലമുണ്ടെങ്കിൽ മോശമായ ചരക്കും വില്ക്കാൻ പ്രയാസമില്ല. ആകർഷകമായ പരസ്യങ്ങളുടെ സഹായം കൊണ്ട് ഗുണം കുറഞ്ഞ വസ്തുക്കളും വിററഴിക്കാറുണ്ടല്ലോ.

705. ചെയ്ത പണിക്കേ കുററമുള്ളു.

പണി ചെയ്തില്ലെങ്കിൽ കുററം വരുകയില്ലല്ലോ. ഒന്നും ചെയ്യാതിരിക്കുന്നവന് അബദ്ധമൊന്നും പററുകയില്ല. പ്രവർത്തിക്കുന്നവനു മാത്രമേ അബദ്ധങ്ങളും പററുകയുള്ളു.

706. ചെരിപ്പിട്ടവനേ കടിയറിയൂ.

എല്ലാ പ്രവൃത്തികൾക്കും ഗുണം മാത്രമല്ല, ദോഷവുമുണ്ട്. അനുഭവിക്കുമ്പോൾ മാത്രമേ അതു ബോധ്യമാകൂ.

707. ചെറുമുള്ളു കുത്തിയാൽ മറുമുള്ളുകൊണ്ടെടുക്കുക.

ദുർജ്ജന ശല്യത്തെ ദുർജ്ജനങ്ങളെക്കൊണ്ടുതന്നെ പരിഹരിക്കുക. (കണ്ടകേനൈവകണ്ടകം). കാലിൽ തറച്ച മുള്ളെടുക്കാൻ മറെറാരു മുള്ളുപയോഗിക്കുക.

708. ചേര തിന്നുന്ന നാട്ടിൽ ചെന്നാൽ നടുക്കണ്ടം തിന്നണം.

കാലദേശാചാരങ്ങൾക്കനുസരിച്ചു പ്രവർത്തിക്കണം. (Whe you gno to Rome, do as the Romans do.)

709. ചേററിൽ പുതഞ്ഞ ആനയെ കാക്കയും കൊത്തും.

ആപത്തിൽപ്പെട്ടവശനായ ബലവാനെ നിസ്സാരന്മാർ പോലും ശല്യപ്പെടുത്തും.

710. ചൊട്ടയിലേ ശീലം ചുടല വരെ.

കുട്ടിക്കാലത്തുണ്ടാകുന്ന ശീലം അവസാനംവരെ നിലനിൽക്കുന്നു.
(ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം.)

711. ചൊല്ലാതെ ചെന്നാൽ ഉണ്ണാതെ പോരാം.

അനാവശ്യമായി വലിഞ്ഞു കയറിച്ചെല്ലുന്നവർക്ക് ഒരിടത്തും സ്വാഗതം ലഭിക്കയില്ല.

712. ചൊല്ലു വെടിഞ്ഞാൽ അല്ലലു കൂടും.

അനുസരണക്കേടു കാട്ടുന്നവനു കഷ്ടപ്പാടു തന്നെ ഫലം.

713. ചോരയും ചോറും മറക്കരുത്.

രക്തബന്ധമുള്ളവരെയും സംരക്ഷിക്കുന്നവരെയും മറക്കരുത്.

714. ചോറിങ്ങും കൂറങ്ങും.

ജീവിക്കുന്നത് ഒരാളെ ആശ്രയിച്ച്. പക്ഷേ, കൂറ് (സ്നേഹം) മററൊരാളോട്. ഉപകാരം ചെയ്യുന്നവനോടു സ്നേഹവും നന്ദിയും ഇല്ലാത്തവരുടെ സ്വഭാവം.

715. ചോറുള്ളിടത്തേ കൂറുള്ളു.

ഉപകാരം ചെയ്യുന്നവരോട് മാത്രമേ സ്നേഹവുമുള്ളു. ആദായത്തിനു വേണ്ടി മാത്രം കൂറു കാണിക്കുന്ന സ്വഭാവം.

716. ചോററിന്നു കേട്; ഭൂമിക്കു ഭാരം.

യാതൊരു പ്രയോജനവുമില്ലാതെ ജീവിക്കുന്നവരെക്കുറിച്ചാണ് ഈ ചൊല്ല്. തിന്നുക മാത്രം തൊഴിലാക്കിക്കഴിയുന്നവൻ ഭൂമിക്കു ഭാരമെന്നു മാത്രമേ പറയാവൂ.

ഛ

717. ഛർദ്ദിച്ചതു ഭക്ഷിക്കാറുണ്ടോ ?

നികൃഷ്ടമെന്നറിഞ്ഞ് ഉപേക്ഷിച്ച കാര്യങ്ങൾ വീണ്ടും സ്വീകരിക്കാറില്ലല്ലോ വിവരമുള്ള ആളുകൾ.

ജ

718. ജനിക്കും മുമ്പ് ജാതകം കുറിക്കണോ ?

ഒരു സംഭവമുണ്ടാകുന്നതിനു മുമ്പു തന്നെ അതിൻെറ അനന്തര ഫലങ്ങളെപ്പററി ചിന്തിക്കുന്നതിന് അർത്ഥമില്ല.

719. ജന്മം വിററും ജയം കൊണ്ടാടണം.

ജന്മസ്വത്തു വിററും വിജയം ആഘോഷിക്കണം. 'കാണം വിററും ഓണമുണ്ണണം' എന്നു പറയുന്നതുപോലെ.

720. ജയിച്ചവൻ കരി; തോററവൻ ചാരം.

കലഹങ്ങളം, കുടുംബ വ്യവഹാരങ്ങളം, യുദ്ധങ്ങളം മുതലായവയിൽ അഭിലഷണീയമായ നേട്ടം എന്നൊന്നു് ഇല്ല. വാദിക്കും പ്രതിക്കും ആക്രമിക്കുന്നവനും ആക്രമിക്കപ്പെടുന്നവനും നാശം തന്നെ ഫലം. തീയെരിഞ്ഞു കഴിഞ്ഞാൽ കരിയും ചാരവും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ലല്ലോ.

721. ജാത്യാലുള്ളതു തൂത്താൽ പോകുമോ ?

ജന്മനാ ഉള്ള സ്വഭാവം പെട്ടെന്നൊന്നും മാറുകയില്ല.

722. ജീവനുള്ള ജനത്തിന്നു ജീവനായതു ജീവനം.

ജീവൻ നിലനില്ക്കുന്നതിനു ജലം അപരിത്യാജ്യമാണു്. ജലത്തിൻെറ പ്രാധാന്യം വ്യക്തമാക്കുന്നു.

723. ജീവിക്കു നാവു താൻ കാലൻ.

നാക്കാണു് നാശത്തിനു കാരണം. നാവിനു് രുചികരമായ വസ്തുക്കൾ എപ്പോഴും ഭക്ഷിക്കുന്നവൻ രോഗത്തെ വിളിച്ചു വരുത്തുന്നു. വിവേകം കൂടാതെ, അനാവശ്യമായി സംസാരിക്കുന്നതുകൊണ്ടു് അപകടം സംഭവിക്കുന്നു എന്നും അർത്ഥമുണ്ടു്.

724. ജ്ഞാനി എവിടെയും ജ്ഞാനി; രാജാവു് രാജ്യത്തു മാത്രം രാജാവു്.

ജ്ഞാനിക്കു് എവിടെയും സ്ഥാനമുണ്ടു്. രാജാവിനു് ആ രാജ്യത്തു മാത്രമേയുള്ളു സ്ഥാനം. ജ്ഞാനത്തിൻെറ ശ്രേഷ്ഠതയാണു് വിഷയം. (സ്വരാജ്യേ പൂജ്യതേ രാജാ—വിദ്വാൻ സർവ്വത്ര പൂജ്യതെ.)

725. ജ്ഞാനം മനുഷ്യന്നു തൃതീയ നേത്രം.

മനുഷ്യൻെറ മൂന്നാമത്തെ കണ്ണാണ് ജ്ഞാനം. ബാഹ്യമായ രണ്ടു കണ്ണു കൊണ്ടു കാണാൻ കഴിയാത്തത് ജ്ഞാനമാകുന്ന മൂന്നാമത്തെ കണ്ണു കൊണ്ടു കാണാൻ കഴിയുന്നു.

ഞ

726. ഞണ്ടിനു കലക്കൽ വേണം.

ദുർജ്ജന സ്വഭാവം. ദുഷിച്ചു കലങ്ങിയ പരിതഃസ്ഥിതിയിലാണ് ദുർജ്ജനങ്ങൾ മററുള്ളവരെ ചൂഷണം ചെയ്യുന്നത്.

727. ഞണ്ടു കൊഴുത്താൽ കുണ്ടിൽ കിടക്കുമോ ?

തീററി തിന്നു തടിയും മിടുക്കും ആയിക്കഴിഞ്ഞാൽ അതുവരെക്കിടന്ന കുണ്ടിൽ നിന്ന് ചാടിപ്പോകുന്ന ഞണ്ടിൻെറ സ്വഭാവം. തൻേറടമാകുമ്പോൾ തൻെറ മൂലസ്ഥാനം മറക്കുന്ന, ഉപേക്ഷിക്കുന്ന കൂട്ടരെ സൂചിപ്പിക്കുന്നു.

728. ഞവര നട്ടാൽ തൊവര മുളയ്ക്കുമോ ?

സ്വതെയുള്ള സ്വഭാവവും രൂപവും മാറുകയില്ല. 'ചുട്ടി നട്ടാൽ കണ്ണൻ വിളയുമോ?' എന്ന ചൊല്ല് ഇതിന്നു സമാനം.

729. ഞാങ്ങണയായാലും നാലു് കൂട്ടിക്കെട്ടിയാൽ ബലം.

ഐകമത്യം മഹാബലം. ഒററയ്ക്കൊററയ്ക്കു ദുർബലമെങ്കിലും ഒരുമിച്ചു ചേർത്താൽ ശക്തമാകും.

730. ഞാനും മുതലേച്ചനുംകൂടി പോത്തിനെപ്പിടിച്ചു.

മുതല പോത്തിനെപ്പിടിച്ചു. താനും മുതലയും കൂടിയാണ് പോത്തിനെ പിടിച്ചതെന്ന് തവള വൻപു പറയുന്നു. കഴിവും ശക്തിയുമുള്ളവർ എന്തെങ്കിലും ചെയ്യുമ്പോൾ, ചില നിസ്സാരന്മാർ തങ്ങളുംകൂടിയാണ് അത് ചെയ്തതെന്ന്

പൊണ്ണക്കാര്യം പറയുകയും സ്വയം പുകഴ്ത്തുകയും ചെയ്യുന്നു.

731, ഞാൻ ഞാനല്ലാതായാൽ നായാകും.

സ്വന്തം സ്ഥാനമാനാദികരംക്കു നിരക്കാത്ത രീതിയിൽ പെരുമാറിയാൽ അയാളെ ഒരുത്തരും വില വെയ്ക്കുകയില്ല. നായയെപോലെ കരുതും.

732. ഞാൻ പിടിച്ച മുയലിനു മൂന്നു കൊമ്പ്.

എന്തായാലും താൻ പറയുന്നതുതന്നെ ശരി എന്ന ദുർവ്വാശി

733, ഞാറ കരഞ്ഞു വടക്കോട്ടെങ്കിൽ, ചത്തെടുത്തതു തെക്കോട്ട്.

ഞാറപ്പക്ഷി കരഞ്ഞുകൊണ്ട് വട്ടക്കോട്ടു പോകുന്നത് മരണത്തെ സൂചിപ്പിക്കുന്ന ദുഃശകുനമാണെന്ന് ചിലരുടെ വിശ്വാസം.

734. ഞാറുറച്ചാൽ ചോറുറച്ചു.

ഞാറ് പാടത്ത് വേരുറച്ചു കഴിഞ്ഞാൽ നല്ല വിളവുണ്ടാകുമെന്നു നിശ്ചയം. കൃഷിയെ അടിസ്ഥാനപ്പെടുത്തിയുള്ള പഴഞ്ചൊല്ല്.

735. ഞാററിൽ പിഴച്ചാൽ ചോററിൽ പിഴയ്ക്കും.

മേൽപ്പറഞ്ഞതിന് നേരേ വിപരീതമായ ചൊല്ല്. ഞാറ് (നടീൽ) പിഴച്ചുപോയാൽ വിളവു മോശമാകുമെന്നു തീർച്ച.

736. ഞെക്കിപ്പഴുപ്പിച്ചാൽ സ്വാദില്ല.

പാകവും പരുവവുമാകാത്ത കാര്യം ആസ്വാദ്യമായിരിക്കയില്ല. നിർബ്ബന്ധിച്ചും തിടുക്കം കൂട്ടിയും ഒരു കാര്യം ചെയ്യിച്ചാൽ അതു നന്നായിരിക്കയില്ല. പഴത്തിനു സ്വാദുണ്ടാകണമെങ്കിൽ അത് വേണ്ടപോലെ മൂത്തു പഴുത്ത് പാകമാകണം.

737. ഞെട്ട് അററാൽ കടയ്ക്കൽ.

ആലംബം അററുപോയാൽ ചുവട്ടിൽ വീഴുക തന്നെ ഫലം. ഇടയ്ക്കു താങ്ങി നിർത്താൻ സ്ഥാനമെന്നുമില്ല. ആശ്രയം അററുപോയാൽ ആരായാലും അധഃപതിക്കയേയുള്ളു. സഹായിക്കാൻ ആരും ഉണ്ടാകയില്ല.

ത

738. തകരക്കാട്ടിലും പുലി കാണും.

ആപത്തു തീരെ പ്രതീക്ഷിക്കാത്ത സ്ഥാനത്തും ചിലപ്പോഠം ആപത്തുണ്ടായേക്കാം. തകരക്കാട്ടിൽ സാധാരണയായി ആരും പുലിയുടെ ഉപദ്രവം ശങ്കിക്കയില്ലല്ലോ.

739. തകിടം മറിക്കുന്നവൻ താനും മറിയും.

മററുള്ളവരെ ദ്രോഹിക്കുന്നവൻ സ്വയം ആപത്തിൽ അകപ്പെടുന്നു.

740. തക്കത്തിൽ കച്ചോടം ചെയ്യാൻ ഒക്കത്തു പണം വേണം.

തക്ക സമയത്തു കച്ചവടം ചെയ്തു ലാഭമുണ്ടാക്കാൻ ആഗ്രഹിക്കുന്നവർ കൈയിൽ പണം കരുതി വയ്ക്കണം. സമയത്തിന്നു പണം കൈവശമില്ലെങ്കിൽ കച്ചവടം നടന്നില്ലെന്നു വരും. തക്ക സമയത്ത് ചെയ്യുന്നതിന് മതിയായ കരുതൽ അത്യാവശ്യമാണ്.

741. തടവാനാളുണ്ടെങ്കിൽ തളർച്ചയുമുണ്ട്.

ചിലർ വലിയ ക്ഷീണവും രോഗവുമൊക്കെ ഭാവിക്കും. അവരെ ശുശ്രൂഷിക്കാൻ ആളുണ്ടെന്നുള്ളതാണ് അതിന്നു കാരണം.

742. തടിയുടെ വളവുമുണ്ട്; തച്ചന്റെ കുററവുമുണ്ട്.

പണി മോശമായതിന്ന് രണ്ടു കാരണങ്ങളാണ്. ഒന്നിനെ മാത്രം കുററം പറയേണ്ടതില്ല.

743. തട്ടാനേ തങ്കത്തിൻെറ മാറററിയൂ.

ഒരു വസ്ഌതുവിൻെറ യഥാർത്ഥ മഹത്വവും വിലയും അതുമായി ഇടപെടുന്നവനു മാത്രമേ അറിയാൻ കഴിയൂ.

744. തട്ടാൻ തായ്പ്പൊന്നിലും മായ്പ്പൊന്നിടും.

സ്വന്തമാളുകളെപ്പോലും വഞ്ചിക്കുന്നവരുടെ സ്വഭാവമാണ് സൂചിപ്പിക്കുന്നത്, തട്ടാൻ സ്വന്തം അമ്മയുടെ പൊന്നിൽപ്പോലും മായം ചേർക്കാൻ മടിക്കുന്നില്ല. മററുള്ളവരുടെ പൊന്നാണെങ്കിൽ പിന്നെപ്പറയേണ്ടതില്ലല്ലോ.

745. തട്ടിപ്പറിച്ച മുതൽ പൊട്ടിത്തെറിക്കും.

അന്യായമായി. അക്രമമായി കൈയിലാക്കിയ സമ്പത്തു തകർന്ന് നശിച്ചുപോകുകയേയുള്ളൂ. തട്ടിപ്പറിച്ചവന് ആ മുതൽ അനുഭവിക്കാൻ പററുകയില്ല.

746. തണ്ടിലിരിക്കുന്നവനു താഴെയിറങ്ങണം; താഴെ നിൽക്കുന്നവനു തണ്ടിൽ കേറണം.

വളരെ നേരമായി തണ്ടിന്മേൽ ഇരിക്കുന്നവനു താഴെയിറങ്ങിയാൽ കൂടുതൽ സുഖം ലഭിക്കും എന്നാണ് വിചാരം. താഴെ നിൽക്കുന്നവനാകട്ടെ, തണ്ടിന്മേൽ കേറിയാൽ എന്തു സുഖമായിരിക്കും എന്നു വിചാരിക്കുന്നു. അന്യൻെറ സ്ഥിതിയാണ് സുഖകരം, മെച്ചം എന്നു വിചാരിച്ച് അത് ആഗ്രഹിക്കുക മനുഷ്യൻെറ സ്വഭാവമാണ്. അധികാരത്തിലിരിക്കുന്നവന് ആ ഭാരമെല്ലാം ഒഴിഞ്ഞാൽ മതിയെന്നു വിചാരിക്കും. അതേസമയം എങ്ങനെയെങ്കിലും അധികാരത്തിലേറാൻ എത്രയോ പേർ കൊതിക്കുന്നു. ഒരു തരം 'അക്കരെപ്പച്ച' തന്നെ.

747. തത്തമ്മേ, പൂച്ച പൂച്ച.

തിരിച്ചറിവില്ലാതെ അനുകരിക്കുക. 'തത്തമ്മേ, പൂച്ച പൂച്ച' എന്ന് ആരെങ്കിലു പറയുന്നു. അതുകേട്ട് തത്തമ്മയും അതുപോലെ പറയുന്നു.

748. ത്രതപ്പെട്ടാൽ താടി വരുമോ?

ധിറുതിയും തിരക്കും പിടിക്കുന്നതുകൊണ്ട് കാര്യം സാധിക്കയില്ല. ഓരോന്നിനും സമയമുണ്ട്. ആ സമയത്തു മാത്രമേ അതു നടക്കുകയുള്ളൂ.

749. തനിക്കന്നം പചിക്കൊല്ലാ.

തനിക്കുവേണ്ടി മാത്രം ഭക്ഷണമുണ്ടാക്കരുത്. ഭക്ഷണം പാകം ചെയ്ത് താൻ മാത്രം കഴിക്കരുത്. വിശക്കുന്നവർക്കു കൊടുക്കയും വേണം.

750. തനിക്കു ചുടുമ്പോൾ കുട്ടി അടിയിൽ.

അത്യാപത്തു വരുമ്പോൾ സ്വരക്ഷയാണു പ്രധാനം. കുട്ടിക്കു പൊള്ളിയാലും തള്ള സുഖം കരുതുന്നു.

751, തനിക്കു താനും പുരക്കു തൂണും.

പുരയ്ക്ക് ആശ്രയം തൂണാണ്. അതുപോലെ തനിക്ക് താൻതന്നെയാണ് ആശ്രയം. പല അവസരങ്ങളിലും മററുള്ളവരുടെ സഹായം ഉപകാരപ്പെട്ടു എന്നു വരുകയില്ല.

752. തനിക്കു തികഞ്ഞിട്ടു ദാനം ചെയ്യാൻ പററുമോ?

മനുഷ്യന് എത്ര കിട്ടിയാലും മതിയാകയില്ലല്ലോ. ആവശ്യങ്ങൾ പെരുകിക്കൊണ്ടിരിക്കും, അതിനിടയിൽതന്നെ അർത്ഥികൾക്കു ദാനം ചെയ്യുകയും വേണം. തികഞ്ഞിട്ടു ദാനം ചെയ്യാമെന്നു വിചാരിച്ചാൽ നടക്കുന്ന കാര്യമല്ല.

753. തനിക്കു വേണ്ടി തവിടിടിക്കില്ല; അന്യനുവേണ്ടി ഇരുമ്പടിക്കും.

സ്വന്തം കാര്യം അവഗണിച്ചിട്ട് മററുള്ളവർക്കു വേണ്ടി കഠിനാധ്വാനം ചെയ്യുന്നു.

754. തനിപ്പൊന്നിനു തീപ്പേടിയില്ല.

മായം ചേർന്ന പൊന്ന് തീയോടടുക്കുമ്പോൾ പേടിക്കുന്നു. പഴുത്തുരുകുമ്പോൾ വ്യക്തമാകു മല്ലോ. എന്നാൽ തനിപ്പൊന്നിന് ആ പേടിയില്ല. യഥാർത്ഥ മഹത്വമുള്ളവൻ എതു പരീക്ഷണത്തെ യും ഭയപ്പെടുന്നില്ല.

755. തങ്കച്ചെരുപ്പായാലും തലയിലേററരുത്.

ഭംഗിയും വിലയുമുള്ളതായാലും നികൃഷ്ട വസ്തുക്കൾ നിന്ദ്യങ്ങൾ തന്നെയാണ്. അവയെ പൂജിക്കുന്നത് സജ്ജനോചിതമല്ല.

756. തങ്കത്തിനു സുഗന്ധം.

വില, ശോഭ മുതലായവയെല്ലമുണ്ട് തങ്കത്തി ന്. സുഗന്ധം മാത്രമേ ഇല്ലാതെയുള്ളു. അതും കൂടിയുണ്ടെങ്കിൽ എത്ര അഭികാമ്യമായിരിക്കും!

'ദാനശീലനു സൗമ്യത്വം
തങ്കത്തിന്നു സുഗന്ധമാം.'

757. തങ്കസ്സൂചി തറച്ചാലും വേദനിക്കും

തങ്കം കൊണ്ടുണ്ടാക്കിയതായാലും സൂചി സൂചി തന്നെ. തറച്ചാൽ വേദനിക്കും. ഓരോ വസ്തുവും അതിൻെറ വർഗ്ഗസ്വഭാവം കാണിക്കും

758. തൻകാര്യം വൻകാര്യം.

അവനവൻെറ കാര്യം എല്ലാവർക്കും വളരെ വലു താണ്, പ്രധാനമാണ്. മററുള്ളവരക്ക് അതു നിസ്സാരമെന്നു തോന്നിയേക്കാം.

759. തൻകൈയിൽപ്പുണ്ണിനറപ്പില്ല,

തൻെറ കൈയിലെ വ്രണത്തിന് അറപ്പില്ല. എത്ര ചീത്തയായാലും തൻേറതിനോട് എല്ലാവർ ക്കും മമതയേ ഉള്ളു, വെറുപ്പില്ല,

760; തൻകൈയേ തനിക്കുതകൂ. (അർത്ഥം സ്പഷ്ടം)

761. തൻെറ ഊര നുള്ളി ആരാൻെറ നോവറിയണം.

തൻെറ ഊരയ്ക്കു നുള്ളുമ്പോഠം തനിക്കു നോവും. ആ അനുഭവത്തിൽ നിന്നു് മററുള്ളവർക്കുണ്ടാകുന്ന വേദന മനസ്സിലാക്കണം.

'ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കേ
പാരിൽ പരക്ലേശ വിവേകമുള്ളൂ.'

762. തൻെറ കണ്ണിൽ കോലിരിക്കെ, ആരാൻെറ കണ്ണിലെ കരടെടുക്കാൻ തുനിയരുതു്.

തൻെറ വലിയ ദോഷം മനസ്സിലാക്കാതെ, പരിഹരിക്കാൻ ശ്രമിക്കാതെ മററുള്ളവരുടെ ലഘുവായ ദോഷം മാററാൻ ശ്രമിക്കുക,

'ഖലഃസർഷപ മാത്രാണി
പരഛിദ്രാണി ദൃശ്യതി
ആത്മനോബിലവമാത്രാണി
പശ്യന്നപി ന പശ്യതി.'

ഖലന്മാർ കടുകിൻമണിയോളമുള്ള പരദോഷം കാണുന്നു. കൂവളക്കായോളം വലുപ്പമുള്ള സ്വന്തം ദോഷം കാണുന്നില്ല. കണ്ടാലും കണ്ടില്ലെന്നു നടിക്കുന്നു.

763. തൻെറ നിഴൽ തന്നോടെ വരും.

സ്വകർമ്മഫലം നിഴൽ പോലെ പിൻതുടരുന്നു.

764. തൻെറ മുതുകു താൻ കാണുകയില്ല.

എത്ര അറിവുള്ളവനും തനിക്കറിഞ്ഞുകൂടാത്ത ഒരു വശമുണ്ടു്. അതു് അന്യനെ മനസ്സിലാക്കുകയുള്ളൂ.

765. തൻെറ രണ്ടുപോയാലും അന്യൻെറ ഒന്നെങ്കിലും കളയണം.

മൂക്കു മുറിച്ചു ശകുനം മുടക്കുന്ന സ്വഭാവം. തനിക്കു് എന്തു കുഴപ്പം വന്നാലും വേണ്ടില്ല, അന്യരെ കുഴപ്പത്തിൽ ചാടിക്കുന്നതിലാണു് ഇക്കൂട്ടർക്കു സന്തോഷം.

766. തന്നതും തിന്നതും മറക്കരുത്.

ഉപകാരം ചെയ്തവരോട് എന്നും കൃതജ്ഞത യുള്ളവരായിരിക്കണം.

767. തന്നത്താനറിയാഞ്ഞാൽ പിന്നെത്താനറിയും.

സ്വന്തം നിലയും പരിതസ്ഥിതിയും മനസ്സി ലാക്കാതെ, തോന്നിയപോലെ പ്രവർത്തിക്കുന്ന വർ കുറേക്കഴിയുമ്പോഠം അതിൻെറ ഫലം അനുഭ വിക്കുന്നു.

768. തന്നമ്പലം പൊന്നമ്പലം.

സ്വന്തം ഗൃഹം, ക്ഷേത്രം മുതലായവ ചെറുതും ഭംഗി കുറഞ്ഞതുമായിരിക്കാം. എന്നാൽ അവ യോട് എല്ലാവർക്കും മമതയേറും.

769. തന്നിലെളിയതു തനിക്കിര.

ശക്തിയുള്ളത് ശക്തി കുറഞ്ഞതിനെ ഇരയാക്കു ന്നു. പ്രകൃതിയുടെ നിയമമാണിത്.

770. തന്നില്ലം പൊന്നില്ലം. (768 നോക്കുക)

771. തന്നിഷ്ടം പൊന്നിഷ്ടം; ആരാൻേറയിഷ്ടം വിമ്മിട്ടം.

സ്വഹിതമനുസരിച്ചു പ്രവർത്തിക്കാനാണ് എ ല്ലാവർക്കും ഇഷ്ടം. മററുള്ളവരുടെ ഹിതമോ പ്രേ രണയോ ആജ്ഞയോ അനുസരിച്ചു പ്രവർത്തി ക്കുക വളരെ വിഷമംതന്നെ.

772. തന്നെപ്പൂജിച്ചിട്ട് തേവരെപ്പൂജിക്കുക.

സ്വന്തം കാര്യം ശരിയാക്കിയിട്ടു വേണം മററുള്ള വരുടെ കാര്യം നോക്കാൻ. പൂജാരി ആദ്യം ആത്മാ രാധനയാണ് നടത്തുന്നത്. പിന്നീടാണ് ദേവാ രാധന.

773. തന്നെയറിഞ്ഞവൻ തലവൻ.

സ്വന്തം ശക്തിയും കഴിവും കഴിവുകേടും ശരി ക്കറിയുന്നവനാണ് നേതാവ്.

774. തന്നോടു ചോദിച്ചേ താനൊന്നു പറയാവൂ.

ചോദിക്കാതെ, അനാവശ്യമായി കേറിപ്പറയുന്നത് അനുചിതമാണ്. സംഭാഷണത്തിൽ അവശ്യം ശ്രദ്ധിക്കേണ്ട കാര്യമാണിത്.

775. തന്നോളമായാൽ (മകനെ) താനെന്നു വിളിക്കണം.

പ്രായപൂർത്തിയായി പാകതവന്ന മകനെ മിത്രമായി കരുതി പെരുമാറണം.

''പ്രാപ്തേ ഷോഡശവർഷേ തു
പുത്രം മിത്രവദാചരേത്.''

776. തൻബലം കണ്ടേ അമ്പലം കെട്ടാവൂ,

ഏതു പ്രവൃത്തിയും ചെയ്യുന്നതിനു മുമ്പ് അവനവൻെറ കഴിവെത്രയുണ്ടെന്നു മനസ്സിലാക്കണം. കഴവിനപ്പുറം ആഗ്രഹിച്ച് പുറപ്പെട്ടാൽ പലപ്പോഴും പരാജയവും നിരാശയുമായിരിക്കും ഫലം.

777. തപ്പിക്കണ്ടു വീശാറുണ്ടോ?

ഏതു തരം മീനാണ്, എത്രമാത്രം കിട്ടും എന്നൊന്നും മുങ്ങിത്തപ്പി നോക്കിയിട്ടല്ലല്ലോ വല വീശുന്നത്. ചില പ്രവൃത്തികൾ അവയുടെ ഫലം നേരത്തേകൂട്ടി അറിഞ്ഞിട്ടു ചെയ്യാൻ സാധിക്കാറില്ല. 'മുങ്ങിക്കണ്ടു വീശാറുണ്ടോ?' എന്നും പറയും.

778. തമ്മിൽ ഭേദം തൊമ്മൻ.

എല്ലാം മോശപ്പെട്ടതാണ്, അതിൽ ഒന്ന് താരതമ്യേന ഭേദപ്പെട്ടത് എന്നർത്ഥം.

779. തരമെന്നു വച്ച് വെളുക്കുവോളം കക്കരുത്.

രാത്രിയാണ്, ആരും കാണുകയില്ല എന്നു വിചാരിച്ച് വെളുക്കുംവരെ കട്ടാൽ, ഓർക്കാപ്പുറത്ത് ആരെങ്കിലും പിടികൂടിയെന്നു വരും. അതിരു

കടന്നുള്ള പ്രവൃത്തി അപകടത്തിനു കാരണമാകും.

780. തല കൊണ്ടു മല പിളർക്കാം.

ഇവിടെ 'തല' ബുദ്ധിയെന്നാണർത്ഥം. ബുദ്ധിവൈഭവംകൊണ്ട് ഏതു പ്രയാസമുള്ള കാര്യവും നിറവേററാം.

781. തലമുടിയുണ്ടെങ്കിൽ ചായ്ച്ചും ചരിച്ചും കെട്ടാം.

ഏതു രീതിയിലും കെട്ടിവയ്ക്കാം, പക്ഷേ, തലമുടി വേണം. പണമോ മററു വിഭവങ്ങളോ കൈവശമുള്ളവർക്ക് അത് ഏതു വിധം വേണമെങ്കിലും വിനിയോഗിക്കാം. പണമില്ലാത്തവന് പലതും ഭാവന ചെയ്യാം. പക്ഷേ, ഫലമെന്ത്?

782. തലയണ മാറിയാൽ തലക്കേടു പൊറുക്കുമോ?

തലയുടെ രോഗം മാറുന്നതിന് തലയണ മാറിയതുകൊണ്ടു പ്രയോജനമില്ല. അതിനു തക്കതായ ചികിത്സ വേണം.

783. തലയിരിക്കെ വാലാടുമോ?

കുടുംബനാഥനുള്ളപ്പോൾ ഇളംമുറക്കാർക്ക് പ്രാധാന്യമില്ല. പ്രധാന കാരണങ്ങൾ നിശ്ചയിക്കുന്നതും നടപ്പാക്കുന്നതും നേതാക്കന്മാരാണ്, അനുയായികൾ അതിനു ശ്രമിക്കയില്ല. ശ്രമിക്കുന്നത് ബുദ്ധിപൂർവ്വകവുമല്ല.

784. തലയില്ലാത്തവനു തൊപ്പി വേണ്ട.

ഉപയോഗിക്കാൻ തക്ക പരിതഃസ്ഥിതിയില്ലാത്തവന് ഉപഭോഗ വസ്തുക്കളുടെ ആവശ്യമില്ലല്ലോ. വീടില്ലാത്തവനു വീട്ടുപകരണങ്ങൾ എന്തിന്?

785. തലയിൽ വച്ചാൽ പേനരിക്കും; താഴെ വച്ചാൽ ഉറുമ്പരിക്കും.

ചിലർ കുട്ടികളെ ഓമനിച്ചു സംരക്ഷിക്കുന്നതിൽ കാണിക്കുന്ന അതിശ്രദ്ധയാണ് വിഷയം.

ഏതെങ്കിലും തരത്തിൽ ദോഷം വരുമോ എന്നാണ് എപ്പോഴും ഉൽക്കണ്ഠ. (ഒരു വിധത്തിലും സംരക്ഷിക്കാൻ കഴിയുന്നില്ല എന്ന അർത്ഥവും ഈ ചൊല്ലിനുണ്ട്.)

786. തലയെത്ര ഉയർന്നാലും തറയിൽ കാലുറയ്ക്കണം.

എത്ര ഉന്നതനും പ്രതാപശാലിയുമായിത്തീർന്നാലും അടിസ്ഥാനം മറക്കരുത്, വിനയവാനായിരിക്കണം.

787. തലയെനിക്കു വേണം, വാൽ നിനക്കു തരികയില്ല.

ഒന്നും കൊടുക്കാത്ത, എല്ലാം കരസ്ഥമാക്കുന്ന സ്വഭാവം.

788. തലക്കിട്ടടിച്ചാലും വയററത്തടിക്കരുത്.

എന്തെല്ലാം ഉപദ്രവം ചെയ്താലും നിത്യവൃത്തിക്കുള്ള (ആഹാരത്തിനുള്ള) മാർഗ്ഗം തടയരുത്.

789. തലയ്ക്കു തല.

അക്രമത്തെ അക്രമം കൊണ്ടു തന്നെ നേരിടുന്ന സ്വഭാവം. കണ്ണിനു കണ്ണ്, പല്ലിനു പല്ല് എന്ന ഞായം.

790. തലയ്ക്കു മീതെ വെള്ളം വന്നാൽ അതുക്കു മീതെ വള്ളം.

ഏത് അപകടാവസ്ഥയെയും തരണം ചെയ്യാൻ ഉപായമുണ്ട്. ഏതു പ്രതിസന്ധിയെയും അതിജീവിക്കാനുള്ള ബുദ്ധി.

791. തലയ്ക്കു മീതെ സൂര്യനുള്ളപ്പോഴ് നിലാവുദിക്കാൻ കാക്കണോ?

രക്ഷിക്കുവാനും സഹായിക്കുവാനും ശക്തനായ ഒരുവൻ അടുത്തുള്ളപ്പോഴ്, നിസ്സാരനായ ഒരു സഹായിക്കുവേണ്ടി കാത്തിരിക്കേണ്ടതില്ല.

792. തലയ്ക്കു വന്നതു തലപ്പാവോടെ പോയി.

വലിയ അപകടം നിസ്സാരമായ ഉപദ്രവം വരുത്തിയിട്ട് ഒഴിഞ്ഞുപോയി. തലയെ ലാക്കാക്കി വന്ന അമ്പ് തലപ്പാവ് ഇളക്കിക്കൊണ്ടു പോയി. ഭാഗ്യവശാൽ ആപത്ത് ഒഴിവായി. (കണ്ണിൽക്കൊള്ളാനുള്ളത് പുരികത്തായി.)

793. തല വലിയവന് തലനോവും വലുത്.

വമ്പന്മാർക്കു വരുന്നതെല്ലാം വൻപിച്ചതുതന്നെയായിരിക്കും, നല്ലതായാലും ചീത്തയായാലും.

794. തലവിധി തൈലംകൊണ്ടു മാറാ.

വിധിക്കു പ്രതിവിധിയില്ല. തൈലം പുരട്ടിയാൽ (നിസ്സാര പരിഹാര മാർഗ്ഗങ്ങളാൽ) തലേലെഴുത്തു മാറുകയില്ലല്ലോ.

795. തല്ലുന്ന കൈയേ തലോടൂ.

ശിക്ഷിക്കുന്നവനേ രക്ഷിക്കയുള്ളൂ.

796. തല്ലുന്ന രാജാവിനു കൊല്ലുന്ന മന്ത്രി.

പരസ്പരം ചേർച്ചയുള്ളവർ. 'കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രി' എന്നും പറയും.

797. തല്ലു മായും, ചൊല്ലു മാറുകയില്ല.

വാക്ക്, പ്രത്യേകിച്ച് ചീത്ത വാക്ക് മനസ്സിൽ മായാതെ കിടക്കുന്നു.

'കേട്ടുകൂടാത്ത വാക്കാമായുധം പ്രയോഗിച്ചാൽ
കർണ്ണങ്ങൾക്കകംപുക്കു പുണ്ണായാലതു പിന്നെ
പൂർണ്ണമായ് ശമിക്കയില്ലൊട്ടുനാൾ ചെന്നാൽ
പ്പോലും.'

798. തവള തുടിച്ചാൽ വെള്ളം പൊങ്ങുമോ?

വലിയ കാര്യങ്ങൾ അല്പന്മാരുടെ പരിശ്രമം കൊണ്ടു സാധിക്കയില്ല.

799. തവിടുള്ളപ്പോൾ ചക്കരയില്ല; ചക്കരയുള്ളപ്പോൾ തവിടില്ല.

രണ്ടും കൂടി കിട്ടിയെങ്കിലേ സ്വാദായി ഭക്ഷി ക്കാൻ പററൂ. ഇവിടെ എപ്പോഴും ഒന്ന് ഇല്ലാതെ വരുന്നു. ഒരു സാധനത്തിൻെറ അഭാവത്തിൽ, മററു ചിലതുണ്ടെങ്കിലും ആവശ്യം നടക്കുന്നില്ല.

800. തള്ള ചവിട്ടിയാൽ പിള്ളയ്ക്കു കേടില്ല.

ഉടമസ്ഥൻ തന്നെയാണ് അയാളുടെ സാധന ത്തിനു കേടു വരുത്തുന്നതെങ്കിൽ കുഴപ്പമില്ല, 'ഉടേനുടച്ചാൽ ഓടിനു കേടില്ല' എന്ന ചൊല്ല് ഓർക്കുക.

801. തള്ളചൊല്ലാ വാവൽ കിഴുക്കാംതൂക്ക്.

തള്ളയുടെ വാക്കു കോക്കാത്ത, അനുസരണ ശീലമില്ലാത്ത കുട്ടികാക്ക് കീഴ്ഗതി. (തള്ളയെ അനുസരിക്കാതിരുന്നതിനാൽ, തല കീഴായിപ്പോ കട്ടെയെന്ന് ശപിച്ചതിനാലാണ് വാവൽ തല കീ ഴായിക്കിടക്കുന്നത് എന്നു കഥ.)

802. തള്ളയുടെ ശാപം പിള്ളയ്ക്കു പററുമോ?

തള്ള തല്ക്കാലത്തെ കോപംകൊണ്ട് മക്കളെ ശകാരി ക്കയും ശപിക്കയും ചെയ്യും. പക്ഷേ, മക്കാക്ക് അപകടം പററണമെന്ന വിചാരം അമ്മയ്ക്കില്ല. സ്നേ ഹവാത്സല്യങ്ങാക്കാണ് കോപ ശാപങ്ങാക്കല്ല ഇവിടെ മുൻതൂക്കം.

803. തള്ളയ്ക്കടങ്ങാഞ്ഞാൽ നാട്ടീനടങ്ങൂല്ല.

ചെറുപ്പത്തിൽ അനുസരണയില്ലാതെ താന്തോന്നി യായി ജീവിക്കുന്നവൻ വളർന്നുവരുമ്പോാ നാ ട്ടിനു കൊള്ളാത്തവനായിത്തീരും.

804. തള്ളയ്ക്കുവരുന്ന തല്ല് പിള്ളയെക്കൊണ്ടു തടുക്കും,

സ്വരക്ഷയ്ക്കുതന്നെയാണ് എല്ലാവരും പ്രാധാന്യം കല്പിക്കുന്നത്.

'തള്ളയ്ക്കിട്ടൊരു തല്ലു വരുമ്പോാ
പിള്ളയെടുത്തു തടുക്കേയുള്ളൂ.'

805. തള്ള വഴി പിള്ള, താണ വഴി വെള്ളം.

തള്ളയുടെ വഴിയേ പിള്ളയും, താണ വഴിക്കു വെള്ളവും. പോകുന്നു.

806. തള്ളെത്തല്ലുന്നതിനും രണ്ടുപക്ഷം.

ഏതു കാര്യത്തിനുമുണ്ട് രണ്ടഭിപ്രായം. അമ്മയെ തല്ലിയാൽ അതു തെററായിപ്പോയെന്ന് വിവരമുള്ളവർ പറയും. അതു നന്നായി എന്നു പറയാനും ചിലർ കാണും.

807. തറവാട്ടിൽ കാരണവർക്ക് അടുക്കളയിലും തുപ്പാം.

അധികാരവും അവാകശവുമുള്ളവർക്ക് എവിടെയും എന്തും ചെയ്യാം.

808. താങ്ങിയാൽ തലയിൽ കേറും; ഓങ്ങിയാൽ തല താഴ്ത്തും.

സഹായിക്കുന്നവരെ ഉപദ്രവിക്കയും, ഭീഷണിപ്പെടുത്തുന്നവരുടെ മുമ്പിൽ തല താഴ്ത്തുകയും ചെയ്യുന്ന സ്വഭാവം.

809. താടിക്കു തീ പിടിച്ചപ്പോൾ ബീഡി കത്തിക്കാനൊരുങ്ങുന്നു.

ഒരാൾക്ക് അത്യാപത്തു സംഭവിച്ചപ്പോൾ അതിനു പരിഹാരം കാണാനും സഹായിക്കാനും ശ്രമിക്കാതെ തൻെറ കാര്യം നേടാൻ നോക്കുന്ന ദുഷ്ടന്മാരുടെ സ്വഭാവം.

810. താടി നീട്ടിയാൽ സന്യാസിയാകുമോ?

വേഷം കൊണ്ടോ ബാഹ്യപ്രകടനം കൊണ്ടോ മനസ്സിനു മാററം വരുകയില്ല.

811. താണനിലത്തേ നീരോടൂ.

വിനയം (താഴ്മ) ഉള്ളവനേ നന്മയുണ്ടാകൂ.

812. താണ വാതിൽ കുനിഞ്ഞു കയറണം.

അവസരത്തിനൊത്തു പെരുമാറണം.

813. താനുണ്ണാത്തേവര് വരം കൊടുക്കുമോ?

സ്വന്തം കാര്യം നോക്കാൻ കഴിവില്ലാത്തവന് മററുള്ളവരെ സഹായിക്കാൻ കഴികയില്ല.

814. താനൊട്ടു കിടക്കയുമില്ല, പായൊട്ടു കൊടുക്ക യുമില്ല.

താൻ ഉപയോഗിക്കയില്ല, മററൊരാറം ഉപയോ ഗിക്കാൻ സമ്മതിക്കയുമില്ല. പുൽക്കൂട്ടിലെ പട്ടി യെപ്പോലെ തിന്നുകയുമില്ല; തീററുകയുമില്ല.

815. താനൊട്ടെളുതായാൽ കോണിലിരിക്കണം; പല്ലൊ ട്ടെളുതായാൽ മെല്ലെച്ചവയ്ക്കണം.

തൻെറ ദൗർബ്ബല്യം മനസ്സിലാക്കി, അതിന്ദ നുസരിച്ച് പ്രവർത്തിക്കണം.

816. താൻ കുഴിച്ച കുഴിയിൽ താൻ തന്നെ ചാടും.

മററൊരാളെ അപകടപ്പെടുത്താൻ ചെയ്ത പ്ര വൃത്തി അവനവനുതന്നെ അപകടം വരുത്തുന്നു.

817. താൻനേടാപ്പൊന്നിനു മാററില്ല.

തന്നെത്താൻ അധ്വാനിച്ചുണ്ടാക്കാതെ, എങ്ങനെ യെങ്കിലും കിട്ടിയ വസ്തു ശ്രേഷ്ഠതയുള്ളതല്ല.

818. താൻ പാതി, ദൈവം പാതി.

പ്രയത്നവും ദൈവാധീനവും, രണ്ടും വേണം ജീവിതവിജയത്തനി്. പ്രയത്നത്തിൻെറ വിജയ കരമായ പൂർത്തീകരണത്തിന് ഈശ്വരാധീനവും. വേണം.

819. താളമുള്ളപ്പോറം സ്വരം വരില്ല; സ്വരം വരുമ്പോറം താളമില്ല; താളവും സ്വരവും വരുമ്പോറം അവ സരം വരില്ല.

അവശ്യ കാര്യങ്ങളെല്ലാം ഒത്തു വരാത്തതുകൊ ണ്ട് ഉദ്ദേശ്യം യഥാവിധി നടക്കാതെവരുന്ന അവ സ്ഥയെ സൂചിപ്പിക്കുന്നു.

820. താളിന്നുപ്പില്ലെന്നും താലിക്കു മുത്തില്ലെന്നും.

താളുകറിക്ക് ഉപ്പു ചേർക്കാൻ പോലും കഴിയാത്ത്രത ദാരിദ്ര്യം. പക്ഷേ, താലിക്ക് മുത്തില്ലെന്നു പരാതി.

'അരിമണിയൊന്നു കൊറിക്കാനില്ല,
തരിവളയിട്ടു കിലുക്കാൻ മോഹം.'

821. താഴെ വന്നേ സമ്മാനമുള്ളൂ.

സർക്കസുകാരൻ അഭ്യാസമെല്ലാം പ്രകടിപ്പിച്ചു കഴിഞ്ഞു താഴെ ഇറങ്ങി വന്നുകഴിഞ്ഞിട്ടാണ് സമ്മാനം ലഭിക്കുന്നത്. ഏതു പ്രവൃത്തിയും തൃപ്തികരമായി പൂർത്തിയാക്കിക്കഴിഞ്ഞിട്ടേ ബഹുമാനിക്കപ്പെടുകയുള്ളൂ. 'താഴെ വരുക' എന്നതിനു വിനയവാനാകുക എന്നുമർത്ഥം.

822. തിന വിതച്ചവൻ തിന കൊയ്യും; വിന വിതച്ചവൻ വിന കൊയ്യും.

സ്വകർമ്മഫലം അനുഭവിക്കുന്നു. നന്മ ചെയ്യുന്നവനു നന്മ; തിന്മയുടെ ഫലം തിന്മ.

823. തിന്നതു തീരും; കൊടുത്തതു തീരുകയില്ല.

ദാനത്തിൻെറ ശ്രേഷ്ഠതയെ സൂചിപ്പിക്കുന്നു.

824. തിന്നുന്ന പിള്ളക്കേ കൊതിയുള്ളൂ.

ആസ്വാദ്യമായ എന്തെങ്കിലും അനുഭവിക്കുന്നവർക്കു മാത്രമേ വീണ്ടും അനുഭവിക്കണമെന്നാഗ്രഹമുണ്ടാകൂ.

825. തിര അടങ്ങീട്ട് കുളിക്കാൻ പററുമോ?

പ്രയാസങ്ങളെല്ലാം അവസാനിച്ചിട്ട് എന്തെങ്കിലും പ്രവർത്തിക്കാൻ കോത്തിരിക്കുന്നത് ബുദ്ധിമാന്മാരുടെ ലക്ഷണമല്ല. കാരണം, ജീവിതത്തിൽ എല്ലാ പ്രയാസങ്ങളും അവസാനിക്കുക എന്നത് അസംഭവ്യമാണ്.

826. തിരുവാസ്സ്‌ എതിർവായില്ല.

പ്രമാണി (യജമാനൻ) കല്പിച്ചാൽ ഒരെതിർപ്പും പ്രകടിപ്പിക്കാറില്ല.

'കൽപ്പിച്ചെങ്കിലെറാനെന്നല്ലാ-
തിപ്പരിഷയ്ക്കൊന്നുരിയാടാമോ?'

827. തീ കായുന്നവൻ പുകയും പൊറുക്കണം.

സൗഖ്യമനുഭവിക്കുന്നവൻ, അതിൽ നിന്നുണ്ടാകുന്ന ശല്യവും സഹിക്കാൻ തയാറാകണം.

828. തീ കൊണ്ടു കളിക്കരുത്.

അത്യപകടകാരിയായ വസ്തു കൈകാര്യം ചെയ്യുന്നതു വളരെ സൂക്ഷിച്ചു വേണം.

829. തീക്കട്ടയിൽ ഉറുമ്പരിക്കയോ?

ഒരിക്കലും സംഭവിക്കാത്ത കാര്യം. ഉറുമ്പ് കരിഞ്ഞ് ചാമ്പലായിപ്പോകയേയുള്ളു. അതിപ്രതാപശാലികളോട് അല്പന്മാർക്ക് ഒന്നും ചെയ്യാൻ കഴികയില്ല.

830. തീക്കൊള്ളികൊണ്ടടികൊണ്ട പൂച്ച മന്നാമിനുങ്ങിനെ കണ്ടാൽ പേടിക്കും.

അനച്ചവെള്ളത്തിൽച്ചാടിയ പൂച്ച പച്ചവെള്ളം കണ്ടാൽ അറയ്ക്കും.

831. തീക്കൊള്ളികൊണ്ടു തല ചൊറിയരുത്.

തല ചൊറിയുന്നതു സുഖത്തിനുവേണ്ടി. അതിനു തീക്കൊള്ളി ഉപയോഗിച്ചാൽ പൊള്ളും. അത്യപകടകരമായ പ്രവൃത്തിയാണിത്.

832. തീപ്പൊരി കുളിരു മാററുമോ?

തീ കുളിരു മാററും. തീപ്പൊരിക്ക് കുളിരു മാററാൻ കഴിയുകയില്ല. വമ്പന്മാരെക്കൊണ്ടു സാധിക്കാവുന്ന കാര്യം നിസ്സാരന്മാർക്കു സാധിക്കാവതല്ല.

833. തീയിൽ കുരുത്തതു വെയിലത്തു വാടുമോ?

കടുത്ത പ്രതികൂല പരിതഃസ്ഥിതികളിൽ ജനിച്ചു ജീവിക്കുന്ന ഒരുവൻ ചെറിയ പ്രാതികൂല്യങ്ങളിൽ തളർന്നുപോകയില്ല.

834. തീയില്ലാതെ പുകയുണ്ടാകയില്ല.

കാരണമില്ലാതെ കാര്യമുണ്ടാകയില്ല. ഇതിനു് 'വഹ്നിധൂമന്യായം' എന്നു പറയും.

835. തീയും നുണയും കുറച്ചു മതി.

തീയ് വളരെ വേഗം പടർന്നു കത്തുന്നു. നുണ പെട്ടെന്നു് നാടു മുഴുവൻ വ്യാപിക്കുന്നു.

836. തീയെന്നു പറഞ്ഞാൽ നാക്കു പൊള്ളുമോ?

തീയ് എന്ന വാക്കിനു് നാക്കു പൊള്ളിക്കാൻ കഴികയില്ല. പൊള്ളണമെങ്കിൽ തീ തന്നെ വേണം. ഒരു വസ്തുവിനെപ്പററി പറയുന്നതുകൊണ്ടു ഫലമില്ല, അതുണ്ടായിരിക്കുകതന്നെ വേണം. (പഞ്ചസാര എന്നെഴുതിയ കടലാസു മധുരിക്കുകയില്ലല്ലോ.)

837. തുമ്മിയാൽ തെറിക്കുന്ന മൂക്കു് ചുമ്മാതായാലും വേണ്ട.

നിസ്സാര കാരണംകൊണ്ടു നഷ്ടപ്പെടുന്നത് സ്വന്തമാക്കിയിട്ടു് പ്രയോജനമൊന്നുമില്ല.

838. തുളസിക്കു ഗന്ധവും മുള്ളിനു മുനയും കുരുന്നിലേ.

സജ്ജനങ്ങൾക്കും ദുർജ്ജനങ്ങൾക്കും അവരവരുടെ സ്വഭാവം ജന്മനാ ലഭിക്കുന്നവയാണു്.

839. തുറന്ന കതകിനു് താക്കോലന്വേഷിക്കണമോ?

ഒരു പ്രതിബന്ധവും ഇല്ലാത്തിടത്തു പ്രതിബന്ധം മാററാനുള്ള ഉപായം തേടേണ്ട ആവശ്യമില്ലല്ലോ.

840. തുറന്ന വാതിൽ സന്യാസിയെയും പരീക്ഷിക്കും.

അനുകൂലമായ സന്ദർഭം ലഭിച്ചാൽ അപഥത്തി ലേക്കു കടക്കാൻ ആരുംതന്നെ മടിക്കുകയില്ല.

841. തൂവലു കണ്ടപ്പോഴേ ആമയാണെന്നു നിശ്ചയിച്ചു.

ഒറു വസ്തുവിനെപ്പററി യാതൊരറിവും ഇല്ലാതെ അഭിപ്രായം പുറപ്പെടുവിക്കുക. ഇവിടെ ആമയെപ്പററി, കണ്ടോ കേട്ടോ യാതൊരു വിവരവുമില്ലെന്നു സ്പഷ്ടം.

842. തൂശി കടത്താൻ ഇടം കൊടുത്താൽ തൂമ്പാ കടത്തും.

അല്പമൊരു പഴുതു കിട്ടിയാൽ കടന്നു കയറുന്ന സ്വഭാവം. ചെറിയ സൗകര്യം കൊടുത്താൽ ആകെ കൈവശപ്പെടുത്തുന്നു.

843. തൂശികൊണ്ടെടുക്കാനുള്ളതു തൂമ്പാ കൊണ്ടെടുക്കുക.

ഒരു പ്രശ്നമുണ്ടായാൽ ആരംഭത്തിൽതന്നെ ശ്രമിച്ചാൽ വളരെ ലഘുവായി പരിഹരിക്കാൻ കഴിയും. എന്നാൽ കുറേ കഴിയുമ്പോൾ പ്രശ്നപരിഹാരം അത്ര ലഘുവായിരിക്കയില്ല. കഠിനമായ അധ്വാനം വേണ്ടിവരും.

844. തെങ്ങുള്ള വളപ്പിലൂടെ തേങ്ങാ കൊണ്ടുപോയ്ക്കൂടേ?

തെങ്ങുംതോപ്പിലൂടെ തേങ്ങാ കൊണ്ടുപോകുമ്പോൾ അത് ആ വളപ്പിൽനിന്നും കട്ടു കൊണ്ടുപോവുകയാണെന്ന് ആളുകൾ പറയും. സാഹചര്യം വച്ചുകൊണ്ട്, നിരപരാധി കുററക്കാരനാകും.

845. തെളിച്ചതിലേ പോകാഞ്ഞാൽ പോകുന്നതിലേ തെളിക്കുക.

നിയന്ത്രിച്ചാലും ഉപദേശിച്ചാലും നന്നാകാത്തവനെ അവൻെറ വഴിയേ വിട്ടേക്കുക. ഉപദേശം കൊണ്ടൊന്നും ഫലമില്ല.

846. തെറിക്കുത്തരം മുറിപ്പത്തല്.

തെറിപറയുന്നവനെ ഉപദേശിക്കുന്നതുകൊണ്ട് യാതൊരു ഫലവുമില്ല. അവനു നല്ല തല്ല് കൊടുക്കുകയാണ് വേണ്ടത്. മര്യാദ കെട്ടവനോട് അതേപോലെ പെരുമാറുക.

847. തേക്കുതടിക്കും തെമ്മാടിക്കും എവിടെയും കിടക്കാം.

തേക്കുതടിക്ക് ചിതലെടുക്കുകയില്ല. പെട്ടെന്ന് കേടു വരികയുമില്ല. തെമ്മാടിയോട് സാധാരണക്കാർ അടുക്കുകയുമില്ല

848. തേങ്ങാ ചോരുന്നതറിയുകയില്ല; എള്ളു ചോരുന്നതറിയും.

വലിയ നഷ്ടം വരുന്നതറിയാതെ ചെറിയ നഷ്ടങ്ങൾ കണ്ടുപിടിക്കുന്നു.

849. തേങ്ങാ പത്തരച്ചാലും താളല്ലേ കറി?

എത്ര സജ്ജന സമ്പർക്കം ഉണ്ടായാലും നീചൻ, നീചൻതന്നെ. (ധാരാളം തേങ്ങയും മററും ചേർത്താലും താളുകറി നന്നാകുന്നതിന് ഒരതിരുണ്ടല്ലോ.)

850. തേച്ച മരത്തിൽ മൂർച്ച നോക്കരുത്.

ആയുധം തേച്ചു മൂർച്ച വരുത്തിയ തടിയിൽ തന്നെ ആയുധത്തിൻെറ മൂർച്ച പരീക്ഷിക്കരുത്. ശക്തിയും കഴിവുമുണ്ടാകുമ്പോൾ അവയുണ്ടാകാൻ കാരണക്കാരായവരുടെ നേരേ തന്നെ തിരിയുന്ന സ്വഭാവം.

851. തേച്ചാൽ മൂർച്ച; അധികം തേച്ചാൽ തേയ്മ്.

എന്തും അധികമായാൽ ദോഷമുണ്ടാകും. തേച്ചാൽ മൂർച്ച വരുമെങ്കിലും അധികം തേച്ചാൽ ആയുധം തേഞ്ഞുപോകുമല്ലോ.

852. തേടിയ വള്ളി കാലിൽ ചുററി.

അന്വേഷിച്ചു നടന്ന വസ്തു ഭാഗ്യവശാൽ കാലിൽ തന്നെ തടഞ്ഞു. അന്വേഷിച്ച വസ്തു യാദൃശ്ചികമായി പെട്ടെന്നു ലഭിക്കുന്നതിനെ സൂചിപ്പിക്കുന്നു.

853. തേനുള്ളിടത്ത് ഈച്ച ആർക്കും.

ആകർഷകമായ വസ്തുവിന്നു ചററും ധാരാളം ആസ്വാദകർ കൂടുന്നു.

854. തേവരിരിക്കെ, ബലിക്കല്ലിനെ പൂജിക്കണോ?

അധികാരമുള്ള യജമാനനുള്ളപ്പോൾ അവരുടെ ആശ്രിതന്മാരെ പൂജിക്കേണ്ടതില്ലല്ലോ. ഓഫീസറോടുതന്നെ കാര്യം പറയാൻ സൗകര്യമുണ്ട്. പിന്നെയെന്തിനു ശിപായിയെ സേവ പിടിക്കണം?

855. തൊടരുത്; തൊട്ടാൽ വിടരുത്.

ആവശ്യമില്ലാത്ത കാര്യത്തിൽ പ്രവേശിക്കാതിരിക്കയാണ് നല്ലത്. പ്രവേശിച്ചാൽ അതു പൂർത്തിയാക്കിയിട്ടേ പിൻതിരിയാവൂ.

856. തൊട്ടാവാടി നട്ടുവളർത്തണോ?

ശല്യമുണ്ടാക്കുന്ന മുൾച്ചെടിയാണ് തൊട്ടാവാടി. അതു നട്ടുവളർത്തണ്ടാ. ഇത്തരം ഉപദ്രവകാരികളായ വസ്തുക്കൾ ആരുടെയും സഹായംകൂടാതെ തന്നെ വർദ്ധിച്ചുകൊള്ളും.

857. തൊട്ടും തിന്നു പട്ടിണിയും കിടക്കണോ?

ഏതായാലും നിഷിദ്ധ കർമ്മങ്ങൾ ചെയ്യുകയാണ്. എന്നാൽപ്പിന്നെ അതുകൊണ്ടു പ്രയോജനം കൂടെ ഉണ്ടാകുന്നതിൽ തെററില്ലല്ലോ.

858. തൊമ്മൻ മുറുകുമ്പോൾ ചാണ്ടി അയയും.

രണ്ടുകൂട്ടരും ഉത്സാഹിച്ച് നിറവേറേറണ്ട കാര്യമാണ്. ഒരാൾ ഉൽസാഹം കാണിക്കുമ്പോൾ മറേറയാൾ നിരുത്സാഹനായിരിക്കും. കാര്യം നടക്കുകയുമില്ല.

859. തൊള്ളയിൽ തോന്നിയതു തൊമ്മനു പാട്ട്.

തോന്നിയതുപോലെ എന്തെങ്കിലും പറയുന്ന സ്വഭാവം. (വായിൽ വരുന്നതു കോതയ്ക്കു പാട്ട്.)

860. തൊഴിക്കുന്ന കാലിനെ തൊഴുന്നവരുണ്ടോ?

ദ്രോഹം ചെയ്യുന്നവരെ ബഹുമാനിക്കയും പൂജിക്കയും ചെയ്യാറില്ലല്ലോ.

861. തൊഴുതുണ്ണരുത്; ഉഴുതുണ്ണണം.

മററൊരാളെ ആശ്രയിച്ച് ഉപജീവനം കഴിക്കുന്നതു നല്ലതല്ല. അധ്വാനിച്ചുണ്ടാക്കി, അതനുഭവിച്ച് ജീവിക്കണം.

862. തൊഴുത്തിൽക്കുത്ത് തറക്കല്ലിളക്കും.

വീട്ടുവഴക്കു വർദ്ധിച്ച് വീടുതന്നെ നശിക്കുന്നു. (കുടുംബ കലഹം കുടുംബത്തിനു നാശമായിത്തീരുന്നു.)

863. തോട്ടം മുടിയാൻകാലത്ത് പീച്ചൻ കുലയ്ക്കും.

വാഴത്തോട്ടം നശിക്കാൻ കാലത്ത് കുരുട്ടു വാഴ കുലയ്ക്കും. കുടുംബം നശിക്കാൻ നേരത്ത് കുടുംബദ്രോഹികൾ (ദുർഭഗ സന്തതികൾ) ജനിക്കും.

864. തോട്ടം വയ്ക്കുന്നവനു വേലി കെട്ടിക്കൂടെ?

ശ്രമകരമായ വലിയ കാര്യം നിർവ്വഹിച്ച ആളിന്, അതിൻെറ രക്ഷയ്ക്കു വേണ്ടതായ ചെറിയ കാര്യംകൂടി ചെയ്യാൻ എന്താണു പ്രയാസം? (ആനയെ വാങ്ങാമെങ്കിൽ, തോട്ടി കൂടി വാങ്ങിക്കൂടെ?)

865. തോണി കടന്നാൽ തുഴ വേണ്ടാ.

ആവശ്യം കഴിഞ്ഞാൽ, അതിനുപകരിച്ചവരെ വിസ്മരിക്കുന്ന സ്വഭാവം.

866. തോളൊപ്പമായാൽ മകൻ തോഴൻ.

വളർന്നു വലുതായിക്കഴിഞ്ഞാൽ മകനേ സ്നേഹിതനെപ്പോലെ വിചാരിക്കണം.

867. തോററപുറത്തു പടയില്ല.

എതിർകക്ഷി തോൽവി സമ്മതിച്ചു കഴിഞ്ഞാൽ പ്പിന്നെ അവരോടു യുദ്ധം പാടില്ല. തോററവരെ വീണ്ടും ആക്രമിക്കുന്നതു വീരന്മാർക്കു ചേർന്ന തല്ല, ധർമ്മവുമല്ല.

ദ

868. ദക്ഷിണ കിട്ടിയേ പ്രദക്ഷിണം വയ്ക്കൂ.

പ്രതിഫലം മുൻപേർ കിട്ടിയിട്ടേ ഏററ കാര്യം ചെയ്യൂ എന്ന സ്വഭാവം. (അവനവനു പ്രദക്ഷിണം വയ്ക്കാൻ കഴിയാത്തതുകൊണ്ട് പ്രതിഫലം നൽകി മററാരെക്കൊണ്ടെങ്കിലും പ്രദക്ഷിണം വയ്പിക്കാറുണ്ട്. ഇങ്ങനെ കൂലിക്കു പ്രദക്ഷിണം വയ്ക്കുന്നവരുടെ പിടിവാശിയാണു വിഷയം.)

869. ദക്ഷിണയ്ക്കു തക്ക പ്രദക്ഷിണം.

പ്രതിഫലം കിട്ടുന്നതനുസരിച്ചു ജോലി ചെയ്യുകയെന്ന സ്വഭാവം. പ്രവൃത്തിയിൽ ആത്മാർത്ഥതയില്ല, കിട്ടുന്ന പ്രതിഫലമാണു പ്രധാനം.

870. ദാനം കിട്ടിയ പശുവിൻെറ പല്ലെണ്ണണോ?

വെറുതെ കിട്ടിയ വസ്തു. അതിൻെറ കുറവും കുററവും പറയുന്നതിൻെറ ആവശ്യമില്ലല്ലോ. നല്ലതായാലും ചീത്തയായാലും വെറുതെ കിട്ടിയതല്ലേ.

871. ദുഷ്ടൻ നൽകിയാൽ ദുഗ്ധവും കയ്ക്കും.

ദാനം ചെയ്യുന്നവൻെറ മനഃസ്ഥിതിയാണ് പ്രധാനം. മനസ്സു നന്നെല്ലെങ്കിൽ എന്തു കൊടുത്തിട്ടും പ്രയോജനമില്ല. ദുഷ്ടൻ നൽകുന്ന പാലിന് കയ്പാണ് തോന്നുക. കിട്ടുന്നവന് അതു തീരെ സന്തോഷപ്രദമോ രുചികരമോ ആയിരിക്കയില്ല.

872. ദുഷ്ടു കിടക്കെ വരട്ടിയ വ്രണം പിന്നെയും പൊട്ടും.

അസൂയ, വിദ്വേഷം, പക മുതലായ ദുസ്വഭാവങ്ങൾ മനസ്സിൽ ഒളിച്ചുവച്ചിട്ട് സൗമ്യതയും സ്നേഹവും ഭാവിച്ചാലും ഏതെങ്കിലും അവസരത്തിൽ ആ ദുസ്വഭവാങ്ങൾ പുറത്തു ചാടാതിരിക്കയില്ല.

873. ദുഷ്ടുള്ളിടത്തേ അട്ട കടിക്കൂ.

അട്ടയ്ക്ക് ദുഷിച്ച രക്തമാണിഷ്ടം. ദുർജ്ജനങ്ങൾക്കു നികൃഷ്ട വസ്തുക്കളിലാണ് താല്പര്യം.

'ക്ഷീരമുള്ളോരകിടിൻചുവട്ടിലും,
ചോരതന്നെ കൊതുകിന്നു കൗതുകം'

874. ദേവനുള്ളത് ദേവന്, ചെകുത്താനുള്ളത് ചെകുത്താന്.

നന്മയും ശ്രേഷ്ഠതയുമുള്ളവർക്ക് നല്ലതും ശ്രേഷ്ഠവുമായതു നൽകുക. തിന്മയും നികൃഷ്ടതയുമുള്ളവർക്ക് അതിനു തക്കതാണ് നൽകേണ്ടത്. വാങ്ങുന്നവൻെറ സ്ഥിതിക്കും സ്വഭാവത്തിനും തക്കതായിരിക്കണം ദാനം.

ധ

875. ധനത്തിനു വേലി ധർമ്മം.

സമ്പത്തു നിലനില്ക്കുന്നതിന് ധർമ്മകർമ്മങ്ങൾ ചെയ്യണം. ധർമ്മമനുഷ്ഠിക്കുന്നവൻെറ സമ്പത്തു വർദ്ധിച്ചു വരുന്നു.

876. ധനമില്ലാത്ത പുരുഷനും മണമില്ലാത്ത പുഷ്പവും.

ധനമില്ലാത്ത പുരുഷനെ ആരും മാനിക്കുന്നില്ല. മണമില്ലാത്ത പുഷ്പം ആർക്കും വേണ്ട. അവനവന് അനുപേക്ഷണീയങ്ങളായ ഗുണങ്ങളുണ്ട്. അവയില്ലാത്തവന് ആരും വില കൽപ്പിക്കുന്നില്ല.

877. ധനം പെരുത്താൽ ഭയം പെരുക്കും.

ധനം ആരെങ്കിലും അപഹരിച്ചെങ്കിലോ എന്നുള്ള ഭയം.

878. ധർമ്മദൈവം ബാധയായിത്തീർന്നു!

എല്ലാ ഐശ്വര്യങ്ങളും നന്മകളും തന്ന് അനുഗ്രഹിക്കേണ്ടതു ധർമ്മദൈവമാണ്. ആ ധർമ്മദൈവം ബാധ (ഉപദ്രവം) ആയിത്തീർന്നാൽ പിന്നെ ആരെയാണാശ്രയിക്കുക. രക്ഷയും അനുഗ്രഹവും കിട്ടേണ്ട സ്ഥാനത്തു നിന്ന് ഉപദ്രവവും ശാപവുമുണ്ടാകുന്നു.

879. ധർമ്മം കൊടുത്തില്ലെങ്കിലും പട്ടിയെ വിട്ടു കടിപ്പിക്കരുത്.

യാചകനു ഭിക്ഷ കൊടുത്തില്ലെങ്കിൽ വേണ്ട — അവനെ, പട്ടിയെ അഴിച്ചു വിട്ടു കടിപ്പിക്കാതിരുന്നാൽ മതി. ഉപകാരം ചെയ്തില്ലെങ്കിലും ഉപദ്രവം ചെയ്യാതിരുന്നാൽ നല്ലത്.

880. ധാരാളിത്തം ധനനാശം.

ധൂർത്തന്റെ സമ്പത്ത് വേഗം നശിക്കുന്നു.

ന

881. നക്കുമ്പോഴം നാവു പൊങ്ങുമോ ?

ആരെങ്കിലും കൊടുക്കുന്നത് തിന്നുകൊണ്ട് അയാളെയാശ്രയിച്ചു കഴിഞ്ഞുകൂടുന്നവന് മനസ്സിൽ തോന്നിയതു നേരേ പറയാൻ കഴിയുകയില്ല. മനസ്സിൽ എന്തെങ്കിലും എതിർപ്പു തോന്നിയാലും പറയാതെ കഴിച്ചുകൂട്ടും.

882. നക്കുപ്പില്ലാത്തവനു നാവു നാലു മുഴം.

പരമദാരിദ്ര്യം അനുഭവിക്കുന്നു. പക്ഷേ, വൻപു പറച്ചിലിന് ഒരു കുറവുമില്ല. സംസാരം കുബേരന്റെ മട്ടിലാണ്.

883. നഖം നനയാതെ നത്തയ്ക്കയെടുക്കണം!

കഷ്ടപ്പാടും പരിശ്രമവും കൂടാതെ കാര്യം സാധിക്കണം. (കൈ നനയാതെ മീൻ പിടിക്കുക.)

884. നഗ്ന ലോകത്തു വെളുത്തേടൻ വേണോ ?

ആവശ്യമില്ലാത്ത കാര്യം — വസ്ത്രധാരണമേ ഇല്ലാത്ത പ്രദേശത്ത് വസ്ത്രമലക്കാൻ ആളു വേണ്ടല്ലോ.

885. നഞ്ചെന്തിനു നാനാഴി ?

വിഷം വളരെക്കുറച്ചു മതി. അത് എത്രയോ ആളുകൾക്കു ജീവഹാനി വരുത്തും. ഒരു സമൂഹമാകെ നശിപ്പിക്കുവാൻ ദുഷ്ടനും ദ്രോഹിയുമായ ഒരേയൊരാൾ മതി.

886. നടക്കുന്ന കാലേ ഇടറുകയുള്ളു.

പ്രവർത്തിക്കുന്നവനു മാത്രമേ അബദ്ധം പററുകയുള്ളു. ഒന്നും ചെയ്യാത്തവന് ഒരു അബദ്ധവും വരുകയില്ല, നടക്കാത്തവൻ വീഴാത്തപോലെ.

887. നടക്കുന്നതിനെ വിട്ടു പറക്കുന്നതിനെ പിടിക്കാനോ!

പ്രയാസം കൂടാതെ കിട്ടുന്നതുപേക്ഷിച്ച് അസാധ്യമായതിന് ആഗ്രഹിക്കുക. പ്രായോഗിക ബുദ്ധിയുള്ളവർക്കുചിതമല്ല.

888. നടന്നാൽ നാടെല്ലാം സ്നേഹം; കിടന്നാൽ പായും പക.

ആരോഗ്യവും കഴിവുമുള്ളപ്പോൾ എല്ലാവർക്കും താത്പര്യവും സ്നേഹവും കാണും. അവശനായി കിടപ്പായാൽ കിടക്കുന്ന പായയ്ക്കു പോലും (വീട്ടിലെ സ്വന്തമാളുകൾക്കു പോലും) നിന്ദയും ദേഷ്യവും. ഇതാണ് ലോകസ്വഭാവം.

889. നടയടച്ചു പൂട്ടി, താക്കോലു കിണററിലുമെറിഞ്ഞു.

താൻ ചെയ്തുകൊണ്ടിരുന്ന കാര്യം താനിനി ചെയ്യുകില്ല, മററാരും ചെയ്യാൻ അനുവദിക്കയുമില്ല. (പൂജാരി ശ്രീകോവിൽ നട അടച്ചു പൂട്ടി, അതാരും തുറന്ന് പൂജ നടത്തരുതെന്നുറച്ച് താക്കോൽ കിണററിലും എറിഞ്ഞു.)

890. നട്ടു തിന്നണം, ചുട്ടു തിന്നരുത്.

അധ്വാനിച്ചും കൃഷി ചെയ്തും ജീവിക്കണം. ഉള്ളത് ചുട്ടിട്ട് (നശിപ്പിച്ചിട്ട്) ജീവിക്കരുത്. പൂർവ്വികർ സമ്പാദിച്ചതു ധൂർത്തടിച്ചു നശിപ്പിച്ചു ജീവിക്കരുത്. അധ്വാനിച്ചു സമ്പത്തുണ്ടാക്കി ജീവിക്കണം.

891. നത്ത വയററിൽ മുത്തു പിറക്കുമോ ?

നത്തയ്ക്കയിലല്ല മുത്തുണ്ടാകുന്നത്. മുത്തുച്ചിപ്പിയിലാണ്. പൈതൃകത്തിൻെറ പ്രാധാന്യമാണ് വിഷയം. ശ്രേഷ്ഠതയിൽ നിന്നേ ശ്രേഷ്ഠതയുണ്ടാകൂ.

892. നനച്ചിറങ്ങിയാൽ കുളിച്ചു കയറണം.

ഒരു കാര്യം ചെയ്യാൻ തുനിഞ്ഞ് അതിനു പുറപ്പെട്ടാൽ അതു പൂർത്തീകരിച്ചിട്ടേ പിൻതിരിയാവൂ.

893. നനഞ്ഞവന് ഈറനില്ല; തുനിഞ്ഞവന് ദുഃഖമില്ല.

നനഞ്ഞവൻ തുണി ഈറനാണല്ലോ എന്നു വിചാരിച്ചു വിഷമിക്കുകയില്ല. തുനിഞ്ഞിറങ്ങുന്നവൻ ഇടയ്ക്കു വരുന്ന കഷ്ടപ്പാടുകളെ കാര്യമാക്കുന്നില്ല. ഒരു പ്രവൃത്തിയിൽ മുഴുകിക്കഴിഞ്ഞാൽ ഇടയ്ക്കുണ്ടാകുന്ന ക്ലേശങ്ങൾ വകവയ്ക്കാതെ മുമ്പോട്ടു പോകുന്നു. അതാണു വേണ്ടതും.

894. നനഞ്ഞാൽ തൂവൽ ഒന്ന്.

നനയുമ്പോൾ തൂവലെല്ലാം ഒരുമിച്ചു ചേർന്നിരിക്കുന്നു. ആപത്തു വരുമ്പോൾ തുല്യ ദുഃഖിതരായവർ ഒരുമിച്ചു ചേർന്നു നിൽക്കുന്നു.

895. നനഞ്ഞിടം കുഴിക്കരുത്.

സഹായിക്കാൻ സന്മനസ്സുള്ളവരെ സഹായാഭ്യർത്ഥന കൊണ്ട് എപ്പോഴും ശല്യപ്പെടുത്തരുത്. ദാനശീലരോട് എപ്പോഴും യാചിക്കരുത്.

896. നമ്പി ഒഴിച്ചതു തീർത്ഥം.

നമ്പി (പൂജാരി) യാണ് വെള്ളം ഒഴിച്ചതെങ്കിൽ അതു തീർത്ഥം തന്നെ. പദവി ഉള്ളവർ ചെയ്യുന്നതെല്ലാം ശ്രേഷ്ഠം എന്ന വിചാരം. (രാജാവിൻെറ തിരുനെററിയിൽ ചേറു പുരണ്ടാൽ അത് കസ്തൂരിക്കുറിയെന്ന് ജനം പറയും.)

897. നമ്പൂരിക്കെന്തിനുണ്ടവല ?

ഉണ്ടവല മീൻ പിടിക്കാനാണ്. മീൻ ആവശ്യമില്ലാത്ത നമ്പൂരിക്ക് അതെന്തിനാണ്? ഒരു പ്രയോജനവുമില്ലാത്ത വസ്തു കൈവശം വച്ചിട്ടു ഫലമില്ല എന്നു സാരം.

898. നയിച്ചവനേ നഷ്ടമറിയൂ.

ബദ്ധപ്പെട്ടു പരിശ്രമിച്ചവനു മാത്രമേ നഷ്ടത്തെപ്പററി ദുഃഖമുള്ളു. അധ്വാനിക്കാത്തവനു നഷ്ടം വന്നാൽ വിഷമമൊന്നുമില്ല.

899. നയിച്ചവൻ വിളഞ്ഞേ കൊയ്യൂ.

ബുദ്ധിമുട്ടി കൃഷി ചെയ്തവൻ വിളഞ്ഞു പാകമായതിനു ശേഷമേ കൊയ്യുകയുള്ളു. വിളയും മുമ്പു കൊയ്താലുണ്ടാകുന്ന നഷ്ടം അവനു സഹിക്കില്ല.

900. നരി കിടന്ന മടയിൽ രോമമെങ്കിലും കാണും.

ശക്തിയും പ്രതാപവുമുള്ളവർ ജീവിച്ചേടത്ത് അതിൻെറ അല്പം അവശിഷ്ടമെങ്കിലും കാണാതിരിക്കയില്ല. (ആടു കിടന്നിടത്ത് പൂട കാണും.)

901. നരി കൊഴുത്താലെന്ത്, കാഞ്ഞിരം പഴുത്താലെന്ത് ?

നരി കൊഴുത്തു തടിച്ചാലും അതിൻെറ ക്രൂര സ്വഭാവത്തിനു മാററമില്ല. കാഞ്ഞിരക്കാ പഴുത്താലും കയ്പു കുറയുകയില്ല. ദുർജ്ജനങ്ങൾ ശാരീരികമായി എത്ര നന്നായാലും ജന്മനാ ഉള്ള ദുഷ്ട സ്വഭാവം മാറുന്നില്ല.

902. നരിക്കുണ്ടോ പശുവെന്നും ശിശുവെന്നും ?

തനിക്കിരയാകുന്നതു പശുവായാലും ശിശുവായാലും നരിക്കൊരുപോലെയാണ്. ദുഷ്ടന്മാരും ഇതുപോലെയാണ്; ആരു തുലഞ്ഞാലും അവർക്ക് സ്വന്തം കാര്യം നേടണം.

903. നരി നരച്ചാലും കടിക്കും.

എത്ര പ്രായം ചെന്നാലും ദുഷ്ടൻെറ ക്രൂര സ്വഭാവം മാറുകയില്ല.

904. നരി പിടിച്ച പശുവിനെ ദാനം ചെയ്യുക.

നരി പിടിച്ച പശുവിനെക്കൊണ്ടു പ്രയോജനമൊന്നുമില്ല. അതിനെ തീററിപ്പോററുക എന്ന ഭാരമേയുള്ളു. അതിനെ ദാനം ചെയ്തു എന്ന കീർത്തിയുമായി. ആർക്കും പ്രയോജനമില്ലാത്തതും തനിക്കു ഭാരവുമായ വസ്തു ദാനം ചെയ്തു പ്രശസ്തി നേടുന്ന ബുദ്ധിമാന്മാർ ഉണ്ടല്ലോ.

905. നല്ലകാലം വരുമ്പോൾ നാലുപാടും.

നന്മയും ഐശ്വര്യവും ധനവും വരാൻ തുടങ്ങിയാൽ പല വഴികളിലൂടെയും വരവാകും. (അതുപോലെയാണ് കഷ്ടകാലവും.)

906. നല്ല തലയ്ക്കു നൂറു കൈയ്.

നൂറു കൈകൾക്കു ചെയ്യാൻ കഴിയുന്നത് ഒരു 'തല'യ്ക്കു ചെയ്യാൻ കഴിയും. ഇവിടെ 'തല'യ്ക്ക് ബുദ്ധിശക്തി എന്നർത്ഥം.

907. നല്ലതു വിൽക്കാൻ നാവു വേണ്ട.

ശ്രേഷ്ഠ വസ്തുക്കൾ വിൽക്കുന്നതിന് പരസ്യമോ പ്രചരണമോ ആവശ്യമില്ല. ശ്രേഷ്ഠത മനസ്സിലാക്കുന്നവർ ഇങ്ങോട്ടു വന്നു വാങ്ങിക്കൊള്ളും. മേന്മ കുറഞ്ഞ വസ്തുക്കൾക്കാണ് പരസ്യം ആവശ്യം.

908. നല്ല നാക്ക് ശത്രുവിനെ മിത്രമാക്കും.

സൗമ്യവും മധുരവുമായ സംഭാഷണം കൊണ്ട് ആരെയും വശത്താക്കാൻ കഴിയും.

('വാണി തൻെറ ഗുണം കൊണ്ടു
ക്ഷോണിചക്രം ജയിച്ചിടാം.')

909. നല്ലനാളിൽ നാഴിപ്പാലില്ല; ക്ടാവു ചത്തപ്പോൾ നാനാഴിയോ ?

നല്ലകാലത്തില്ലാത്ത ഗുണം കഷ്ടകാലത്തുണ്ടായിരിക്കയില്ല.

910. നല്ല മരത്തിൽ ഇത്തിൾ പിടിക്കുക.

സ്വഭാവ ഗുണമുള്ളവന് ഹാനികരമായ ദുസ്വഭാവം ബാധിക്കുക.

911. നല്ലവനെന്നു കേൾക്കാൻ നാൾ ചെല്ലും.

നല്ലവൻ, ഗുണവാൻ എന്നു പേരു കേൾപ്പിക്കാൻ എളുപ്പമല്ല. സൽപ്രവൃത്തികൾ ദീർഘകാലം ചെയ്തേ നല്ലവൻ എന്നു പറയിക്കാനൊക്കൂ. (ചീത്തയെന്നു പേരു കേൾപ്പിക്കാൻ എത്രയോ എളുപ്പമാണ്!)

912. നല്ലവരെ നാവുരയ്ക്കും; പൊന്നു കല്ലിലുരയ്ക്കും.

പൊന്നു കല്ലിലുരച്ചു മാറററിയുന്നതുപോലെ നല്ലവരെ അവർ ഉരയ്ക്കുന്ന വാക്കുകൊണ്ടറിയാം. (ഉരയ്ക്കുക എന്ന വാക്കിനു പറയുക എന്നും ഉരസുക എന്നും അർത്ഥം.)

913. നല്ല കിണ്ണത്തിനു നടുവിൽ ഒരോട്ട.

ഒരു ചെറിയ ദോഷം കൊണ്ട് മററെല്ലാ ഗുണ ങ്ങളും നിഷ്ഫലമായിത്തീർന്നു.

914. നാക്കിനു നാണമില്ലെങ്കിൽ വയററിനു പഞ്ഞ മില്ല.

നാണമില്ലാതെ ഇരക്കുന്നവന് വയറു നിറയ്ക്കാൻ പ്രയാസമില്ല. നിന്ദയോടെയാണെങ്കിലും വല്ല വരും വല്ലതും കൊടുക്കുന്നു.

915. നാക്കില്ലെങ്കിൽ നരി കൊണ്ടുപോകും.

വാക്പാടവം കൊണ്ട് അപകടമൊഴിവാക്കുന്നു, കാര്യം നേടുന്നു.

916. നാക്കുണ്ടെങ്കിൽ തൂക്കുകയില്ല.

വാക്ചാതുര്യം കൊണ്ട് ഏതാപത്തിൽ നിന്നും രക്ഷപെടാം.

917. നാക്കു നന്നല്ലെങ്കിൽ നാട്ടിലിരിക്കാനൊക്കില്ല.

ചീത്ത വാക്കു കൊണ്ട് നാട്ടുകാരെയെല്ലാം വെ റുപ്പിക്കുന്നു. അവർക്ക് നാട്ടിൽ ഒരു സ്ഥാനവും ഇല്ലാതാകുന്നു.

918. നാക്കു നന്നെങ്കിൽ നാടടക്കാം,

നല്ല വാക്കു കൊണ്ട് നേടാൻ കഴിയാത്തതൊന്നു മില്ല.

919. നാക്കു നീണ്ടവനു കുറിയ കൈയ്.

ഒരുപാടു സംസാരിക്കുന്നവൻ വളരെക്കുറച്ചേ പ്രവർത്തിക്കുന്നുള്ളു.

920. നാക്കു പിഴച്ചാൽ പല്ലിനു ദോഷം.

ചീത്ത വാക്കുകൾ പറയുന്നവനു തല്ലു കിട്ടി യെന്നും പല്ലു പോയെന്നും വരും.

921. നാടു കടന്നാലും നായുടെ ഗുണം മാറുകയില്ല.

ജന്മനാ ഉള്ള സ്വഭാവം (വർഗ്ഗ സ്വഭാവം) എവി ടെച്ചെന്നാലും മാറുകയില്ല. നീചൻ നീചസ്വഭാ വമേ കാണിക്കയുള്ളു.

922. നാടു മറന്നാലും മൂടു മറക്കരുത്.

എന്തു മറന്നാലും മൂലസ്ഥാനം, അടിസ്ഥാനം മറക്കരുത്.

923. നാടൊക്കെപ്പറയുന്നതിനു മേലൊക്കെ ചെവി യുണ്ടോ ?

നാട്ടുകാർ പലതും പറയും. അതൊക്കെ ശ്രദ്ധി ക്കേണ്ട ആവശ്യമില്ല. വല്ലവരും വല്ലതും പറയു ന്നതു വകവയ്ക്കേണ്ടതില്ല.

924. നാടോടുമ്പോാം നടുവേ ഓടണം.

കാലദേശങ്ങാംക്കനുസരിച്ച് ജീവിക്കണം. അ ല്ലെങ്കിൽ ഒററപ്പെട്ടു പോകും.

925. നാട്ടാപത്തു വന്നാൽ കൂട്ടത്തോടെ നില്ക്കണം.

നാട്ടിനു പൊതുവെ ഒരാപത്തു വരുമ്പോാം ഒററക്കെട്ടായി നിന്ന് അതിനെ നേരിടണം.

926. നാട്ടിൽ പെരുമ; വീട്ടിൽ പട്ടിണി.

നാട്ടിൽ പേരും പെരുമയുമുള്ള ചിലരുടെ സ്ഥിതി. വളരെ ക്ലേശിച്ചായിരിക്കും അവർ നിത്യ വൃത്തി കഴിക്കുന്നത്.

927. നാണമില്ലാത്തവൻെറ ആസനത്തിൽ ഒരാലു മുള ച്ചാൽ അതുമൊരു തണല്.

നാണംകെട്ടവരായ ചിലർ ഏതപമാനവും ഭൂഷ ണമായിട്ടേ കരുതുകയുള്ളൂ.

928. നാണംകെട്ടും പണം നേടിക്കൊണ്ടാൽ നാണക്കേട പ്പണം തീർത്തുകൊള്ളും.

ചിലർ ഏതു നാണംകെട്ട പ്രവൃത്തിയും ചെ യ്ത് പണം സമ്പാദിക്കുന്നു. വലിയ പണക്കാര നായിത്തീരുമ്പോാം അവരുടെ പൂർവ്വകാല ജീവി തം എല്ലാവരും മറക്കും. പണം എല്ലാ നാണക്കേ ടും തീർക്കുന്നു.

929. നാ നക്കിയാൽ സമുദ്രം വററുമോ?

നിസ്സാരന്മാർ അല്പം അപഹരിച്ചു എന്നു വച്ച് കുബേരന്മാരുടെ സമ്പത്തിന് വലിയ കുറവൊന്നും വരുന്നില്ല.

930. നായ കുരച്ചാൽ ആകാശം വീഴുമോ?

അല്പബുദ്ധികളായ വായാടികൾ വല്ലതും പറഞ്ഞതുകൊണ്ടൊന്നും ഉന്നതരും വിശാലഹൃദയരുമായ മഹത്തുക്കൾക്കു വീഴ്ച വരുകയില്ല.

931. നായ നടന്നാൽ കാര്യവുമില്ല; നായയ്ക്കിരിക്കാൻ നേരവുമില്ല.

നടപ്പിന് (പരിശ്രമത്തിന്) കുറവില്ല. പക്ഷേ, ഒരു കാര്യവും സാധിക്കുന്നുമില്ല. പ്രയോജനമൊന്നുമില്ലാത്ത നിരന്തരാധ്വാനം;

932. നായ നടുക്കടലിൽ ചെന്നാലും നക്കിയേ കുടിക്കൂ.

അല്പന്മാർ എവിടെയും അവരുടെ അല്പത്വം കാണിക്കും.

933. നായയുടെ വാൽ പന്തീരാണ്ടു കൊല്ലം കുഴലിലിട്ടാലും എടുക്കുമ്പോൾ വളഞ്ഞിരിക്കും.

എത്ര കാലം പരിശ്രമിച്ചാലും വക്രബുദ്ധികളെ ഋജുബുദ്ധികളാക്കാൻ പററുകയില്ല. ജന്മനാ ഉള്ള സ്വഭാവം എത്ര ശ്രമിച്ചാലും മാറുകയില്ല.

934. നാട്ടു ചുരത്തും; കന്നിനു ചുരത്തുകയില്ല.

കുട്ടിക്കുവേണ്ടി പാൽ ചുരത്താത്ത പശു നാട്ടുവേണ്ടി ചുരത്തിക്കൊടുക്കുന്നു. സ്വന്തമാളുകൾക്ക് ഒരു സഹായവും ചെയ്യാത്തവൻ ശല്യക്കാരനായ അന്യനു സഹായം ചെയ്യുന്നു.

935. നാട്ടു് മീശ വളർന്നാൽ അമ്പട്ടനെന്തു ലാഭം?

മനുഷ്യനു മീശ വളർന്നാലേ അമ്പട്ടനു വല്ലതും കിട്ടുകയുള്ളൂ. ചില ദുഷ്ടന്മാർക്കും എന്തുണ്ടായാലും ആർക്കും പ്രയോജനവുമില്ല.

936. നാസ്സുരണ മൂക്കുന്തോറും ചൊറിച്ചിലേറും.

ശല്യക്കാരൻ വളരുന്തോറും അവൻ ചെയ്യുന്ന ശല്യവും കൂടി വരും.

937. നായ്ക്കോലം കെട്ടിയാൽ കുരസ്സണം.

ഏറെറടുത്ത കാര്യം ശ്രേഷ്ഠമോ നികൃഷ്ടമോ ആകട്ടെ, അതിനനുസരിച്ചു പ്രവർത്തിക്കയാണുചിതം.

938. നായ്പുണ്ണിനു ചാരം മരുന്ന്.

നിസ്സാരന്മാരുടെ രോഗത്തിന് നിസ്സാരമായ പ്രതിവിധി.

939. നാരി നടിച്ചേടം, നാരകം നട്ടേടം, കൂവളം നശിച്ചേടം, നായ് പെറെറടം—നാലും നശിക്കും.

സ്ത്രീ നായകത്വം ഉള്ള വീട്, നാരകം നട്ടേടം, കൂവളം നശിച്ചേടം പട്ടി പെറെറടം, ഇവയുടെ ഐശ്വര്യം നശിക്കുന്നു എന്നു വിശ്വസിക്കുന്നു. പുരുഷനെ ഭരിക്കുന്ന സ്ത്രീ വീടിന് നാശകാരണമാണത്രേ.

940. നാലാമത്തെ ഉപായം ഒന്നാമത്തേതാക്കരുത്,

സാമം, ദാനം, ഭേദം, ദണ്ഡം എന്നീ നാലുപായങ്ങളിൽ ഒടുവിലത്തേതാണ് ദണ്ഡം. അത് ആദ്യം തന്നെ പ്രയോഗിക്കരുത്. ദണ്ഡനോപായം ആദ്യമേ പ്രയോഗിച്ചാൽ ഉദ്ദേശ്യം നേടാൻ സാധിക്കുകയില്ല.

941. നാലാമിടത്തേക്കു ആകാത്തോൻ ഏഴാമിടത്തേക്കും ആകാ.

വീട്ടിനു കൊള്ളാത്തവൻ ഭാര്യയ്ക്കും കൊള്ളരുത്. (നാലാമിടം-വീട്, കുടുംബം. ഏഴാമിടം-ഭാര്യ,)

942. നാലാനം പറഞ്ഞാൽ നാടും വഴങ്ങണം.

ബഹുജനാഭിപ്രായം മാനിക്കണം.

943. നാലുക്കൊപ്പം വേണംതാനും, നാഴിക്കു വകയുമില്ല.

മററുള്ളവരെപ്പോലെ അന്തസ്സായി ജീവിക്കണമെന്നാഗ്രഹം. പക്ഷേ, അരിഷ്ടിച്ചു നിത്യവൃത്തി കഴിക്കാൻ പോലും നിവൃത്തിയില്ല. പിന്നെയെങ്ങനെ ആഗ്രഹം സാധിക്കും!

944. നാലു തല ചേരും; നാലു മുല ചേരുകയില്ല.

നാലു പുരുഷന്മാർക്കു യോജിക്കാൻ കഴിയും; രണ്ടു സ്ത്രീകൾ തമ്മിൽ യോജിപ്പുണ്ടാകയില്ല. സ്ത്രീസ്വഭാവം സൂചിപ്പിക്കുന്നു.

945. നാലു പണം വരുമ്പോൾ നാലരപ്പണം ചെലവാക്കരുത്.

മിതവ്യയത്തിന്റെ ആവശ്യം. മിതവ്യയം ശീലിച്ചാൽ ജീവിത ഭദ്രത കൈവരും.

946. നാലു പേർ കേട്ടാൽ നിരക്കാത്തതു ചെയ്യരുത്.

ബഹുജനങ്ങൾക്ക് ഹിതകരമല്ലാത്ത കാര്യം ചെയ്യാതിരിക്കണം.

'നാലുപേർ കേട്ടാൽ നിരക്കാത്ത കാര്യങ്ങൾ
വാലുള്ള വാനരന്മാർക്കും ചിതം വരാ.'

947. നാലും മൂന്നുമറിയാത്തവൻ.

അതിസാധാരണമായ കാര്യങ്ങൾപോലുമറിഞ്ഞുകൂടാത്തവൻ. യാതൊരു വിവരവുമില്ലാത്തവൻ.

948. നാവനങ്ങിയാൽ നാടനങ്ങും.

ചിലർ വാക്ചാതുര്യംകൊണ്ടു ജനങ്ങളെ ഇളക്കി മറിക്കുന്നു. അങ്ങനെയുള്ള വാഗ്മികളെപ്പററിയാണിങ്ങനെ പറയുന്നത്.

949. നാവിന്മേൽ നിന്നു വീണാൽ തിരിച്ചെടുക്കാൻ പററുകയില്ല.

പറഞ്ഞ വാക്കു തിരിച്ചെടുക്കാൻ സാദ്ധ്യമല്ല. അതിനാൽ ആലോചിച്ചേ പറയാവൂ.

950. നാവിലെ വെള്ളം വററിക്കുക.

പ്രയോജനമില്ലാതെ വളരെ നേരം സംസാരിക്കുക.

951. നാളെ നാളെ, നീളെ നീളെ.

നാളെയാകട്ടെയെന്നു വിചാരിച്ചു നീട്ടിവച്ചാൽ അതങ്ങനെ നീണ്ടുപോകയേയുള്ളു.

952. നാഴി ആഴിയിൽ മുക്കിയാലും നാഴിയേ കൊള്ളൂ.

സമുദ്രത്തിൽ എത്ര വേണമെങ്കിലും വെള്ളമുണ്ട്. പക്ഷേ, മുക്കുന്ന പാത്രത്തിൽ കൊള്ളുന്നത്രയെ എടുക്കാൻ പററൂ. തനിക്കുൾക്കൊള്ളാൻ കഴിയുന്നത്രയേ കിട്ടൂ.

953. നാഴിക്കകത്തു നാഴി കടക്കുമോ?

ഒരുപോലെ ധനമോ ബലമോ ഉള്ളവരിൽ ഒരാൾ മറേറയാൾക്ക് കീഴ്പ്പെടുകയില്ല.

954. നിത്യത്തൊഴിലഭ്യാസം.

നിത്യവും ചെയ്യുന്ന ജോലിയിൽ പ്രാവീണ്യം ഏറുന്നു,

955. നിത്യത്തൊഴിൽ ആനയെ എടുക്കും.

നിത്യവും ഭാരം പൊക്കി പരിശീലിക്കുന്നവനു ക്രമേണ ആനയെപ്പോലും പൊക്കാൻ കഴിയുന്നു. പരിശീലിച്ചാൽ വളരെ പ്രയാസമുള്ളതുപോലും ചെയ്യാൻ കഴിയും.

956. നിധി കാക്കുന്ന ഭൂതം.

ഭൂതം നിധി കാത്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഭൂതത്തിന് ഒരു പ്രയോജനവുമില്ല. എന്നാൽ ആരെങ്കിലും എടുക്കാൻ ഭൂതം സമ്മതിക്കയുമില്ല. തനിക്കുപയോഗമില്ലെങ്കിലും മററുള്ളവർ എടുത്തുപയോഗിക്കാൻ സമ്മതിക്കാത്തവരെപ്പററിയാണ് ഈ ചൊല്ല്.

957. നിൻെറ കോഴി കൂവിയില്ലെങ്കിലും എൻെറ നേരം വെളുക്കും.

തൻെറ കോഴി കൂവിയെങ്കിലേ നേരം വെളുക്കൂ എന്നു വിചാരിക്കുന്നവനോടു പറയുന്നത്. കോഴി കൂവിയില്ലെങ്കിലും നേരം വെളുക്കും. തൻെറ സഹായം കൊണ്ടാണ് മററുള്ളവരുടെ കാര്യം നടക്കുന്നതെന്നു ചിലർ വിചാരിക്കും. അത് ഒട്ടും ശരിയല്ല. നടക്കേണ്ടതു നടക്കുക തന്നെ ചെയ്യും.

958. നിന്ന മരങ്ങളിൽ നെടിയതു പോയാൽ, നിന്ന മരമേ നെടിയ മരം.

കൂട്ടത്തിൽ പ്രമാണിയുടെ കാലം കഴിഞ്ഞാൽ അടുത്തയാളാകും പ്രമാണി.

959. നിലയ്ക്കു നിന്നാൽ മലയ്ക്കു സമം.

സ്വന്തം സ്ഥാനമാനാദികൾക്കനുസരിച്ചു ജീവിക്കുന്നവൻ ബഹുമാനിക്കപ്പെടും, അവന് മലയെപ്പോലെ ഔന്നത്യവും ഉറപ്പും ഉണ്ടാകും.

960. നിലാവുണ്ടെന്നു വച്ചു വെളുപ്പോളം കക്കരുത്.

സാഹചര്യം അനുകൂലമാണ് എന്നു വിചാരിച്ച് ക്രമം വിട്ട് ഒന്നും ചെയ്യരുത്. അനുകൂല സാഹചര്യം അവസാനിക്കും വരെ തൻെറ ദുഷ്പ്രവൃത്തി തുടരാം എന്നു വിചാരിക്കരുത്.

961. നിറകുടം തുളുമ്പുകയില്ല.

നിറഞ്ഞ അറിവോ സമ്പത്തോ ഉള്ള മഹത്തുക്കളിൽ ഇളക്കമോ ചാപല്യമോ ഉണ്ടാകയില്ല.

(✕ കുറക്കുടം കൂത്താടും.)

962. നിറഞ്ഞ ചാക്കേ നിവർന്നിരിക്കൂ.

ചാക്കിൽ ഒന്നുമില്ലെങ്കിൽ അതു ചുളുങ്ങിക്കിടക്കും. നിറച്ചു വല്ലതും അതിലുണ്ടെങ്കിൽ നേരേയിരിക്കും. നിറഞ്ഞ സമ്പത്തും അറിവുമുള്ളവർ നിവർന്ന് മുഖമുയർത്തി അഭിമാനത്തോടെ പെരുമാറും.

963. നിറവയർ വിശപ്പറിയുകില്ല.

ധാരാളം ഉള്ളവർ ഇല്ലാത്തവരുടെ വിഷമം അറിയുകയില്ല. ഓരോന്നും അനുഭവിച്ചവർക്കു മാത്രമേ അതേപ്പററി അറിവുണ്ടാകയുള്ളു.

964. നീണ്ട കൈ കുറുകുകയില്ല.

കൊടുത്തും ചെലവാക്കിയും ശീലിച്ചവൻ അതു ചുരുക്കുകയില്ല. ദാനം ചെയ്യുന്നവൻ അതു തുടരുക തന്നെ ചെയ്യും.

965. നീണ്ട പുല്ലു തണലാകുമോ ?

എത്ര നീണ്ടാലും പുല്ലു പുല്ലു തന്നെ. അതിന് തണലുണ്ടായിരിക്കയില്ല. അല്പന്മാർ എത്ര ഉയർന്നാലും അല്പന്മാർ തന്നെ. അവരിൽ നിന്നു വലിയ സഹായമൊന്നും പ്രതീക്ഷിക്കേണ്ട.

966. നീന്താൻ തുനിഞ്ഞാൽ ആഴമറിയണോ ?

പ്രവർത്തിക്കാൻ ഒരുങ്ങിക്കഴിഞ്ഞു. പിന്നെ അതിൻെറ വൈഷമ്യത്തെക്കുറിച്ചോ പ്രതിബന്ധങ്ങളെക്കുറിച്ചോ ആലോചിക്കുന്നതിൽ കാര്യമില്ല. ഏതു വൈഷമ്യത്തെയും നേരിടുക തന്നെ.

967. നീന്താൻ പഠിച്ചതിനു ശേഷം വെള്ളത്തിലിറങ്ങാനൊക്കുമോ ?

വെള്ളത്തിലിറങ്ങിയിട്ടേ നീന്താൻ പഠിക്കാൻ സാധിക്കൂ. വൈദഗ്ധ്യം സമ്പാദിച്ചിട്ട് തൊഴിൽ തുടങ്ങാൻ പററുകയില്ല. തൊഴിലിൽ പ്രവേശിച്ചാൽ വൈദഗ്ധ്യം ഉണ്ടായിക്കൊള്ളും.

968. നീരുള്ളതുവരെ മീൻ തുള്ളും.

അനുകൂലമായ ജീവിത സാഹചര്യങ്ങളുള്ളപ്പോഴും അഹങ്കരിക്കുന്ന സ്വഭാവം.

969. നീരെന്നു പറഞ്ഞാൽ തീ കെടുമോ ?

വെള്ളം എന്നു പറഞ്ഞാൽ തീ കെടുകയില്ല. വെള്ളം ഒഴിച്ചാലേ തീ കെടൂ. പ്രയോഗിച്ചാലേ ഫലം ലഭിക്കയുള്ളു എന്നു സാരം.

970. നീർക്കോലി കടിച്ചാലും അത്താഴം മുടങ്ങും.

നിസ്സാരന്മാർ വിചാരിച്ചാലും ചില്ലറ ശല്യങ്ങളുണ്ടാക്കാൻ കഴിയും. (വിഷമില്ലാത്ത നീർക്കോലി കടിച്ചാൽ മരിച്ചുപോകയും മററുമില്ല. എന്നാലും ഭക്ഷണം കഴിക്കാതെ ഉറക്കമിളയ്ക്കേണ്ടതായി വരും.)

971. നീററിലടിച്ചാൽ കോലേ മുറിയൂ.

അസ്ഥാനത്തു പ്രയോഗിച്ചാൽ തനിക്കു തന്നെ നാശം. (വെള്ളത്തിൽ വടി കൊണ്ടടിച്ചാൽ വടി ഒടിയുകയേ ഉള്ളു.)

972. നുള്ളി എടുക്കുന്നിടത്തു കുഴി; നുള്ളി വയ്ക്കുന്നിടത്തു കുന്ന്.

അല്പാല്പമായിട്ടായാലും എടുത്തു ചെലവഴിച്ചാൽ ധനം തീരുമെന്നു മാത്രമല്ല, കടം ഉണ്ടാകയും ചെയ്യും. നേരേ മറിച്ച്, അല്പാല്പം സമ്പാദിച്ചു വച്ചാൽ ധനം വർദ്ധിക്കുന്നു.

973. നൂലു പോലെ ചേല.

നൂലിൻെറ ഗുണം പോലെയാണ് വസ്ത്രത്തിൻെറയും ഗുണം. ഉപയോഗിക്കുന്ന വസ്തുവിൻെറ മേന്മയും മേന്മകേടും ഉല്പന്നത്തിൻെറ ഗുണദോഷങ്ങൾക്കാസ്പദം.

974. നൂലോടിയ വീടും, ആടോടിയ കാടും.

സംരക്ഷണമില്ലാതെ ചിലന്തിവല കേറിയ വീടും ആടു കയറിയ കാടും ക്രമേണ നശിക്കുന്നു.

975. നൂറുനാൾ ഓതിയത് ആറുനാൾ വിട്ടാൽ തീരും.

വളരെനാൾ കൊണ്ടു വശമാക്കിയ വിദ്യ അല്പകാലം ഉപയോഗിക്കാതിരുന്നാൽ മറന്നുപോകുന്നു. പ്രയോഗിക്കാത്ത വിദ്യ നശിച്ചു പോകുന്നു.

976. നെടിയവൻെറ തലയ്ക്കു വടി.

കുറേപ്പേർ കൂടിനിൽക്കുമ്പോൾ വടി പ്രയോഗിച്ചാൽ അതേല്ക്കുന്നത് ഉയരക്കൂടുതലുള്ളവൻെറ

തലയ്ക്കായിരിക്കും. പൊക്കം കുറഞ്ഞവർക്ക് വടി കൊള്ളാതെ രക്ഷപെടാം. പൊതുവെ വരുന്ന ഏതുപദ്രവവും അധികം ബാധിക്കുന്നത് മുന്നിട്ടും തലയുയർത്തിയും പ്രവർത്തിക്കുന്ന വമ്പന്മാരെയാണ്.

977. നെടുമ്പകലിനും അസ്തമയമുണ്ട്.

നല്ലകാലം ചിലപ്പോൾ നീണ്ടുനിന്നേക്കാം. പക്ഷെ, അതിനും ഒരവസാനമുണ്ട്.

978. നെയ്യ് പെരുത്താൽ അപ്പത്തിനു കേടില്ല.

നല്ല സാധനങ്ങൾ കൂടിയാലും ദോഷം വരുന്നില്ല.

979. നെല്ലിട തെററിയാൽ വില്ലിട തെററും.

അല്പമൊരു അപാകത പററിയാൽ അതുകൊണ്ട് വലിയ ദോഷങ്ങൾ സംഭവിച്ചേക്കാം.

980. നെല്ലിനു പായുന്ന വെള്ളം പുല്ലിനും പായും.

പ്രമാണിമാർക്കു വേണ്ടി ചെയ്യുന്ന പ്രവൃത്തിയുടെ പ്രയോജനം നിസ്സാരന്മാർക്കും ലഭിക്കുന്നു.

981. നെല്ലിൽ പതിരും, ചൊല്ലിൽ പിഴവും.

നെല്ലിൽ കുറച്ചെങ്കിലും പതിരു കാണും. അതുപോലെ നാം പറയുന്ന വാക്കുകളിലും അനാവശ്യവും അർത്ഥമില്ലാത്തവയുമായവ കടന്നുകൂടാറുണ്ടല്ലോ. ഏതു വസ്തുവായാലും കൂട്ടത്തിൽ ഗുണമില്ലാത്തവയും കാണും എന്നാശയം.

982. നേടാപ്പറമ്പു കണ്ടു നെടുമൂച്ചു വിട്ടാലോ!

തനിക്കില്ലാത്തതും അന്യനുള്ളതുമായ സമ്പത്തും സൗഭാഗ്യവും കണ്ട് ദീർഘശ്വാസം വിടുന്നതു കൊണ്ട് പ്രയോജനമില്ല.

983. നേട്ടമല്ല, നോട്ടമാണു കാര്യം.

വളരെ സമ്പാദിച്ചതുകൊണ്ടായില്ല, അതു കാര്യമായി നോക്കി സൂക്ഷിക്കുന്നതാണ് പ്രധാനം.

984. നേരുപോലേ നേരം വെളുക്കൂ. (നേരിനേ നേരം വെളുക്കൂ.)

യഥാവിധി, യഥാകാലം എല്ലാം സംഭവിക്കുന്നു. സത്യം പോലെ എല്ലാം നടക്കുന്നു. സത്യത്തിനേ നിലനിൽപുള്ളു.

985. നേരു പറഞ്ഞാൽ ഉമ്മയ്ക്കു് അടി കിട്ടും; അല്ലെങ്കിൽ വാപ്പ പട്ടിയിറച്ചി തിന്നും.

ചില കാര്യങ്ങളിൽ സത്യം പറഞ്ഞാൽ ചിലർക്കു് അപകടം. സത്യം പറഞ്ഞില്ലെങ്കിൽ മററു ചിലർക്കു് ദുരനുഭവം. സത്യം പറഞ്ഞാലും കുഴപ്പം പറയാതിരുന്നാലും കുഴപ്പം. (പാകം ചെയ്യാൻ വച്ചിരുന്ന ഇറച്ചി പട്ടി തിന്നു. ഗൃഹനായകനു് ഇറച്ചി കൂടിയേ കഴിയൂ. അല്ലെങ്കിൽ അയാരം അടിപിടി കൂട്ടും. പാവം ഗൃഹനായിക, പട്ടിയെ കൊന്നു് അതിൻെറ മാംസം പാകംചെയ്തു വച്ചു. ഗൃഹനായകൻ കഴിക്കാൻ വന്നപ്പോരം, ഇതെല്ലാം കണ്ടിരുന്ന മകൻ പറഞ്ഞതാണു്. പട്ടിയിറച്ചിയാണെന്ന സത്യം പറഞ്ഞാൽ വാപ്പ ഉമ്മയെ തല്ലി ക്കൊല്ലും. പറഞ്ഞില്ലെങ്കിൽ വാപ്പ പട്ടിയിറച്ചി തിന്നുകയും ചെയ്യും.)

986. നൊന്ത കണ്ണിൽ കുന്തം കൊള്ളുക.

ഒരാപത്തു വന്നവനു തന്നെ, അതിൻെറ പുറത്തു മററൊരാപത്തു വരുക.

987. നോക്കാത്ത രാജാവിനെ തൊഴാറുണ്ടോ ?

എത്ര കേമനായാലും ഇങ്ങോട്ടു താത്പര്യം കാണിക്കാത്തവനോടു് അങ്ങോട്ടും ആരും താത്പര്യമോ ബഹുമാനമോ കാണിക്കുന്നില്ല.

988. നോക്കാൻ കൊടുത്ത പണത്തിനു വെള്ളിയാഴ്ച ക്കുററം.

നോക്കട്ടെ എന്നു പറഞ്ഞ് പണം കൈയിൽ വാങ്ങുന്നു. വാങ്ങിക്കഴിഞ്ഞാൽ 'വെള്ളിയാഴ്ചയാണ് ഇന്നു തരാൻ പററുകയില്ല' എന്നാകും. കൈയിൽ കിട്ടിക്കഴിഞ്ഞാൽ തിരിച്ചു കൊടുക്കാൻ പല ഒഴികഴിവുകളും പറയുന്ന ദുരാഗ്രഹിയുടെ സ്വഭാവം.

989. നോക്കി നടന്ന വള്ളി കാൽക്കു തടഞ്ഞു.

തേടിയ വള്ളി കാലിൽ ചുററി.

990. നോമ്പിനിടയ്ക്ക് പുത്തരി പങ്ക്.

വ്രതം ആചരിക്കുമ്പോൾ അരിയാഹാരം പാടില്ല. ആ സമയത്താണ് തൻെറ പങ്ക് പുത്തരി കിട്ടിയത്. എന്തു പ്രയോജനം. ഉപയോഗിക്കാൻ സാധിക്കാത്ത അവസരത്തിൽ കിട്ടിയിട്ടെന്തു ഫലം!

പ

991. പകൽ കഴിഞ്ഞാൽ രാത്രി.

വെളിച്ചം കഴിഞ്ഞാൽ ഇരുട്ട്. നല്ലകാലം കഴിഞ്ഞാൽ ചീത്തക്കാലം. ഇതു പ്രകൃതി നിയമമാണ്.

992. പകൽ കാക്ക കരഞ്ഞാൽ പേടിക്കുന്നവൻ രാത്രി തനിച്ചു നദി കടക്കും.

മററുള്ളവരുടെ മുമ്പിൽ നിസ്സാര കാര്യത്തിനു പോലും പേടി കാണിക്കും. തന്നിഷ്ടം നേടാൻ വേണ്ടി ഏതു ദുർഘടവും ഒരു പേടിയും കൂടാതെ തരണം ചെയ്യുന്നു. (പകൽ വലിയ പേടി അഭിനയിക്കുന്നു. എന്നാൽ രാത്രി കാമുകൻെറ അടുക്കലെത്താൻ ഭയങ്കരമായ ഒഴുക്കുള്ള നദി നീന്തിക്കടക്കാൻപോലും മടിക്കുന്നില്ല. സ്ത്രീ സ്വഭാവത്തെപ്പററിയാണ് ഈ പഴഞ്ചൊല്ല്.)

993. പകൽ വെള്ളൻ, രാത്രി കള്ളൻ.

പകലൊക്കെ നല്ലവനും സന്മാർഗ്ഗവാദിയുമായി അഭിനയിക്കുന്നു. രാത്രിയായാലോ ദുർവൃത്തികളിലേക്കു കടക്കുന്നു. ദുർജ്ജന സ്വഭാവം.

994. പക്ഷിക്കാകാശം ബലം; മത്സ്യത്തിനു വെള്ളം ബലം.

ഓരോരുത്തർക്കും അവരവരുടേതായ മണ്ഡലമുണ്ട്. അവിടെയാണ് അവർ സ്വന്തം കഴിവും മേന്മയും പ്രകടിപ്പിക്കുന്നത്.

995. പക്ഷിക്കു കൂടും വേണം, കാടും വേണം.

സുരക്ഷിതമായ വാസസ്ഥാനം മാത്രം പോരാ, സ്വാതന്ത്ര്യമായി വിഹരിക്കുവാനുള്ള സൗകര്യവും വേണം.

996. പച്ച മണ്ണും ചുട്ട മണ്ണും ഒട്ടുമോ ?

പച്ചമണ്ണ് അസംസ്കൃതരായ ആളുകൾ —ചുട്ട മണ്ണ് സംസ്കാരമുള്ളവർ. ഈ രണ്ടു കൂട്ടരും തമ്മിൽ യോജിക്കാൻ പ്രയാസം.

997. പഞ്ച തിന്ന പശു പുല്ലു തിന്നുകയില്ല.

നെല്ലു കൃഷി ചെയ്തിരിക്കുന്നതു തിന്നു പരിശീലിച്ച പശുവിനു പുല്ലു വേണ്ടാ. ആരാനും തേടിയ വിശിഷ്ട വസ്തുക്കൾ അനുഭവിച്ചു ശീലിച്ച മടിയൻ സാധാരണ ഭക്ഷ്യവസ്തുക്കളിൽ താത്പരും കാണിക്കുന്നില്ല.

998. പഞ്ചപാണ്ഡവന്മാർ കട്ടിൽക്കാലു പോലെ മൂന്ന്.

പറയുന്ന കാര്യത്തിൽ യാതൊരു വിവരവുമില്ലെന്നു സ്പഷ്ടമാക്കുന്നു.

999. പഞ്ചസാരയെന്നു പറഞ്ഞാൽ മധുരിക്കില്ല.

വെറും വാക്കു കൊണ്ട് യാതൊരു ഫലവുമില്ല. വാക്കു കൊണ്ടുദ്ദേശിക്കുന്നതു പ്രായോഗിക തലത്തിൽ വരുമ്പോഴേ ഫലമുണ്ടാകൂ. വാക്കു കൊണ്ടല്ല, അനുഭവം കൊണ്ടാണ് കാര്യജ്ഞാനമുണ്ടാകുന്നത്.

1000. പഞ്ഞത്തു് ഓണംവന്നാൽ ഉള്ളതുകൊണ്ടു് ഓണം.

ചുററുപാടുകൾക്കനുസരിച്ചു് ജീവിക്കുക എന്ന സ്വഭാവം.

1001. പട കണ്ട കുതിര പന്തിയിലടങ്ങാ.

പടക്കുതിര കുതിരപ്പന്തിയിൽ അടങ്ങി നിൽക്കുകയില്ല. പടനിലത്തേക്കു് കുതിക്കാനാണു് അതിനുത്സാഹം. ഒരു കാര്യം ശീലമായിക്കഴിഞ്ഞാൽ ആ വഴിക്കാവും ശരീരത്തിൻെറയും മനസ്സിൻെറയും ഗതി, നിയന്ത്രിച്ചു നിർത്താൻ കഴിയാതെ വരും.

1002. പട പേടിച്ചു പന്തളത്തു ചെന്നപ്പോൾ പന്തവും കുത്തിപ്പട!

ഒരിടത്തെ അപകടം ഒഴിവാക്കാനായി മറെറാരിടത്തേക്കു പോയി. പക്ഷേ, ചെന്നിടത്തു് അതിലും വലിയ അപകടം.

1003. പടയിൽ ചത്തതും പണ്ടുണ്ടായതും പറയേണ്ടാ.

യുദ്ധമായാൽ കുറേപ്പേർ ചത്തെന്നിരിക്കും, പണ്ടു് പലതും ഉണ്ടായിട്ടുണ്ടായിരിക്കാം. അവയെപ്പററി വീണ്ടും വീണ്ടും പറയുന്നതുകൊണ്ടു് പ്രയോജനമൊന്നുമില്ല.

1004. പടിക്കൽ പാറ പൊന്നു്.

വീടിനു തൊട്ടു കിടക്കുന്ന സ്ഥലം ഫലഭൂയിഷ്ഠമല്ലെങ്കിൽക്കൂടി മററു തരത്തിൽ വളരെ പ്രയോജനകരമാണു്.

1005. പട്ടണത്തെ പെണ്ണു പെററ പയ്യനെ പണം പിടുങ്ങാൻ പഠിപ്പിക്കണോ?

നാഗരികസ്ത്രീകൾ ആരുടെയും പണം തട്ടിയെടുക്കാൻ വിരുതരാണു്. അവരുടെ മക്കൾക്കും ജന്മനാ ആ സ്വഭാവം കിട്ടിയിരിക്കും. അമ്മയുടെ പ്രവൃത്തി കണ്ടും അവരുടെ സ്വഭാവം ദൃഢമായിരി

ക്കും. അങ്ങനെയിരിക്കെ, പണം പിടുങ്ങാൻ അവരെ ആരെങ്കിലും പഠിപ്പിക്കേണ്ടതുണ്ടോ? ശീലവും സ്വഭാവവും രൂപവല്ക്കരിക്കുന്നതിൽ അമ്മയ്ക്കുള്ള സ്ഥാനം വ്യക്തം.

1006. പട്ടരിൽ പൊട്ടനില്ല.

സ്വതെ ബുദ്ധിവൈഭവമുള്ള ഒരു സമൂഹത്തിലെ ഒരംഗം ബുദ്ധിഹീനനായിരിക്കുക എന്നത് സാധാരണമല്ല. (പട്ടന്മാർ പ്രായേണ ബുദ്ധിമാന്മാരാണെന്നും അവരിൽ മഠയന്മാർ അപൂർവ്വമാണെന്നും പറച്ചിലുണ്ട്.)

1007. പട്ടർക്കുണ്ടോ പടയിൽ കാര്യം? (പട്ടർക്കെന്താ പടയിൽ കാര്യം?)

പട്ടന്മാരും പട(യുദ്ധ)യുമായി ബന്ധമൊന്നുമില്ല. ഒരു വിധത്തിലും ബന്ധമില്ലാത്ത കാര്യങ്ങളിൽ ഇടപെടേണ്ടതില്ല എന്നു സാരം.

1008. പട്ടി കടിച്ചാൽ പകരം കടിക്കാറുണ്ടോ?

വിവരമില്ലാത്ത നിസ്സാരന്മാർ ഇങ്ങോട്ടുപദ്രവിച്ചാലും അങ്ങോട്ടൊന്നും ചെയ്യാറില്ല അറിവുള്ളവർ.

1009. പട്ടി കുരച്ചാൽ പടി തുറക്കുമോ?

നിസ്സാരന്മാർ കിടന്നു ബഹളം കൂട്ടിയെന്നു വിചാരിച്ച് കാര്യമൊന്നും നടക്കയില്ല.

1010. പട്ടിക്കു പട്ടിയെ കണ്ടുകൂടാ.

ഒരേ വർഗ്ഗത്തിൽപ്പെട്ടവർ, ഒരേ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ — തമ്മിലുള്ള വൈരവും മത്സരവും. ഒരുത്തനെക്കാണുന്നതിൽ മററുള്ളവർ മുറുമുറുത്തു തുടങ്ങുന്നു.

1011. പട്ടു പുടവ ഇരവൽ കൊടുത്തിട്ട് പലകയും കൊണ്ട് ചെല്ലേണ്ടിയുംവന്നു.

പട്ടു പുടവ ഇരവൽ കൊടുത്തു. അതുടുത്തുകൊണ്ടു പോയവൻ മണ്ണിലോ ചെളിയിലോ

ഇരുന്ന് പട്ടിന് കേടു വന്നാൽ ഉടമസ്ഥനാണല്ലോ നഷ്ടം. അതുകൊണ്ട് ഇരവൽ വാങ്ങിയവന് ഇരിക്കാൻ പലകയും കൊണ്ടു കൊടുക്കേണ്ടിവന്നു. ഒരു വിശിഷ്ട സാധനം കടം വാങ്ങിക്കൊണ്ടു പോയവൻ അതു ചീത്തയാക്കിയാലോ എന്നു വിചാരിച്ച് അവൻെറ കൂടെത്തന്നെ നടക്കേണ്ടിവരികയും കൂടി ചെയ്യുക.

1012. പട്ടും വളയും പണിക്കർക്ക്; വെട്ടും കുത്തും പരിചക്ക്.

അഭ്യാസിക്കു സമ്മാനം. അഭ്യാസപ്രകടനത്തിൽ സഹായിച്ച, ഉപകരിച്ച ആളിന് ദേഹദണ്ഡം, (മാരാൻ ചോറുണ്ണും, ചെണ്ട തല്ലുകൊള്ളും എന്നു പറഞ്ഞതുപോലെ.)

1013. പഠിച്ചതേ പാടൂ. (ശീലിച്ചതേ പാലിക്കൂ.)

1014. പഠിപ്പതു രാമായണം, ഇടിപ്പതു പെരുമാൾ കോവിൽ.

ദൈവിക കാര്യങ്ങളാണ് പഠിക്കുന്നത്. പക്ഷേ, ചെയ്യുന്നത് ദൈവദ്രോഹം.

1015. പഠിപ്പാൻ കാലം പഴതാകയില്ല.

ജീവിതത്തിൻെറ ഏതു ഘട്ടത്തിലും വിദ്യാഭ്യാസമാകാം. പ്രായം അതിനു ബാധകമല്ല.

1016. പണക്കള്ളൻ പായിൽ കിടക്കുകയില്ല.

മോഷ്ടിച്ചവന് ഉറക്കം വരികയില്ല. കുററം ചെയ്തവൻെറ മനസ്സ് അസ്വസ്ഥമായിരിക്കും.

1017. പണത്തിനു മീതെ പരുന്തും പറക്കുകയില്ല.

ഏററവും ഉയർന്നു പറക്കുന്ന പരുന്തുപോലും പണത്തിനു മീതെ പറക്കുകയില്ല. ഏതിനും മീതെയാണ് പണം, അതുകൊണ്ട് സാധിക്കാത്തതൊന്നുമില്ല.

1018. പണമില്ലാത്തവൻ പിണം.

പണമില്ലാത്തവനെ ആരും വകവയ്ക്കില്ല. അവൻ ശവത്തിന് തുല്യമാണ്.

1019. പണമുള്ള അച്ഛനു പട്ടുമെത്ത; താഴത്തെ അച്ഛനു തട്ടുപടി.

ധനസ്ഥിതിക്കനുസരിച്ചാണ് ആദരവും ബഹുമാനവും ലഭിക്കുന്നത്.

1020. പണമെന്നു പറഞ്ഞാൽ പിണവും വാ പിളർക്കും.

ശവം പോലും പണത്തിന് ആർത്തി കാണിക്കുന്നു. പിന്നെ ജീവനുള്ളവരുടെ കാര്യം പറയാനുണ്ടോ?

1021. പണിക്കർ മലച്ചാലും മലക്കം.

അഭ്യാസി അഭ്യാസത്തിൽ വന്ന പിഴവു കാരണം വീണാലും അതു മലക്കം മറിയലാണെന്നും പറയും കാഴ്ചക്കാർ. കേമന്മാർക്ക് അബദ്ധം പററിയാലും 'അത് അയാളുടെ ഒരു വേലയാണ്' എന്നേ ആളുകൾ പറയൂ.

1022. പണം കൊടുത്ത് ആനയെ വാങ്ങിയാൽ പവൻ കൊടുത്ത് ആനക്കാരനെ വാങ്ങണം.

വിലയേറിയ വസ്തുക്കൾ വാങ്ങിയാൽ അതു കാത്തു സൂക്ഷിക്കുവാനും സംരക്ഷിക്കുവാനും വളരെ ശ്രദ്ധിക്കേണ്ടതുണ്ട്.

1023. പണം കൊണ്ടെറിഞ്ഞാലേ പണത്തേൽ കൊള്ളൂ.

പണം ചെലവാക്കിയെങ്കിലേ പണം സമ്പാദിക്കാൻ കഴിയൂ.

1024. പണം പന്തലിൽ; കുലം കുപ്പയിൽ.

കുലശ്രേഷ്ഠതയെ അവഗണിക്കയും ധനസ്ഥിതിക്കു മാന്യത കല്പിക്കയുമാണ് ലോകസ്വഭാവം.

1025. പണം വാങ്ങാൻ മാരാരും അടി കൊള്ളാൻ ചെണ്ടയും. (1012 നോക്കുക)

1026. പണ്ടേ ദുർബ്ബല, പിന്നെ ഗർഭിണി.

സ്വതേ തന്നെ ദർബ്ബലനായവന് കടുത്ത മറെറാരു ക്ലേശവും കൂടിയായാൽ അവൻ അതീവ അശക്തനായിത്തീരുംമെന്നു ചുരുക്കം.

1027. പതിനെട്ടു വാദ്യവും ചെണ്ടയ്ക്കു താഴെ.

വാദ്യോപകരണങ്ങളിൽ ചെണ്ടയുടെ ശബ്ദമാണ് എല്ലാററിനും മീതെ മുഴങ്ങുന്നത്. കൂട്ടത്തിൽ പ്രമാണിക്കു താഴയേ ഉള്ളു മററുള്ളവരെല്ലാം.

1028. പതിരില്ലാത്ത കതിരില്ല.

ചില ദോഷവശങ്ങളും ന്യൂനതകളും എല്ലാ കാര്യങ്ങാക്കും കാണും.

1029. പത്തമ്മ ചമഞ്ഞാലും പെററമ്മയാകുമോ?

കുഞ്ഞിനെ രക്ഷിക്കാനും ഓമനിക്കാനും അനേകം സ്ത്രീകാ ഉണ്ടായാലും പെററമ്മയിൽ നിന്നു കിട്ടുന്ന സ്നേഹം ഒന്നു വേറെതന്നെ. (ചിററമ്മ ചമഞ്ഞാൽ പെററമ്മയാകുമോ-എന്നും ചൊല്ലുണ്ട്)

1030. പത്തായം പെറും, ചക്കി കുത്തും, അമ്മ വയ്ക്കും, ഞാനുണ്ണും.

ഒരു പ്രയത്നവും ചെയ്യാതെ, ചുമതലാബോധമില്ലാതെ, ആരാനും നേടിയ വകകൊണ്ട് സുഖമായി ജീവിക്കുന്നവൻെറ സ്വഭാവം.

1031. പത്തു പെററവളോടോ കടിഞ്ഞൂൽ പേറിൻെറ കഥ!

ധാരാളം അനുഭവിച്ചറിഞ്ഞവരോട് കേവലം ഒരേയൊരനുഭവം മാത്രമുള്ളവർ, അതും ആദ്യമായി, കാര്യം പറഞ്ഞു മനസ്സിലാക്കാൻ ചെയ്യുന്നതു വിഡ്ഢിത്തമാണ്.

1032. പനമരത്തിനു കീഴിലിരുന്ന് പാൽ കുടിച്ചാലും കള്ളു കുടിച്ചെന്നേ പറയൂ.

ദുർജ്ജന സംസർഗ്ഗമുള്ള സൽസ്വഭാവിയെയും ദുസ്വഭാവിയെന്നേ ആളുകൾ ധരിക്കുകയുള്ളു.

1033. പന്നി തടിച്ചാൽ പാതാളം തോണ്ടും.

ദുഷ്ടന്മാർക്കു തടിയും കരുത്തുമുണ്ടായാൽ അവർ കൂടുതൽ ദ്രോഹപ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കും.

1034. പയ്യിന്റെ ചെള്ളും പോയി, കാക്കയുടെ വിശപ്പും മാറി.

രണ്ടു കൂട്ടർക്കും പ്രയോജനം. ഒരാളെ സഹായിക്കുമ്പോൾ തനിക്കും പ്രയോജനമുണ്ടാവുക.

1035. പയ്യെത്തിന്നാൽ പനയും തിന്നാം.

തിടുക്കം കൂട്ടാതെ ശ്രദ്ധാപൂർവ്വം പ്രവർത്തിച്ചാൽ ഏതു ദുഷ്കരമായ കാര്യവും സാധിക്കാം.

1036. പരു കരിഞ്ഞാലും പാടു കിടക്കും.

ഒരു സംഭവം കഴിഞ്ഞാലും അതിനെ ഓർമ്മിപ്പിക്കുന്ന ചില അടയാളങ്ങൾ അവശേഷിക്കുന്നു. ദുർവൃത്തിയുടെ അനന്തരഫലവും ഇതുപോലെയാണ്.

1037. പരുത്തിയോളമേ നൂൽ വെളുക്കൂ.

പൈതൃകമായ രൂപഗുണാദികൾക്ക് വലിയ മാററം വരാൻ പ്രയാസം.

1038. പലതുള്ളി പെരുവെള്ളം.

നിസ്സാരമെന്നു കരുതുന്നവ, പലതു കൂടുമ്പോൾ സാരമായിത്തീരുന്നു.

1039. പല പുതുവല പൊളിച്ച മീൻ ഒരു പഴവലയിൽ അകപ്പെടും.

ശക്തിയും സാഹസികതയും കൊണ്ട് പല വൻകാര്യങ്ങളിലും ജയിച്ചവനും പല അപകടങ്ങളിൽ നിന്നും രക്ഷപെട്ടവനും ചിലപ്പോൾ വളരെ ചെറിയ ഒരു കാര്യത്തിലായിരിക്കും കുടുങ്ങുന്നത്.

1040. പല മരം കണ്ട തച്ചൻ ഒരു മരവും മുറിക്കയില്ല.

പല കാര്യങ്ങൾ, എല്ലാം ഓരോ തരത്തിൽ മെച്ചം. ഏതാണു് വേണ്ടതെന്നു് സംശയം. അങ്ങനെ ഒന്നും ചെയ്യാൻ കഴിയാതെ വരുന്നു.

1041. പലർ കൂടിയാൽ പാമ്പു ചാകാ. (പലരുടെ ഇടയിൽ പാമ്പു ചാകയില്ല.)

ആരു ചെയ്യണമെന്നു സംശയിച്ചും തർക്കിച്ചും സമയം പോകും. കാര്യം നടക്കുകയുമില്ല.

1042. പല്ലില്ലെന്നുവച്ചു തൊള്ളവരെ കൈയിടരുത്.

തിരിച്ചുപ്രവർത്തിക്കാൻ വയ്യാത്ത പാവമാണെന്നു വച്ച് സഹിക്കാവുന്നതിൽ കൂടുതൽ ദ്രോഹിക്കരുത്.

1043. പശു തിന്നാൽ പുല്ലു പാല്.

പുല്ലിന് ഒരു വിലയുമില്ല, തീരെ നിസ്സാരം. അതു പശു തിന്നാൽ പാലു ലഭിക്കുന്നു. ആർക്കും വേണ്ടാത്ത നിസ്സാര വസ്തുക്കൾ അനുയോജ്യമായ സ്ഥാനത്ത്, അനുയോജ്യരായ ആളുകളുടെ കൈയിലെത്തി വളരെ വിലയും പ്രയോജനവുമുള്ള വസ്തുവായി പരിണമിക്കുന്നു. വസ്തു എങ്ങനെ, ആര് കൈകാര്യം ചെയ്യുന്നു എന്നതാണ് പ്രധാനം.

1044. പശുവിനു കാടി കൊടുത്താലും കിട്ടുന്നത് പാല്.

1045. പശു വീണതു പുലിക്കുപകാരം.

ഒരാളിന്റെ ക്ഷീണവും ആപത്തും മറ്റൊരാളിനു സന്തോഷകരവും ഉപകാരവുമായിത്തീരുന്നു. (ഒന്നു ചീഞ്ഞാൽ മറ്റൊന്നിനു വളമാകുന്നു.)

1046. പശുവും പശുവും പായുമ്പോൾ ഇടയ്ക്കുള്ള പുല്ലു ചതയും.

ശക്തന്മാർ തമ്മിൽ മല്ലിടുന്നു. ഇടയ്ക്കു നിൽക്കുന്ന പാവപ്പെട്ടവർക്ക് ഹാനിയുണ്ടാകുന്നു.

1047, പഴകിയവനോടേ അഴൽ മൊഴിയാവൂ.

ധാരാളം അനുഭവങ്ങളുള്ള പരിചിതനായ ആളിനോടു വേണം സ്വന്തം ദുഃഖങ്ങൾ പറയുന്നത്. അവർക്ക് സ്നേഹം കാണും, ദുഃഖത്തിനു പരിഹാരം നിർദ്ദേശിക്കാനും കഴിയും. കാണുന്നവരോടെല്ലാം പറഞ്ഞിട്ടു പ്രയോജനമില്ല.

1048. പഴകെപ്പഴകെ പാലും പുളിക്കും.

ഏതു നല്ല വസ്തുവും അധികം പഴകിയാൽ അരോചകമായിത്തീരും. അതിപരിചയം അവജ്ഞയുണ്ടാക്കും.

1049. പഴഞ്ചൊല്ലിൽ പതിരില്ല.

പഴഞ്ചൊല്ല് അർത്ഥമില്ലാത്തതല്ല. അതിനും കാമ്പും കഴമ്പുമുണ്ട്.

1050. പഴത്തിന് ഉപ്പില്ലെന്നോ പഴി ?

എന്തെങ്കിലും ഒരു കുററം പറഞ്ഞേ കഴിയൂ എന്നു നിർബ്ബന്ധമുള്ളവരുടെ സ്വഭാവം. അവർ പറയും 'പഴം കൊള്ളാം. പക്ഷെ, ഉപ്പില്ല' എന്ന്.

1051. പഴമനസ്സോടും, പഴങ്കാൽ ഓടുകയില്ല.

മനസ്സിൽ ആഗ്രഹമുണ്ട്. പക്ഷെ, പ്രവർത്തിക്കാൻ ശരീര ശേഷിയില്ല.

1052. പഴമുറത്തിന് മണ്ണും ചാണകവും.

പഴമുറം മണ്ണും ചാണകവും കൊണ്ടു കൂടക്കൂടെ മെഴുകണം. അല്ലെങ്കിൽ വേഗത്തിൽ ദ്രവിച്ച്. ഉപയോഗശൂന്യമായിത്തീരും. ശരീര ശക്തി കുറയുന്ന വാർദ്ധക്യ കാലത്ത് വേണ്ടത്ര പരിചരണമില്ലെങ്കിൽ ആരോഗ്യം തീരെ നഷ്ടപ്പെടുമെന്നു പറയേണ്ടല്ലോ.

1053. പഴുക്കാൻ മൂത്താൽ പറിക്കണം.

ഏതു വസ്തുവും യഥാകാലം ഉപയോഗപ്പെടുത്തണം.

1054. പഴുക്കും മുമ്പേ കൊതിച്ചാലോ ?

കാലമാകുന്നതിനു മുമ്പ് ആഗ്രഹിക്കരുത്. ഓരോന്നിനും ഓരോ കാലമുണ്ട്, അപ്പോഴേ ആഗ്രഹിക്കാവൂ.

1055. പഴുത്ത പ്ലാവില വീഴുമ്പോൾ പച്ചപ്ലാവില ചിരിക്കും.

തനിക്കും ഇതേ ഗതിയാണ് എന്നു മനസ്സിലാക്കുന്നില്ല. തൻെറ ആരോഗ്യ സൗഭാഗ്യാദികൾ നശിക്കയില്ല എന്ന ധാരണ.

1056. പറക്കുന്ന പക്ഷിക്ക് ഉന്നം നോക്കേണ്ടതു പത്തടി അകലെ.

ഭാവിയിൽ സംഭവിക്കാവുന്നതു നേരത്തേ കണ്ട് അതിനനുസരിച്ചു പ്രവർത്തിക്കുക. (ഓടുന്ന പട്ടിക്ക് ഒരു മുഴം മുമ്പ്.)

1057. പറയൻെറ കൈയിൽ പയ്യിനെ വളർത്താൻ കൊടുത്താലോ ?

ഹിംസിക്കുന്നവൻെറ കൈയിൽ സംരക്ഷണച്ചുമതലയേല്പിക്കുന്നതു വിഡ്ഢിത്തം. (പശുവിനെക്കിട്ടിയാൽ പറയൻ അറുത്തു തിന്നും. അങ്ങനെയുള്ളവനെയാണ് പശുവിനെ രക്ഷിക്കാൻ ചുമതലപ്പെടുത്തുന്നത്.)

1058. പാക്കായാൽ മടിയിൽ വയ്ക്കാം, കവുങ്ങായയാലോ?

ശൈശവത്തിൽ സംരക്ഷണയിൽ നിർത്താനും ഇഷ്ടം പോലെ കൈകാര്യം ചെയ്യാനും നിയന്ത്രിക്കാനും കഴിയും. വളർന്നു കഴിഞ്ഞാൽ അതൊന്നും സാധ്യമല്ല.

1059. പാങ്ങരൊക്കെ പടിക്കലോളം.

ബന്ധുത്വവും സ്നേഹവും ഭാവിക്കുന്നവർ പലതും ഉപദേശിക്കും. പക്ഷേ, കാര്യത്തോടടുക്കുമ്പോൾ അവരൊക്കെ ഒഴിഞ്ഞുകളയും. അവനവൻ

മാത്രമേ ഉണ്ടാവൂ പ്രവൃത്തിയുടെ ഫലമനുഭവി
ക്കാൻ.

1060. പാഞ്ചാലിയുണ്ടു, പാത്രവും മെഴക്കി.

ആ ദിവസത്തേക്ക് ഇനി ഒന്നും അവശേഷിച്ചിട്ടില്ല, എല്ലാം തീർന്നു എന്നു സാരം. (പാഞ്ചാലി ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ പിന്നെ അക്ഷയപാത്രത്തിൽ ഒന്നും അവശേഷിക്കയില്ല, അടുത്ത ദിവസമേ അതിൽ ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാവൂ എന്നു പുരാണ കഥ.)

1061. പാടാൻ പറയുമ്പോൾ പാണനു പാട്ടില്ല.

പാണൻെറ തൊഴിലാണ് പാട്ട്. പക്ഷെ, മററാരെങ്കിലും പാട്ടു കേൾക്കാൻ ആഗ്രഹിച്ച് ആവശ്യപ്പെടുമ്പോൾ അയാൾ പാടുകയില്ല. മററുള്ളവർക്ക് ആവശ്യമുണ്ടെന്നു കാണുമ്പോൾ വില കൂട്ടുന്ന സമ്പ്രദായം.

1062. പാട്ടു വരുമ്പോൾ സ്വരം വരാ, സ്വരം വരുമ്പോൾ പാട്ടു വരാ.

രണ്ടും ചേർന്നെങ്കിലേ മധുരമായ സംഗീതമാകൂ. ഒരു ഘടകത്തിൻെറ അഭാവത്തിൽ കാര്യം നടക്കാതെ വരുന്നതിനെ സൂചിപ്പിക്കുന്നു.

1063. പാദം പാദം വച്ചാൽ, കാതം കാതം പോകാം.

തുടർച്ചയായി ഓരോ ചുവടു വയ്ക്കുമ്പോൾ അനേക കാതം ദൂരം പോകാൻ കഴിയും. കുറെശ്ശെയാണെങ്കിലും നിരന്തരമായി പ്രയത്നിച്ചാൽ വലിയ കാര്യങ്ങളും നേടാം.

1064. പാനയിലുണ്ടെങ്കിലേ തവിയിൽ വരൂ.

കൈവശമുണ്ടെങ്കിലേ ആവശ്യത്തിനുപയോഗപ്പെടുകയുള്ളു. പാത്രത്തിലില്ലാതെ തവിയിൽ കോരിയെടുക്കാൻ പററുകയില്ലല്ലോ.

1065. പാപി ചെല്ലുന്നിടം പാതാളം.

നിർഭാഗ്യവാൻ എങ്ങോട്ടു തിരിഞ്ഞാലും നിർഭാഗ്യമനുഭവപ്പെടുന്നു.

(''പ്രയോഷതിയത്ര ഭാഗ്യരഹിതഃ
തത്രൈവയാന്ത്യാപദഃ'' = ഭാഗ്യഹീനൻ എവിടെപ്പോകുന്നുവോ അവിടെ ആപത്തുകളും ചെന്നെത്തുന്നു.)

1066. പാമ്പിന്നു പാൽ കൊടുത്താലും വിഷം ഛർദ്ദിക്കും.

നല്ല വസ്തുക്കൾ കൊടുത്തു സ്നേഹപൂർവ്വം പെരുമാറിയാലും ദുർജ്ജനങ്ങളിൽ നിന്ന് ദ്രോഹമേ ഉണ്ടാകയുള്ളു. (പാമ്പിന്നു പാൽ കൊടുത്തെന്നാൽ പാഞ്ഞു വന്നു കടികൂട്ടും—ചേമ്പിന്നു നെയ്യൊഴിച്ചാലും ചൊറിഞ്ഞു കൂട്ടുവാൻ മേലാ.)

1067. പാമ്പിന്നു പാൽ വിഷം; പശുവിന്നു പുല്ല് പാൽ.

ദുഷ്ടന്നു കിട്ടുന്ന വിശിഷ്ട വസ്തു വിഷം പോലെ മാരകമാക്കിത്തീർക്കുന്നു. ശിഷ്ടനാകട്ടെ. നിസ്സാര വസ്തുവും പരോപകാരപ്രദമാക്കുന്നു.

1068. പാമ്പിൻെറ കൂട്ടത്തിൽ വാലും മനഞ്ഞലിൻെറ കൂട്ടത്തിൽ തലയും.

രണ്ടു പക്ഷത്തും അവസരമനുസരിച്ച് ചേരുന്ന ചില കൂട്ടരുടെ സ്വഭാവം. (മനഞ്ഞിൽ ഒരു തരം മത്സ്യമാണ്. വാൽ കണ്ടാൽ പാമ്പെന്നും തല കണ്ടാൽ മീനെന്നും തോന്നുന്ന ജീവിയുണ്ട്. അതാണ് ഈ പഴഞ്ചൊല്ലിന്നാധാരം.)

1069. പാമ്പും ചാകണം, കോലും ഒടിയരുത്.

നഷ്ടം വരാതെ കാര്യം സാധിക്കണം.

1070. പാമ്പും പഴകിയതു നന്ന്.

വളരെക്കാലമായി പരിചയമുള്ള ദുഷ്ടനും ചിലപ്പോൾ ഉപകാരം ചെയ്തേക്കാം.

1071. പാമ്പന്നാൽ പടയും ഞെട്ടും.

വലിയ അഭ്യാസികളാണെങ്കിൽപ്പോലും ദുഷ്ടന്മാരെ ഭയപ്പെടുന്നു. പടയാളിക്ക് നേരേനിന്നു പൊരുതുന്ന ശത്രുവിനെ ഭയമില്ല. പക്ഷേ, ദുഷ്ടൻ ഏതു തരത്തിലാണ് അപകടപ്പെടുത്തുന്നതെന്ന് അറിയാൻ കഴിയില്ലല്ലോ.

1072. പാലു നോക്കുകയോ, കലം നോക്കുകയോ?

പാൽ നല്ലതോ എന്നു നോക്കുകയാണ് വേണ്ടത്. അതു വച്ചിരിക്കുന്ന പാത്രത്തിൻെറ ഭംഗി നോക്കിയതുകൊണ്ടായില്ല. ഉള്ളടക്കത്തിൻെറ ഗുണത്തിനാണ്, ബാഹ്യമോടിക്കല്ല പ്രാധാന്യം.

1073. പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകില്ല.

എന്തെല്ലാം ബഹളങ്ങളും പ്രയാസങ്ങളും ഉണ്ടായാലും മനസ്സിൻെറ സമനില വിടാതെ നില്ക്കുന്നവരെപ്പററി.

1074. പാൽ വിളമ്പിയേടത്ത് പഞ്ചസാര, മോരു വിളമ്പിയേടത്ത് ഉപ്പ്.

അനുയോജ്യമായവയാണ് പരസ്പരം ചേർക്കേണ്ടത്. അതു മനസ്സിലാക്കി ഔചിത്യപൂർവ്വം പ്രവർത്തിക്കണം.

1075. പാളയത്തിൽ തന്നെ പട.

ഭടന്മാർ ഒററക്കെട്ടായി പെരുമാറണം, പ്രത്യേകിച്ചും പാളയത്തിൽ. അവിടെ അവർ പരസ്പരം കലഹിച്ചാൽ എങ്ങനെ യുദ്ധം ജയിക്കും. അന്തഃഛിദ്രം എന്നു സാരം.

1076. പാഴിൽപ്പോകുന്നത് പശുവിൻെറ വയററിൽ പോകട്ടെ.

വെറുതെ പോകുന്നത് ആർക്കെങ്കിലും പ്രയോജനപ്പെടട്ടെ. അവർക്കു സന്തുഷ്ടിയുണ്ടാകും. അവരിൽനിന്ന് ഉപകാരവുമുണ്ടാകും.

1077. പാറായിക്കു പത്തു തേങ്ങാ പോയാലെന്താ?

ലക്ഷപ്രഭുവിന് ഒരു നിസ്സാര നഷ്ടംകൊണ്ട് ഒരു ഹാനിയും സംഭവിക്കയില്ല. ലക്ഷക്കണക്കിന് നാളീകേരമുള്ളവനാണ് പാറായിത്തരകൻ. അയാൾക്ക് പത്തു തേങ്ങാ എത്രയോ തുച്ഛം.

1078. പിച്ചച്ചട്ടിയിൽ കൈയിട്ടു വാരരുത്.

പാവപ്പെട്ടവന് ഇരന്നു കിട്ടിയത് തട്ടിയെടുക്കരുത്. വളരെ ക്ലേശിച്ച് 'അന്നത്തേക്കുള്ള വക' ഒപ്പിക്കുമ്പോൾ അതു തട്ടിയെടുക്കുന്ന 'സമർത്ഥ'ന്മാർ ഉണ്ടല്ലോ.

1079. പിച്ചയ്ക്കു വന്നവൻ അച്ചിക്കു നായര്.

ഭിക്ഷ യാചിച്ചു വീട്ടിൽ വന്നു. ക്രമേണ അച്ചിയുടെ നായരായി വീടു ഭരിച്ചു തുടങ്ങി. (ഭജനം മൂത്ത് ഊരാൺമയായി എന്നതു പോലെ.)

1080. പിടിവാദം കുടിനാശം.

ദുശ്ശാഠ്യം തനിക്കു മാത്രമല്ല, കുടുംബത്തിനു തന്നെ നാശകാരണമായിത്തീരുന്നു.

1081. പിണം ചുട്ടാലും ഋണം ചുടാ.

ആൾ മരിച്ചു, അയാളെ ദഹിപ്പിച്ചു. പക്ഷേ അയാൾ വരുത്തിവച്ച കടം അവശേഷിച്ചിരിക്കുന്നു. ഒരുവൻെറ കാലം കഴിഞ്ഞാലും അയാളുടെ ദുഷ്പ്രവൃത്തികളുടെ ഫലം അവശേഷിക്കുന്നു.

1082. പിൻചെന്നാലെറിയും, മുൻചെന്നാൽ കുത്തും.

ചില പശുക്കളുടെ സ്വഭാവം. ഒരു പ്രകാരത്തിലും അടുക്കാൻ കഴിയുകയില്ല എന്നു സാരം.

1083. പിള്ള കരഞ്ഞേ തള്ളയുണരൂ.

ആശ്രിതന്മാർ ആവശ്യം ശ്രദ്ധയിൽപ്പെടുത്തിയെങ്കിൽ മാത്രമേ യജമാനൻ അവരുടെ കാര്യത്തിൽ മനസ്സുവയ്ക്കൂ. മിണ്ടാതിരുന്നാൽ ഒന്നും കിട്ടുകയില്ല.

1084. പിള്ള കരയാതെ തള്ള പാൽ കൊടുക്കുമോ?
(കരയുന്ന പിള്ളയ്ക്കേ പാലുള്ളൂ.)

1085. പിള്ളമനസ്സിൽ കള്ളമില്ല.

കുഞ്ഞുങ്ങൾ നിഷ്കളങ്കരാണ്. അവർ നേരു പറയുന്നു, നേരേ പ്രവർത്തിക്കുന്നുള്ളൂ.

1086. പിറന്നതെല്ലാം കുഞ്ഞല്ല; പൂത്തതെല്ലാം കായല്ല.

പ്രസവിച്ചു എന്നു വച്ച് കുഞ്ഞ് അമ്മയ്ക്കുതകിയെന്നു വരികയില്ല. കുഞ്ഞു മരിച്ചുപോയേക്കാം, വഴിതെററിപ്പോയി എന്നു വരാം. വൃക്ഷലതാദികൾ പൂത്തു എന്നുവച്ച് എല്ലാം കായാകുകയില്ലല്ലോ. വസ്തുക്കൾ വളരെയുണ്ടെന്നു വിചാരിച്ച് അവയെല്ലാം പ്രയോജനപ്രദമായിത്തീരണമെന്നില്ല.

1087. പുകഞ്ഞ കൊള്ളി പുറത്ത്.

കത്താതെ പുകഞ്ഞുകൊണ്ടിരിക്കുന്ന കൊള്ളി എടുത്ത് വെളിയിൽ കളയുകയാണ് നല്ലത്. പ്രയോജനം ഒന്നുമില്ലെന്നു മാത്രമല്ല, ഉപദ്രവം ഉണ്ടാക്കിക്കൊണ്ടിരിക്കയുംകൂടി ചെയ്യുന്നവനെ ഉപേക്ഷിക്കുകതന്നെ വേണം. അങ്ങനെയുള്ളവൻ ഒരു തരത്തിലും സ്വീകാര്യനല്ല.

1088. പുണ്ണിനകം ചികയരുത്.

ദുസ്സഹ വേദനയും കഷ്ടപ്പാടുമുണ്ടാക്കിയ പഴയ സംഭവങ്ങൾ ആവർത്തിച്ചു പറഞ്ഞ് ദുഃഖവും ക്ലേശവും ഉണ്ടാക്കരുത്.

1089. പുത്തനച്ചി പുരപ്പുറം തൂക്കും.

പുതുതായി വന്ന പെണ്ണ് വീടു വൃത്തിയാക്കുന്നതിൽ അതിശ്രദ്ധ കാണിക്കുന്നു. കുറേക്കഴിയുമ്പോൾ ഒട്ടും ശ്രദ്ധയില്ലാതാകയും ചെയ്യുന്നു. ഒരു തരം 'ആരംഭശൂരത്വം'.

1090. പുരയില്ലാത്തവനുണ്ടോ തീപ്പേടി!

പുരയില്ലാത്തവൻ പുരയ്ക്കു തീ പിടിക്കുമോ എന്നു പേടിക്കേണ്ടതില്ലല്ലോ. (മടിയിൽ ഘനമുള്ളവനേ വഴിയിൽ ഭയമുള്ളൂ.) ഒന്നുമില്ലാത്തവന് എന്തു പേടിക്കാൻ?

1091. പുരയ്ക്കു തീ പിടിക്കുമ്പോൾ വാഴ വെട്ടുക.

പുരയ്ക്കു തീ പിടിക്കുമ്പോൾ എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ടു തിരിയുന്നു. ആ തക്കത്തിന് വാഴ വെട്ടുന്ന സ്വാർത്ഥബുദ്ധികൾ. മററുള്ളവരുടെ അത്യാപത്ത് സ്വാർത്ഥം നേടാനുള്ള അവസരമാക്കുന്നു. (ആപൽക്കാലത്തു ദ്രോഹിക്കുക.)

1092. പുരയ്ക്കു മീതേ വെള്ളം വന്നാൽ അതുക്കു മീതേ വള്ളം.

ഏതാപൽഘട്ടത്തിലും അവസരത്തിനൊത്തു പ്രവർത്തിച്ച് രക്ഷ നേടുന്നതിനെ സൂചിപ്പിക്കുന്നു.

1093. പുര വിഴുങ്ങുന്ന രാക്ഷസനു കതകു പപ്പടം.

അസാധാരണമായ കാര്യം ചെയ്യാൻ കഴിവും കരുത്തുമുള്ളവന് ഒരു സാധാരണ കാര്യം എത്രയോ നിസ്സാരമാണ്.

1094. പുലി ഏകാദശി നോററാലും പാരണയ്ക്കു പശു തന്നെ.

ദുഷ്ടന്മാർ ചിലപ്പോൾ സൽക്കർമ്മങ്ങൾ ചെയ്തേക്കാം. എന്നാൽ അതിൻെറ അവസാനത്തോടെ തങ്ങൾ പരിശീലിച്ച ദുഷ്ടവൃത്തികൾ ആരംഭിക്കയും ചെയ്യും.

1095. പുളിശ്ശേരി കുടിക്കുന്നവനു കഞ്ഞികുടി മുട്ടും.

വരവറിയാതെ ധൂർത്തടിച്ചു ജീവിക്കുന്നവന് ഉപജീവനത്തിനുതന്നെ വഴിയില്ലാതാകും. 'പുളിശ്ശേരി കുടിക്കുക' എന്ന ശൈലിക്ക് ധൂർത്തടിക്കുക എന്നർത്ഥം.

1096. പുഴ കടന്നു ചിറയ്ക്കു പോകണോ?

ആവശ്യത്തിനുപകരിക്കുന്ന വളരെ ഗുണകരമായ വസ്തുവിനെ മറികടന്ന് നിസ്സാര വസ്തു തേടിപ്പോകേണ്ട ആവശ്യമില്ല.

1097. പൂച്ചയില്ലാത്തിടത്ത് എലി വെളിച്ചപ്പാട്.

പേടിക്കാനാളില്ലാത്തപ്പോഠം അശക്തൻ ശക്തനാണെന്ന് ഭാവിച്ച് അഹങ്കരിക്കുന്നു.

1098. പൂച്ചയ്ക്കാരു മണി കെട്ടും?

തങ്ങളുടെ ശത്രുവായ പൂച്ചയുടെ കഴുത്തിൽ ഒരു മണി കെട്ടണമെന്ന് എലികഠം ഐകകണ്ഠ്യേന നിശ്ചയിച്ചു. പക്ഷേ, പൂച്ചയെ സമീപിക്കാൻ പോലും അവയിൽ ഒന്നിനും ധൈര്യമുണ്ടായില്ല. ദുഷ്കരമായ ഒരു കാര്യം ചെയ്യണമെന്ന് നിശ്ചയിക്കയും അതു ചെയ്യാൻ കഴിവില്ലാതെ ആലോചിച്ചുകൊണ്ടിരിക്കയും ചെയ്യുന്ന കൂട്ടരെപ്പററിയാണ് ഈ ചൊല്ല്. കാര്യം നടത്തേണ്ടതാണ്, പക്ഷെ, എനിക്കും വയ്യ, എനിക്കും വയ്യ എന്ന് ഓരോരുത്തരും ഒഴിയുന്നു. സ്വയം അത്യാപത്തിൽ അകപ്പെടാൻ ആരും തയ്യാറല്ലല്ലോ.

1099. പൂച്ചയ്ക്കുെ പൊന്നുരുക്കുന്നിടത്തെന്തു കാര്യം?

മഹത്കർമ്മങ്ങഠം നടക്കുമ്പോഠം, അതിൽ സംബന്ധിക്കാൻ തീരെ അർഹതയില്ലാത്ത നിസ്സാരന്മാർക്കു സ്ഥാനമില്ല. (പട്ടർക്കെന്തു പടയിൽ കാര്യം?)

1100. പൂ വിററ കടയിൽ പുല്ലു വിൽക്കുക.

ഉത്കൃഷ്ടമായ പ്രവൃത്തികഠം ചെയ്തു ജീവിച്ചയാഠം വളരെ നിസ്സാരമായ ഉപജീവനമാർഗ്ഗം അവലംബിക്കേണ്ടിവരുക. അധഃപതനത്തെ സൂചിപ്പിക്കുന്നു.

1101. പെണ്ണും മണ്ണും നന്നാക്കിയിടത്തോളം നന്നാകും.

നല്ല വിദ്യാഭ്യാസവും സംരക്ഷണവും നല്കിയാൽ അത്രത്തോളം നന്നാകും പെണ്ണ്. ഉഴുതും

കളയെടുത്തും കൃഷിചെയ്തും നന്നാക്കിയാൽ മണ്ണും നന്നാകും. അശ്രദ്ധ കാണിച്ചാൽ രണ്ടും കാടുകേറും.

1102. പെൺബുദ്ധി പിൻബുദ്ധി.

കാര്യം കഴിഞ്ഞിട്ടാണ് സ്ത്രീകൾക്കു ബുദ്ധിയുദിക്കുന്നത്. അതുകൊണ്ടു പ്രയോജനമില്ലല്ലോ.

1103. പെരുമഴ പെയ്താൽ കുളിരില്ല.

കുറേശ്ശെ മഴ നനയുമ്പോൾ കുളിരു തോന്നും. വൻമഴയിലേക്കിറങ്ങിക്കഴിഞ്ഞാൽ തണുപ്പൊന്നും അനുഭവപ്പെടുകയില്ല. ഒരു കാര്യത്തിൻെറ പ്രയാസമോർത്ത് അലസനായിരിക്കുന്നവന് പ്രയാസം മാറുകയില്ല. എന്നാൽ അതിൽ മുഴുകുന്നവൻ പ്രയാസം മറന്നു പ്രവർത്തിക്കുന്നു.

1104. പെററവൾക്കറിയാം പേരിടാൻ.

വളരെ വിഷമവും പ്രയാസവും സഹിച്ച് കാര്യം നേടിയ ആൾക്ക് അതിൻെറ തുടർച്ചയായ ഒരു കൊച്ചു കാര്യം ചെയ്യാൻ കഴിയാതെ വരില്ലല്ലോ.

1105. പെററവൾക്കേ പേററുനോവറിയൂ.

അനുഭവംകൊണ്ടാണ് അറിവുണ്ടാകുന്നത്. മററുള്ളവർ പറഞ്ഞുകേട്ടുണ്ടാകുന്ന അറിവ് യഥാർത്ഥമായ അറിവല്ല.

('നഹി വന്ധ്യാ വിജാനാതി
ഗുർവ്വീം പ്രസവവേദനാം'. മലടിക്ക് (മച്ചിക്ക്) അറിയാമോ പ്രസവവേദന!)

1106. പേയോടു പഴകിയാലും പിരിയാൻ വിഷമമുണ്ട്.

ദുർബുദ്ധിയും വൈരൂപ്യവും ഒക്കെയുള്ളവരായാലും കുറേക്കാലം അടുത്തിടപഴകി ജീവിക്കുമ്പോൾ ഗാഢമായ സ്നേഹബന്ധമുടലെടുക്കുന്നു. പിന്നെ അവരെ പിരിയുവാൻ പ്രയാസം തോന്നും.

1107. പേരു പൊന്നമ്മ, കഴുത്തിൽ വാഴനാര്.

ആകൃതി പ്രകൃതികൾക്കു യോജിക്കാത്ത പേര്.

1108. പൊട്ടനെ ചെട്ടി ചതിച്ചാൽ, ചെട്ടിയെ ദൈവം ചതിക്കും.

സമർത്ഥനായ വ്യാപാരി പാവപ്പെട്ടവനെ ചതിച്ചു പണം സമ്പാദിക്കുന്നു. അതു ദൈവത്തിനു നിരക്കാത്ത പ്രവൃത്തിയാണ്. ചിലപ്പോൾ പ്രതീക്ഷിക്കാത്ത വിധത്തിലായിരിക്കും വ്യാപാരിക്ക് നഷ്ടം നേരിടുന്നത്. താൻ ചെയ്തതിൻെറ ഫലം! ദുഷ്പ്രവൃത്തിയുടെയും സാധുജന ദ്രോഹത്തിൻെറയും ഫലം.

1109. പൊൻ കലമുള്ളവനും മൺകലം വേണം.

പൊൻകലം അലങ്കാരത്തിനും പ്രതാപം കാണിക്കാനുമേ കൊള്ളൂ. ആവശ്യത്തിന് (ഭക്ഷണം പാകം ചെയ്യാൻ) മൺകലം വേണം. ആഡംബര വസ്തുക്കൾ നല്ലതു തന്നെ. നിത്യോപയോഗ വസ്തുക്കൾ ഒഴിവാക്കാൻ കഴികയില്ല.

1110. പൊന്നു കായ്ക്കുന്ന മരമായാലും പുരയ്ക്കു ചാഞ്ഞാൽ മുറിക്കണം.

മുറിച്ചില്ലെങ്കിൽ പുരയ്ക്കു കേടു തട്ടും. ഏത്ര വിലയേറിയ വസ്തുവായാലും ഉപദ്രവമാകുമെന്നു കണ്ടാൽ അതു നശിപ്പിക്കാൻ മടിക്കേണ്ട.

1111. പൊന്നുംകുടത്തിനു പൊട്ടുവേണോ?

സ്വതേ തന്നെ ശ്രേഷ്ഠതയും ശോഭയുമുള്ള വസ്തുവിന് (വ്യക്തിക്ക്) വിശേഷിച്ച് അലങ്കാരമൊന്നും ആവശ്യമില്ല.

1112. പൊന്നു വയ്ക്കേണ്ടിടത്തു പൂവച്ചാൽ മതിയോ?

രണ്ടു വസ്തുക്കളും ഓരോ തരത്തിൽ വിശിഷ്ടമായിരിക്കും. എന്നാൽ ഒന്നിനു പകരം മററതു പോരാ. പൊന്നിൻെറ സ്ഥാനത്തു പൊന്നും പൂവിൻെറ സ്ഥാനത്തു പൂവും തന്നെ വേണം.

1113. പൊൻ പണ്ടത്തെക്കാൾ പുകഴ്പ്പണ്ടം വലുത്.

സ്വർണ്ണാഭരണങ്ങളേക്കാൾ വിലയേറിയതാണ് സൽകീർത്തി. (പുകഴ്പ്പണ്ടം = കീർത്തിയാകുന്ന ആഭരണം.)

1114. പൊല്ലാ മക്കളിലില്ലാ മക്കൾ നല്ലൂ.

നാട്ടിനും വീട്ടിനും ദ്രോഹം ചെയ്യുന്ന, വഴിപിഴച്ച മക്കളുള്ളതിൽ ഭേദം മക്കളെയില്ലാതിരിക്കുകയാണ്.

1115. പൊറുക്കാൻ കുടിച്ചതു മരിക്കാൻ.

രോഗം ഭേദമാകാൻ കുടിച്ച മരുന്ന് മരണകാരണമായി. ഗുണത്തിനു വേണ്ടി ചെയ്തത് ദോഷമായി പരിണമിച്ചു.

1116. പൊറുക്കാ വ്യാധിക്കു കിട്ടാമരുന്ന്.

ഭേദമാകാത്ത രോഗത്തിന് വൈദ്യൻ വിധിച്ചത് കിട്ടാത്ത മരുന്ന്. പരിഹാരമില്ലാത്ത കാര്യത്തിന് അസാധ്യമായ പ്രതിവിധി നിർദ്ദേശിച്ചിട്ടെന്തു കാര്യം!

1117. പോക്കററാൽ പുലി പുല്ലും തിന്നും.

പ്രതാപശാലികളായിരുന്നവർ, എല്ലാം നശിച്ചു ഗതികേടു വരുമ്പോൾ ഏതു് ഉപജീവനമാർഗ്ഗം സ്വീകരിക്കാനും തയാറാകും. (പോക്കററാലും പുലി പുല്ലു തിന്നുമോ എന്നും പറയാറുണ്ട്.)

1118. പോത്തു മാനം നോക്കുമ്പോൾ ആൾ മരം നോക്കണം.

പോത്ത് തലയുയർത്തി നോക്കുന്നത് ആക്രമിക്കാനാണ്. അതറിഞ്ഞ് മരത്തിലോ മററോ കയറി രക്ഷപെട്ടുകൊള്ളണം. അപകട സൂചന കിട്ടിയാൽ സ്വരക്ഷയ്ക്കുള്ള വഴി നോക്കിക്കൊള്ളണം എന്നു സാരം.

1119. പോയാൽ ഒരു തേങ്ങാ; കിട്ടിയാൽ ഒരു തെങ്ങ്.

നഷ്ടപ്പെട്ടാൽ തന്നെ അതു വളരെ നിസ്സാരം. കിട്ടിയാലോ വൻ ലാഭവും.

1120. പോരിമയുണ്ടെങ്കിൽ പെരുമയുമുണ്ട്.

താൻ പോരിമ (കാര്യശേഷി) യുണ്ടെങ്കിൽ അഭിവൃദ്ധിയുമുണ്ടാകും. ശ്രേയസ്സിനടിസ്ഥാനം കാര്യപ്രാപ്തിയാണ്.

1121. പോഴനായിരുന്നാലും പൊണ്ണനായിരിക്കണം.

ബുദ്ധിശക്തി കുറവായിരുന്നാലും ആരോഗ്യമുണ്ടെങ്കിൽ എങ്ങനെയും ജീവിക്കാം.

ബ

1122. ബഹുജനം പലവിധം.

രൂപത്തിലും സ്വഭാവത്തിലും വ്യത്യസ്തതയുള്ളവരാണ് ജനങ്ങൾ. അവരുടെ കാഴ്ചപ്പാടും അഭിരുചിയും വ്യത്യസ്തങ്ങളായിരിക്കും.

1123. ബാല്യബുദ്ധി അല്പായുസ്സ്

ബാല്യത്തിൽ അതിയായ ബുദ്ധിസാമർത്ഥ്യം പ്രകടിപ്പിക്കുന്ന കുട്ടികളുണ്ട്. അവർ അല്പായുസ്സുകളായിരിക്കും എന്നൊരു വിശ്വാസം.

1124. ബുദ്ധിയത്രെ ബലം.

ഏറ്റവും വലിയ ശക്തി ബുദ്ധിശക്തിയാണ്. ശരീരശക്തി കൊണ്ടോ സമ്പത്തു കൊണ്ടോ സാധിക്കാൻ കഴിയാത്തത് ബുദ്ധിവൈഭവം കൊണ്ടു സാധിക്കാം.

1125. ബ്രഹ്മാസ്ത്രത്തിനു ബ്രഹ്മാസ്ത്രം.

പല അസ്ത്ര പ്രയോഗങ്ങൾക്കും പ്രതിവിധിയായി മററു ചില അസ്ത്രങ്ങൾ പ്രയോഗിക്കാം.

പക്ഷെ, ബ്രഹ്മാസ്ത്രത്തിനു പ്രതിവിധി ബ്ര ഹ്മാസ്ത്രം മാത്രമേയുള്ളു. തുല്യ ബലവാന്മാർക്കു മാത്രമേ എതിരിടാൻ കഴിയൂ എന്നു സാരം.

1126. ബ്രാഹ്മണൻ കോരിപ്പിടിക്കുമ്പോഠം ശൂദ്രൻ വാരിപ്പിടിക്കും.

കോരിപ്പിടിക്കുക = കൈക്കുമ്പിളിൽ ജലം കോരി അർപ്പിച്ച് സന്ധ്യാവന്ദനം ചെയ്യുക. വാരിപ്പിടിക്കുക = കൈ നിറയെ വാരി ഉണ്ണുക. സന്ധ്യാസമയത്തു രണ്ടു കൂട്ടരും ചെയ്യുന്ന പ്രവൃത്തികളുടെ വ്യത്യാസം. ബ്രാഹ്മണൻ സന്ധ്യാസമയത്ത് ഈശ്വരപൂജയിലേർപ്പെടുന്നു. ശൂദ്രനാകട്ടെ അപ്പോഠം ഭക്ഷണം കഴിക്കുന്നു. ഒരുവൻ ദൈവികകാര്യത്തിനു മുൻതൂക്കം കൊടുക്കുന്നു. അതേ സമയം അപരൻ ലൗകിക കാര്യത്തിൽ മുഴുകുന്നു.

ഭ

1127. ഭജനം മൂത്ത് ഊരാണ്മ.

ഭജിക്കാൻ വന്നവൻ ക്ഷേത്രത്തിന്റെ ഭരണാധികാരിയാവുക. (പിച്ചയ്ക്കു വന്നവൻ അച്ചിക്കു നായർ.)

1128. ഭദ്രകാളിയെ പിശാചു പിടിച്ചാലോ ?

പിശാചുക്കളുടെ അധിദേവതയാണ് ഭദ്രകാളി. ആർക്കെങ്കിലും പിശാചു ബാധയുണ്ടായാൽ അതൊഴിക്കേണ്ടതു കാളിയുടെ അനുഗ്രഹം കൊണ്ടാണ്. അങ്ങനെയുള്ള ഭദ്രകാളിയെത്തന്നെ പിശാചു ബാധിച്ചാൽ എന്താണു പരിഹാരം!

1129. ഭയപ്പെട്ട കാട്ടിൽ ഇളകിയതെല്ലാം പുലി.

പുലിയെപ്പേടിച്ചിരിക്കുന്നവന് കാടനങ്ങിയാൽ പുലിയാണോ എന്ന് ആശങ്കയാകും. (വിരണ്ടവൻ കണ്ണിന് ഇരുണ്ടതെല്ലാം പേയ്.)

1130. ഭാഗ്യവാൻ നേടിവയ്ക്കേണ്ടാ.

നേടിവയ്ക്കാതെ തന്നെ വേണ്ടതെല്ലാം ഭാഗ്യം കൊണ്ടു ലഭിക്കുന്നു.

1131. ഭാഗ്യം പത്താം നാളും മരണം എട്ടാം നാളും.

മരിച്ചു കഴിഞ്ഞു ഭാഗ്യം വരുന്നതു കൊണ്ടു ഫലമില്ലല്ലോ. ആവശ്യം കഴിഞ്ഞിട്ടാണ് ആവശ്യമുള്ള വസ്തു ലഭിക്കുന്നത്.

1132. ഭാഗ്യം വരുമ്പോൾ ബുദ്ധി ഓടി വരും.

ഭാഗ്യകാലത്ത് പ്രയത്നം കൂടാതെ എല്ലാം വന്നുചേരുന്നു. അവ വേണ്ടപോലെ കൈകാര്യം ചെയ്യാനുള്ള ബുദ്ധിയും അപ്പോഴുണ്ടാകും. ഇയാൾക്ക് ഇത്ര ബുദ്ധി എങ്ങനെയുണ്ടായി എന്ന് ആളുകൾ അത്ഭുതപ്പെടും. ഭാഗ്യമാണ് അതിനു കാരണം.

1133. ഭിത്തിയുണ്ടെങ്കിലേ ചിത്രമുള്ളു. (ചുവരുണ്ടെങ്കിലേ ചിത്രമെഴുതാവൂ.)

1134. ഭൂതം മറന്നാൽ കാതം ദൂരെ.

ഭൂതകാലത്തെയും അന്നുപകരിച്ചവരെയും വിസ്മരിച്ച് വൻപു ഭാവിക്കുന്നവരെ അടുപ്പിക്കാൻ കൊള്ളരുത്.

1135. ഭൂമിയോളം താഴാം; ഭൂമി വിട്ടു താഴാനൊക്കുമോ?

വിനയത്തിനും ഉണ്ട് ഒരതിര്. അതിനപ്പുറം വിനയവാനാവാൻ ആരെക്കൊണ്ടും സാധ്യമല്ല.

1136. ഭോജനം നന്നല്ലെങ്കിലും ഭാജനം നന്നായിരിക്കണം.

എന്തു കൊടുക്കുന്നു എന്നതല്ല പ്രധാനം. അത് ആദരവോടെ, വേണ്ടപോലെ കൊടുക്കണം. (വെളുത്ത ചോറു കൊടുക്കുമ്പോൾ കറുത്ത മുഖമരുത്.)

1137. ഭോഷനുണ്ടെങ്കിൽ പാത്രം മാറാം.

മറയനെ കബളിപ്പിച്ച് കാര്യം നേടാൻ കഴിയും. സമർത്ഥന്മാരോട് 'പണി'യൊന്നും പററുകയില്ല.

മ

1138. മകൻ ചത്താലും മരുമകളുടെ ദുഃഖം കാണണം.

മരുമകളോടു പകയും വൈരവുമുള്ള അമ്മായി അമ്മയുടെ സ്വഭാവം. തനിക്കു തീരാദുഃഖം വന്നാലും മററുള്ളവരുടെ ദുഃഖം കാണുന്നതു സന്തോഷം.

1139. മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും.

മകരമാസത്തിൽ മഴ പെയ്യുന്നത് കേരളത്തിലെ കൃഷികാർക്ക് ദോഷകരമാണെന്നർത്ഥം. (മകരത്തിൽ മഴ പെയ്താൽ മരുന്നു കൂടിയില്ല. എന്നും ഒരു ചൊല്ലുണ്ട്.)

1140. മകര മഞ്ഞിനു മരം കോച്ചും.

മകരത്തിലെ മഞ്ഞിൻെറ കാഠിന്യം സൂചിപ്പിക്കുന്നു.

1141. മകം പിറന്ന മങ്കയ്ക്കു മാനത്തു കൊട്ടാരം.

മകം നക്ഷത്രത്തിൽ സ്ത്രീ ജനിക്കുന്നത് വളരെ ഐശ്വര്യകരമെന്നു വിശ്വാസം.

1142. മക്കത്തു ചെന്നാൽ പൊതിയാത്തേങ്ങയോളം പൊന്നു കിട്ടും.

കഷ്ടപ്പെട്ടു വളരെ ദൂരെച്ചെന്ന് വളരെ ലഭിക്കുന്നതു കൊണ്ടു പ്രയോജനമില്ലല്ലോ.

(മക്കത്തു ചെന്നാൽ നാഴി നെല്ലിനു നാല്പതാമാട.)

1143. മക്കളെ വിററും മകമുണ്ണണം.

ഓണത്തിനു ശേഷം വരുന്ന കന്നി മാസത്തിലെ മകം മലയാളികൾക്കു വിശേഷമാണ്. എങ്ങനെയും മകമാഘോഷിക്കണമെന്നാണ് നിർബ്ബന്ധം.

കാണം വിററും ഓണമുണ്ണണം എന്നുണ്ടല്ലോ. ഓണാഘോഷത്തിനു വേണ്ടി ഉള്ളതെല്ലാം വിററും കടം കൊണ്ടും ഇരിക്കുമ്പോഴാണ് മകം വരുന്നത്. അപ്പോഠം പിന്നെ വില്ക്കാൻ മക്കഠം മാത്രമേ കാണൂ.

1144. മക്കഠംക്കു മടിയിൽ ചവിട്ടാം; മരുമക്കഠംക്കു തൊടിയിൽ ചവിട്ടിക്കൂടാ.

പഴയ മരുമക്കത്തായ, കൂട്ടുകുടുംബങ്ങളിൽ കാരണവർ മക്കളോടും മരുമക്കളോടും കാണിക്കുന്ന ഭേദബുദ്ധി. സ്വന്തം മക്കളെ ലാളിക്കുന്നു; മരുമക്കഠംക്കാകട്ടെ അവകാശം കുറവ്, പല വിലക്കുകളും ഉണ്ട്.

1145. മക്കളുടെ മക്കഠംക്കും മാങ്ങായണ്ടിക്കും രസം തീരാ.

മാങ്ങായണ്ടിയിലെ ചാറിൻെറ രസം തീരുകയില്ല. അതു കളയാൻ മനസ്സു വരുകയില്ല. അതുപോലെയാണ് കൊച്ചുമക്കളോട് (പേരക്കുട്ടികളോട്) ഉള്ള പ്രിയം.

1146. മഞ്ഞപ്പിത്തക്കാരൻ കാണുന്നതെല്ലാം മഞ്ഞ.

ഒരു പ്രത്യേക ചിന്താഗതിയിലോ ആശയത്തിലോ ഉറച്ചു പോയവർക്ക് അതിൻെറ വെളിച്ചത്തിൽ മാത്രമേ എല്ലാക്കാര്യങ്ങളും കാണാൻ കഴിയൂ. ദോഷൈകദൃക്ക് എന്തിലും ദോഷം തന്നെ കാണുന്നു.

1147. മടൽ വാളിനു പാളപ്പരിച.

രണ്ടും പ്രയോജനശൂന്യം. തമ്മിൽച്ചേരും.

1148. മടിയന് എന്തിനു വിശ്രമം.

ജോലിയൊന്നും ചെയ്യാതെ അലസനായി കഴിഞ്ഞുകൂടുന്നവനു പ്രത്യേകിച്ചു വിശ്രമം ആവശ്യമില്ലല്ലോ. അവന് എപ്പോഴും വിശ്രമം തന്നെയാണ്. അധ്വാനിക്കുന്നവർക്കാണ് വിശ്രമം ആവശ്യം.

1149. മടിയൻ മല ചുമക്കും.

വേണ്ട കാര്യങ്ങൾ യഥാകാലം ചെയ്യാതെ അല സനായിരിക്കുന്നവന് പിന്നീട് അത്യധ്വാനം തന്നെ ചെയ്യേണ്ടതായി വരും.

1150. മടിയിൽ കനമുണ്ടെങ്കിലേ വഴിയിൽ ഭയമുള്ളു.

ഒന്നുമില്ലാത്തവൻ കള്ളന്മാരെയും കൊള്ളക്കാരെയും പേടിക്കേണ്ടല്ലോ. ധനികനാകട്ടെ എപ്പോഴും ചോരന്മാരെ പേടിച്ചാണ് ജീവിതം.

1151. മണലിൽ തൂകിയ പാലു നിനച്ചാലെന്തു ഫലം.

നഷ്ടപ്പെട്ടതു നഷ്ടപ്പെട്ടതു തന്നെ. അതേക്കുറിച്ചു ദുഃഖിച്ചിരുന്നിട്ട് ഫലമില്ല.

1152. മണലു കൊണ്ടു കയറു പിരിക്കുക.

എത്ര പിരിച്ചാലും മണൽ കയറാകയില്ല. ഫലമില്ലാത്ത അധ്വാനം. ഒരിക്കലും പരസ്പരം യോജിക്കാത്തവയെ കൂട്ടിച്ചേർക്കാൻ പരിശ്രമിക്കുന്നതു ഭോഷത്തമല്ലേ?

1153. മണ്ടയിലെഴുതിയതു മാന്തിയാൽ പോവില്ല.

ഈശ്വര വിധിയെ മാററാൻ സാധ്യമല്ല. വിധിച്ചത് സംഭവിക്കുക തന്നെ ചെയ്യും, ഗുണമായാലും ദോഷമായാലും.

1154. മണ്ണറിഞ്ഞു വിത്ത്.

കൃഷി സമ്പ്രദായത്തെ അടിസ്ഥാനമാക്കിയുള്ളതാണിത്. മണ്ണിൻെറ സ്വഭാവമനുസരിച്ചു വിത്തു തിരഞ്ഞെടുക്കണം.

1155. മണ്ണിൽ കിടക്കുകയും തിക്കിക്കിടക്കുകയും കൂടി വേണോ?

കിടക്ക ഒന്നേയുള്ളു. കിടക്കാൻ മൂന്നുനാലു പേരുണ്ട്. അപ്പോൾ തിക്കിക്കിടക്കേണ്ടി വരും. കിടക്കയേയില്ലാത്തപ്പോൾ വെറുതെ തിക്കേണ്ടതില്ലല്ലോ. അല്പ സൗകര്യമുള്ളപ്പോൾ അതു കൈക്കലാക്കാൻ ശ്രമിക്കുന്നതിൽ അപാകതയില്ല. ഒരു

സൗകര്യവും ഇല്ലാത്തിടത്ത് തിക്കും തിരക്കും ഒന്നും ആവശ്യമില്ല.

1156. മണ്ണു തിന്നാലും മറഞ്ഞിരുന്നു തിന്നണം.

സ്വന്തം ദീനതയും ഇല്ലായ്മയും മററുള്ളവരെ അറിയിക്കരുത്. (കാടിയായാലും മൂടിക്കുടിക്കണം.)

1157. മണ്ണും ചാരി നിന്നവൻ പെണ്ണും കൊണ്ടുപോയി.

ആഗ്രഹിച്ചവരും പരിശ്രമിച്ചവരും നോക്കിനിൽക്കെ, അതുവരെ അലസനായി വെറുതെയിരുന്നവൻ കാര്യം നേടി.

1158. മണ്ണും പെണ്ണും കണ്ടേ കൊള്ളാവൂ.

നല്ലവണ്ണം നോക്കിയിട്ടേ ഭൂമി വാങ്ങാവൂ. എല്ലാ ചുററുപാടുകളും അറിഞ്ഞിട്ടേ പെണ്ണിനെ സ്വീകരിക്കാവൂ. (ഭൂമി വാങ്ങുമ്പോഴും വിവാഹം ചെയ്യുമ്പോഴും വളരെ ശ്രദ്ധിക്കണം.)

1159. മൺപൂച്ച എലിയേ പിടിക്കുമോ?

മണ്ണുകൊണ്ടുണ്ടാക്കിയ പൂച്ച. അതിനെ കാണിച്ച് വിവരമില്ലാത്തവരെ വിരട്ടാം. 'കടലാസുപുലി' കടിക്കയില്ലല്ലോ.

1160. മത്ത കുത്തിയാൽ കുമ്പളം മുളയ്ക്കയില്ല.

പൈതൃക സ്വഭാവം മാറുകയില്ല. (ചുട്ടിനട്ടാൽ കണ്ണൻ മുളയ്ക്കുമോ?)

1161. മധുരത്തിൽ മധുരം വായ്മധുരം.

വാങ്മാധുര്യമാണു സൂചിപ്പിക്കുന്നത്. ഏററവും ആസ്വാദ്യം ഹൃദ്യമായ വാക്കുതന്നെ. ആരെയും സന്തോഷിപ്പിക്കാനും ഏതു കാര്യവും നേടാനും മധുരമായ വാക്കിനു കഴിയും.

1162. മനഞ്ഞിടത്തുതന്നെ ഉടയുകയാണ് നല്ലത്.

കുടം ആഗ്രഹിക്കുന്നത് അതുണ്ടാക്കിയേടത്തുതന്നെ തകർന്നു വീഴാനത്രെ. മനുഷ്യൻെറയും

ആഗ്രഹം ഇതുതന്നെ. ജനിച്ച നാട്ടിൽതന്നെ അവസാനിക്കുക. ജനിച്ച നാടിനോടും വീടിനോടുമുള്ള മനോഭാവം.

1163. മനമങ്ങും മിഴിയിങ്ങും.

ശരീരം ഒരിടത്ത്. മനസ്സ് മറെറവിടെയോ. ഏവിടെയിരുന്നാലും 'മനോരാജ്യ'ക്കാരൻെറ മനസ്സ് അവൻ ആഗ്രഹിച്ച വസ്തുവിനെ ചുററിപ്പററിയേ നിൽക്കൂ.

1164. മനമിടിഞ്ഞാൽ പണിയുകയില്ല, മാളികയിടിഞ്ഞാൽ പണിയാം.

മനസ്സിനു തകർച്ചയും തളർച്ചയും പററിയാൽ യാതൊരു കാര്യവും നടക്കുകയില്ല. മനഃശക്തിയുള്ളവർ ഏതു ദുഷ്കര കർമ്മവും നിറവേററുന്നു.

1165. മനമുണ്ടെങ്കിൽ ഇടമുണ്ട്. (മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ട്.)

ഉല്ലാശക്തിയാണ് എല്ലാ പരിശ്രമത്തിനും അടിസ്ഥാനം. Where there is a will, there is a way. (അല്ലലുള്ള പുലയിയേ ചുള്ളിലുള്ള കാടറിയൂ; വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും. മുതലായ പഴഞ്ചൊല്ലുകൾക്ക് ഏതാണ്ട് ഈ അർത്ഥമാണ്.)

1166. മനസ്സിൽ കണ്ടാൽ വാ കൊണ്ടു തിന്നാമോ?

മനോരാജ്യംകൊണ്ടു മാത്രം ഒന്നും സാധ്യമല്ല. ചിന്ത പ്രായോഗികമാകുമ്പോഴേ ഫലമുള്ളൂ.

1167. മനുഷ്യൻ കടിച്ചാൽ മരുന്നില്ല.

ഏതു വിഷത്തിനും മരുന്നുണ്ട്. മനുഷ്യൻെറ ക്രൂരതയ്ക്കും ദ്രോഹബുദ്ധിക്കും ഒരു പരിഹാരവുമില്ല. കരുതിക്കൂട്ടി പ്രവർത്തിച്ച് ആരെയും നശിപ്പിക്കാൻ മനുഷ്യനു കഴിയും. അവൻെറ ക്രൂരത മുൻകൂട്ടി കാണാനോ പ്രതിവിധി ചെയ്യാനോ കഴികയില്ല.

1168. മനോരാജ്യത്തിൽ അർദ്ധരാജ്യമെന്തിന്? (മനോരാജ്യത്തിൽ എളയ തമ്പുരാനാകുന്നതെന്തിന്?)

വെറും ദിവാസ്വപ്നമാണ്. അപ്പോൾപ്പിന്നെ ഏററവും വലിയതും ഏററവും നല്ലതുംതന്നെ ആഗ്രഹിക്കാമല്ലോ. ഭാഗ്യക്കുറി കിട്ടണേ എന്നു പ്രാർത്ഥിക്കുന്നവന് ഒന്നാംസമ്മാനം തന്നെ വേണമെന്നാഗ്രഹിക്കാം. മനോരാജ്യമാളികയ്ക്ക് എത്ര ഉയരം വേണമെങ്കിലും ആകാം.

1169. മനോരാജ്യത്തിൽ വിതച്ചാൽ അരിവാളം കൂടാതെ കൊയ്യാം.

സങ്കല്പത്തിൽ പ്രവൃത്തി. സങ്കൽപ്പത്തിൽതന്നെ ഫലവും.

1170. മനംകൊണ്ടു മാല കെട്ടിയാൽ കഴുത്തിലിടാൻ പററുകയില്ല.

1171. മയക്കത്തിനു കൊടുത്തത് മരണത്തിനായിപ്പോയി.

അൽപ്പമൊന്നൊതുക്കണമെന്നു വിചാരിച്ചു പ്രയോഗിച്ചു. പക്ഷേ, അപ്രതീക്ഷിതമായ അത്യാപത്തു സംഭവിച്ചു. (മയങ്ങാൻ മരുന്നു കൊടുത്തതാണ്. പക്ഷേ, രോഗി മരിക്കയാണുണ്ടായത്.)

1172. മരയ്ക്കാനുണ്ടോ മീനിൻെറ നാററം?

നിത്യപരിചയംകൊണ്ട് ദോഷം അറിയുന്നില്ല. ഗുണവും ഇതുപോലെതന്നെ.

1173. മരത്തിൽനിന്നു വീണവനെ മാടു ചവിട്ടി!

ആപത്തിനു മീതേ ആപത്ത്. 'ഇടി വെട്ടിയവനെ പാമ്പു കടിച്ചു' എന്ന ചൊല്ലിനും ഇതേ അർത്ഥം തന്നെ.

1174. മരത്തോക്കിനു മണ്ണുണ്ട. (1158 നോക്കുക.)

1175. മരമറിഞ്ഞു കൊടിയിടണം.

ആളിനെയറിഞ്ഞിട്ടുവേണം എന്തെങ്കിലും ചെയ്യുവാൻ. തൻെറ പ്രവൃത്തിയെ ഏതു നിലയിൽ സ്വീകരിക്കും, എന്തായിരിക്കും ഫലം ഇത്യാദി ചിന്തിച്ചിട്ടു മാത്രമേ എന്തെങ്കിലും ചെയ്യാവൂ. 'പാത്രമറിഞ്ഞു ദാനം ചെയ്യണം' എന്നു പറഞ്ഞതുപോലെ.

1176. മരമില്ലാത്ത നാട്ടിൽ ആവണക്കു മഹാമരം.

മൂക്കില്ലാ രാജ്യത്ത് മുറിമൂക്കൻ രാജാവ്.

1177. മരമെത്ര വലുതായാലും വേരററാൽ വീണു പോകും.

വളരെ കേമനായാലും അടിസ്ഥാനം തകർന്നാൽ നിലനില്പില്ല. 'അടി തെററിയാൽ ആനയും വീഴും.'

1178. മരുമകളായിട്ടല്ലേ അമ്മായിയമ്മയാകുന്നത്!

അവരവരുടെ പൂർവ്വകാലം ഓർക്കണം. പലരും അതോർക്കാറില്ല.

1179. മരം മറിക്കും കാററ് മലയെ മറിക്കുമോ?

നിസ്സാരന്മാരോടു ശക്തി കാണിക്കാം. പക്ഷേ, തന്നെക്കാരം ശക്തന്മാരോടു ഫലിക്കയില്ല.

(ന പാദപോന്മൂലന ശക്തി രംഹഃ
ശിലോച്ചയെ മൂർച്ഛതിമാരുതസ്യ.)

1180. മരം വച്ചവനു വെള്ളം കോരാനും ചുമതലയുണ്ട്.

ഉണ്ടാകുകയോ തുടങ്ങുകയോ ചെയ്താൽ മാത്രം പോരാ. അത് വേണ്ട വിധത്തിൽ പുലർത്തിക്കൊണ്ടു പോകയും വേണം. നല്ല കാര്യം തുടങ്ങാൻ പ്രയാസമില്ല. പക്ഷേ, തുടങ്ങിയതുകൊണ്ടായില്ല, അതു സഫലമാകുന്നതുവരെ ശ്രദ്ധിച്ചു വേണ്ടതു ചെയ്തുകൊണ്ടിരിക്കണം.

1181. മല എലിയെ പ്രസവിച്ചു.

വലിയ ആരം, വലിയ പരിശ്രമം, ഒടുവിൽ അതിൻെറ ഫലമോ അതി തുച്ഛം.

1182. മലർന്നു തുപ്പിയാൽ മാറത്ത്.

അവനവന്റെ അനുചിത പ്രവൃത്തിയുടെ ദോഷം അവനവനു തന്നെ പററുന്നു. തന്റെ സ്ഥിതിയെന്തന്നറിയാതെ, പരനിന്ദയ്ക്കും ദ്രോഹത്തിനും തുനിയുന്നു. ദ്രോഹവും നിന്ദയും തന്നെത്തന്നെ ബാധിക്കയും ചെയ്യുന്നു.

1183. മലപോലെ വന്നതു മഞ്ഞുപോലെ പോയി.

ആരംഭം കാണുമ്പോൾ വളരെ കേമം, വൻപിച്ച മട്ട് എന്നു വിചാരിക്കും. എന്നാൽ വളരെ നിസ്സാരമായിട്ടായിരിക്കും അതിന്റെ പോക്കും അവസാനവും.

1184. മല മാന്തിപ്പൊളിച്ചു, എന്നിട്ടോ, എലിയെപ്പിടിച്ചു!

വളരെ ക്ലേശിച്ച് അധ്വാനിച്ചു. കിട്ടിയ ഫലമാകട്ടെ അതിനിസ്സാരം!

1185. മലയത്തിൽ പിറന്നതൊക്കെ മലയജമല്ല.

മലയ പർവ്വതത്തിൽ ചന്ദനമരം ഉണ്ടാകും. എന്നാൽ അവിടെ മററു നിർഗ്ഗന്ധ വൃക്ഷങ്ങളും ഉണ്ടാകാതിരിക്കുന്നില്ല. ഒരു ഉൽകൃഷ്ട കുടുംബത്തിൽ നികൃഷ്ടന്മാരും ഉണ്ടായെന്നിരിക്കും.

1186. മലയുടെ ഉയരം മലയറിയുന്നില്ല.

സ്വന്തം ഔന്നത്യവും മഹിമയും ശക്തിയും അറിഞ്ഞുകൂടാത്തവരെപ്പററിയാണ് ഈ പഴഞ്ചൊല്ല്.

1187. മലരിനെ മർദ്ദിച്ചു മണപ്പിക്കരുത്.

നല്ല വസ്തുവിനെ പീഡിപ്പിച്ചും ദ്രോഹിച്ചും ആസ്വദിക്കരുത്.

1188. മഴ നിന്നാലും മരം പെയ്യും.

പ്രധാന സംഭവം കഴിഞ്ഞാലും അതിന്റെ തുടർച്ചയായി ചില ചെറു സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും.

1189. മറുഞാണില്ലാത്തവൻ വില്ലാളിയല്ല.

സമർത്ഥനായ വില്ലാളി എപ്പോഴും ഒരു മറുഞാൺ (വില്ലിൽ കെട്ടിയിട്ടുള്ളതിനു പുറമെ മററാരു ഞാൺ) കരുതിയിരിക്കും. വില്ലിൻെറ ഞാൺ പൊട്ടിപ്പോയാൽ ഉടൻ കെട്ടാനാണ് അത്. ഏതു സംരംഭത്തിലും വേണ്ടത്ര മുൻകരുതൽ ഇല്ലെങ്കിൽ ഇടയ്ക്കു വിഷമിക്കേണ്ടി വരും. ബുദ്ധിമാന്മാർ ഈ മുൻകരുതലിൽ ശ്രദ്ധയുള്ളവരായിരിക്കും.

1190. മർദ്ദനം ഗുണവർദ്ധനം.

ശിഷ്യനെ വേണ്ടപോലെ നിയന്ത്രിക്കയും ശിക്ഷിക്കയും ചെയ്തെങ്കിലേ അയാൾക്കു വിദ്യയിൽ വൈദഗ്ധ്യവും കാര്യശേഷിയുമുണ്ടാകൂ. ഇത് ഒരു പഴയ വിശ്വാസമാണ്. മർദ്ദിച്ചാൽ ഗുണം വർദ്ധിക്കുമത്രെ.

1191. മർമ്മമറിഞ്ഞവന് അടിക്കാൻ മേലാ.

ശരീരത്തിലെ മർമ്മസ്ഥാനങ്ങളിൽ അടി കൊണ്ടാൽ വലിയ അപകടമുണ്ടായേക്കാം. പക്ഷെ, ഇതെപ്പററി ഒരറിവുമില്ലാത്തവൻ ധാരാളം തല്ലാറുണ്ട്. ചിലപ്പോൾ അപകടം പററിയെന്നുവരും, പററിയില്ലെന്നും വരും. എന്നാൽ മർമ്മങ്ങളും ആ സ്ഥാനങ്ങളിൽ ദണ്ഡനമേററാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളും നിശ്ചയമുള്ളവൻ അടിക്കാൻ മടിക്കുന്നു. വിവരവും വിവേകവുമുള്ളയാളുകൾ ഭവിഷ്യത്തോർത്ത് പല പ്രവൃത്തികളും ഒഴിവാക്കുന്നു എന്നാശയം.

1192. മാക്രി കരഞ്ഞു മഴ പെയ്യിച്ചു!

എന്തെങ്കിലും ഒരു സംഭവം നടന്നു കഴിഞ്ഞാൽ അതിൻെറ ഉത്തരവാദിത്വവും ബഹുമതിയും തനിക്കാണെന്നു വീമ്പിളക്കുന്ന അല്പന്മാരുടെ സ്വഭാവമാണ് വ്യക്തമാക്കുന്നത്.

1193. മാടോടിയ തൊടിയും നാടോടിയ പെണ്ണും.

കന്നുകാലികൾ കയറിയ തോട്ടം നശിക്കുന്നു. നാടോടിയായ (താന്തോന്നിയായി നടക്കുന്ന) സ്ത്രീയും നശിക്കുന്നു.

1194. മാണിക്കക്കല്ലു കുപ്പയിൽ കിടന്നാലും മാണിക്യക്കല്ലു തന്നെ.

ഏതു പരിതഃസ്ഥിതിയിലും ശ്രേഷ്ഠ വസ്തുക്കളുടെ ശ്രേഷ്ഠതയ്ക്കു ഹാനി തട്ടുകയില്ല.

1195. മാമ്പൂ കണ്ടും മക്കളെക്കണ്ടും മദിക്കരുത്

വിരിയുന്ന പൂക്കളെല്ലാം മാങ്ങായാകുന്നില്ല. മക്കൾ ഉണ്ടെന്നു വച്ച് വേണ്ടപ്പോൾ ഉപകരിച്ചെന്നും വരികയില്ല. (പൂത്തതെല്ലാം കായല്ല, പെറ്റതെല്ലാം മക്കളല്ല. എന്ന ചൊല്ല് ഓർക്കുക.)

1196. മാരാൻ വെക്കുമ്പോൾ മാക്രി എടുക്കും.

കേരളത്തിൽ വേനൽക്കാലാവസാനത്തോടുകൂടി മാരാന്മാർ ചെണ്ട താത്തു വയ്ക്കുന്നു. (ഉത്സവങ്ങളെല്ലാം കഴിയുന്നു.) പിന്നെ മാക്രിയുടെ വാദ്യഘോഷമാണ്. വർഷകാലമാരംഭിക്കുന്നു.

1197. മിണ്ടാപ്പൂച്ച കലമുടയ്ക്കും. (മിണ്ടാപ്പൂച്ച മെട പൊളിക്കും.)

പാവത്തം നടിച്ച് പതുങ്ങിയിരിക്കുന്ന ചിലർ ചില അവസരങ്ങളിൽ വലിയ പരാക്രമങ്ങളൊക്കെ കാണിക്കുന്നു. പാവത്തം, അന്യരെ ബോധിപ്പിക്കാനുള്ള നാട്യം മാത്രം.

1198. മിനുക്കാമുത്തു മിനുങ്ങുകയില്ല.

സംസ്കരിച്ചെടുക്കാത്ത മുത്തിനു ശോഭയില്ലല്ലോ. വസ്തുവായാലും വ്യക്തിയായാലും ശ്രദ്ധിച്ചു സംസ്കരിക്കപ്പെട്ടു കഴിയുമ്പോഴാണ് തിളക്കവും മേന്മയുമുണ്ടാകുന്നത്.

1199. മിന്നുന്നതെല്ലാം പൊന്നല്ല.

കുപ്പിച്ചില്ലിനും മണൽ തരിക്കും ഒക്കെ തിളക്കമുണ്ട്. എന്നുവച്ച് അവ സ്വർണ്ണമാകുകയില്ലല്ലോ. പലരെയും അവരുടെ പുറമോടികൾ കണ്ട് ശ്രേഷ്ഠന്മാരെന്നു ധരിച്ചു പോകും. യഥാർത്ഥത്തിൽ ആ പുറമോടികൾ മാത്രമേ അവർക്കുള്ളു എന്ന് സൂക്ഷ്മ നിരീക്ഷണത്തിലേ മനസ്സിലാകുകയുള്ളു.

1200. മീനിനെ കാണും വരെ പൊന്മാൻ സന്യാസി.

മീനിനെ പിടിക്കാൻ കാത്തിരിക്കുന്ന പൊന്മാൻ വളരെ ശാന്തനാണ്. ധ്യാനമഗ്നനെപ്പോലെ ഒരിടത്തിരിക്കും. ഇരയെക്കണ്ടാൽ അതിൻെറ ഭാവം മാറും. സ്വന്തം കാര്യം കാണാൻ തക്കം നോക്കി സൗമ്യനെപ്പോലെ കാത്തിരിക്കയും അതു കഴിഞ്ഞാൽ 'തനിനിറം' കാണിക്കയും ചെയ്യുന്നവരെയാണ് ഈ പഴഞ്ചൊല്ലിൽ പരാമർശിക്കുന്നത്.

1201. മീൻ കുഞ്ഞിനെ നീന്തു പഠിപ്പിക്കണോ? (മുതലക്കുഞ്ഞിനെ നീന്തു പഠിപ്പിക്കണോ ?)

ജന്മനാ ഉള്ള കഴിവ് പരിതഃസ്ഥിതികൾക്കനുസരിച്ച് സ്വയം വികസിച്ചു കൊള്ളും. ആരുടേയും പ്രേരണയോ ഉപദേശമോ ശിക്ഷണമോ അതിനു വേണ്ട.

1202. മീശ നരച്ചു; ആശ നരച്ചില്ല.

വാർദ്ധക്യവും ജരാനരകളും ഒക്കെ ആയിട്ടും പല മോഹങ്ങളും കിടക്കുന്നു. അവ ഇല്ലാതായിട്ടില്ല. ഇത് മനുഷ്യരുടെ സ്വഭാവമത്രെ.

1203. മുക്കിപ്പണിതാൽ നക്കിത്തിന്നാം.

ക്ലേശിച്ച് അദ്ധ്വാനിച്ചാൽ കാലയാപനം കഴിക്കാം. (നക്കിത്തിന്നാം എന്നതിന് കഷ്ടിച്ചു കഴിഞ്ഞുകൂടാം എന്നർത്ഥം പറയാം.)

1204. മുഖമയ്യാഞ്ഞാൽ കണ്ണാടി ഉടയ്ക്കുകയോ ?

മുഖ സൗന്ദര്യമില്ല. അതിനു കണ്ണാടി തല്ലിയുടച്ചാൽ ഫലമില്ലല്ലോ. കുററം തൻെറതു തന്നെയാണ്. അതിനു മററുള്ളവരുടെ നേരേ കോപിച്ചിട്ടു കാര്യമില്ല.

1205. മുങ്ങിയെടുത്താൽ മുത്ത്; കൈക്കരിച്ചാൽ കക്ക.

കടലിൽ മുങ്ങാൻ വളരെ പ്രയാസമാണ്. ആ പ്രയാസം സഹിച്ച് അധ്വാനിച്ചാൽ മുത്തു കിട്ടും. കരയ്ക്കിരുന്നു കൈ കൊണ്ട് അരിച്ചെടുക്കാൻ പ്രയാസമൊന്നുമില്ല. പക്ഷെ, കിട്ടുന്നത് കക്ക ആയിരിക്കും. വിലയേറിയതു കിട്ടണമെങ്കിൽ ക്ലേശം സഹിക്കണം. ആയാസപ്പെടാതെ കിട്ടുന്നതു നിസ്സാര വസ്തുക്കളായിരിക്കും.

1206. മുടന്തനും മുയലിനെപ്പിടിച്ചെന്നു വരാം.

നിസ്സാരനായവനും ചിലപ്പോഠം കാര്യം നേടാൻ കഴിയും. (ഓടാൻ വയ്യാത്ത മുടന്തൻ ഭാഗ്യം കൊണ്ട് മുയലിനെ പിടിച്ചെന്നു വരാമല്ലോ.)

1207. മുടിക്കാതിരുന്നാൽ മുട്ടാതിരിക്കാം.

ധൂർത്തടിച്ചു നശിപ്പിച്ചു കളയാതിരുന്നാൽ പില്ക്കാലത്തു ബുദ്ധിമുട്ടില്ലാതിരിക്കും.

1208. മുടിഞ്ഞേടം തളിർക്കാനും മുറിച്ചൂട്ടു കത്താനും വിഷമം.

തീരെ നശിച്ച ഇടം വീണ്ടും അഭിവൃദ്ധിപ്പെടാൻ വിഷമമാണ്. കത്തിത്തീർന്ന് കുററിയായ ചൂട്ട് വീണ്ടും കത്താനും വിഷമം.

1209. മുട്ടിയ പക്ഷം വയ്ക്കോല്.

വൈദിക കർമ്മങ്ങഠാക്ക് ദർഭ എന്ന പുല്ല് ആവശ്യമാണ്. ദർഭ തീരെ കിട്ടാതെ വന്നാൽ കുശ എന്ന പുല്ലുപയോഗിക്കാം. അതുമില്ലാതെ വരുമ്പോഠം വയ്ക്കോലുപയോഗിക്കും. ഉത്തമ വസ്തു

ക്കളുടെ അഭാവത്തിൽ അധമ വസ്തുക്കൾ ഉപയോഗപ്പെടുത്തുന്നു. (ഗതി കെട്ടാൽ പുലി പുല്ലും തിന്നും—എന്നു പറഞ്ഞതുപോലെ.)

1210. മുട്ടിയാലേ കുനിയൂ.

പ്രതിബന്ധം വരുമ്പോൾ മാത്രം പ്രതിവിധി ആലോചിക്കുന്ന സ്വഭാവം. വാതിലിന് പൊക്കം കുറവാണെന്നു മനസ്സിലാക്കി കരുതലോടെ പോയാൽ തല മുട്ടാതെയും അപ്പോൾ കുനിയാതെയും കഴിക്കാം. കരുതലോ ആസൂത്രണമോ ഇല്ലാത്ത പ്രവൃത്തിയെ സൂചിപ്പിക്കുന്നു.

1211. മുട്ടുവിൻ തുറക്കപ്പെടും.

ആവശ്യപ്പെടുന്നവനു മാത്രമേ മാർഗ്ഗം തുറന്നു കിട്ടൂ.

1212. മുതലാളിക്ക് ഉപ്പുവഞ്ചി മുങ്ങിയിട്ട്; തുപ്പനു തൊപ്പിപ്പാള പോയിട്ട്.

ഇരുവർക്കും ദുഃഖം. മുതലാളിക്കു വന്നത് വൻ നഷ്ടം. തുപ്പൻെറ നഷ്ടം നിസ്സാരമെന്നു മററുള്ളവർക്കു തോന്നും. പക്ഷെ, അവനെ സംബന്ധിച്ചിടത്തോളം അതു നിസ്സാരമല്ല. (ആനയ്ക്ക് തടി ഭാരം; ഉറുമ്പിന് അരി ഭാരം — എന്നു കേട്ടിട്ടില്ലേ?)

1213. മുതുകാളയോട് ഉഴവു പഠിക്കണം.

ഒരു തൊഴിലിൽ ദീർഘകാലം പരിചയമുള്ളവരോട് ആ തൊഴിൽ പഠിക്കുന്നതു നന്നായിരിക്കും.

1214. മുത്തപ്പൻെറ വഞ്ചി; പത്തു പുത്തൻ കൂലി; കുത്തുമ്പോ കുത്തും, എത്തുമ്പോ എത്തും.

ജാഗ്രതയോ ശ്രദ്ധയോ ഇല്ലാതെ പ്രവർത്തിക്കുന്നതിനെ സൂചിപ്പിക്കുന്നു. (കാട്ടിലെ തടി; തേവരുടെ ആന; വലിയെടാ വലി.)

1215. മുത്താഴമുണ്ടാൽ മുള്ളിന്മേലും കിടക്കണം.

പ്രധാന ഭക്ഷണം കഴിഞ്ഞ് അല്പം വിശ്രമം അത്യാവശ്യമെന്നാശയം.

(അത്താഴമുണ്ടാൽ അരക്കാതം നടക്കണം എന്നും ഉണ്ട്.)

1216. മുത്തിനു കൊണ്ടു; ഉപ്പിനു വിററു.

വലിയ വില കൊടുത്തു വാങ്ങിയത് നിസ്സാര വിലയ്ക്കു വിററു. നഷ്ടം.

1217. മുത്തിനു മുങ്ങി; മീൻ കിട്ടി.

വലിയ കാര്യം ആഗ്രഹിച്ചു പരിശ്രമിച്ചു. വളരെ ചെറിയതേ കിട്ടിയുള്ളു.

1218. മുത്തെടുക്കാൻ ചിപ്പി ഉടയ്ക്കണം.

ചെറിയ ചിലതൊക്കെ തകർത്തു കളഞ്ഞേ വലിയതു കിട്ടുകയുള്ളു. ശ്രേഷ്ഠ വസ്തു കിട്ടാൻ പരിശ്രമിക്കണം എന്നും അർത്ഥം പറയാം.

1219. മുൻകോപം പിൻദുഃഖം.

മുൻകോപം മൂലം ചെയ്യുന്ന പ്രവൃത്തി പിന്നീടു ദുഃഖത്തിനിടയാക്കും.

1220. മുൻ പിറന്ന കാതിനെക്കാൾ പിൻ പിറന്ന കൊമ്പിനു ബലം.

നാല്ക്കാലികൾക്ക് പിറവിയിലേയുണ്ട് ചെവി. പിന്നീടാണ് കൊമ്പു മുളയ്ക്കുന്നത്. പക്ഷേ, ബലം കൊമ്പിനാണല്ലോ. പ്രായക്കുറവുണ്ടെന്നു വച്ച് ശക്തിയും പ്രാപ്തിയും കുറവാകണമെന്നില്ല. പലപ്പോഴും മറിച്ചാണ് അനുഭവം.

1221. മുപ്പതു വർഷം വാണവനുമില്ല, മുപ്പതു വർഷം താണവനുമില്ല.

ഭാഗ്യ ദൗർഭാഗ്യങ്ങൾ ദീർഘകാലം നിലനിന്നു എന്നു വരുകയില്ല. അവ ചക്രനേമീ ക്രമേണ താഴുകയും ഉയരുകയും ചെയ്യുന്നു.

1222. മുപ്പത്തൊൻപതു ദിവസം കട്ടു തിന്നാൽ നാൽപതാം ദിവസം ഉമ്മറപ്പടിയും വിളിച്ചു പറയും.

തുടർച്ചയായി ചെയ്യുന്ന ദുഷ്കൃത്യം എന്നെങ്കിലും, എങ്ങനെയെങ്കിലും എല്ലാവരുമറിയും.

1223. മുമ്പിൽ കിടക്കുന്ന മുതലയെപ്പേടിച്ച് പിറകിൽ കിടക്കുന്ന കടുവയുടെ വായിൽ ചാടി.

ഒരാപത്തിൽ നിന്ന് രക്ഷപെടാൻ ശ്രമിച്ച് മറ്റൊരാപത്തിൽ അകപ്പെട്ടു.

1224. മുമ്പിൽ പശുവിന്റെ പുറകേ മററു പശുക്കളും.

ഒരുവൻ ചെയ്യുന്ന പ്രവൃത്തിയെ അനുകരിക്കാൻ ധാരാളം പേർ ഉണ്ടാകും.

''മുമ്പേ ഗമിച്ചീടിന ഗോവു തന്റെ
പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം.''

1225. മുരട്ടു കഴുതയ്ക്കു മുളവടി പൊട്ടും വരെ.

അനുസരണശീലമില്ലാത്ത പിണക്കക്കാരന് നല്ലപോലെ തല്ലു കൊടുക്കുക തന്നെയാണു വേണ്ടത്.

1226. മുലയ്ക്കുള്ള പെണ്ണിനു തലയില്ല.

ദേഹ പുഷ്ടിയും സൗന്ദര്യവും ഉണ്ട്. പക്ഷെ, ബുദ്ധിയില്ല. എല്ലാം തികഞ്ഞത് ഒന്നുമില്ലല്ലോ.

1227. മുല്ലപ്പൂവിനോടുചേർന്ന വാഴനാരിനും മോക്ഷം.

വാഴനാര് ദേവപൂജയ്ക്ക് ഉപയോഗിക്കയില്ല. എന്നാൽ അതിൽ മുല്ലപ്പൂക്കൾ കോർത്ത് മാലയുണ്ടാക്കി ദേവനു ചാർത്തുന്നു. സജ്ജനങ്ങളോടു ചേരുന്ന ദുർജ്ജനങ്ങൾക്കും നന്മയും ജീവിതസാഫല്യവുമുണ്ടാകുന്നു.

''മുല്ലപ്പൂമ്പൊടിയേററു കിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം.''

1228. മുളച്ച രോമം മൂന്ന്; അതിൽ രണ്ടു പുഴുക്കേട്.

വളരെക്കുറച്ചു മാത്രമേയുള്ളു. ഉള്ളതിൽ ഭൂരിഭാഗവും ഉപയോഗശൂന്യവുമാണ്.

1229. മുളയിലറിയാം മുളങ്കരുത്ത്.

ഭാവിയിലെ ശക്തിയും ബുദ്ധിയും എല്ലാം വളരെ ചെറുപ്പത്തിൽതന്നെ അറിയാൻ കഴിയും.

1230. { മുളയിൽ കിള്ളാത്തതു കോടാലിക്കുമാകാ.
മുളയിൽ നുള്ളാം; കുഴയിൽ പ്രയാസം.

ശൈശവത്തിൽ ഒരുപക്ഷേ, ദുശ്ശീലങ്ങൾ പരിഹരിക്കാൻ കഴിഞ്ഞേക്കും. പ്രായം കൂടുന്തോറും അതു സാധിക്കാതെ വരും.

1231. മുളയ്ക്കുമ്പോൾ ഉള്ളതേ മുററിയാലും വരൂ.

ജന്മനാ ഉള്ള ഗുണങ്ങളേ പിൽക്കാലത്തും കാണുകയുള്ളു. പൈതൃക ഗുണങ്ങളുടെ പ്രാധാന്യം സൂചിപ്പിക്കുന്നു.

1232. മുള്ളായാലും മുറുകെപ്പിടിക്കണം.

ഒന്നിനെ ആശ്രയിച്ചാൽ ആ പിടി വിട്ടുകളയരുത്. അൽപ്പസ്വൽപ്പം വേദനയോ ക്ലേശമോ അനുഭവപ്പെട്ടാലും അതു സഹിക്കണം. പിടി വിടുന്നതു തൻെറ നിലനിൽപ്പിന് അപകടം വരുത്തും.

1233. മുള്ളുകൊണ്ടാൽ മുള്ളുകൊണ്ട്.

മുള്ളു തറച്ചു കേറിയാൽ അതെടുക്കാൻ മറെറാരു മുള്ളുപയോഗിക്കണം. ഒരു ദുഷ്ടൻെറ ശല്യം ഒഴിവാക്കാൻ മറെറാരു ദുഷ്ടനെ ഉപയോഗപ്പെടുത്തേണ്ടിവരും.

''കണ്ടകേനൈവ കണ്ടകം.''

1234. മുള്ളു നട്ടവൻ ചെരുപ്പു കരുതണം.

ഉപദ്രവകരമായ കാര്യം ചെയ്യുന്നവൻ അതിനു പരിഹാരവും കരുതണം.

1235. മുഴുവൻ നനഞ്ഞവനു കുളിരില്ല.

ഒരു പ്രവൃത്തിയിൽ മുഴുകിക്കഴിഞ്ഞാൽ അതിൽ ക്ലേശമൊന്നും അനുഭവപ്പെടുകയില്ല. പ്രവൃ

ത്തിയിലേക്കിറങ്ങാൻ മടിച്ചു നിൽക്കുമ്പോഴാണ് ക്ലേശത്തെപ്പററി ഭയം.

1236. മുറപ്പെണ്ണിനെ കെട്ടാൻ മുഹൂർത്തം നോക്കണോ.

പൂർണ്ണമായ അവകാശമുള്ളത് എപ്പോഴം വേണമെങ്കിലും കൈവശപ്പെടുത്താം.

1237 മുറിവു പൊറുത്താലും കല കിടക്കും.

മുറിവു കരിയും. പക്ഷേ, അതിൻെറ പാട് (അടയാളം) പോകയില്ല. ചില സംഭവങ്ങൾ കഴിഞ്ഞാലും അതിൻെറ അടയാളം അവശേഷിക്കും.

1238. മുറിവൈദ്യൻ ആളെക്കൊല്ലും.

അപൂർണ്ണമായ അറിവ് അപകടകരമാണ്. അല്പജ്ഞാനം വച്ചുകൊണ്ട് എന്തെങ്കിലും പ്രവർത്തിക്കും. അത് ആപത്ത് വരുത്തി വയ്ക്കുകയും ചെയ്യും.

1239. മുററത്തെ മുല്ലയ്ക്കു മണമില്ല.

അതി പരിചയംകൊണ്ട്. ചില വിശിഷ്ട വസ്തുക്കളുടെയും വിശിഷ്ട വ്യക്തികളുടെയും ഗുണം (മഹാത്മ്യം) ശ്രദ്ധിക്കാതിരിക്കുന്നത് ലോക സ്വഭാവമാണ്.

1240. മൂക്കററമായാൽ മൂന്നാളായാലെന്ത്, നാലാളായാലെന്ത്?

മൂക്കററമായി വെള്ളം. ശ്വാസം മുട്ടാറായി. പിന്നെ മൂന്നാൾ വെള്ളമായാലും നാലാൾ വെള്ളമായാലും പ്രത്യേകതയൊന്നുമില്ലല്ലോ. ഏതു ക്ലേശവും ഒരു പരിധി കഴിഞ്ഞാൽ പിന്നെ കാര്യമാക്കുന്നില്ല.

1241. മൂക്കിനു താഴെ പുരികം കുരുത്തപ്പോൾ കണ്ണു വായിലായിപ്പോയി.

ഒന്നു സ്ഥാനം തെററി. അതോടെ മററുള്ളതും സ്ഥാനം തെററി. ആകെ അലങ്കോലമായി.

1242, മൂക്കിലെ രോമം കളഞ്ഞു തുലാഭാരം നടത്താറുണ്ടോ? (മൂക്കിലെ രോമം പിഴുതാൽ ആളിൻെറ ഭാരം കുറയുമോ ?)

ഒരു വലിയ കാര്യം ചെയ്യാൻ പോകുന്നു. അപ്പോഠം നിസ്സാരമായ ലാഭം വരുത്താൻ വിചാരിച്ചിട്ടു ഫലമില്ല.

1243. മൂക്കിൽ കൂടി ഉണ്ടാൽ വയറു നിറയുമോ ?

കടുത്ത പിശുക്കു കാണിച്ച് ലാഭമുണ്ടാക്കാൻ (ഒരു കാര്യം നിർവ്വഹിക്കാൻ) ശ്രമിക്കുന്നതു കൊണ്ട് ഫലമില്ല. വയറു നിറയാൻ വായിൽക്കൂടി തന്നെ ഉണ്ണണം.

1244. മൂക്കിൽ തൊടാൻ തല ചുററണമോ ?

ഋജുവും ലഘുവുമായ മാർഗ്ഗമുള്ളപ്പോഠം വളഞ്ഞ വഴി തേടേണ്ടതില്ല. ('ശിരോ വേഷ്ട്യ ന പ്രാണായാമം' എന്നു സംസ്കൃതത്തിൽ.)

1245. മൂക്കില്ലാ രാജ്യത്തു മുറിമൂക്കൻ രാജാവ്.

യോഗ്യന്മാരില്ലാത്ത സ്ഥാനത്ത് അല്പം യോഗ്യതയുള്ളവൻ കേമനാണല്ലോ.

1246. മൂത്തോർ ചൊല്ലും മുതുനെല്ലിക്കയും ആദ്യം കയ്ക്കും, പിന്നെ ഇനിക്കും.

മൂത്ത നെല്ലിക്കാ വായിലിട്ടാൽ ആദ്യം കയ്പാണ് അനുഭവപ്പെടുന്നത്. എന്നാൽ ക്രമേണ മധുരിക്കുന്നു. ഇതുപോലെയാണ് പ്രായവും പാകതയുമുള്ളവരുടെ വാക്ക്. ആദ്യം അത് സ്വീകാര്യമായി തോന്നുകയില്ല, വെറുപ്പു തോന്നുകയും ചെയ്യും. പ്രായോഗികതയിലെത്തുമ്പോഴാണ് ആ വാക്കിൻെറ വിലയും ഗുണവും അനുഭവപ്പെടുന്നത്.

1247. മൂന്നു പെണ്ണുള്ള ദിക്കിൽ മുററമടിക്കില്ല.

ജോലി ചെയ്യാൻ പെണ്ണുങ്ങൾ തമ്മിൽ പിണങ്ങിയിരിക്കും. മററുള്ളവർ ചെയ്യട്ടെയെന്ന് ഓരോരുത്തരും വിചാരിക്കും. (മൂവർ കൂടിയാൽ മുററമടിക്കാ.)

1248. മൂന്നു പേരറിഞ്ഞാൽ മൂന്നു ലോകത്തിലും പരക്കും.

ഒരു രഹസ്യം രണ്ടോ മൂന്നോ പേരറിഞ്ഞാൽ മതി, വളരെ വേഗം അത് എല്ലായിടത്തും പരസ്യമാകും.

1249. മൂലം മറന്നാൽ നാശം.

അടിസ്ഥാനം വിസ്മരിക്കുന്നത് അധഃപതനത്തിനു കാരണമാകും.

1250. മൂഴക്കു നെല്ലിനു മുങ്ങാൻ പോയി; മുപ്പറ നെല്ലു പന്നി തിന്നു.

ചെറിയ ഒരു ലാഭമുണ്ടാക്കാൻ ശ്രമിച്ചു. പക്ഷേ, അപ്പോഴ് വൻ നഷ്ടമാണുണ്ടായത്

1251. മെത്തമേൽക്കിടന്നാൽ വിദ്യയുണ്ടാവില്ല.

സുഖം ആഗ്രഹിക്കുന്നവർക്ക് വിദ്യയോ ശ്രേയസ്സോ ഉണ്ടാകുന്നില്ല. ക്ലേശിച്ചു പരിശ്രമിക്കുന്നവർക്കാണ് വിദ്യ ലഭിക്കുന്നത്. (വിദ്യയാം വ്യസനം.)

1252. മെല്ലെത്തിന്നാൽ മുള്ളും തിന്നാം.

പയ്യെത്തിന്നാൽ പനയും തിന്നാം.

1253. മേച്ചേരിക്കും കീച്ചേരിക്കും സുഖം; ഇടച്ചേരിക്കു ദുഃഖം.

ധനികന്മാർക്കു സുഖത്തിനു തടസ്സമില്ല. ദരിദ്രർക്കും അധികൃത സ്ഥാനങ്ങളിൽ നിന്നും സഹായങ്ങൾ ലഭിക്കും. എന്നാൽ ഇടത്തരക്കാർ ഇതു രണ്ടുമില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്നു. (സ്ഥിരവരുമാനക്കാരായ ഇടത്തട്ടുകാർ എന്നും ക്ലേശമനുഭവിക്കുന്ന കൂട്ടരാണ്.)

1254. മേരുവിനോടടുത്ത കാക്കയ്ക്കും സ്വർണ്ണ നിറം.

മേരു സ്വർണ്ണ പർവ്വതമാണ്. അതിനടുത്തു ചെല്ലുന്ന കാക്കയ്ക്കും സ്വർണ്ണ നിറം കിട്ടുന്നു. പ്രതാപവും ശ്രേഷ്ഠതയുമുള്ളവരുടെ സാമീപ്യം കൊണ്ട് നിസ്സാരന്മാർക്കും ആ ഗുണങ്ങൾ അല്പമൊക്കെ ലഭിക്കുന്നു.

1255. മേലോട്ടു നോക്കിയാൽ ആകാശം; കീഴോട്ടു നോക്കിയാൽ ഭൂമി.

ഒന്നുമില്ലാത്ത നിസ്വന്മാർക്ക് യാതൊന്നും വിചാരപ്പെടേണ്ടതില്ലല്ലോ. എന്തായാലും ഒന്നുമില്ല. ആരെയും ശ്രദ്ധിക്കയും വേണ്ട. (തലയ്ക്കു മീതെ ശൂന്യാകാശം, താഴെ മരുഭൂമി.)

1256. മൊഴി തെററിയാൽ വഴി തെററും.

വാക്കിൻെറ വില. തെററിയ വാക്ക് അനർത്ഥം വരുത്തുന്നു. (വാക്കിന് [നാക്കിന്] നന്മയും തിന്മയും വരുത്താൻ കഴിയും,)

1257. മൊഴി മുട്ടുമ്പോൾ കൊഞ്ഞനം കുത്തുക.

ഉത്തരം പറയാൻ കഴിയാതെ വരുമ്പോൾ ഗോഷ്ടി കാട്ടുന്നതു കൊണ്ടു ഫലമില്ല. അങ്ങനെ ചെയ്യുന്നവരുടെ സ്വഭാവമാണ് ഈ പഴഞ്ചൊല്ലിൽ വ്യക്തമാക്കുന്നത്.

1258. മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങാ വീണു.

സംഭവിക്കാനിരുന്ന കാര്യം. അതിന് ഒരു കാരണം കൂടെയുണ്ടായി. അതുണ്ടായില്ലെങ്കിലും സംഭവം നടക്കുമായിരുന്നു.

1259. മോരിനു പോകുന്നവൻ മൊന്ത ഒളിക്കുന്നതെന്തിന് ?

തൻെറ ഉദ്ദേശം എല്ലാവർക്കും അറിയാം. എങ്കിലും അത് രഹസ്യമാക്കി വയ്ക്കണം എന്നാഗ്രഹിക്കുന്നു. വ്യഥാശ്രമം.

1260. മോരു കുടിച്ചാൽ മുഖത്തറിയാം.

മോരിൻെറ പുളി കൊണ്ടു മുഖത്തു വന്ന ഭാവഭേദം ആർക്കും മനസ്സിലാക്കാം. ഒരു പ്രവൃത്തി ചെയ്തു. അതു സ്വയം വ്യക്തമാകുന്നു. മറച്ചുവയ്ക്കാൻ ശ്രമിച്ചാലും, മുഖം അതു പ്രകടമാക്കുന്നു.

1261. മോഹം ദൂരമറിയില്ല.

അത്യധികമായ മോഹം, എത്ര ദൂരം പോകാനും എന്തു ക്ലേശം സഹിക്കാനും പ്രേരിപ്പിക്കുന്നു. മാർഗ്ഗതടസ്സങ്ങളൊന്നും കാര്യമാക്കുന്നില്ല.

1262. മോഹം ന്യായമറികയില്ല.

മോഹം വർദ്ധിക്കുമ്പോൾ വിവേകം ഇല്ലാതാകുന്നു. ഏതു സാഹസവും അന്യായവും ചെയ്യാൻ മടിക്കുന്നില്ല. (കാമത്തിനു കണ്ണില്ല.)

1263. മൗനം അനുവാദം.

എന്തെങ്കിലും കാര്യത്തെപ്പററി അഭിപ്രായം ആരായുമ്പോൾ മൗനമായിരുന്നാൽ അത് സമ്മതത്തിൻെറ ലക്ഷണമായി കണക്കാക്കുന്നു. (മൗനം സമ്മത ലക്ഷണം.)

1264. മൗനം വിദ്വാനു ഭൂഷണം.

അല്പന്മാരും അജ്ഞന്മാരും അർത്ഥ രഹിതമായി ധാരാളം സംസാരിക്കുമ്പോൾ, വിദ്വാന്മാർ മൗനമവലംബിക്കുകയേ ഉള്ളു. അജ്ഞന്മാരോടു സംസാരിച്ചിട്ടു പ്രയോജനമില്ലെന്നേവർക്കുമറിയാം. വിദ്വാന്മാർക്കലങ്കാരമാണ് മൗനം.

1265. മൗനം കനകം; വചനം വെള്ളി.

മൗനം പലപ്പോഴും സ്വർണ്ണത്തെപ്പോലെ അമൂല്യവും ശ്രേഷ്ഠവുമാണ്. ഭാഷണത്തിനും വിലയുണ്ട്. പക്ഷെ, മൗനത്തെക്കാൾ വളരെക്കുറവ്. (Silence is golden, speech is silver.)

യ

1266. യക്ഷി പിടി വിട്ടാലും പൂജാരി പിടി വിടുക യില്ല.

അധികാരമുള്ളവർ ഇളവു ചെയ്താലും അവരുടെ സേവകർ അതു ചെയ്യുകയില്ല. (യക്ഷി പ്രസാദിച്ച് ഒഴിഞ്ഞു പോയി. പക്ഷെ, പൂജാരിക്ക് ഉപദ്രവിച്ചേ കഴിയൂ.)

1267. യഥാ രാജാ തഥാ പ്രജാ.

രാജാവിൻെറ സ്വഭാവമനുസരിച്ചിരിക്കും പ്രജകളുടെ സ്വഭാവവും. ഭരണ കർത്താക്കൾക്കനുസരിച്ച് പ്രജകളും.

1268. യഥാശക്തി മഹാബലം.

അവനവൻെറ കഴിവിനനുസരിച്ചു പ്രവർത്തിക്കുക. അതു സൽഫലങ്ങൾ ഉളവാക്കുന്നു.

1269. യഥാർത്ഥവാദി ബഹുജന വിരോധി.

സത്യം പറയുന്നവനെ പലരും ഇഷ്ടപ്പെടുകയില്ല. മുഖസ്തുതിയും അവസരവാദവുമാണ് പ്രീതിപ്പെടുത്തുന്നത്.

1270. യമനറിയാതെ മരണമുണ്ടോ ?

ജീവൻ കൊണ്ടുപോകുന്നതു യമനാണെന്നു വിശ്വാസം. അപ്പോൾ യമനറിയാതെ മരണമില്ലല്ലോ. കാരണഭൂതൻ അറിയാതെ കാര്യം നടക്കുന്നില്ല.

1271. യാഗം ചെയ്യുമ്പോൾ കൈയും പൊള്ളും.

യാഗം പുണ്യ കർമ്മമാണ്. അതു കഴിക്കുമ്പോൾ (ഹോമം നടത്തുമ്പോൾ) കൈ അല്പം പൊള്ളിയെന്നിരിക്കും. സൽഫലമുളവാക്കുന്ന കർമ്മങ്ങൾ ചെയ്യുമ്പോൾ ചില ചില്ലറ ഉപദ്രവങ്ങളും ഉണ്ടായേക്കാം. അതു സഹിക്കണം, യാതൊരു ക്ലേശവും

ഉപദ്രവവും കൂടാതെ മഹൽ കർമ്മങ്ങൾ നിർവ്വഹിക്കാൻ കഴിയുകയില്ല.

1282. യൗവ്വനം മഹാവനം.

യൗവ്വന ദശയെ ഘോരവനമായി സങ്കല്പിച്ചിരിക്കുന്നു. ഘോരവനത്തിൽ സഞ്ചരിക്കുമ്പോൾ എന്നപോലെ യൗവ്വനത്തിലും വളരെ ശ്രദ്ധിച്ചു മുമ്പോട്ടു പോയില്ലെങ്കിൽ പല അപകടങ്ങളും പററാൻ സാദ്ധ്യതയുണ്ട്.

ര

1273. രക്ഷയുള്ളിടത്തു ശിക്ഷയുമുണ്ട്.

ഒരാളിൽ നിന്ന് രക്ഷ കിട്ടുമ്പോൾ ശിക്ഷയും കിട്ടാതിരിക്കയില്ല. രക്ഷിക്കുന്നവനു ശിക്ഷിക്കാനും അർഹതയുണ്ട്.

1274. രണ്ടുകൈ കൂട്ടിത്തല്ലിയാലേ ഒച്ച കേൾക്കൂ.

രണ്ടു കൂട്ടരും സഹകരിച്ചാലേ സംഗതി നടക്കൂ. (രണ്ടുപേരും മുന്നിട്ടിറങ്ങി പരസ്പരം കൂട്ടിമുട്ടിയാൽ ബഹളമാകും. ഒരാൾ ക്ഷമിച്ച് ഒഴിഞ്ഞു നിന്നാൽ സംഘട്ടനം ഒഴിവാക്കാം. എന്നും അർത്ഥം പറയാം.)

1275. രണ്ടു മരമായാൽ വനമാകയില്ല.

പല തരത്തിലും ഇനത്തിലുമുള്ളതും അനവധി വൃക്ഷങ്ങളും സസ്യങ്ങളും നിറയുമ്പോഴാണ് വനമാകുന്നത്. എത്ര കേമന്മാരായാലും ഏതാനും പേർ മാത്രം ചേർന്നാൽ ഒരു ജനസമൂഹമാകയില്ല. പല അഭിരുചികളും സ്വഭാവങ്ങളും മററുമുള്ള ഒട്ടു വളരെ പേർ ഒന്നിക്കുന്നതാണ് ഒരു സമൂഹം അല്ലെങ്കിൽ സമുദായം.

1276. രണ്ടും മൂന്നും തിരിയാത്തവൻ ആണ്ടവനാകാൻ തുനിയുന്നു!

സാമാന്യ ബുദ്ധിയും അറിവുമില്ലാത്തവൻ സർവ്വജ്ഞനെന്നു ഭാവിക്കുന്നു. ഭാവിച്ചതു കൊണ്ടു പ്രയോജനമൊന്നുമില്ല. ആരും അതു വകവച്ചു കൊടുക്കുകയില്ല. (അജ്ഞനും അല്പജ്ഞനും സർവ്വജ്ഞത്വം ഭാവിക്കുന്നത് ഇന്നു സാധാരണമാണ്.)

1277. രാഗമുള്ളിടത്തേ ദ്വേഷമുള്ളു.

സ്നേഹമുള്ളവരാണ് ശാസിക്കയും പിണങ്ങുകയും ചെയ്യുന്നത്. അവർ തങ്ങളുടെ പ്രിയപ്പെട്ടവർ നന്നാകണമെന്നാഗ്രഹിക്കുന്നു. ആ ആഗ്രഹമില്ലാത്തവർ പിണങ്ങുകയുമില്ല, വിരോധിക്കയുമില്ല.

1278. രാജാവ് അന്നറുക്കും; ദൈവം നിന്നറുക്കും.

രാജശിക്ഷ താല്ക്കാലികമാണ്. എന്നാൽ ദൈവശിക്ഷ എന്നന്നേക്കുമായിരിക്കും. അതിനാൽ രാജാവിനു പൊറുക്കാത്തതു ചെയ്താലും ദൈവം പൊറുക്കാത്തതു ചെയ്യരുത്.

1279. രാജാവിന്റെ നായിനെയും എറിഞ്ഞുകൂടാ.

വൻപന്മാരെ മാത്രമല്ല അവരുടെ ആശ്രിതരായ അല്പന്മാരെയും ബഹുമാനിക്കേണ്ടി വരുന്നു. ആശ്രിതനെപ്പേടിച്ചല്ല, യജമാനന്റെ ശക്തിയെപ്പേടിച്ച്.

1280. രാജാവില്ലാത്ത രാജ്യത്ത് കുടിയിരിപ്പാനാകാ.

കരുത്തനും സത്യസന്ധനുമായ ഭരണാധികാരിയാണ് രാജ്യവാസികളുടെ രക്ഷാകേന്ദ്രം. അതില്ലെങ്കിൽ അരാജകത്വം നടമാടും. ജനജീവിതം ദുസ്സഹമാകും.

1281. രാമൻ വാണാലും രാവണൻ വാണാലും തുല്യം.

രണാധികാരം ഒരു കൂട്ടരുടെ കൈയിൽ നിന്ന് മററൊരു കൂട്ടർക്കു ലഭിച്ചു എന്നുവച്ച് ജനങ്ങൾക്ക് ഒരു പ്രയോജനവുമില്ല. ജനക്ഷേമകരമായ പരിപാടികൾ നടപ്പിലാക്കുന്നുണ്ടോ എന്നതാണ് കാര്യം.

1282. രാമായണം മുഴുവൻ കേട്ടിട്ട് സീത രാമൻെറ ആരാണെന്നാണു ചോദ്യം.

യാതൊന്നും മനസ്സിലായിട്ടില്ല എന്നു സാരം. വെറുതെ സമയം കളഞ്ഞതു മിച്ചം.

1283. രാവിലത്തെ മാർജ്ജാരനാണ് പകലത്തെ പൂച്ച.

പേരിൽ മാത്രമേ വ്യത്യാസം വന്നിട്ടുള്ളു. സ്വഭാവവും പ്രവൃത്തിയും പഴയതു തന്നെ. കുറുക്കൻ, ജംബുകൻ എന്നു പേരു മാററിയതുകൊണ്ട് എന്തു വ്യത്യാസം വരുന്നു?

1284. രോഗിക്കു നെയ്യ് വിഷം; പാവങ്ങൾക്കു സൗന്ദര്യം വിഷം.

രോഗി നെയ്യ് കഴിച്ചാൽ രോഗം വർദ്ധിക്കും, നെയ്യ് നല്ലതാണ്, പക്ഷെ, രോഗിയെ സംബന്ധിച്ചിടത്തോളം രോഗ വർദ്ധനയ്ക്കേ ഉതകൂ. പാവപ്പെട്ടവർ അതിസുന്ദരികളോ സുന്ദരന്മാരോ ആയാൽ പല അനർത്ഥങ്ങൾക്കും കാരണമാകുന്നു.

1285. രോഗിക്കു വൈദ്യൻ; പാപിക്കു ദൈവം.

രോഗിയെ രക്ഷപെടുത്താൻ വൈദ്യനു കഴിഞ്ഞേക്കാം. പാപിയെ രക്ഷിക്കാൻ ദൈവം തന്നെ വേണം.

1286. രോമം കൊഴിഞ്ഞാൽ ഭാരം കുറയുമോ?

വലിയ ചുമടിൽ നിന്ന് നിസ്സാരമായ ഒരംശം എടുത്തു കളഞ്ഞതു കൊണ്ട് ചുമടിൻെറ ഭാരം കുറയുകയില്ലല്ലോ. അനേകായിരം ആളുകൾ പങ്കെടുക്കുന്ന ഒരു വിരുന്നു സല്ക്കാരത്തിൽ ഒരാളെ ഒഴിവാക്കുന്നതു കൊണ്ട് ലാഭം വരുമോ?

ല

1287. ലക്ഷം പേരിൽ ലക്ഷണമൊത്തത് ഒന്നോ രണ്ടോ.

എല്ലാ സദ്ഗുണങ്ങളും തികഞ്ഞവർ അത്യപൂർവ്വം. എന്തെങ്കിലും കുറവും കുററവുമില്ലാത്തവർ ആരുമില്ല അഥവാ വളരെ വളരെക്കുറച്ചു മാത്രം.

1288. ലുബ്ധന്റെ മകൻ ധാരാളി.

അത്യാഗ്രഹി പല വഴികളിൽ കൂടിയും ധനം സമ്പാദിക്കുന്നു. ആവശ്യത്തിനു പോലും ചെലവാക്കാതെ കൂട്ടി വയ്ക്കുന്നു. അയാളുടെ മകനാകട്ടെ, ആ ധനമെല്ലാം അല്പകാലം കൊണ്ടു ധൂർത്തടിക്കുന്നു.

1289. ലോകരെല്ലാം ചത്താൽ ശോകം ചെയ്‌വാനാര് ?

മരിച്ചവരെക്കുറിച്ചു ദുഃഖിക്കാൻ ഒരുത്തരും കാണുകയില്ലല്ലോ. കാരണം, എല്ലാവരും മരിച്ചു. ജനങ്ങൾക്കു ദുഃഖമോ ദുരിതമോ സന്തോഷമോ എന്തു വന്നാലും അതേപ്പററിപ്പറയാനും സഹതപിക്കാനും അനുമോദിക്കാനും കുറച്ചു പേരെങ്കിലും വേണം. എല്ലാവരും ഒരേ സ്ഥിതിയിലാകുന്നത് ആശാസ്യമല്ല.

1290. ലോകർക്കെല്ലാം ഭ്രാന്തു പിടിച്ചപ്പോൾ എന്നെപ്പിടിച്ചു തടിയിലിട്ടു.

ഇതാണ് ഭ്രാന്തന്റെ മനോഭാവം. ബാക്കിയുള്ളവർക്കെല്ലാം ഭ്രാന്താണ്. അതാണ് എന്നെ അവർ പൂട്ടിയിട്ടിരിക്കുന്നത് തന്റെ കുററമല്ല, മററുള്ളവരുടെ കുററം കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നു കരുതുന്നത് ഒരുതരം ഭ്രാന്തു തന്നെയാണല്ലോ.

1291. ലോഭം ദുഃഖകാരണം.

എല്ലാ ദുഃഖത്തിനും കാരണം അത്യാഗ്രഹം (അടങ്ങാത്ത ദുര) തന്നെയാണ്. ആഗ്രഹ സാധ്യത്തി

നായി എപ്പോഴും ക്ലേശിക്കുക, എന്തു ദുഷ്കർമ്മവും ചെയ്യുക, അതിൻെറ ഫലമോ? സദാ അസ്വസ്ഥതയും അശാന്തിയും മനോവ്യഥയും!

വ

1292. വകയ്ക്കു തക്കവണ്ണമേ വാ തുറക്കാവൂ.

തൻെറ സ്ഥിതിക്കനുസരിച്ചേ സംസാരിക്കാവൂ. തൻെറ ആസ്തിയെന്തെന്നറിയാതെ വാഗ്ദാനം ചെയ്യരുത്.

1293. വജ്രം മുറിക്കാൻ വജ്രം തന്നെ വേണം.

ശക്തനെ നേരിടാൻ ശക്തനു മാത്രമേ കഴിയൂ.

1294. വഞ്ചി പിന്നെയും തിരുനക്കരെത്തന്നെ.

എന്തെല്ലാം ചെയ്തിട്ടും, എത്രയൊക്കെ ശ്രമിച്ചിട്ടും പഴയ സ്ഥിതിയിൽ നിന്നും ഒട്ടും മുൻപോട്ടു പോയിട്ടില്ല.

(തിരുനക്കരെയുള്ള തോട്ടിൽ ഒരു വഞ്ചി പൂട്ടിയിട്ടിരുന്നു. മദ്യപിച്ചു ബോധമില്ലാതായ രണ്ടു പേർ വഞ്ചിയിൽക്കയറി ശക്തിയായി തുഴയാൻ തുടങ്ങി. പൂട്ടു തുറക്കണമെന്ന കാര്യം അവർ ഓർത്തില്ല. നേരം വെളുക്കും വരെ ആഞ്ഞു തുഴഞ്ഞു. അപ്പോഴാണ് അവർക്കു മനസ്സിലായത് 'വഞ്ചി പിന്നെയും തിരുനക്കരെത്തന്നെ'യെന്ന്.

1295. വടി കൊടുത്ത് അടി വാങ്ങരുത്.

കാരണമുണ്ടാക്കുകയും ആയുധം കൊടുക്കുകയും ചെയ്തിട്ട് ആക്രമണത്തിന് (ദണ്ഡനത്തിന്) ഇടയാക്കരുത്.

1296. വട്ടി മുറത്തെ കുററം പറയും.

പാററിയത് (പേററിയത്) ശരിയായിട്ടില്ലെന്നു വട്ടി മുറത്തെ കുററപ്പെടുത്തും. മുറം, വാരിയ

തൊത്തില്ലെന്നു വട്ടിയെയും കുററം പറയും. പരസ്പരം കുററപ്പെടുത്തുന്ന സ്വഭാവം.

1297. വണ്ടിക്കാളയ്ക്കു പുല്ലില്ല, പിന്നെയാ ഞൊണ്ടിക്കാളയ്ക്കു്.

ജോലി ചെയ്യുന്നവർക്കു കൊടുക്കാൻ തന്നെയൊന്നുമില്ല. പിന്നെയാണ് ജോലിക്കു കൊള്ളരുതാത്തവർക്കു കൊടുക്കുന്നത്. പ്രയോജനമുള്ള കാര്യത്തിനു ചെലവാക്കാൻ ഇല്ല. പിന്നെയെങ്ങനെ പ്രയോജനമില്ലാത്തതിനു ചെലവാക്കും?

1298. വണ്ടിച്ചക്രവും വക്കീലും മെഴുക്കിട്ടേ തിരിയൂ.

വണ്ടിച്ചക്രം ശരിക്കു തിരിയണമെങ്കിൽ എണ്ണയിടണം. വക്കീൽ വേണ്ടപോലെ കേസു നടത്തണമെങ്കിൽ ധാരാളം പണം കൊടുക്കണം.

1299. വനമുള്ളിടത്ത് അഗ്നി.

കാടുണ്ടെങ്കിൽ കാട്ടുതീയുമുണ്ട്. ഓരോ വസ്തുവിനെയും നശിപ്പിക്കുന്ന മററൊരു വസ്തു എങ്ങനെയെങ്കിലും ഉണ്ടായിക്കൊള്ളും.

1300. വന്നതു വരവ്, ചെന്നതു ചെലവ്.

വരവെത്ര, ചെലവെത്ര എന്നറിയാതെ തോന്നിയപോലെ ധൂർത്തടിക്കുന്ന സ്വഭാവം.

1301. വന്ന വെള്ളം നിന്ന വെള്ളവും കൊണ്ടുപോയി

വരവുണ്ടായി. അതെല്ലാം നഷ്ടപ്പെട്ടു. മാത്രമല്ല, കരുതലായി വച്ചിരുന്നതും കൂടി നഷ്ടപ്പെട്ടു. മലവെള്ളം വരുമ്പോൾ, ജലാശയത്തിൽ കിടക്കുന്ന വെള്ളത്തെയും കൂടി ഒഴുക്കിക്കൊണ്ടു പോകുന്നു.

1302. വന്ന വെള്ളം പോകും, നിന്ന വെള്ളം നിൽക്കും.

പെട്ടെന്നുണ്ടായ ധനവും പ്രതാപവും മററും നശിക്കും. പക്ഷെ, സ്ഥിരമായി ഉണ്ടായിരുന്നതു നിലനിൽക്കുന്നു.

1303. വമ്പനു കൊമ്പു വേണ്ടാ.

കൊമ്പ് മൃഗങ്ങൾക്ക് ആകർഷണീയത വർദ്ധിപ്പിക്കും. ആളുകൾ കൊമ്പു കണ്ട് ഭയപ്പെടുകയും ചെയ്യും. എന്നാൽ പ്രത്യേക മോടികൾ ഇല്ലാതെ തന്നെ ആളുകളുടെ ബഹുമാനാദരങ്ങൾ ആർജ്ജിക്കാൻ യഥാർത്ഥ മഹത്വമുള്ളവർക്കു കഴിയുന്നു.

1304. വമ്പന്റെ പിൻപും കൊമ്പന്റെ മുമ്പും.

രണ്ടും പ്രയാസം. ഒരു വമ്പനു ശേഷം അവരെപ്പോലെ ശോഭിക്കാൻ സാധാരണക്കാർക്കു കഴിയുകയില്ല. കൊമ്പനാനയുടെ മുമ്പിൽ നിൽക്കുന്നതും പ്രയാസമുള്ള കാര്യമാണ്.

1305. വയറു കീറി കുടലെടുത്തു കാണിച്ചാലും വാഴനാരെന്നു പറയും.

എത്ര ആത്മാർത്ഥതയോടെ സത്യസന്ധമായി പ്രവർത്തിച്ചാലും ചിലർ അതു വിശ്വസിക്കയില്ല.

1306. വയറു ജയിച്ചാൽ ഉലകം ജയിക്കാം.

ഇവിടെ 'വയർ' എന്നതിന് ലൗകികമായ ആവശ്യങ്ങൾ എന്നാണർത്ഥം. ആവശ്യങ്ങളെ നിയന്ത്രിക്കാൻ കഴിയുന്നവന് മറ്റെല്ലാം സാധിക്കാം. ഭോഗങ്ങളിലുള്ള ആസക്തിയെ നിയന്ത്രിക്കുന്നവന് എല്ലാ വിജയങ്ങളും ഉണ്ടാകുന്നു.

1307. വയറു നിറഞ്ഞാൽ വാഴച്ചോട്ടിലും കിടക്കാം.

വിശപ്പാണ് ജീവികളെ സംബന്ധിച്ച് ഏറ്റവും പ്രധാനം. വിശപ്പു ശമിച്ചാൽ എങ്ങനെ വേണമെങ്കിലും കഴിയാം.

1308. വയററിനേം കെട്ടി, വായേം കെട്ടി ജീവിക്കാനൊക്കുമോ ?

ആഹാരാദി പ്രാഥമികമായ ശാരീരികാവശ്യങ്ങൾ നിറവേററാതിരിക്കാൻ സാധ്യമല്ല. മനുഷ്യൻ അതുകൊണ്ടു മാത്രം തൃപ്തനല്ല. അവനു സംസാരിക്കയും വേണം. ശാരീരികാവശ്യങ്ങൾ നിറ

പേററാതെ, സംഭാഷണ (അഭിപ്രായ) സ്വാതന്ത്ര്യ മില്ലാതെ മനുഷ്യനു ജീവിതം സാധ്യമല്ല.

1309. വരവഞ്ച്, പോക്കഞ്ച്, തേപ്പഞ്ച്, ഇരുപ്പഞ്ച്, ഊണഞ്ച്, മുറുക്കഞ്ച്. പിന്നെ സമയമെവിടെ ?

മരപ്പണിക്കാരുടെ (ആശാരി) സ്വഭാവമാണ്. വരാൻ അഞ്ചു നാഴിക, പോകാൻ അഞ്ചു നാഴിക. ഉളി തേക്കാനും അല്പമൊന്നിരിക്കാനും ഉണ്ണാനും മുറുക്കാനും അയ്യഞ്ചു നാഴിക വീതം. അങ്ങനെ പകൽ മുപ്പതു നാഴികയും കഴിഞ്ഞു. പിന്നെ 'പണിക്ക്' സമയവുമില്ല. ഉള്ള സമയമെല്ലാം ഓരോ ഒരുക്കത്തിനായി ചെലവിട്ടിട്ട് ആവശ്യമുള്ള ജോലിക്കു സമയം കിട്ടാതെ വരുന്നു. അത്തരക്കാരെ പരാമർശിച്ചാണ് ഈ പഴഞ്ചൊല്ല്.

1310. വരാനുള്ളതു വഴിയിൽ തങ്ങുമോ ?

സംഭവിക്കേണ്ടതു സംഭവിക്കുക തന്നെ ചെയ്യും. വിധിയെ തടുക്കാൻ ആർക്കും കഴിയുകയില്ല.

1311. വരാഹൻ കൈയിലുണ്ടെങ്കിൽ ജരാനര വിഭൂഷണം.

വരാഹൻ ഒരു പ്രാചീന സ്വർണ്ണ നാണയമാണ്. ധനമുണ്ടെങ്കിൽ ഏതു ന്യൂനതയും മേന്മയായി കരുതപ്പെടുന്നു.

1312. വലത്തു കൈ കൊടുക്കുന്നത് ഇടത്തു കൈ അറിയരുത്.

ദാനം ചെയ്യുന്നത് മററാരെയും അറിയിക്കേണ്ട കാര്യമില്ല. (പരസ്യത്തിനു വേണ്ടിയും പ്രശസ്തിക്കു വേണ്ടിയുമാണല്ലോ ഇന്ന് ധനവാന്മാർ 'ദാനം' [സംഭാവന] നൽകുന്നത്.

1313. വലിയ മത്സ്യത്തിനെക്കാണുമ്പോഴാം കൊക്ക് കണ്ണടയ്ക്കും.

ചെറിയ ഇരകളെ കൊക്കിലാക്കാൻ കൊക്കിനു സാധ്യമാണ്. വലുതിനെ പിടിച്ചു തിന്നാൻ സാധിക്കില്ലെന്നതിനറിയാം — അതിനാൽ കണ്ണടയ്ക്കുന്നു. കൊക്കിലൊതുങ്ങാത്തത്' ഉപേക്ഷിക്കുക ബുദ്ധിമാന്മാരുടെ സ്വഭാവമാണ്.

1314. വലിയോൻെറ പൊന്ന് എടുക്കാൻ എളിയോൻെറ ചാര വേണം.

വലിയവനു വലിയ കാര്യം സാധിക്കാൻ പാവപ്പെട്ടവൻെറ തുഛമമായ സഹായം കൂടിയേ തീരൂ.

1315. വല്ലഭനു പുല്ലുമായുധം.

വൈദഗ്ധ്യമുള്ളവൻ ഏതായുധം കൊണ്ടും അങ്കം വെട്ടും. പ്രയോഗിക്കുന്നതിലുള്ള നൈപുണ്യമാണ് പ്രധാനം, ആയുധത്തിൻെറ വലിപ്പമോ വിലയോ അല്ല.

1316. വല്ലവരം വച്ചാലും നല്ലവരം വിളമ്പണം.

ആഹാരം പാകപ്പെടുത്തിയെടുക്കുന്നതിനെക്കാൾ പ്രധാനമാണ് അത് ഭംഗിയായും ആദരവോടെയും കൊടുക്കുന്നത്.

1317. വല്ലി കിട്ടുന്നതു വരെ വേലി നിൽക്കണം.

കൂലി കിട്ടുംവരെ വേലി നിൽക്കണമെന്നേ വേലി കെട്ടിയവർക്കു വിചാരമുള്ളു. പിന്നെ അതു പൊളിഞ്ഞു പോയാൽ അവർക്കെന്ത്? ആത്മാർത്ഥതയില്ലാതെ, കൂലിക്കു വേണ്ടി മാത്രം പണിയെടുക്കുന്ന തൊഴിലാളികളുടെ സ്വഭാവം.

1318. വളഞ്ഞു വിളഞ്ഞതു നിവർന്നു വരികയില്ല.

ചെറുപ്പത്തിലേ ദുർമ്മാർഗ്ഗങ്ങളിലും വക്രതയിലും ഏർപ്പെട്ടു ജീവിച്ചവൻ പിൽക്കാലത്തു നന്നാകും എന്നു വിചാരിക്കേണ്ടതില്ല.

1319. വളയം കൂടാതെ ചാടുക.

അഭ്യാസി, താൻ ചാടുന്ന വളയത്തിൻെറ വിസ്താരം ചുരുക്കിച്ചുരുക്കി, വളരെ ചെറിയ വളയത്തിൽ കൂടി ചാടി. അതു കണ്ട ഒരാൾ പറഞ്ഞതാണ് 'ഞാൻ വളയം കൂടാതെ ചാടാം' എന്നു്.

1320. വളയ്ക്കുകയേ ആകാവൂ, ഒടിക്കരുത്.

അല്പമൊക്കെ ക്ലേശിപ്പിക്കയേ ആകാവൂ, നശിപ്പിക്കരുത്. ഒരു കമ്പോ വടിയോ വളച്ചാൽ അതിന് അല്പം കേടു പററുമെന്നേയുള്ളു. ഒടിച്ചാൽ പിന്നെ ഒന്നിനും കൊള്ളുകയില്ല.

1321. വള്ളക്കൂലിയും കൊടുത്തിട്ട് കരവഴി നടക്കണോ?

സൗകര്യത്തിനുവേണ്ടി വേണ്ടത്ര ചെലവാക്കിയിട്ട് അസൗകര്യവും ക്ലേശവും അനുഭവിക്കേണ്ടതില്ലല്ലോ.

1322. വള്ളത്തിൽ സ്ഥലമില്ലെങ്കിൽ വല്യമ്മ വെള്ളത്തിൽ.

ആരെയെങ്കിലും ഒഴിവാക്കിയേ പററൂ എന്നു വരുമ്പോൾ വല്യമ്മയെത്തന്നെ ഒഴിവാക്കുന്നു. ഉപയോഗശൂന്യമായതിനെയാണ് ഉപേക്ഷിക്കുന്നത്.

1323. വഴിനടവാക്ക് വാഹനം പോലെയാണ്.

യാത്രയ്ക്കിടയിൽ സംസാരിക്കാനാളുണ്ടെങ്കിൽ യാത്രാക്ലേശം അനുഭവപ്പെടുകയില്ല. വാഹനത്തിൽ സഞ്ചരിക്കുന്നതുപോലെ സുഖവും വേഗവും തോന്നും.

1324. വഴിയമ്പലത്തിൽ പൊതിയഴിക്കരുത്.

ധാരാളം വഴിയാത്രക്കാർ അവിടെ കാണും. അവർക്കുമൊക്കെ കൊടുക്കേണ്ടിവരും. ഒടുക്കം പൊതിയുടെ ഉടമസ്ഥന് കഴിക്കാൻ ഒന്നും കാണുകയില്ല.

1325. വഴിയിൽ കിടന്ന തേങ്ങാ പിള്ളയാർക്കു്.

വെറുതെ കിട്ടിയതുകൊണ്ടു് വഴിപാടു നടത്തുക. വഴിപാടു നടത്തുകയുമായി, കൈനഷ്ടമൊന്നുമില്ലതാനും. (പിള്ളയാർ=ഗണപതി.)

1326. വഴിയേ പോയ വയ്യാവേലി.

യാതൊരാവശ്യവുമില്ലാതെ, ശല്യവും ബദ്ധപ്പാടും ഭാരവും ഉണ്ടാക്കി വയ്ക്കുക.

1327. വറുക്കുംമുമ്പേ കൊറിക്കാൻ മോഹം.

പാകമാകുന്നതിനു മുമ്പ് അനുഭവിക്കാൻ മോഹം: അല്പംപോലും ക്ഷമയില്ല. പാകമാകും മുമ്പ് അനുഭവിച്ചാൽ രുചിയോ ഗുണമോ കാണുകയില്ല.

1328. വാ കീറിയ ദൈവം ഇരയും കല്പിച്ചിട്ടുണ്ടു്.

പ്രത്യേകിച്ച് ആരും ഒന്നും ശ്രദ്ധിച്ചില്ലെങ്കിലും ജനിച്ചതു് ജീവിച്ചുകൊള്ളും, (പറയി പെററ പന്തിരുകുലം–വായില്ലാക്കുന്നിലപ്പൻെറ കഥയെ അടിസ്ഥാനമാക്കിയാണ് ഈ പഴഞ്ചൊല്ല്.)

1329. വാക്കിനു മീതെ വാക്കും കുഴിച്ചതിനു മേലേ മണ്ണും കാണും.

എത്ര കുഴിച്ചാലും പിന്നെയും മണ്ണു കാണും. എത്ര പറഞ്ഞാലും അതിനു മീതെ പിന്നെയും പറയാൻ കാണും. അവസാന വാക്ക് എന്നൊന്നില്ലെന്നു സൂചന.

1330. വാക്കിൽ തോററവനും മൂക്കിൽ പോയവനും ഇല്ല.

എന്തു പറഞ്ഞാലും അതിനു മറുപടി പറയാൻ ആർക്കും കഴിയും. വാക്കുകൊണ്ടു തോല്പിക്കാൻ കഴികയില്ല. ഒരാളിൻെറ മൂക്കിൽ മററൊരാൾ പോകുകയില്ലല്ലോ.

1331. വാക്കിൽ പിഴവും നെല്ലിൽ പതിരും കാണും.

സംസാരിക്കുമ്പോൾ നിരർത്ഥകമായ വാക്കുകളും അതിൽ കടന്നുകൂടാറുണ്ട്. നെല്ലാണെങ്കിൽ അതിൽ ഒരു പതിരെങ്കിലും കാണാതിരിക്കയില്ല.

1332. വാക്കൊളിക്കാം, നോക്കൊളിക്കാൻ വയ്യാ.

എന്തെങ്കിലും ഒരു കാര്യം, പറയാതെ ഉള്ളിൽ ഒതുക്കിവയ്ക്കാം. പക്ഷെ, മുഖത്തെ ഭാവം മറയ്ക്കാൻ കഴിയുകയില്ല. വിചാരം മുഖത്തു പ്രതിഫലിക്കുന്നു.

1333. വാ ചക്കര, കൈ കൊക്കര.

മധുരമായി സംസാരിക്കും. പക്ഷേ, സഹായകരമായി പ്രവർത്തിക്കുകയില്ല.

1334. വാടിയ പൂ ചൂടിയാലും ചൂടിയ പൂ ചൂടരുത്.

പഴകിയതോ ഭംഗി കുറഞ്ഞതോ ആയ വസ്തു ഉപയോഗിക്കാം, വേറെയില്ലെങ്കിൽ. പക്ഷെ, മററുള്ളവർ ഉപയോഗിച്ചത് ഉപയോഗിക്കരുത്.

1335. വാണിയനു കൊടുക്കാഞ്ഞാൽ വൈദ്യനു കൊടുക്കും.

വാണിയനു പണം കൊടുത്ത് എണ്ണ വാങ്ങി തേച്ചു കുളിച്ച് ശരീരരക്ഷ ചെയ്യാത്തവർ രോഗികളാകുകയും, ചികിത്സയ്ക്കു വേണ്ടി പണം ചെലവാക്കുകയും വേണ്ടി വരും. വേണ്ടതിനു ചെലവാക്കാൻ മടിക്കുന്നു. പിന്നീട് വേണ്ടതിലധികം ചെലവാക്കേണ്ടിയും വരുന്നു. (ആശാനു കൊടുക്കാത്തത് വൈദ്യന് എന്നുണ്ടല്ലോ.)

1336. വാണം പോലെ പൊങ്ങി; വടിപോലെ വീണു.

അതിവേഗത്തിൽ ഉയർച്ച (അഭിവൃദ്ധി)യുണ്ടായി. അതുപോലെ താഴ്ചയും (അധഃപതനവും) ഉണ്ടായി.

1337. വായിൽ തേനുള്ള ഈച്ചയ്ക്ക് വാലിൽ മുള്ളുണ്ട്.

മധുരമായി സംസാരിക്കയും ഹൃദ്യമായി പെരുമാറുകയും ചെയ്യുന്ന കൂട്ടർ എപ്പോഴാണ് കുത്തു

ന്നത് (ഉപദ്രവിക്കുന്നത്) എന്നറിയില്ല. ഇക്കാര്യം ഓർത്തുകൊണ്ടു വേണം ഇങ്ങനെയുള്ളവരോട് ഇടപെടുവാൻ.

1338. വായിൽ തോന്നിയത് കോതയ്ക്കു പാട്ട്.

ആലോചനയോ വിവേകമോ കൂടാതെ എന്തും പറയുന്ന വിഡ്ഢികളുടെ സമ്പ്രദായം.

1339. വായിൽ വീണ തേൻ കുടിക്കാതിരിക്കുമോ?

പ്രയാസം കൂടാതെ, വളരെ സൗകര്യമായി കിട്ടിയത്, വളരെ രുചികരമായത്, ആസ്വദിക്കാൻ ആരാണു മടിക്കുന്നത്!

1340. വായുള്ള പിള്ളയ്ക്കേ പാലുള്ളൂ.

കരയുന്ന കുഞ്ഞിനേ പാലുള്ളൂ.

1341. വായ്ക്കരിക്കു വകയുണ്ടെങ്കിൽ നമ്പീടി നാടുനീങ്ങുമോ?

മരിച്ചു. സംസ്കാരക്രിയയ്ക്കു വേണ്ടതായ അൽപ്പം ഉണക്കലരിപോലും അവിടെയുണ്ടായിരുന്നില്ല. മരിച്ച നമ്പിടിയുടെ ഭാര്യ പറഞ്ഞതാണ് മേൽപ്പറഞ്ഞ വാക്യം. നമ്പീടി കുടുംബത്തിൻെറ കടുത്ത ദാരിദ്ര്യമാണ് സൂചന.

1342. വായ് വാഴപ്പഴം; കൈയ് കാട്ടുചേന.

വാഴപ്പഴത്തിന് ആസ്വാദ്യമായ രുചി. കാട്ടുചേനയ്ക്ക് ചൊറിച്ചിൽ. സംസാരം വളരെ ആസ്വാദ്യം. ചെയ്യുന്നതെല്ലാം അസഹ്യം.

1343. വാര്യർ അറിയാത്ത ബലിക്കല്ലുണ്ട്.

ക്ഷേത്രങ്ങളിലെ ബലിക്കല്ലുകൾ കഴുകി വൃത്തിയാക്കിയിടുന്ന ജോലി വാര്യർക്കാണ്. നിത്യപരിചയംകൊണ്ട് അവ എവിടെയൊക്കെയാണെന്ന് അയാൾക്ക് നല്ല നിശ്ചയമുണ്ട്. എല്ലാ തൊഴിലിലും നിശ്ചയവും പരിചയവും ഉള്ളവരുടെ സ്ഥിതി ഇതു തന്നെ.

1344. വാലു് കിളത്തുമ്പോളറിയാം, ചാണകമിടാനാണെന്നു്.

ഒരുത്തൻെറ ഒരുക്കവും ഭാവവും കണ്ടാൽ അവൻ ചെയ്യാൻ പോകുന്നതെന്തെന്നു് മനസ്സിലാക്കാം.

1345. വാളെടുത്തവൻ വെളിച്ചപ്പാടു്

വെളിച്ചപ്പാടാകാൻ വാളെടുത്താൽ മാത്രം പോരാ, മററു ചില യോഗ്യതകളും വേണം. വാളെടുക്കുക മാത്രം ചെയ്തു് വെളിച്ചപ്പാടു ചമയുന്നവരെ സൂചിപ്പിക്കുന്നതു്.

1346. വാളെടുത്തവൻ വാളാൽ നശിക്കും.

മററുള്ളവരുടെ നേരേ ഏതായുധം പ്രയോഗിച്ചോ അതുതന്നെ തൻെറയും അന്ത്യത്തിനു കാരണമാകുന്നു.

1347. വാഴ്ത്തിപ്പറഞ്ഞാൽ വീർക്കും: താഴ്ത്തിപ്പറഞ്ഞാൽ നേർക്കും.

സ്തുതിവചനങ്ങൾ കേട്ടു് അഹങ്കരിക്കയും ദോഷം പറഞ്ഞാൽ കോപിക്കയും ചെയ്യുന്ന സ്വഭാവം.

1348. വിട്ടുകഴിഞ്ഞ പട്ടവും കുട്ടിയും സമം.

കൈവിട്ടു പോയാൽ പട്ടം എങ്ങോട്ടെങ്കിലും പോകും. നിയന്ത്രണം വിട്ടാൽ കുട്ടികൾ വഴിതെററിപ്പോകും. രണ്ടിൻെറയും പിടി വിടരുതു്.

1349. വിതച്ചതേ കൊയ്യൂ.

പ്രവർത്തിച്ചതിനനുസരിച്ചുള്ള ഫലമേ ലഭിക്കയുള്ളു. കർമ്മത്തിൻെറ ഫലമാണനുഭവിക്കുന്നതു്. ദുഷ്കർമ്മങ്ങളിൽനിന്നു് സൽഫലം ഉണ്ടാകയില്ല. നേരേ മറിച്ചും.

1350. വിത്തു ഗുണം പത്തു ഗുണം.

മികച്ച തരം വിത്തിനു് പത്തിരട്ടി വിളവുണ്ടാകുന്നു. പൈതൃകത്തിൻെറ പ്രാധാന്യം സൂചിപ്പിക്കുന്നു.

1351. വിത്തു വിററു വിരുന്നൂട്ടരുത്.

ഭാവിയിലേക്ക് കരുതി വച്ചിരിക്കുന്നത് ചെലവാക്കി സൽക്കാരവും ആഘോഷവും നടത്തുന്നത് ബുദ്ധിശൂന്യതയാണ്.

1352. വിത്തെടുത്തു കുത്തരുത്.

നെല്ലില്ലാതെ വന്നാലും കൃഷിക്കാരൻ വിത്ത് കുത്തി ഉണ്ണുകയില്ല. അങ്ങനെ ചെയ്താൽ അടുത്ത കൃഷി മുടങ്ങും. വളരെക്കാലം ദാരിദ്ര്യം അനുഭവിക്കേണ്ടതായും വരും.

1353. വിദ്യയുള്ളവന് വിത്തം വേണോ ?

വിദ്യാധനം സർവ്വധനാൽ പ്രധാനം.

''വിത്തമെന്തിനു മർത്ത്യർക്കു
വിദ്യ കൈവശമാവുകിൽ.
വെണ്ണയുണ്ടെങ്കിൽ നറുനെയ്
വേറിട്ടു കരുതേണമോ?''

1354. വിധിയില്ലാത്തവൻെറ കഞ്ഞി കടവായിൽക്കൂടി ഒഴുകും.

വായിൽച്ചെന്നാലും വയററിൽ ചെല്ലുകയില്ല. സമ്പാദിച്ചാലും അനുഭവിക്കാൻ യോഗമില്ലാത്തവൻെറ സ്ഥിതി.

1355. വിനാശകാലേ വിപരീത ബുദ്ധി.

നിശകാലത്ത് ദുർബുദ്ധികളൊക്കെ തോന്നും. (നല്ല കാലത്ത് നല്ല ബുദ്ധിയും തോന്നും.)

1356. വിരണ്ടവൻ കണ്ണിന് ഇരുണ്ടതെല്ലാം പേയ്.

പിശാചിനെപ്പേടിച്ച് പരിഭ്രമിച്ചവന് കറുത്തു കാണുന്നതെല്ലാം പിശാചാണെന്ന് തോന്നും. ഭയന്നിരിക്കുന്നവന് എല്ലാം ആപത്തായിട്ടു തോന്നും.

1357. വിരൽ കൊടുത്താൽ കൈ വിഴുങ്ങും.

അല്പം സൗജന്യമോ ഔദാര്യമോ കാണിച്ചാൽ മുഴുവൻ തട്ടിയെടുക്കും.

1358. വിരൽ വയ്ക്കാനിടം കൊടുത്താൽ പിന്നവിടെ ഉരൽ വയ്ക്കും.

കുതിര ഒട്ടകത്തിനു സ്ഥലം കൊടുത്തതുപോലെ. ഒടുക്കം ഒട്ടകം കുതിരയെ പുറന്തള്ളി.

1359. വിരുന്നു വന്നവൻ പെണ്ണിനു മാപ്പിള.

വെറുതെ വന്നു കേറിയവൻ അടുത്ത ചാർച്ചക്കാരനായിത്തീർന്നു.

1360. വില്ക്കാമാട്ടിനു കൊള്ളാവില.

വില്ക്കാൻ ഉദ്ദേശമില്ല. അപ്പോൾ അപ്പിന്നെ ഒരിക്കലും കിട്ടാത്ത വില ചോദിക്കാമല്ലോ.

1361. വിശക്കാതിരിക്കാൻ വരം തരാം, പഴങ്കഞ്ഞിയുണ്ടെങ്കിൽ തന്നാട്ടെ.

സമ്പത്തും ആരോഗ്യവും ഐശ്വര്യവും ഉണ്ടാകാൻ അനുഗ്രഹിക്കുന്നവൻ കടുത്ത ദാരിദ്ര്യത്തിലും ബുദ്ധിമുട്ടിലുമാണ്. തനിക്കില്ലാത്തത് എങ്ങനെ മററുള്ളവർക്ക് എങ്ങനെ കൊടുക്കും?

1362. വിശക്കാൻ തക്കത് ഉണ്ണണം; മറക്കാൻ തക്കതു പറയണം.

അമിത ഭക്ഷണം പാടില്ല. മറക്കാൻ കഴിയാത്ത, മനസ്സിനെ എന്നും വേദനിപ്പിക്കുന്ന വാക്കു പറയരുത്.

1363. വിശക്കുമ്പോൾ ഇല്ലാത്ത ചോറെന്തിന്?

ആവശ്യത്തിനുപകരിക്കാത്ത വസ്തു എന്തിന്? വിശക്കുമ്പോഴാണ് ചോറു കിട്ടേണ്ടത്.

1364. വിശപ്പിനു കറി വേണ്ടാ; ഉറക്കത്തിനു പായ് വേണ്ടാ.

നല്ല വിശപ്പുള്ളവൻ കറിയൊന്നുമില്ലെങ്കിലും സ്വാദോടെ ഭക്ഷിക്കുന്നു. (വിശപ്പാണ് ഏററവും

നല്ല കറി.) നല്ലപോലെ ഉറക്കം വരുന്നവന് സുഖകരമായ കിടക്കയൊന്നും വേണമെന്നില്ല.

1365. വിശപ്പിനൊത്ത കറിയില്ല.

വിശപ്പുണ്ടെങ്കിൽ ഉപ്പും വേണ്ടാ.

1366. വിഷത്തിനു മരുന്നു വിഷം(വിഷത്തിനു വിഷം മരുന്ന്.)

ദുഷ്ടനെ നശിപ്പിക്കാൻ മറ്റൊരു ദുഷ്ടൻ. മുള്ളു കൊണ്ടു മുള്ളെടുക്കുന്ന സമ്പ്രദായം. (ചില രോഗങ്ങൾ ശമിപ്പിക്കാൻ ചിലതരം വിഷങ്ങൾ ഔഷധമായി ഉപയോഗിക്കുന്നു. വിഷൗഷധന്യായം.)

1367. വിളഞ്ഞ കതിർ വളയും.

സജ്ജനങ്ങൾക്കു ധനവും വിദ്യയുമുണ്ടായാൽ അവർ വിനയവാന്മാരാകും. ഫലഭാരം കൊണ്ട് തരുക്കളും ജലഭാരം കൊണ്ട് മേഘങ്ങളും നമിക്കുന്നു. പക്വതയുടെ അടയാളമാണ് താഴ്മ.

1368. വിളിച്ചുണർത്തി അത്താഴമില്ലെന്നു പറയുക.

ആവശ്യമുണ്ടോ, എന്താണാവശ്യം എന്നൊക്കെ അന്വേഷിച്ച്, ആശ കൊടുത്തിട്ട് ഒന്നും കൊടുക്കാതിരിക്കുന്ന സ്വഭാവം. (അത്താഴപ്പട്ടിണിക്കാരുണ്ടോ എന്ന് വിളിച്ചു ചോദിക്കും. ഉണ്ട് എന്നു പറഞ്ഞ് ആരെങ്കിലും ആഹാരമാഗ്രഹിച്ച് എഴുന്നേററു വരും. അപ്പോൾ 'ഇല്ല, കിടന്നുറങ്ങിക്കോളിൻ' എന്നു പറയുകയും ചെയ്യും.)

1369. വിളിക്കാതെ ചെന്നാൽ ഉണ്ണാതെ പോരാം.

ആവശ്യപ്പെടാതെ വലിഞ്ഞു കയറിച്ചെല്ലുന്നവരെ ആരും സ്വാഗതം ചെയ്യുകയില്ല, സത്ക്കരിക്കയുമില്ല.

1370. വീടും കടത്തിന് ഈട് വീടും പറമ്പും.

വീട്ടാൻ കഴിയുന്ന കടത്തിന് സ്വന്തം വീടും പുരയിടവും ഈടു നൽകാം. വീട്ടാൻ പററാത്ത കടത്തിനാണെങ്കിൽ വീടും പറമ്പും നഷ്ടപ്പെടും.

1371. വീട്ടിനുതകാത്തവൻ നാട്ടിനുതകാ.

സ്വന്തം വീട്ടിനും വീട്ടുകാർക്കും പ്രയോജനപ്പെടാത്തവൻ നാട്ടിനും നാട്ടുകാർക്കും ഉപകരിക്കയില്ല.

1372. വീട്ടിനെക്കാൾ വലിയ പടിപ്പുര നന്നല്ല.

സ്വന്തം സ്ഥാനവും ധനസ്ഥിതിയും മറന്ന് അത്യാഡംബരം കാണിക്കുന്നത് വിഡ്ഢിത്തമാണ്.

1373. വീട്ടിന്നലങ്കാരം വൃത്തി.

ശുചിത്വമാണ് വീടിന്റെ ഏററവും വലിയ അലങ്കാരം. എത്ര അലങ്കരിച്ചാലും ശുചിത്വമില്ലാത്ത വീട് ആകർഷകമായിരിക്കയില്ല.

1374. വീട്ടിലുണ്ടെങ്കിൽ വിരുന്നും കിട്ടും.

കൈയിൽ പണമുള്ളവന് കടവും കിട്ടും. വിലയും നിലയും ഉള്ളവനെ എല്ലാവരും ആദരിക്കും. ആസ്തിയില്ലാത്തവനെ ആരും ബഹുമാനിക്കയില്ല.

1375. വീട്ടിലേ ചരക്കു ചന്തയിൽ ചെന്നാൽ വിലയിടിയും.

വീട്ടിലേ ചരക്കിനു വിലയുണ്ടെന്നു വിചാരിക്കും. ചന്തയിൽ കൊണ്ടുചെല്ലുമ്പോൾ അവിടെ അതിനെക്കാൾ നല്ലതു ധാരാളം കാണും. ഉദ്ദേശിച്ചതുപോലെ വില കിട്ടുകയുമില്ല. സ്വന്തം വസ്തു മററുള്ളവയോടു താരതമ്യപ്പെടുത്തുമ്പോഴാണ് യഥാർത്ഥ വില മനസ്സിലാകുന്നത്.

1376. വീട്ടിലേ ഭാര്യ വേപ്പും കാട്ടിലേ ഭാര്യ കരിമ്പും.

സുലഭമായ വസ്തുവിനോടവജ്ഞയും ദുർല്ലഭമായതിനോടു പ്രിയവും. കൈയിലില്ലാത്തതിനാണല്ലോ എപ്പോഴും കൗതുകം.

1377. വീട്ടിലെപ്പട്ടി വേട്ടയ്ക്കാകാ.

വീട്ടിൽ വളർത്തുന്ന പട്ടി വേട്ടയ്ക്കു കൊള്ളുകയില്ല. വീട്ടിനു പുറത്തിറങ്ങാതെ, ലോക പരിചയമില്ലാതെ കഴിഞ്ഞുകൂടുന്നവരെക്കൊണ്ടു പൊതുക്കാര്യങ്ങളിൽ പ്രവർത്തിക്കാൻ കൊള്ളുകയില്ല.

1378. വീണതു വിദ്യ.

അഭ്യാസി അബദ്ധം പററി വീണാൽ അതും ഒരഭ്യാസമാണെന്നു നടിക്കും.

1379. വീണാൽ ചിരിക്കാത്തവൻ ചങ്ങാതിയല്ല.

യാദൃച്ഛികമായി ഒരുവൻ വീഴുന്നതു കണ്ടാൽ ഏതു ചങ്ങാതിയും ചിരിച്ചുപോകും. അതു സ്വാഭാവികമാണ്. ആർജ്ജവ ബുദ്ധിയാണ് അതിനു കാരണം. സ്നേഹക്കുറവല്ല. എന്നാൽ കൃത്രിമമായ ഗൗരവം ഭാവിച്ച് ചിരിക്കാതിരിക്കുന്നതു സ്നേഹത്തിൻെറ ലക്ഷണമല്ല.

(വീണാൽ ചിരിക്കാത്തവനും ചത്താൽ കരയാത്തവനും ചങ്ങാതിയല്ല.)

1380. വീണാൽപ്പിന്നെ അങ്കമില്ല.

വീഴ്ച പരാജയം സമ്മതിക്കലാണ്. പിന്നെ അങ്കം വേണ്ട. തോററവനോട് അങ്കം വെട്ടുന്നതു ധർമ്മമല്ല.

1381. വീണേടത്തു നിന്ന് എഴുനേൽക്കാനും വീട്ടിൽപ്പോകാനും സമയം നോക്കേണ്ട.

രണ്ടിനും മുഹൂർത്തമൊന്നും നോക്കേണ്ട. വീണാൽ ഉടനെ എഴുനേൽക്കണം. വീട്ടിൽ പോകുന്നത് ഏതു സമയത്തും ആകാം.

1382. വീണേടം വിഷ്ണുലോകം.

എവിടെയായാലും വേണ്ടില്ല, അവിടെ സുഖം. ഉറക്കത്തിൻെറ കാര്യമാണു പ്രസ്തുതം. വിഷ്ണുലോകം മഹാവിഷ്ണു യോഗനിദ്ര കൊള്ളുന്ന സ്ഥാനമാണല്ലോ.

1383. വീഴാൻ നിന്ന തെങ്ങിൽ ചാകാൻ നിന്ന ആരം കേറി.

തെങ്ങു വീഴുമെന്നോ താൻ ചാകുമെന്നോ കേറു ന്നവൻ അറിയുന്നില്ല. യാദൃച്ഛികമായി രണ്ടു സംഭവങ്ങൾ ഒത്തുചേരുന്നു.

1384. വെച്ചവൻ ചെന്നാൽ തപ്പാതെ എടുക്കാം.

എവിടെയാണു വച്ചതെന്നു നല്ല നിശ്ചയമു ണ്ടായിരിക്കും. അതിനാൽ തപ്പിനോക്കേണ്ട ആവ ശ്യം വരുന്നില്ല.

1385. വെടിമരുന്നും തീയും ഒരുമിച്ചു വയ്ക്കരുത്.

ഒരുമിച്ചുകൂടിയാൽ അപകടമുണ്ടാക്കുന്നവ ഒരിടത്തു വയ്ക്കരുത്.

1386. വെട്ടാൻ വരുന്ന പോത്തിനോടു വേദമോതിയാൽ ഫലമുണ്ടോ ?

അപകടപ്പെടുത്താൻ വരുന്ന ക്രൂരനോട് സാ മോപായമല്ല, ദണ്ഡോപായമാണു വേണ്ടത്. പോ ത്തു വെട്ടാൻ വരുമ്പോൾ 'അരുതെ, നീ പാപമാ ണു ചെയ്യാൻ തുടങ്ങുന്നത്' എന്നും മററും നല്ല വാക്കു പറഞ്ഞിട്ടു ഫലമില്ല. നല്ല അടിതന്നെ കൊടുക്കണം.

1387. വെട്ടുന്ന വാളിന് എണ്ണയിടണം.

ഉപയോഗിക്കുന്ന സാധനം കേടില്ലാതെ സൂക്ഷി ക്കണം. അല്ലെങ്കിൽ അത് ഉപയോഗശൂന്യമാകും.

1388. വെട്ടൊന്ന്, കണ്ടം (തുണ്ടം) രണ്ട്.

ഒരു വിട്ടുവീഴ്ചയ്ക്കും തയാറില്ലാത്ത കർക്കശ സ്വ ഭാവം.

1389. വെയിലിൻെറ വേവ് തണലത്തിരിക്കുന്നവനറി യാമോ ?

സമൃദ്ധിയും സൗഖ്യവുമനുഭവിക്കുന്നവന് ദുഃ ഖവും ക്ലേശവുമറിഞ്ഞുകൂടാ,

''ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കേ
പാരിൽ പരക്ലേശ വിവേകമുള്ളു.''

1390. വെളിച്ചം കടക്കാത്ത മുറിയിൽ വൈദ്യൻ കടക്കേണ്ടിവരും.

വായു സഞ്ചാരവും വെളിച്ചവുമില്ലാത്ത സ്ഥലത്തു താമസിക്കുന്നവർ രോഗികളാകും. രോഗം ഭേദമാക്കാൻ വൈദ്യൻ ചെല്ലേണ്ടതായി വരും.

1391. വെളുക്കാൻ തേച്ചതു പാണ്ടായി.

വെളുപ്പു വരാൻ വേണ്ടിയാണ് ചില ലേപന വസ്തുക്കൾ ഉപയോഗിച്ചത്. തൽഫലമായി തൊലിയുടെ നിറം മാറി, പാണ്ടു പിടിച്ചു. കൂടുതൽ സൗന്ദര്യത്തിനും സുഖത്തിനും വേണ്ടി ചെയ്തത് വൈരൂപ്യത്തിനും അസുഖത്തിനും കാരണമായി. ഉദ്ദേശിച്ച ഫലം ഉണ്ടായില്ലെന്നു മാത്രമല്ല, അനിഷ്ടഫലം ഉണ്ടാകുകയും ചെയ്തു.

1392. വെളുക്കുന്നതിനു മുമ്പേ അരി വയ്ക്കരുത്; അരി വയ്ക്കുന്നതിനു മുമ്പേ കറി വയ്ക്കരുത്.

അരി വെളുപ്പിച്ചേ വേവിച്ചു ചോറുണ്ടാക്കാവൂ. ഫലങ്ങൾ (കായ്കൾ) അരിവച്ചതിന് (മൂത്തതിന്) ശേഷമേ അവ കൊണ്ടു കറി വയ്ക്കാവൂ. വെളുക്കാത്ത അരിയും മൂക്കാത്ത കായും പാകം ചെയ്യരുത് എന്നു സാരം.

1393. വെളുത്ത ചോറും കറുത്ത മുഖവും അരുത്.

നല്ല വസ്തുക്കളാണ് കൊടുക്കുന്നത്. അവ സന്തോഷത്തോടു കൂടി കൊടുത്തെങ്കിലേ ഭക്ഷിക്കുന്നവനും കൊടുക്കുന്നവനും സംതൃപ്തിയുണ്ടാകുകയുള്ളൂ.

1394. വെളുത്തേടന് അലക്കൊഴിഞ്ഞിട്ടു കാശിക്കു പോകാൻ നേരമില്ല.

കാലയാപനത്തിനു വേണ്ടി സദാ പണിയെടു ക്കേണ്ടിയിരിക്കുന്നു. പുണ്യകർമ്മങ്ങൾക്കു സമയമെവിടെ ?

1395. വെള്ളത്തിൽ കിടക്കുന്ന തവള കുടിച്ചു ചത്തോ കുടിക്കാതെ ചത്തോ ?

കുടിച്ചു ചത്തെന്നേ വിചാരിക്കുകയുള്ളു. പരിതഃസ്ഥിതി വച്ചു കൊണ്ടാണ് തീരുമാനത്തിലെത്തുന്നത്.

1396. വെള്ളമില്ലാത്തിടത്തു മുങ്ങാനൊക്കുമോ ?

അനുകൂലമായ സാഹചര്യങ്ങളില്ലെങ്കിൽ ഒരു കാര്യവും ചെയ്യാൻ സാധ്യമല്ല.

1397. വെള്ള മുണ്ട് ഉണ്ടെങ്കിൽ തടുക്കുപായും ഉണ്ട്.

വെള്ളമുണ്ട് ഉടുക്കുന്നത് മാന്യതയുടെയും സമ്പന്നതയുടേയും ലക്ഷണമാണ്. അങ്ങനെയുള്ളവർക്ക് ഇരിക്കാൻ തടുക്കുപായ് കിട്ടും. മാന്യന്മാർ മാനിക്കപ്പെടുന്നു.

1398. വെള്ളമൊഴുകിപ്പോയിട്ടു ചിറ കെട്ടുന്നതെന്തിന്?

വൃഥാശ്രമം.

''പാഥസാം നിചയം വാർന്നൊഴിഞ്ഞളവു, സേതുബന്ധനോദ്യോഗമെന്തെടോ.''

1399. വെള്ളം കീഴോട്ട്; തീ മേലോട്ട്.

ഓരോന്നും അതതിൻെറ സ്വഭാവം കാണിക്കുന്നു.

1400. വെള്ളം കേറിയാൽ വള്ളം കേറണം.

സാഹചര്യമനുസരിച്ച് രക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കണം.

1401. വെറി മൂക്കുമ്പോൾ തെറി മൂക്കും.

കോപം അധികമാകുമ്പോൾ ശകാരവും അസഭ്യവാക്കുകളും ഉണ്ടാകും. കോപം വർദ്ധിക്കുമ്പോളാണ് പലരും തെറി പറയുന്നത്.

1402. വെറിമൂത്താൽ തെറിയെന്നോ,

കോപം മൂത്ത് തെറി പറയുന്നതു കൊണ്ട് ഒരു കാര്യവും സാധിക്കുന്നില്ല.

(കോപം മൂക്കുമ്പോൾ തെറി പറഞ്ഞ് അതു തീർക്കാം എന്ന വിചാരം ശരിയല്ല.)

1403. വെറുങ്കയ്യിനേക്കാൾ നല്ലത് അരക്കുന്തം.

യാതൊരായുധവുമില്ലാത്തതിനേക്കാൾ, ചെറിയ ഒരായുധം ഉള്ളതുതന്നെയാണ് നല്ലത്. ഒന്നുമില്ലാത്തതിലും ഭേദമാണ് അല്പമുള്ളത്,

1404. വെററ തിന്നും വിളക്കുവച്ചും നശിച്ചവനില്ല.

വെററില തിന്നുന്നതും സന്ധ്യാസമയത്ത് വിളക്കു കത്തിക്കുന്നതും ഐശ്വര്യകരമാണെന്നു വിശ്വാസം. ഐശ്വര്യകരമായ പ്രവൃത്തികൾ ചെയ്യുന്നതിന് അല്പം ചെലവു വരും. പക്ഷെ, അതുകൊണ്ട് ആർക്കും അധഃപതനമുണ്ടാകയില്ല.

1405. വേകുന്ന പുരയ്ക്ക് ഊരുന്ന കഴുക്കോൽ ലാഭം.

പുര കത്തി നശിക്കുമ്പോൾ ഒരു കഴുക്കോൽ ഊരിയെടുത്താൽ അത്രയും ലാഭം. കിടച്ചതു കല്യാണം.

1406. വേകുവോളം ഇരിക്കാമെങ്കിൽ ആറുവോളം ഇരിക്കരുതോ?

വളരെ നാൾ ക്ഷമയോടെ കാത്തിരുന്നവന് ഇച്ഛ സഫലമാകാൻ ഒരല്പംകൂടി ക്ഷമ കാണിക്കരുതോ?

1407. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ അസംഭവ്യം എന്നു തോന്നുന്ന കാര്യങ്ങൾപോലും സാധിക്കാൻ കഴിയും. (വേണ്ടെങ്കിൽ കൊമ്പത്തും ഉണ്ടാകയില്ല.)

1408. വേണ്ടെങ്കിൽ ചക്ക വേരിലും കായ്ക്കും; വേണമെങ്കിൽ കൊമ്പത്തും ഇല്ല.

ആവശ്യമില്ലാത്തതുണ്ടാകുന്നു. ആവശ്യമുള്ള തു് ഉണ്ടാകുന്നുമില്ല.

1409. വേപ്പിൻകായ് വിററ കാശിന് കയ്പില്ല.

വേപ്പിൻകുരുവിനേ കയ്പുള്ളു. അതു വിററുണ്ടാക്കിയ പണത്തിനു കയ്പില്ല. ഏതു തരത്തിലുണ്ടാക്കിയാലും പണം പണം തന്നെ.

1410. വേപ്പിൻകുരുവിനു സാക്ഷി കാഞ്ഞിരക്കുരു.

ദുഷ്ടനു സാക്ഷി മറെറാരു ദുഷ്ടൻ.

1411. വേരറുത്താൽ പിന്നെ കമ്പു വെട്ടണോ?

ഒരുത്തനെ അടിയോടെ നശിപ്പിക്കാനാണു ശ്രമം. പിന്നെ അയാളെ ചില്ലറ ഉപദ്രവങ്ങളേല്പ്പിക്കേണ്ട കാര്യമില്ലല്ലോ.

1412. വേരററ മരവും നീരററ നദിയും പേരററ മനുഷ്യനു തുല്യം.

മൂന്നു കൂട്ടരെക്കൊണ്ടും യാതൊരു പ്രയോജനവുമില്ല.

1413. വേലി ചാടുന്ന പൈയ്ക്കു് കോലുകൊണ്ടു മരണം.

അതിക്രമം കാണിക്കുന്നവർക്ക് ആപത്തു നിശ്ചയം. (പശു വേലി ചാടി കൃഷി തിന്നു നശിപ്പിക്കുന്നു. ആരെങ്കിലും അതിനെ അടിച്ചു കൊല്ലുന്നു.)

1414. വേലിതന്നെ വിളവു തിന്നാലോ?

വേലിയാണ് വിളവു സൂക്ഷിക്കേണ്ടത്. അതു തന്നെ വിളവു നശിപ്പിച്ചാൽ പിന്നെ എന്തു ചെയ്യും? സംരക്ഷിക്കാൻ ചുമതലപ്പെട്ടവൻ തന്നെ നശിപ്പിക്കാൻ തുനിഞ്ഞാൽ പിന്നെയെന്താണു രക്ഷ?

1415. വേലിമേൽ കിടന്ന പാമ്പിനെയെടുത്തു കഴുത്തിൽ ചുററി.

സ്വയം ആപത്തുണ്ടാക്കിവച്ചു.

1416. വേവേണ്ടതു വെന്തു; തീയും കത്തി.

അത്യാവശ്യ കാര്യം നടന്നു കഴിഞ്ഞപ്പോഴാണ് സഹായിക്കാനാളെത്തിയത്. ആവശ്യത്തിനുപകരിക്കാത്ത സഹായം.

1417. വേർപിരിഞ്ഞാലും കൂർ പിരിയരുത്.

കുടുംബാംഗങ്ങൾ സ്വത്തു പങ്കു വച്ചു പിരിയുക സാധാരണമാണ്. പക്ഷേ, അവർ തമ്മിൽ എന്നും സ്നേഹമായിരിക്കണം. സ്നേഹത്തിനു ഭംഗം വരരുത്.

1418. വൈദ്യൻറച്ചി പുഴുത്തേ ചാവൂ.

വൈദ്യൻ മററുള്ളവരുടെ രോഗം ഭേദമാക്കാൻ വേണ്ടി പരിശ്രമിക്കുന്നു, സ്വന്തം വീട്ടുകാര്യങ്ങളെപ്പററിയോ ഭാര്യയെപ്പററിയോ വിചാരമില്ല. കുടുംബത്തിൽ പല ദുരിതങ്ങളും ഉണ്ടാകുന്നു. ജനസേവനത്തിനിറങ്ങുന്നവർ സ്വന്തം കുടുംബകാര്യങ്ങൾ ശ്രദ്ധിക്കാതെവരുമ്പോൾ ഉണ്ടാകുന്ന കഷ്ടതയാണ് സൂചന.

(പലരെയും ചികിത്സിച്ച് അന്യായമായി പണം കൈക്കലാക്കുന്ന വൈദ്യൻെറ കാര്യമാണീ ചൊല്ലിൽ സൂചിപ്പിക്കുന്നതെന്നു അഭിപ്രായമുണ്ട്. ഒരു ദയയും കാണിക്കാതെ പണം വാങ്ങുന്ന ക്രൂരനായ വൈദ്യൻ. അയാളുടെ ഭാര്യ മഹാരോഗം പിടിപെട്ടേ ചാകൂ.)

1419. വ്യാധിക്കു മരുന്നുണ്ട്; ആധിക്കു മരുന്നില്ല.

രോഗത്തിനു ചികിത്സയുണ്ട്; മനോദുഃഖത്തിനു ചികിത്സയില്ല. മനോദുഃഖം മരുന്നുകൊണ്ടു മാററാവുന്നതല്ല.

1420. വ്യാധിക്കു മരുന്നുണ്ട്; വിധിക്കു മരുന്നില്ല.

മരുന്നുകൊണ്ടു രോഗം മാററാം. വിധിയെ മാററാൻ ഒരു മരുന്നിനും സാധ്യമല്ല.

ശ

1421. ശക്തന്മാർക്കു ഭൂഷണം ക്ഷമ.

ശക്തന്മാർ ക്ഷമകൊണ്ടു ശോഭിക്കുന്നു. ശക്തന്മാർ ഏതവസരത്തിലും ക്ഷമ കാണിക്കുന്നു. അത് അവരുടെ മഹത്വം വർദ്ധിപ്പിക്കുന്നു.

(ശക്താനാം ഭൂഷണം ക്ഷമാ)

1422. ശഠനോടു ശാഠ്യം.

ശഠനോടു സൗമ്യതയും സാമോപായവും കൊണ്ടു ഫലമില്ല. ശഠതയേ അവനോടു ഫലിക്കൂ.

1423. ശവത്തിന്മേൽ കുത്തരുത്.

മരിച്ചുകഴിഞ്ഞ ശേഷവും ശത്രുത കാണിക്കരുത്. പക തീർക്കാൻ ശവത്തിൽ കുത്തുന്നത് ആണത്തമല്ല. ചൈതന്യവും ശക്തിയുമുള്ളപ്പോളാണ് ശത്രുവിനെ എതിരിടേണ്ടത്.

1424. ശർക്കര നക്കി നക്കി; പണം വിക്കി വിക്കി.

നല്ല വസ്തുവിനോട് ആസക്തിയും കൊതിയുമുണ്ട്. അതു വാങ്ങാൻ താത്പര്യമാണ്. പക്ഷേ, വില കൊടുക്കുന്ന കാര്യത്തിൽ വൈമുഖ്യം. ഇങ്ങോട്ടു കിട്ടണം. അങ്ങോട്ടു കൊടുക്കാൻ മനസ്സില്ല.

1425. ശാന്തനു ശത്രുവും മിത്രം.

സൗമ്യ സ്വഭാവം കൊണ്ട് ശത്രുവിനെയും മിത്രമാക്കാം.

1426. ശാസ്ത്രജ്ഞാനിക്കു മൂത്രം പോവില്ല.

എല്ലാററിനും ശാസ്ത്രവിധി സ്വീകരിക്കുന്നവൻ മൂത്രമൊഴിക്കാൻപോലും സമയവും സൗകര്യവുമൊക്കെ നോക്കുന്നു. അങ്ങനെ എല്ലാമൊത്തിട്ട് മൂത്രമൊഴിക്കാൻപോലും സാധിക്കാതെ വരുന്നു.

പ്രായോഗികതയില്ലാത്ത ശാസ്ത്രജ്ഞാനം കൂടിപ്പോയാലുള്ള സ്ഥിതി ഇതാണ്.

1427. ശിവരാത്രി കഴിഞ്ഞാൽ പാളയെടുക്കും.

ശിവരാത്രി (കുംഭ മാസത്തിൽ) കഴിഞ്ഞാൽ ഉഷ്ണം തുടങ്ങുന്നു. അപ്പോഠം വീശാൻ പാളയെടുക്കുകയായി. കാലാവസ്ഥയുടെ മാററമാണ് ഇവിടെ വിഷയം.

1428. ശീലിച്ചതേ പാലിക്കൂ.

പരിശീലിച്ചതുപോലെയേ ചെയ്യുകയുള്ളൂ. ശീലം മാററാൻ പ്രയാസം.

1429. ശീലം പരം ഭൂഷണം

ശീലം (സൽസ്വഭാവം) ആണ് ഏററവും ശ്രേഷ്ഠമായ ആഭരണം.

1430. ശുദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യും.

ശുദ്ധതകൊണ്ട് ചെയ്യുന്ന പ്രവൃത്തി മററുള്ളവർക്കു ദോഷമായിത്തീരാറുണ്ട്.

1431. ശേഷിമാൻ ശേഷിക്കും.

ശക്തിയും അർഹതയുമുള്ളത് അവശേഷിക്കുന്നു. അവയില്ലാത്തതു നശിക്കുന്നു. (Survival of the fittest.)

1432. ശോക കഥ ശോകത്തിനൗഷധം.

ദുഃഖവും ക്ലേശവുമുണ്ടാകുമ്പോഠം അത്യധികം ദുഃഖവും ക്ലേശവുമനുഭവിച്ചവരുടെ കഥ കേഠക്കുന്നത് ആശ്വാസകരമാണ്.

1433. ശംഖിൽ വാർത്താൽ തീർത്ഥം; ചട്ടിയിലായാൽ തണ്ണീർ.

ഒരേ വസ്തു രണ്ടു സ്ഥാനത്ത് രണ്ടു സന്ദർഭത്തിൽ രണ്ടു തരത്തിലാണ് പരിഗണിക്കപ്പെടുന്നത്. വെള്ളം ശംഖിൽ പകർന്നാൽ അതു തീർത്ഥ

മാണ്. അതു തന്നെ ചട്ടിയിലായാൽ വെറും കവ ള്ളം തന്നെ. (ചുട്ടു പഴുത്ത ഇരുമ്പിൽ വീഴുന്ന വെള്ളം നാമാവശേഷമായിപ്പോകും; താമരയില യിൽ പതിച്ചാൽ മുത്തുപോലെ തിളങ്ങുന്നു. മുത്തുച്ചിപ്പിയിൽ നിപതിക്കുന്ന ജലബിന്ദുവാ കട്ടെ മുത്തായിത്തീരുന്നു. അധമം, മധ്യമം, ഉത്തമം എന്നീ സ്ഥിതികൾ സംസർഗ്ഗത്തിൽ നിന്നാണു ണ്ടാകുന്നത്.)

1434 ശുഖു ചുട്ടാലും നിറം കുറയില്ല.

ഏതു വിധത്തിൽ നശിപ്പിച്ചാലും ഉത്തമ വസ്തു ക്കളുടെ ശ്രേഷ്ഠ ഗുണം നശിക്കുകയില്ല. കല്ലിലു രച്ചാലും തീയിലിട്ടുരുക്കിയാലും സ്വർണ്ണത്തി ൻെറ ശോഭ കുറയുകയില്ല. പൂർവ്വാധികം വർദ്ധി ക്കയേ ഉള്ളൂ.

1435. ശ്രീദേവിയുടെ മൂധേവിയും പിറന്നു.

ഗുണവും ദോഷവും ഒപ്പമുണ്ടായി. ഒന്നുള്ളി ടത്ത് മററതും കാണാതിരിക്കില്ല.

(പാലാഴിമഥനത്തിൽ ഐശ്വര്യദേവതയായ ലക്ഷ്മിയും ദാരിദ്ര്യദേവതയായ മൂധേവിയും ഒപ്പമുണ്ടായി.)

1436. ശ്രേഷ്ഠനാണു ജ്യേഷ്ഠൻ.

പ്രായംകൊണ്ടല്ല സംപൂജ്യനായിത്തീരുന്നത്, ശ്രേഷ്ഠതകൊണ്ടാണ്.

സ

1437. സത്യത്തിനു കാലു നാല്.

സത്യം ശാശ്വതമാണ്. അതിനു ഒരിക്കലും വീ ഴ്ചയോ മറിച്ചിലോ ഉണ്ടാകയില്ല. നാലു കാലു ള്ളത് മറിഞ്ഞു പോകയില്ലല്ലോ.

1438. സത്യം കയ്ക്കും; അസത്യം മധുരിക്കും.

സത്യം ആർക്കും രസിക്കയില്ല. കാപട്യത്തെയാണ് എല്ലാവർക്കും പ്രിയം. സത്യവാദികളെക്കാൾ പ്രിയവാദികളെയാണ് പലർക്കും ഇഷ്ടം.

1439. സത്രത്തിൽ ഊണും ചാവടിയിൽ കിടപ്പും.

സത്രത്തിൽ വെറുതെ ഊണു കിട്ടും. ചാവടി പൊതുസ്ഥലമാണ്, അവിടെ കിടക്കുകയും ചെയ്യാം. ഒട്ടും അദ്ധ്വാനിക്കാതെ കാലം കഴിക്കുന്ന മടിയന്മാരുടെ ജീവിതരീതി,

1440. സങ്കടസമയം നേർന്നത് സൗഖ്യം വന്നാൽ മറക്കും.

ദുഃഖവും ക്ലേശവും അനുഭവിക്കുമ്പോൾ ഈശ്വരനെ പ്രാർത്ഥിക്കും. നേർച്ചകൾ നേരും. സൗഖ്യകാലം വന്നാൽ ഈശ്വരചിന്തയുമില്ല, നേർച്ചയുടെ കാര്യം മറക്കുകയും ചെയ്യും. ആത്മാർത്ഥതയില്ലാത്ത സ്വഭാവം. കാര്യസാദ്ധ്യമുണ്ടായാൽ അതിനുപകരിച്ചവരെ വിസ്മരിക്കുന്നു.

1441. സന്താപത്തിനു ശേഷം സന്തോഷം.

സന്തോഷവും സന്താപവും ഇടകലർന്നാണു വരുന്നത്. രണ്ടും നീണ്ടുനിൽക്കുകയില്ല.

'അങ്ങേക്കുഴിക്കിങ്ങൊരു കുന്നു കാണും.'

1442. സന്തോഷം തന്നെ സമ്പത്ത്.

മനസ്സുഖവും സംതൃപ്തിയുമാണ് ഏററവും വലിയ ധനം. അതില്ലെങ്കിൽ മറെറല്ലാം വ്യർത്ഥം.

1443. സമ്പത്തു കാലത്തു തൈ പത്തു വച്ചാൽ ആപത്തു കാലത്തു കാ പത്തു തിന്നാം.

ആരോഗ്യകാലത്ത് അദ്ധ്വാനിച്ചാൽ കഷ്ടകാലത്ത് അനുഭവിക്കാം.

'എട്ടുമാസവും പ്രവർത്തിക്കിലേ പുനരപി
വൃഷ്ടി മാസങ്ങരം നാലും സുഖമായ് കഴിയാവൂ.

1444. സൽക്കീർത്തി ഇഴയും; ദുഷ്കീർത്തി പായും.

സൽക്കീർത്തി വളരെ പതുക്കെ മാത്രമേ പരക്കുകയുള്ളു, ദുഷ്കീർത്തിയാകട്ടെ, വളരെ വേഗം വ്യാപിക്കും.

1445. സൽപാത്രത്തിൽ ദാനം.

അർഹതയുള്ള സജ്ജനങ്ങരംക്കാണു ദാനം ചെയ്യേണ്ടത്. പാത്രമറിഞ്ഞു ദാനം ചെയ്യണം.

'വിത്തസ്യ പാത്രേ വ്യയഃ'

1446. സാഹസം ചോരയിൽ, ചോര സാഹസത്തിൽ.

അവിവേകവും സാഹസവും കൊലപാതകത്തിലെത്തിക്കുന്നു. കൊലപാതകം വീണ്ടും സാഹസങ്ങരംക്കും അവിവേകത്തിനും പ്രേരിപ്പിക്കുകയും ചെയ്യും.

1447. സുഖത്തിലുണ്ടാം സഖിമാരനേകം.

സമ്പത്തും സൗഖ്യവുമുള്ളപ്പോരം ധാരാളം കൂട്ടുകാരുണ്ടാകും. ദാരിദ്ര്യവും ദുഃഖവും വരുമ്പോരം അവർ അവരുടെ പാട്ടിനു പോകും.

''ഖഗങ്ങരം മാവിൽ പെരുകും വസന്തേ
വരാ ശരത്തിങ്കലതൊന്നു പോലും.''

1448. സുഖിയ്ക്കു വിദ്യയില്ല.

സുഖം കാംക്ഷിക്കുന്നവർക്കു വിദ്യ വശഗമാകയില്ല. പ്രയാസപ്പെട്ടു തന്നെയാണ് വിദ്യ നേടേണ്ടത്.

1449. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.

ഭാവിയെപ്പററി ശ്രദ്ധയും പ്രവൃത്തിയിൽ സൂക്ഷ്മതയും കൊണ്ട് പല ദുഃഖങ്ങളും ഒഴിവാക്കാം.

1450. സൂചി കടത്താനിടകിട്ടിയാൽ തൂമ്പാ കടത്തും.

അല്പമൊരവസരം, സൗകര്യം ലഭിച്ചാൽ വളരെയധികം ദുസ്വാതന്ത്ര്യം കാണിക്കുന്ന സ്വഭാവം. ഇരിക്കാനിടം കൊടുത്താൽ കിടക്കും.

1451. സൂചി കേറാത്തിടത്തു തൂമ്പാ കേററും.

അതിസാമർത്ഥ്യവും ദുരാഗ്രഹവും. ഏതു ദുഷ്കര കർമ്മവും ചെയ്യാൻ മടിക്കാത്ത സ്വഭാവം.

1452. സൂചി തിരഞ്ഞ് നാഴി എണ്ണ എരിച്ചു.

നഷ്ടപ്പെട്ട സൂചി കണ്ടുപിടിക്കാൻ വിളക്കും കൊണ്ടു നടന്നു. വളരെ എണ്ണ ചെലവായി. സൂചി കിട്ടിയുമില്ല. വളരെ നിസ്സാരമായ കാര്യത്തിന് വളരെയധികം ചെലവ്. കാര്യം സാധിക്കുന്നുമില്ല.

1453. സൂര്യനുദിച്ചുയരുമ്പോൾ പട്ടി കുരച്ചിട്ട് എന്തു കാര്യം ?

തേജസ്വിയായ ശക്തൻ ഉയർന്നുയർന്നു വരുന്നു. ആ അഭിവൃദ്ധിയിൽ അസൂയ മുഴുത്ത അല്പന്മാർ അദ്ദേഹത്തിനു നേരേ കലശൽ കൂട്ടുന്നു. പക്ഷേ, ഉത്തമൻെറ ഉയർച്ചയ്ക്ക് ഒരു കോട്ടവുമില്ല

1454. സേവാമൂർത്തി മാരണമായി.

ആരെ ഭക്തിപൂർവ്വം സേവിച്ചോ ആ മൂർത്തി തന്നെ ഉപദ്രവിക്കുവാൻ തുടങ്ങി. അനുഗ്രഹം പ്രതീക്ഷിച്ചു. നിഗ്രഹമാണുണ്ടായത്

1455. സ്നേഹം ഭാരമറിയുകയില്ല.

സ്നേഹം നിമിത്തം ഏതു ക്ലേശവും ഭാരവും താങ്ങാൻ സന്നദ്ധരാകുന്നു. സ്നേഹിക്കുന്നവർക്കു വേണ്ടിയുള്ള അധ്വാനം ഭാരമായി തോന്നുകയില്ല.

1456. സ്വരം നല്ലപ്പോഴേ പാട്ടു നിർത്തണം.

ശബ്ദം വികൃതമാകുന്നതിനു മുമ്പ് പാട്ടു നിർത്തിയാൽ പരിഹാസ പാത്രമാകാതെ കഴിയാം.

ഏതു കർമ്മത്തിൽ ഏർപ്പെട്ടവനും നല്ല കാലത്തു തന്നെ വിരമിക്കയാണു് നല്ലത്.

'പിരിയേണമരങ്ങിൽ നിന്നുടൻ
ശരിയായിക്കളി തീർന്ന നട്ടുവൻ.'

1457. സ്വർണ്ണത്തിനു സുഗന്ധം കൂടിയായാലോ ?

വിലയേറിയത്, ശോഭയേറിയത്. പക്ഷെ, സുഗന്ധം മാത്രമില്ല സ്വർണ്ണത്തിന്. അതും കൂടിയായാൽ ഉൽകൃഷ്ടത പാരമ്യത്തിലായി. ഒരു ന്യൂനതയുമില്ലാതെ, എല്ലാ ശ്രേഷ്ഠതയും ഒത്തിണങ്ങി വരുക.

1458. സ്വർണ്ണം കാച്ചുന്തോറും തിളങ്ങും.

യഥാർത്ഥ മഹത്വമുള്ള വസ്തുവിന്റെ മഹത്വം ഏന്തു ചെയ്താലും ഇല്ലാതാകുകയില്ല.

''കല്ലുരപെട്ടാലും, മെയ്മുറിഞ്ഞാലും, തീ-
ക്കുള്ളിൽ പോയ് വീണാലും, തല്ലേററാലും
തന്നൊളി മേൽക്കു മേൽ വീശുന്ന കാഞ്ചന-
മന്നല്ലാർക്കാകല്പമായേ പററൂ.''

1459. സ്വാമി പ്രസാദിച്ചാലും പൂജാരി വിടുന്നില്ല.

ദേവൻ പ്രസാദിച്ചു. ദുരാഗ്രഹിയായ പൂജാരി വിട്ടയയ്ക്കുന്നില്ല. ഭജനക്കാരൻ ബാധയൊഴിഞ്ഞ് പോയാൽ പൂജാരിയുടെ വരവു കുറയുമല്ലോ. അതിനാലാണ് അയാരം വിട്ടയയ്ക്കാത്തത്. (1267 നോക്കുക.)

ഹ

1460. ഹിമവാനും മല, മൂക്കുന്നി മലയും മല.

രണ്ടും മല തന്നെ. പക്ഷെ; ആകാരത്തിലും സ്വഭാവത്തിലും വലിപ്പത്തിലും എത്രയോ വ്യത്യ

സ്തം! ഒരേ വർഗ്ഗത്തിൽപ്പെടുന്നവയാണെന്നു
വച്ച് തുല്യമാകുന്നില്ല.

1461. ഹിരണ്യന്റെ നാട്ടിൽ ചെന്നാൽ ഹിരണ്യായ
നമഃ.

നാരായണായ നമഃ എന്ന് സദാ ജപിക്കുന്ന ഭക്
ന്മാ് പോലും ഹിരണ്യന്റെ രാജ്യത്തു ചെല്ലു
മ്പോൾ ഹിരണ്യായ നമഃ എന്നേ പറയൂ, ജീവഭ
യത്താൽ. നാടോടുമ്പോൾ നടുവേ ഓടുന്നു, കാ
ത്തിനൊത്ത കോലം കെട്ടുന്നു, ജീവസന്ധാര
ത്തിനു വേണ്ടി അവസരം പോലെ പെരുമാറു
എന്നാശയം.

1462. ഹോമിക്കാൻ കൊടുത്ത വസ്തു തീയിലി
വായിലിട്ടോ എന്നറിയണ്ട.

നല്ല കാര്യത്തിനു വേണ്ടിയാണു കൊടുത്ത
അത് എങ്ങനെ വിനിയോഗിച്ചു എന്നു തിര
ണ്ടതില്ല. നല്ലതിനു കൊടുത്തു എന്ന വിശ്വ
മുണ്ടായാൽ മതി. (നാളികേരം, നെയ്യ് മുതല
വസ്തുക്കൾ ഹോമിക്കുന്നതിനായി പൂജാരി
ഏല്പിക്കുന്നു. പൂജാരി യഥാവിധി ഹേ
നിർവ്വഹിച്ചു എന്നു വിശ്വസിക്കയേ നിവൃ
യുള്ളു. പൂജാരി അതു ഹോമിച്ചോ, അതോ
ന്തം ആവശ്യത്തിനെടുത്തോ എന്നു ചിന്ത്
അസ്വസ്ഥതപ്പെടേണ്ട. വിശ്വാസമാണ് പ്രധാ

പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല
പഴഞ്ചൊല്ലിൽ പതിരില്ല

ഒരു അസ്സീസ്സീ പ്രസിദ്ധീകരണം

Indic Digital Archive Foundation
gpura.org